# കർഷകസമരത്തിന്റെ “സംഭവ”മാനങ്ങൾ

വിനോദ് ചന്ദ്രൻ



# കർഷകസമരത്തിന്റെ “സംഭവ”മാനങ്ങൾ

വിനോദ് ചന്ദ്രൻ

**Karshakasamarathinte Sambhavamanangal** (കർഷകസമരത്തിന്റെ “സംഭവ”മാനങ്ങൾ)
(Malayalam: Articles)
Vinod Chandran

Sayahna digital edition published in 2021.

Copyright © 2021, 2022, K. Vinod Chandran, Ayyanthol, Thrissur, Kerala, India.

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Tanzsaal in Arles* (1888), an oil on canvas painting by Vincent van Gogh (1853–1890). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

ആമുഖം . . . . . vi

അവതാരിക . . . . . ix

**കർഷകരുടെ രാഷ്ട്രീയാരോഹണം** **1**

ഒരു മഹാ പ്രക്ഷോഭത്തിന്റെ തുടക്കം . . . . . 2

"അസാധ്യത്തിന്റെ" രാഷ്ട്രീയത്തിലേക്ക്" . . . . . 7

കർഷകരുടെ രാഷ്ട്രീയ വിവേകം . . . . . 11

റിപ്പബ്ലിക്ക് റാലിയും അനന്തര സംഭവങ്ങളും . . . . . 14

ജനുവരി 28, 2021: ഗാസിപ്പൂർ സംഭവം . . . . . 18

"ജീവന്റെ" രാഷ്ട്രീയം ('bio'/'zoe' politics) . . . . . 23

**കർഷക സമരത്തിന്റെ സംഭവമാനങ്ങൾ** **27**

"സംഭവ"ത്തിന്റെ ആവിർഭാവ നേരങ്ങൾ . . . . . 28

നവജനതയായിത്തീരൽ . . . . . 33

"ജയിക്കും അല്ലെങ്കിൽ മരിക്കും" . . . . . 39

ഭാവശക്തികളുടെ പോരാട്ടം . . . . . 43

ഭരണകൂടവും "സംഭവവും" ........ 48

ഉന്മാദിയാവുന്ന ഭരണകൂടം ........ 53

സമന്വയനത്തിന്റെ പാത ........ 57

ജനാധിപത്യത്തിന്റെ തീക്ഷ്ണാവിഷ്കാരങ്ങൾ ........ 61

**അനുബന്ധം** **65**

"ജനസഞ്ചയ"ത്തിന്റെ മാന്ത്രികാഖ്യാനങ്ങൾ ........ 66

"തകഴിയും മാന്ത്രികക്കുതിരയും": 'ജീവന്റെ' രാഷ്ട്രീയം ........ 72

കുറിപ്പുകൾ ........ 80

# ആമുഖം

മഹാമാരിയുടെ വിപൽനേരങ്ങളിൽ, പ്രതിഷേധങ്ങളെല്ലാം അടിച്ചമർത്തപ്പെടുകയും, ഭരണകൂടം ഒരു അതീത, ആത്യന്തിക ശക്തിയായി സ്വയം രൂപാന്തരപ്പെടുകയും ചെയ്ത കരാള രാത്രികളിൽ, രാഷ്ട്രീയവും ജനാധിപത്യവും ഇന്ത്യയിൽ സാധ്യമാണെന്ന് തെളിയിച്ച മഹാ "സംഭവ"മാണ് കർഷക പ്രക്ഷോഭം. പ്രതീക്ഷകളെല്ലാം കെട്ടു പോയ ഒരു കാലത്ത് ഋഷി തുല്യരായ കർഷകരുടെ രാഷ്ട്രീയമായ ആവിർഭാവം, ആരോഹണം, ജനമനസ്സുകളിൽ നവീനമായ ഒരു ശുഭാപ്തി ബോധം വിതച്ചു. പ്രക്ഷോഭത്തിന്റെ കയറ്റിറങ്ങളിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഹൃൽ സ്പന്ദനങ്ങൾ അളക്കപ്പെട്ടു. ഇന്ത്യയുടെ ചരിത്രത്തിലും ലോകചരിത്രത്തിലും ഇതേവരെ കാണാത്ത ഒരു സത്യാഗ്രഹ പ്രസ്ഥാനത്തിനാണ്, ജനാധിപത്യവിപ്ലവത്തിനാണ്, 2021-ൽ നാം സാക്ഷ്യം വഹിക്കുന്നതെന്ന് പ്രക്ഷോഭത്തിന്റെ ഐതിഹാസികമായ ഗതിവിഗതികൾ ഓർമ്മിപ്പിച്ചു. "സംഭവ"ത്തിന്റെ രാഷ്ട്രീയത്തെയും രാഷ്ട്രീയത്തിന്റെ "സംഭവ"ത്തെയും പറ്റി കഴിഞ്ഞ നൂറ്റാണ്ടിലെ മഹാവിമർശചിന്തകർ പഠിപ്പിച്ച പുതു പാഠങ്ങൾ, ജീവിതത്തിന്റെ അന്തസ്ഥിത ശക്തിയേയും ജീവന്റെ രാഷ്ട്രീയത്തെയും സംബന്ധിച്ച പുതു പരികല്പനകൾ, എല്ലാം തന്നെ, പൊള്ളയായ സിദ്ധാന്തങ്ങളല്ലെന്നും നേരിടലിന്റെ ജനകീയവും വൈയക്തികവുമായ നേരങ്ങളിൽ ആയവും വീര്യവും ഉന്നവും പ്രാണവായുവും നൽകുന്ന രക്ഷായന്ത്രങ്ങളാണെന്നും ഈ പ്രക്ഷോഭം ബോദ്ധ്യപ്പെടുത്തി: അതോടൊപ്പം ഈ അപൂർവ്വ "സംഭവം" പുതിയ പരികല്പനകളെയും പുതിയ ചിന്താസാമഗ്രികളെയും ആവശ്യപ്പെടുന്നുവെന്നും.

കർഷക പ്രക്ഷോഭം ഇളക്കി മറിച്ചത് മസ്തിഷ്കങ്ങളെയല്ല, ഹൃദയങ്ങളെയാണ്. സമരത്തിന്റെ ജയാപജയങ്ങളല്ല, അതുയർത്തിപ്പിടിച്ച ആശയാദർശങ്ങളോടുള്ള വിശ്വസ്തതയും നൈതികമായ പ്രതിബദ്ധതയുമാണ് ചിന്തയെ, നിലപാടിനെ നിർണ്ണയിച്ചത്. സമരത്തോട് കൂറു പ്രഖ്യാപിക്കുന്ന കുറിപ്പുകളും വിശകലനങ്ങളും ഫെയ്സ് ബുക്കിൽ അന്നന്നു പോസ്റ്റ് ചെയ്തു. ചരിത്രത്തിന്റെ ഏതു സൂക്ഷ്മ ചലനങ്ങളും പിടിച്ചെടുക്കുന്ന മർമ്മഗ്രാഹിയും കവിയും ചിന്തകനുമായ കെ. ജി. എസ്സിനെപ്പോലുള്ള സുഹൃത്തുക്കളുമായുള്ള സംഭാഷണങ്ങളും ചർച്ചകളും ഈ കുറിപ്പുകൾക്ക് വെള്ളവും വളവുമേകി. സമരം സൃഷ്ടിച്ച ആവേശവും വിശ്വാസവും നൽകിയ ഊർജ്ജപ്രസരത്തിൽ ചിന്തകൾ തിടം വച്ചു. പുസ്തകം എന്ന ആശയം ഉദിക്കുന്നത് തന്നെ കെ. ജി. എസ്സിന്റെ നിരന്തര പ്രേരണകളിൽ നിന്നും പ്രചോദനവാക്യങ്ങളിൽ നിന്നുമാണ്. 2004-ൽ ജെ. എൻ. യു.-വിൽ. സമർപ്പിച്ച, സി. വി. നോവലുകളെയും തിരുവിതാംകൂറിന്റെ അധികാര വ്യവഹാരങ്ങളെയും സംബന്ധിച്ച പി. എച്ച്. ഡി. തീസിസ്സും, നിരവധി ലേഖനങ്ങളും വെളിച്ചം കാണാതെ ഇരുളിൽ പൂണ്ട് കിടക്കുമ്പോഴും കർഷക

സമരത്തെപ്പറ്റി ഞാനെഴുതിയ കുറിപ്പുകൾ എന്റെ ആദ്യത്തെ പുസ്തകമായി ഇന്ന് പ്രകാശനം കൊള്ളുന്നതിനു പിന്നിൽ ആ മഹാപ്രക്ഷോഭം ഇന്ത്യയിലെ ജനങ്ങളിൽ സൃഷ്ടിച്ച തേജപ്രസരത്തിന്റെ ഒരംശം എന്നെയും തൊട്ടുണർത്തി എന്നതാവാം.

കർഷക സമരത്തെ സംബന്ധിച്ച സമഗ്രവും സമ്പൂർണ്ണവുമായ ഒരു പഠനഗ്രന്ഥം തയാറാക്കുക എന്നതായിരുന്നില്ല ഉദ്ദേശം. അത്തരമൊരു മഹൽയത്നത്തിനാവശ്യമായ പ്രാഗൽഭ്യമോ, ഊർജ്ജമോ എനിക്കില്ല എന്നത് മറ്റൊരു കാര്യം. കർഷക സമരത്തിന്റെ ചരിത്രപരവും, സാമ്പത്തികവും വസ്തുസ്ഥിതിപരവുമായ വശങ്ങളിലല്ല, അതിന്റെ 'സംഭവ' സ്വഭാവത്തിലാണ് ഈ ഗ്രന്ഥം ഊന്നൽ നൽകുന്നത്. അസാധ്യതയെ സാധ്യതകളായി വിടർത്തുന്ന, രൂപന്തരീകരണങ്ങളെ സംഭവ്യമാക്കുന്ന, "ആയിത്തീരലിന്റെ" (becoming) പ്രക്രിയയെയാണ് "സംഭവം" എന്ന് ഞാൻ വിളിക്കുന്നത്. "സംഭവം" (event) എന്ന പരികല്പന പ്രധാനമാവുമ്പോൾ ചരിത്രപരവും സാമൂഹ്യശാസ്ത്രപരവും രേഖീയവുമായ ആഖ്യാനങ്ങൾ അപര്യാപ്തമാവുന്നു. തത്വചിന്താപരവും സത്വശാസ്ത്രപരവുമായ (ontological) പരിചരണങ്ങൾ ആഭിമുഖ്യങ്ങൾ, സങ്കല്പനങ്ങൾ, നിർണ്ണായകമാവുന്നു. കഥനത്തിന്റെയും ചരിത്രറൊമാൻസിന്റെയും കവിതയുടെയും അരേഖീയവും പരോക്ഷവുമായ ആവിഷ്കാരരൂപങ്ങളുമായി സഖ്യപ്പെടേണ്ടി വരുന്നു.

മൂന്നു ഭാഗങ്ങളായാണ് ഈ ഗ്രന്ഥം വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമരത്തിന്റെ ആവിർഭാവവും വികാസ പരിണതികളും അടയാളപ്പെടുത്തുന്ന ആറു അദ്ധ്യായങ്ങളാണ് ഒന്നാം ഭാഗത്തിലുള്ളത്. കർഷക സമരത്തിന്റെ "സംഭവ"മാനങ്ങളെ അനാവരണം ചെയ്യുന്ന എട്ടദ്ധ്യായങ്ങൾ ചേർന്നതാണ് രണ്ടാം ഭാഗം. അനുബന്ധമെന്ന് പറയാവുന്ന രണ്ട് ലേഖനങ്ങളാണ് മൂന്നാം ഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കർഷക സമരത്തെ അധികരിച്ച് ബി. രാജീവൻ 'സായാഹ്ന' ഓൺലൈൻ പത്രികയിൽ എഴുതിയ "രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ 'പ്രഭാതഭേരി'എന്ന ലേഖനത്തിന് ഞാനെഴുതിയ വിയോജനക്കുറിപ്പാണ് ആദ്യത്തേത്. കർഷക സമരത്തിന്റെ പശ്ചാത്തലത്തിൽ കെ. ജി. എസ്സിന്റെ "തകഴിയും മാന്ത്രികക്കുതിരയും" എന്ന കവിതയെ പുനർ വായിക്കുന്നതാണ് രണ്ടാമത്തേ ലേഖനം.

ഒന്നാം ഭാഗത്തിലെ ഒന്നാമത്തെയും അഞ്ചാമത്തെയും ലേഖനങ്ങളൊഴിച്ചാൽ എല്ലാം തന്നെ (ആദ്യരൂപങ്ങൾ) ക്രിട്ടിക്ക് എന്ന ഓൺലൈൻ ജേർണലിലും, രണ്ടാം ഭാഗത്തിലെ എട്ട് അദ്ധ്യായങ്ങളും മറ്റൊരു ഓൺലൈൻ പത്രികയായ മാതൃഭൂമി ഡോട് കോമിലും പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. ഒന്നാം ഭാഗത്തിലെ ആറാമത്തെ ലേഖനം 'സമകാലിക മലയാളം' (2021 ഏപ്രിൽ 19) വാരികയിലും മൂന്നാം ഭാഗത്തിലെ ആദ്യലേഖനം 'സായാഹ്ന'യിലും രണ്ടാമത്തെ ലേഖനം ജനശക്തി (2021 ജനുവരി 16-31) ദ്വൈവാരികയിലും വന്നതാണ്.

ഈ പുസ്തകത്തിന്റെ പിറവിക്ക് പലതരത്തിലും കാരണക്കാരായ, കെ. ജി. എസ്സ്, കെ. സഹദേവൻ, ഹരിത ഗോപി, സബിതാ സജീഷ്, പ്രസന്നൻ എന്നിവരോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. ഫെയിസ് ബുക്കിലും ഓൺലൈൻ ജേർണലുകളിലും ഈ കുറിപ്പുകൾ പ്രത്യക്ഷപ്പെട്ടപ്പോൾ അകമഴിഞ്ഞ് പ്രോൽസാഹിപ്പിച്ച നിരവധി സുഹൃത്തുക്കൾക്കും, ആദ്യവായനക്കാരിയായ എന്റെ സഹധർമ്മിണിയ്ക്കും (എസ്. പി. ശ്രീലേഖ) നന്ദി. ലോക്ക്ഡൗണിന്റെ നാളുകളിൽ, പ്രസാധക

രെല്ലാം തന്നെ ഹതാശരായി മാറിയ ഒരു ഘട്ടത്തിൽ, ഈ പുസ്തകത്തിന്റെ ആശയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും അതിന്റെ നിർവ്വഹണകൃത്യം സ്വയമേവ ഏറ്റെടുക്കുകയും പ്രഗൽഭവും മനോഹരവുമായ രീതിയിൽ ഡിജിറ്റലായി പ്രകാശനം നൽകുകയും ചെയ്ത സായാഹ്ന ഫൗണ്ടേഷനും സായാഹ്നയുടെ പ്രവർത്തകർക്കും പ്രൗഢമായ അവതാരിക ഈ പുസ്തകത്തിന് സമ്മാനിച്ച പരിസ്ഥിതി പ്രവർത്തകനും ചിന്തകനും കർഷക സമരത്തിന്റെ പ്രമുഖ വക്താക്കളിലൊരാളുമായ ആയ കെ. സഹദേവനും നന്ദി പറയുന്നു. കമനീയവും അർത്ഥനിർഭരവുമായ കവർ ചിത്രം വരച്ചു തന്ന കവിയും ചിത്രകാരനും ആയ വി. ആർ. സന്തോഷിനും നന്ദി. കേരളത്തിലെ പ്രബുദ്ധരായ വായനക്കാർ എന്റെ ഈ പ്രഥമ ഗ്രന്ഥത്തെ അതർഹിക്കുന്ന വിധത്തിൽ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെ. വിനോദ് ചന്ദ്രൻ<br>ശ്രീധരം, അയ്യന്തോൾ, തൃശ്ശൂർ<br>30 മെയ് 2021

# അവതാരിക

ഓരോ തലമുറയിലും പെട്ട ജനതയെ അടയാളപ്പെടുത്തുന്നതിനായി കാലം കരുതി വെക്കുന്ന ചില 'സംഭവ'ങ്ങളുണ്ട് (event). വ്യക്തികളെ, സമൂഹങ്ങളെ, ദേശീയതകളെ ഈ രീതിയിൽ അടയാളപ്പെടുത്താവുന്ന നിരവധി 'സംഭവ മുഹൂർത്തങ്ങൾ' ചരിത്രത്തിലുടനീളം കാണാൻ സാധിക്കും. 'സ്വാതന്ത്ര്യലബ്ധി', 'അടിയന്തിരാവസ്ഥ' തുടങ്ങിയവ ഇന്ത്യൻ ജനതയുടെ വ്യത്യസ്ത തലമുറകളെ അടയാളപ്പെടുത്തുന്ന ഏതാനും 'സംഭവ'ങ്ങളിൽ ചിലതുമാത്രമാണ്. സമകാലീന ഇന്ത്യയിൽ ഒരു തലമുറയെ അടയാളപ്പെടുത്താൻ മാത്രം ശക്തിപ്രാപിച്ച ഒരു 'സംഭവ'മായി, കഴിഞ്ഞ ആറ് മാസക്കാലമായി തുടർന്നുവരുന്ന, കർഷക പ്രക്ഷോഭം മാറി എന്നതിൽ തർക്കങ്ങൾക്ക് സ്ഥാനമില്ല. ചരിത്രത്തിന്റെ ഗതിവിഗതികൾക്കിടയിൽ, സാമ്പ്രദായിക അവസ്ഥാനിയമങ്ങളെ തകർത്തുകൊണ്ട്, ഉറവെടുക്കുന്ന ഇത്തരം 'സംഭവമുഹൂർത്തങ്ങളിൽ' ആഗ്രഹിച്ചാലും ഇല്ലെങ്കിലും അതിന്റെ ഭാഗമായി നാം മാറുന്നുവെന്നതും അത്രതന്നെ യാഥാർത്ഥ്യമായ സംഗതിയാണ്. ഇന്ത്യയിൽ പുതുതായി ഉടലെടുത്ത കർഷക പ്രക്ഷോഭങ്ങളുടെ 'സംഭവമാനങ്ങളെ' സംബന്ധിച്ച ദാർശനിക അവലോകനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം എന്നതുകൊണ്ടുതന്നെ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. അതേസമയം, ഒരർത്ഥത്തിൽ ജഡസമാനമായി നിലനിന്നിരുന്ന ഇന്ത്യൻ സമൂഹത്തെ കുലുക്കിയുണർത്താനും, അതിന്റെ സഹജസ്വഭാവമായ 'ആലസ്യ'ത്തിന്മേൽ (inertia) ശക്തമായ പ്രഹരമേൽപ്പിക്കുവാനും ഈ പ്രക്ഷോഭങ്ങൾക്ക് സാധിച്ചതെങ്ങിനെ എന്ന് വിലയിരുത്തുന്നത് നന്നായിരിക്കും എന്നു കരുതുന്നു.

2020 നവമ്പർ 26-ന് ആരംഭിച്ച 'ദില്ലി ചലോ' മാർച്ചിന്റെ തയ്യാറെടുപ്പുകളിൽ നിന്നുതന്നെ, മറ്റ് പ്രക്ഷോഭങ്ങളിൽ നിന്നും കർഷക മുന്നേറ്റത്തെ വ്യതിരിക്തതയോടെ അടയാളപ്പെടുത്തുന്ന ഘടകങ്ങൾ കണ്ടെത്താൻ സാധിക്കും. ഒരുവേള, കർഷകർക്കു മാത്രം സാധ്യമാകുന്ന അവധാനതയും ദീർഘകാല തയ്യാറെടുപ്പുകളും ഇതിൽ കണ്ടെത്താൻ കഴിയും. കർഷക മാരണ നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ദില്ലിയിലേക്ക് മാർച്ച് ചെയ്ത ലക്ഷക്കണക്കായ കർഷകർ ആറു മാസക്കാലത്തേക്കുള്ള ഭക്ഷ്യവസ്തുക്കളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ചുമലിലേറ്റിയാണ് എത്തിച്ചേർന്നതെന്ന വസ്തുത ഇതിനെ സാധൂകരിക്കുന്നു. വളരെ എളുപ്പം വിജയം നേടാൻ കഴിയുന്ന എതിരാളികളോടല്ല തങ്ങൾ ഏറ്റുമുട്ടാൻ പോകുന്നതെന്ന ബോധ്യം കർഷകർക്കിടയിൽ ഉണ്ടായിരുന്നുവെന്ന് അവരുടെ ഓരോ നീക്കത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ശത്രുവാരാണെന്നും അവർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്താണെന്നും വളരെ സൂക്ഷ്മതയോടെ മന

സ്സിലാക്കുവാനും സാങ്കേതികമായ ഒത്തുതീർപ്പു പരിഹാരങ്ങൾ തങ്ങളെ ഒരുതരത്തിലും മുന്നോട്ടു നയിക്കുകയില്ലെന്ന് തിരിച്ചറിയാനും കർഷകർക്ക് സാധിച്ചിട്ടുണ്ട്. മതത്തിന്റെയും ജാതിയുടെയും പേരിൽ തങ്ങൾക്കിടയിൽ വിഭജനത്തിന്റെ വേലികൾ തീർക്കാൻ പതിറ്റാണ്ടുകളായി ശ്രമിച്ചു വന്നവരുടെ ശക്തിയും ദൗർബല്യവും മനസ്സിലാക്കാൻ കഴിഞ്ഞതോടൊപ്പം, അതിനേക്കാളും ഉപരിയായി വർത്തിക്കുന്ന കോർപ്പറേറ്റ് സാമ്പത്തിക താൽപര്യങ്ങളെ കൃത്യമായി ചൂണ്ടിക്കാട്ടാനും കർഷകർ ശ്രമിച്ചു. രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങൾക്കും അധ്വാനശേഷിക്കും മുകളിൽ നീരാളികളെപ്പോലെ വരിഞ്ഞുമുറുക്കി നിൽക്കുന്ന കോർപ്പറേറ്റ് ശക്തികൾക്ക് നേരെ പ്രക്ഷോഭത്തിന്റെ കുന്തമുന കൂർപ്പിച്ച് നിർത്തിയതോടെ തങ്ങളുടെ രാഷ്ട്രീയ നിലപാട് വ്യക്തതയോടെ അവതരിപ്പിക്കാൻ കർഷകർക്കു സാധിച്ചു. രാഷ്ട്രീയ ഭരണകൂടങ്ങളെയും, ബ്യൂറോക്രസിയെയും ജുഡീഷ്യറിയെയും മാധ്യമങ്ങളെയും ഒരേപോലെ സ്വാധീനിച്ചു വരുതിയിൽ നിർത്താൻ കഴിവുള്ള വൻകിട കോർപ്പറേറ്റുകളുമായുള്ള ഏറ്റുമുട്ടൽ യവനകഥയിലെ 'ദാവീദ്-ഗോലിയാത്ത്' യുദ്ധത്തെ അനുസ്മരിപ്പിക്കുന്നതാണ്. ഈ യുദ്ധത്തിൽ കർഷകർക്ക് വിജയിച്ചേ മതിയാകൂ എന്നതുകൊണ്ടുതന്നെ ഒരു ദീർഘകാല പോരാട്ടത്തിന് തയ്യാറായിക്കൊണ്ടുതന്നെയാണ് അവർ പ്രക്ഷോഭ രംഗത്തേക്ക് ഇറങ്ങിയിരിക്കുന്നത്. ഭരണകൂടങ്ങൾ, മാധ്യമങ്ങൾ, മറ്റ് നിക്ഷിപ്ത താല്പര്യക്കാർ എന്നിവരുടെ നിരന്തര പ്രകോപനങ്ങളെപ്പോലും അന്യാദൃശമായ നിർമ്മമതയോടും സ്ഥിതപ്രജ്ഞതയോടും കൂടി പ്രതികരിക്കാൻ കർഷകർക്ക് സാധിച്ചു. ഒരുപക്ഷേ, ഭരണകൂടത്തെ ഏറ്റവും കൂടുതൽ അലോസരപ്പെടുത്തുന്ന സംഗതിയും ഇതുതന്നെയായിരിക്കും. അവമതിക്കുക, ഭീഷണിപ്പെടുത്തുക, നുഴഞ്ഞുകയറുക, ആക്രമിക്കുക തുടങ്ങി, പ്രക്ഷോഭങ്ങളെ നേരിടാനുള്ള, ഭരണകൂടങ്ങളുടെ സാമ്പ്രദായിക രീതികളെല്ലാം കർഷക പ്രക്ഷോഭത്തിനു മുന്നിൽ നിഷ്പ്ഫലമാകുന്നത് നാം കണ്ടു. അതിന് അവയെ പ്രാപ്തമാക്കുന്ന ഘടകങ്ങളേതെന്ന് പരിശോധിക്കുന്നത് ഗുണകരമായിരിക്കും.

പ്രക്ഷോഭത്തിൽ അണിചേർന്ന 'കർഷകർ', ഏകശിലാരൂപമായ (Homogenous) സാമൂഹ്യ വിഭാഗങ്ങളല്ലെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. സമകാലിക ഇന്ത്യൻ സാമൂഹ്യ സങ്കീർണ്ണതകളെ മുഴുവൻ വെളിപ്പെടുത്തുന്ന നിരവധി 'കൂട്ടുകൾ' ഇവിടെ കാണാവുന്നതാണ്. സാമൂഹ്യ സങ്കീർണ്ണതകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പ്രധാനമായും ജാതീയമായ വേർതിരിവുകൾ, സ്ത്രീകളുടെ പദവി, വർഗ്ഗ വൈജാത്യങ്ങൾ എന്നിവയാണ്. ഈ പറയുന്ന ഘടകങ്ങൾ എല്ലാം തന്നെ അതേപടി നിലനിൽക്കുമ്പോഴും പ്രക്ഷോഭ കേന്ദ്രങ്ങളിൽ നിന്ന് വരുന്ന വാർത്തകൾ സന്തോഷ സൂചകങ്ങളാണ് എന്ന് പറയേണ്ടതുണ്ട്. ജാതി ശ്രേണിയിൽ മുന്നിലെന്ന് അവകാശപ്പെടുന്ന ജാട്ട് കർഷകർക്കും അവരെ പ്രതിനിധീകരിക്കുന്ന ഖാപ് പഞ്ചായത്തുകൾക്കും ദളിത് കർഷകരോടും കർഷക തൊഴിലാളികളോടുമുള്ള തിരസ്കാര മനോഭാവം കുപ്രസിദ്ധമാണ്. എന്നാലതേസമയം സമരഭൂമിയിൽ കർഷക തൊഴിലാളികൾ അടക്കമുള്ളവരുടെ പാത്രങ്ങൾ കഴുകുന്ന ജാട്ട് കർഷകരുടെ ചിത്രങ്ങൾ സമൂഹത്തിലേക്ക് വലിയൊരു സന്ദേശം സന്നിവേശിപ്പിക്കുന്നുണ്ട്. സാമൂഹ്യ ഇടപെടലുകളുടെയും ജനകീയ പ്രക്ഷോഭങ്ങളുടെയും സവിശേഷ സ്വഭാവമെന്ന നിലയിൽ ഉയർന്നുവരുന്ന, ചെറുതെങ്കിലും മഹത്തരമായ ഇത്തരം

ദൃശ്യങ്ങളെ ഉയർത്തിപ്പിടിക്കുവാൻ നമുക്കു കഴിയേണ്ടതുണ്ട്.

ദളിത് കർഷക തൊഴിലാളികൾ, ദരിദ്ര-ഇടത്തരം-സമ്പന്ന കർഷകർ തുടങ്ങി ഭിന്നങ്ങളായ സാമൂഹ്യ ശ്രേണികളിൽ കഴിയുന്ന ജനങ്ങൾ, ജാതീയവും സാമ്പത്തികവും ആയ എല്ലാ വൈജാത്യങ്ങളും നിലനിൽക്കുമ്പോഴും, പൊതുവായ ഒരൊറ്റ ലക്ഷ്യത്തിന്മേൽ ഒരുമിക്കുന്ന അപൂർവ്വ കാഴ്ചയാണ് കർഷകപ്രക്ഷോഭത്തിലൂടെ ഉരുവെടുത്തിരിക്കുന്നത്. സമൂഹത്തിൽ പൊതുവിൽ നലനിൽക്കുന്ന സാമൂഹിക ഉച്ചനീചത്വങ്ങളുമായി സംഘർഷത്തിലേർപ്പെടാതെയല്ല കർഷക പ്രക്ഷോഭം മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ലിംഗപരവും ജാതീയവുമായ വിഷയങ്ങളടക്കം ഇവിടെ ചർച്ചാ വിഷയമാകുകയും അവയുമായി 'എൻഗേജ്' ചെയ്യാൻ സമൂഹത്തെ നിർബ്ബന്ധിതമാക്കുകയും ചെയ്യുന്നുണ്ട് കർഷക പ്രക്ഷോഭം. കർഷക പ്രക്ഷോഭങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തവും അത് ഉയർത്തുന്ന നിരവധി ചോദ്യങ്ങളും ഇതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ കഴിയും.

കൃഷി എന്നത് പൊതുവിൽ പുരുഷന്മാരുടെ കാര്യമായി അവതരിപ്പിക്കപ്പെടുന്ന പ്രവണത പൊതുവിൽ നിലനിൽക്കുന്നുണ്ട്. ഫാമിലി ലേബറിന്—പ്രധാനമായും സ്ത്രീകളുടെ അധ്വാനത്തിനു—മൂല്യം കൽപ്പിക്കാതെയാണ് കാർഷിക വിളകൾക്കുള്ള മിനിമം സഹായ വില കണക്കാക്കുന്നതെന്ന് എം. എസ്. പി.-യുടെ കോസ്റ്റിംഗ് മെത്തേഡിനെക്കുറിച്ച് ധാരണയുള്ളവർക്ക് മനസ്സിലാകും. ഭൂസ്വത്തിൽ സ്ത്രീകൾക്ക് അവകാശമില്ലാത്ത അവസ്ഥയും പൊതുവിൽ ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നുണ്ട്. ഇത്തരം വിഷയങ്ങൾ കൂടി കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി പല കോണുകളിൽ നിന്നായി ഉന്നയിക്കപ്പെടുന്നുവെന്നത് ആശാവഹമായ കാര്യമാണ്. ഭൂസ്വത്തിന്മേലുള്ള സ്ത്രീകളുടെ അവകാശം സ്ഥാപിച്ചെടുക്കണമെങ്കിൽ ആദ്യം കുത്തകകളുടെ കൈകളിലേക്ക് തങ്ങളുടെ ഭൂമി ചെന്നെത്തുന്നത് തടയേണ്ടതുണ്ട് അതുകൊണ്ടുകൂടിയാണ് ഈ സമരത്തിൽ തങ്ങൾ പങ്കെടുക്കുന്നത് എന്ന് പ്രക്ഷോഭകാരികളായ സ്ത്രീകളിൽ ചിലരെങ്കിലും പറയുമ്പോൾ നാളിതുവരെ 'പെരിഫെറി' യിൽ നിന്നിരുന്ന പല വിഷയങ്ങളും കേന്ദ്രസ്ഥാനത്തോട് അടുക്കുന്നതായി കാണാൻ കഴിയും.

എല്ലാ സാമൂഹ്യ-സാംസ്കാരിക വൈജാത്യങ്ങളെയും അട്ടിമറിച്ചുകൊണ്ടുള്ള ഒന്നാണ് ഇപ്പോൾ നടക്കുന്ന കർഷക പ്രക്ഷോഭം എന്ന തെറ്റുധാരണയിൽ നിന്നുകൊണ്ടല്ല ഞാനിക്കാര്യം സൂചിപ്പിക്കുന്നത്. മറിച്ച്, മുൻകാലങ്ങളിൽ നിന്ന് ഭിന്നമായി പുതിയ കാലത്ത് ഉന്നയിക്കപ്പെടാൻ നിർബന്ധിതമാകുകയും കാലഘട്ടത്തിന്റെ ആവശ്യമെന്ന നിലയിൽ ഉയർന്നുവരികയും ചെയ്യുന്ന പുതുപ്രവണതകളെ സവിശേഷമായി ചൂണ്ടിക്കാണിക്കുകയും ചെയ്യേണ്ടത് രാഷ്ട്രീയ കടമയായി തിരിച്ചറിയുന്നതുകൊണ്ടാണ്.

ചരിത്ര സന്ദർഭങ്ങളിലെ പല ചിഹ്നങ്ങളെയും പ്രതീകങ്ങളെയും രൂപഭേദങ്ങളോടെ ഉപയോഗപ്പെടുത്താൻ കർഷകർ ശ്രമിച്ചുവെന്നതിന്റെ തെളിവുകളും നാളിതുവരെയുള്ള പ്രക്ഷോഭ പ്രവർത്തനങ്ങളിൽ നിന്ന് കണ്ടെത്താൻ കഴിയും. അതിൽ ഏറ്റവും ഉജ്വലമായ ഒരേടാണ് രാജ്യവ്യാപകമായി നടന്ന 'മിട്ടി (മണ്ണ്) സത്യാഗ്രഹം'. സ്വാതന്ത്ര്യ സമര കാലത്തെ, ഉപ്പുസത്യാഗ്രഹത്തെ അനുസ്മരിച്ചുകൊണ്ട്, അതേസമയം തികച്ചും വികേന്ദ്രീകൃതമായ രീതിയിൽ രാജ്യത്തിന്റെ വിവിധ ഭാഗ

ങ്ങളിലെ കൃഷിഭൂമിയിൽ നിന്നുള്ള മണ്ണ് ശേഖരിച്ചുകൊണ്ട് ദില്ലിയിലേയ്ക്ക് നടത്തിയ 'മിട്ടി സത്യാഗ്രഹം' വളരെ സൂക്ഷ്മവും വ്യക്തവുമായ രാഷ്ട്രീയ സന്ദേശം നൽകുന്നതായിരുന്നു. 2021 മാർച്ച് 12-ന് ആരംഭിച്ച് ഏപ്രിൽ 6-ന് ദില്ലിയിലെത്തുന്ന വിധത്തിൽ സംഘടിപ്പിക്കപ്പെട്ട മിട്ടി സത്യാഗ്രഹം, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്ക് പുറമെ, ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഒഡീഷ, ആന്ധ്രപ്രദേശ്, കർണ്ണാടക, യുപി, മദ്ധ്യപ്രദേശ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിലൂടെ സഞ്ചരിക്കുകയുണ്ടായി. വനം, കൃഷി, പ്രകൃതി വിഭവങ്ങൾ എന്നിവയെ പ്രതീകവൽക്കരിക്കുന്ന മണ്ണ്, കോർപ്പറേറ്റുകളുടെ കൈകളിലേക്ക് എത്തിക്കുവാനുള്ള ഏതു നീക്കത്തെയും എതിർത്തു തോൽപ്പിക്കുമെന്നും ഭൂമിയിന്മേലുള്ള ജനങ്ങളുടെ അവകാശം സംരക്ഷിക്കുമെന്നും ഉള്ള പ്രതിജ്ഞകളിലൂടെയായിരുന്നു ഈ നാളുകളിൽ ഇന്ത്യൻ കർഷകർ കടന്നുപോയത്. രാജ്യം മുഴുവൻ കർഷക പ്രക്ഷോഭത്തെക്കുറിച്ചുള്ള സന്ദേശമെത്തിക്കാനും കർഷകർക്കിടയിൽ ഏകീകരണം സാധ്യമാക്കാനും ഈയൊരു യാത്രയിലൂടെ സാധിച്ചു.

ഇന്ത്യൻ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പുതിയ നിയമ നിർമ്മാണവുമായി മാത്രം ഉയർന്നുവന്നതല്ലെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. കഴിഞ്ഞ അരനൂറ്റാണ്ട് കാലമായെങ്കിലും കാർഷിക മേഖലയോട് ഭരണകൂടങ്ങൾ കാണിച്ചുപോന്ന അവഗണനയുടെ അനിവാര്യ പരിണതഫലം കൂടിയാണത്. ആത്മഹത്യകളിലേക്കും കടക്കെണിയിലേക്കും ഭൂമി അന്യാധീനപ്പെടലിലേക്കും അതിവേഗം സഞ്ചരിച്ചുകൊണ്ടിരുന്ന കർഷക സമൂഹത്തിന് മുന്നിൽ പ്രക്ഷോഭമല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നും അവശേഷിച്ചിരുന്നില്ല.

കർഷക പ്രക്ഷോഭങ്ങൾ ഇന്ത്യൻ സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിലേക്ക് സൂക്ഷ്മവും സ്ഥൂലവുമായ നിരവധി വിഷയങ്ങൾ ഉയർത്തിവിടുന്നുണ്ട്. കർഷകരുടെ വരുമാനം, വില നിർണ്ണയാധികാരം, ഭൂമിയിന്മേലുള്ള അവകാശം തുടങ്ങിയ സ്ഥൂല രാഷ്ട്രീയ വിഷയങ്ങളോടൊപ്പം തന്നെ മണ്ണിന്റെ ഉർവ്വരത, ഭൂഗർഭജല ശോഷണം, അസന്തുലിത കൈമാറ്റം (unequal exchange), കേന്ദ്രവും പ്രാന്തപ്രദേശവും (centre and periphery) തമ്മിലുള്ള ബന്ധം തുടങ്ങി ഒട്ടനവധി സൂക്ഷ്മ രാഷ്ട്രീയവും ഇതോടൊപ്പം ഉയർന്നുവരുന്നുണ്ട്. മുഖ്യധാരാ സംവാദമണ്ഡലങ്ങൾ ഇനിയും ഏറ്റെടുക്കാൻ വിസമ്മതിക്കുന്ന, വികസനത്തിന്റെ മറുപുറ യാഥാർത്ഥ്യങ്ങൾ വലിയ തോതിലുള്ള സാമൂഹ്യാസ്വസ്ഥതകളായി ബഹിർഗ്ഗമിക്കുക തന്നെ ചെയ്യും.

കർഷക മാരണ നിയമങ്ങൾ ഒരു ഓർഡിനൻസ് രൂപത്തിൽ പുറത്തിറങ്ങിയിട്ട് ജൂൺ 5-ന് ഒരു വർഷം പൂർത്തിയാകുന്നു. തൊട്ടടുത്ത ദിവസം തന്നെ (2020 ജൂൺ 6) കേന്ദ്ര ഭരണ മുന്നണിയായ എൻഡിഎയുടെ കോലം കത്തിച്ചുകൊണ്ട് പഞ്ചാബിലെ കർഷകർ തങ്ങളുടെ പ്രതിഷേധങ്ങൾക്ക് തുടക്കമിട്ടു. തുടർന്നുള്ള നാളുകളിൽ പഞ്ചാബിലും ഹരിയാനയിലും മാത്രമായി ഒതുങ്ങി നിന്നിരുന്ന കർഷക രോഷം നവമ്പർ 26-ന്റെ 'ദില്ലി ചലോ' മാർച്ചോടുകൂടി ഇന്ത്യയിലെ പ്രക്ഷോഭ ചരിത്രത്തിലെ ഏറ്റവും സമുജ്ജ്വലമായ അദ്ധ്യായമായി മാറുകയായിരുന്നു. സാമാന്യ നിർവ്വചനങ്ങൾക്കും സമവാക്യങ്ങൾക്കും പിടികൊടുക്കാതെ ഓരോ ഘട്ടത്തിലും നവീന ആശയങ്ങളുടെ ആവിഷ്കരണമായി അത് സമൂഹത്തിനു മുന്നിൽ അവതരിക്കുന്നു. ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നതുപോലെ, "ചരിത്രത്തി

ന്റെ കാര്യകാരണത്തുടർച്ചകളെ ഭേദിച്ചുകൊണ്ട്, അവസ്ഥാ നിയമങ്ങളെ തകിടംമറിച്ചുകൊണ്ട്, പുതിയ സാധ്യതകളെ, തുറസ്സുകളെ, വെട്ടിത്തുറക്കുന്ന, ചരിത്രത്തെ, സമൂഹത്തെ, രാഷ്ട്രീയത്തെ, കർത്തൃത്വത്തെ, സൂക്ഷ്മമായി മാറ്റിമറിക്കുന്ന ഒരു പ്രകമ്പന/ പരിവർത്തന പരമ്പരയായി" കർഷക പ്രക്ഷോഭം ഉയിരെടുക്കുകയാണ്. ഓരോ നിമിഷവും സ്വയംനവീകരിച്ചും, സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളെ നവീകരണത്തിന് വിധേയമാക്കിയും അത് മുന്നോട്ടുനീങ്ങുന്നു. പുതിയ ലോകത്തെ, പുതിയ കർത്തൃത്വങ്ങളെ, പുതിയ ജനതയെ സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന കർഷക പ്രക്ഷോഭങ്ങളുടെ 'സംഭവമാനങ്ങളെ'ക്കുറിച്ച് പ്രൊഫ. വിനോദ് ചന്ദ്രൻ അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ പുതിയ ചില കാഴ്ചകൾ നമുക്ക് സാധ്യമാക്കിത്തരുന്നുണ്ട്.

കെ. സഹദേവൻ
ട്രാൻസിഷൻ സ്റ്റഡീസ്
തൃശ്ശൂർ
2021 ജൂൺ 2

ഭാഗം 1

# കർഷകരുടെ രാഷ്ട്രീയാരോഹണം

— 1.1 —

# ഒരു മഹാ പ്രക്ഷോഭത്തിന്റെ തുടക്കം

പുതുവൽസരത്തിന്റെ ആരംഭ ദിനങ്ങളിൽ (2021 ജനുവരി) ഒരു മഹാ സംഭവത്തിനു നാം സാക്ഷ്യം വഹിച്ചു: കർഷകരുടെ പ്രക്ഷോഭം. ഇന്ത്യാ ചരിത്രത്തിൽ മാത്രമല്ല ലോകചരിത്രത്തിൽ തന്നെ അദ്ഭുതപൂർവ്വമെന്ന് പറയാവുന്ന മഹാ സമരസംഭവം. ദേശീയ പാതയിൽ, തലസ്ഥാന നഗരിയിലേക്കുള്ള പ്രവേശനകവാടങ്ങളിൽ, നിലയുറപ്പിച്ച് കൊണ്ട്, ഭരണകൂടത്തെ ഉപരോധിച്ച് കൊണ്ട്, ഉത്തരേന്ത്യൻ 'ഹൃദയ'ഭൂമിയിൽ നിന്നെത്തിച്ചേർന്ന ലക്ഷോപലക്ഷം കർഷകർ നടത്തിവന്ന സമരതപോയജ്ഞം ഒരു മാസം കടന്നു കഴിഞ്ഞിരുന്നു. ഉത്തരേന്ത്യയിലെ ശീതതരംഗങ്ങൾക്കും, കൊറോണാമഹാമാരിയുടെ കൊട്ടും ഭീഷണിയ്ക്കും, ഇന്ത്യൻ ഭരണകൂടത്തിന്റെ സൈനിക സന്നാഹങ്ങൾക്കും, വിഭജന-പ്രലോഭന-കുതന്ത്രങ്ങൾക്കും, തളർത്താനാവാതെ, മെരുക്കാനാവാതെ.

## പ്രക്ഷോഭങ്ങളുടെ പരിസമാപ്തി

കഴിഞ്ഞ വർഷം ഈ സമയത്ത് മറ്റൊരു മഹാസമരത്തിന്റെ അഗ്നിജ്വാലയിലായിരുന്നു നാം: ഇന്ത്യയിലെങ്ങും കത്തിപ്പടർന്ന പൗരത്വ പ്രക്ഷോഭം. അന്ന് ഷഹീൻ ബാഗിലെ ദീദിമാരും ദാദിമാരും അഛനമ്മമാരും യുവാക്കളും വൃദ്ധരും കുട്ടികളും ജാമിയയിലെ വിദ്യാർത്ഥികളും മോദിയുടെ ഫാസിസ്റ്റ് നയത്തിനെതിരെ നടത്തിയ ഐതിഹാസിക സമരച്ചൂളയിൽ ഒരു നവയുഗം പിറക്കുന്നുവെന്ന് സ്വപ്നലിപികളിൽ എഴുതിയവരിലൊരാളാണ് ഈ ലേഖകൻ. ദില്ലിയിൽ ഭരണകൂടത്തിന്റെ ആശയആശീർവ്വാദത്തോടെ ഹിന്ദുത്വവാദികൾ അഴിച്ചുവിട്ട വർഗ്ഗീയ കലാപത്തിനും (ഫെബ്രുവരി 23, 2020) ഈ സമരാഗ്നിയെ ശമിപ്പിക്കുവാനായില്ല. എന്നാൽ ലോകമെങ്ങും രോഗവും മരണവും വിതച്ച്, വംശനാശത്തിന്റെ ദുഃസ്വപ്നം വിതറി, മനുഷ്യ ജീവിതത്തിന്റെ സമസ്ത തലങ്ങളിലും പ്രതിസന്ധി നിറച്ച് കൊണ്ടെത്തിച്ചേർന്ന കൊറോണാമഹാമാരിയുടെ കൊട്ടും ചുഴലിയിൽ ഈ നവയുഗസ്വപ്നനാളങ്ങളോരോന്നായി കെട്ടണഞ്ഞു.

മഹാമാരിയും ഭരണകൂടവും തമ്മിലുള്ള പൈശാചിക സംയോഗത്തിൽ നിന്നുല്പന്നമായ ബയോരാഷ്ട്രീയ ഭീകരത ലോകമെങ്ങുമെന്ന പോലെ ഇന്ത്യയേയും ഗ്രസിച്ചു. അങ്ങനെ രൂപപ്പകർച്ച നേടിയ ഇന്ത്യൻ ഭരണകൂടം പതിന്മടങ്ങ് ഭീകരസ്വരൂപിയായി, അധികാരദാഹിയായി, പ്രതികാരമൂർത്തിയായി. പ്രതിപക്ഷപക്ഷങ്ങളുറുത്തു മാറ്റി. പ്രതിരോധങ്ങളെ വേരോടെ പിഴുതെറിഞ്ഞു. എതിർസ്വരങ്ങളെ വേട്ട

യാടി. നേരത്തേ തന്നെ അമിതാധികാരങ്ങൾ കയ്യടക്കി 'അപവാദഭരണ'ത്തിന്റെ (State of exception), 'അടിയന്തിരാവസ്ഥാ ഭരണ'ത്തിന്റെ, സ്വഭാവമാർജ്ജിച്ചിരുന്ന മോദി സർക്കാർ ജോർജ്ജോ അഗംബ-ന്റെ നിർവ്വചനങ്ങളെയും അതിലംഘിച്ചു കൊണ്ട് ഭരണഘടനാതീതശക്തിയായി, അതീതഭരണകൂടമായി, മാറി (Transcendental State).

2020 മാർച്ച് 24-ൽ മഹാമാരിക്കെതിരെ ("മഹാഭാരത") യുദ്ധം എന്ന പ്രഖ്യാപനത്തോടുകൂടി ആരംഭിച്ച ലോകത്തിലെ ഏറ്റവും കർക്കശവും ദീർഘകാലികവുമായ ലോക്ഡൗണിന്റെ ഇരുളിൽ, മഹാമാരി ജനങ്ങൾക്കിടയിൽ സൃഷ്ടിച്ച സംഭ്രാന്തിയുടെ മറവിൽ, സർവ്വാധിപത്യത്തെ ചോദ്യം ചെയ്ത ബുദ്ധിജീവികളെയും, കലാകാരന്മാരെയും ആക്റ്റിവിസ്റ്റുകളെയും മനുഷ്യാവകാശപ്രവർത്തകരെയും പൗരാവകാശപ്രക്ഷോഭകരെയും ഒന്നൊന്നായി വേട്ടയാടുകയായിരുന്നു മോദി ഗവണ്മെന്റ്. അർബൻ മാവോയിസ്റ്റുകൾ എന്ന് മുദ്രകുത്തി പലരെയും തുറുങ്കലിലടച്ചു. ഷഹീൻ ബാഗിലെ സമരപ്പന്തലിനു ചുറ്റും തമ്പടിച്ച പോലീസ് സൈന്യം പന്തൽ തകർക്കുകയും സമരനേതാക്കളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പൗരത്വപ്രക്ഷോഭണത്തിനു നേതൃത്വം നൽകിയ ജാമിയായിലെയും ജെ. എൻ. യു.-വിലെയും വിദ്യാർത്ഥി നേതാക്കളെ ജയിലിലാക്കി. ജമ്മു-കാശ്മീരിൽ പ്രതിപക്ഷനേതാക്കളെ വീട്ടുതടങ്കലിലും ജയിലറകളിലുമാക്കി. ലോക്ഡൗൺ ജനങ്ങളെ സംബന്ധിച്ചിടത്തോളം വീട്ടുതടങ്ങലായി മാറി. ഭാരതം തുറന്നതും അടഞ്ഞതുമായ ഒരു നീണ്ട ജയിലറയായി മാറി.

യാതൊരു മുന്നറിയിപ്പുകളുമില്ലാതെ ലോകത്തിലെ ഏറ്റവും നീണ്ടതും കർക്കശവുമായ ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ വീടും കുടിയുമുള്ള മദ്ധ്യവർഗ്ഗികൾ ബാൽക്കണിയിൽ നിന്ന് അതിനെ എതിരേറ്റുവെങ്കിലും തൊഴിലും, താമസസ്ഥലങ്ങളും, ജീവിതമാർഗ്ഗങ്ങളും, നഷ്ടപ്പെട്ട ലക്ഷക്കണക്കിന് അഭയാർത്ഥിത്തൊഴിലാളികൾ വഴിയാധാരമായി. ലോക്ഡൗൺ ലംഘിച്ച് കൊണ്ട് മഹാനഗരങ്ങളിൽ നിന്ന് അമ്മമാരും കുട്ടികളും, വൃദ്ധന്മാരും യുവാക്കളും അടങ്ങിയ ചെറു സംഘങ്ങൾ, കെട്ടും ഭാണ്ഡവുമായി ദേശീയപാതയിലൂടെ, റെയിൽപ്പാളങ്ങളിലൂടെ, വെയിലും മഞ്ഞും മഴയും അവഗണിച്ച്, സ്വന്തം നാട്ടുകളിലേക്ക് മടക്കപ്രയാണമാരംഭിച്ചു. ദാഹവും വിശപ്പും പട്ടിണിയും രോഗവും കൊണ്ട് വലഞ്ഞു പലരും വഴിയിൽ തന്നെ മരിച്ചു വീണു. 198 പേരോളം മരണമടഞ്ഞു എന്ന് പത്ര റിപ്പോർട്ട്. നഗരാതിർത്തികളിൽ പോലീസും നഗരവാസികളു അവരെ തടഞ്ഞു. ചിലപ്പോൾ ആട്ടിയോടിച്ചു. ചരിത്രത്തിലെ ഏറ്റവും ദാരുണമായ മടക്കപ്പുറപ്പാട്, പിന്നാക്കം നടന്നു പോയ ലോങ്ങ്മാർച്ച്.

പ്രതിസന്ധിയെ, മനുഷ്യദുരന്തത്തെ, നിക്ഷേപത്തിനും ലാഭത്തിനുമുള്ള അവസരമാക്കി തക്കം പാർത്തു നിൽക്കുന്ന ദുരന്തമുതലാളിത്തവുമായി (disaster capitalism) മഹാമാരിയുടെ ദിനങ്ങളിൽ ഭരണകൂടം കൈകോർക്കുകയായിരുന്നു. പൊതു സമ്പത്തും പൊതുമേഖലാ സ്ഥാപനങ്ങളും കോർപ്പറേറ്റുകൾക്ക് വിറ്റുതുലയ്ക്കുവാനുള്ള ഗൂഢ പദ്ധതികൾ അരങ്ങേറി. കൊറോണയുടെ മറവിൽ പ്രതിപക്ഷത്തിന്റെ വായ് മൂടിക്കെട്ടി. ഓർഡിനൻസുകൾ ഒന്നൊന്നായി തൊടുത്തു വിട്ടു. പാർലമെന്റിൽ ചർച്ചകളില്ലാതെ തന്നെ ഓർഡിനൻസുകൾ നിയമങ്ങളായി ചുട്ടെടുത്തു. വിദ്യാഭ്യാസത്തെ ഭരണകൂടകേന്ദ്രിതവും കോർപ്പറേറ്റുവൽക്കൃതവും ആക്കി

മാറ്റുന്ന നവവിദ്യാഭ്യാസ നിയമം, കാർഷികമേഖലയെ കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുന്ന 3 കാർഷിക നിയമങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുകയും വൻകിടവ്യവസായികൾക്ക് അമിതാധികാരങ്ങൾ നൽകുകയും ചെയ്യുന്ന ലേബർ കോഡ് ബില്ലുകൾ, ഇവയെല്ലാം ഗവണ്മെന്റ് പാസ്സാക്കിയെടുത്തത് മഹാമാരിയുടെ വിഭ്രാന്ത നേരങ്ങളിലാണ്.

## “ദില്ലി ചലോ” മാർച്ച്

വിദ്യാഭ്യാസ നയത്തിനും വ്യവസായ ബന്ധ ബില്ലിനും എതിരേ നാനാഭാഗങ്ങളിൽ നിന്നും പ്രതിഷേധങ്ങൾ ഉയർന്നുവെങ്കിലും അവയെയെല്ലാം നിശ്ശബ്ദമാക്കുവാൻ ഗവണ്മെന്റിനു കഴിഞ്ഞു. എന്നാൽ മോദിഗവണ്മെന്റിന്റെ സർവ്വ കണക്കു കൂട്ടലുകളും തകർത്ത് കൊണ്ട് പഞ്ചാബിലെ 32-ഓളം കർഷക സംഘടനകൾ ഒന്നിച്ച് ചേർന്നു പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിച്ചു. അഖിലേന്ത്യാ കർഷക കോ ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 26-ന് ‘ദില്ലി ചലോ’ മാർച്ച് തുടങ്ങി.

പഞ്ചാബിൽ നിന്ന് പ്രക്ഷോഭകരെയും വഹിച്ചുള്ള ട്രാക്ടറുകളും അവശ്യസാമഗ്രികൾ സംഭരിച്ച ട്രോളികളും ദില്ലിനഗരത്തെ ലക്ഷ്യമാക്കി നീങ്ങി. തലസ്ഥാനത്തിന്റെ അതിർത്തികൾ അടച്ചും, സമരക്കാരെ അറസ്റ്റു ചെയ്തും കർഷകമാർച്ചിനെ തടയുവാൻ സർവ്വ സൈനിക സന്നാഹങ്ങളോടെ സർക്കാർ പരമാവധി ശ്രമിച്ചു. കണ്ണീർ വാതകവും ഗ്രനേഡുകളും പ്രയോഗിച്ചു. ദേശീയ പാതകൾ വെട്ടി മുറിച്ച് തടസ്സങ്ങൾ സൃഷ്ടിച്ചു. വലിയ കണ്ടെയ്നർ ലോറികളും ട്രെയിലറുകളും റോഡിനു കുറുകെയിട്ടു.

ഹരിയാന അതിർത്തിയിലെ പ്രധാന പാതയായ അംബാലയിൽ പോലീസ് വൻ സന്നാഹമൊരുക്കിയപ്പോൾ കർഷകർ മറ്റു വഴികളിലൂടെ അതിർത്തി കടന്നു. അംബാലയിൽ ജലപീരങ്കിയും ഗ്രനേഡുകളും ഉപയോഗിച്ച് കൊണ്ട് പോലീസ് തീർത്ത കോട്ടയ്ക്ക് മുന്നിൽ ഉശിരോടെ ഉറച്ചു നിന്ന കർഷകരെ കടത്തി വിടുവാൻ സംസ്ഥാന സർക്കാർ ഒടുവിൽ നിർബ്ബന്ധിതരായി.

ബാരിക്കേഡുകൾ പുഴയിലേക്കെറിഞ്ഞും, ടിയർ ഗ്യാസുകൾ തട്ടിത്തെറിപ്പിച്ചും ജലപീരങ്കിയെയും ഗ്രനേഡുകളെയും നേരിട്ടുകൊണ്ടും ഡെൽഹിയുടെ അതിർത്തികളിൽ നവംബർ 27-ന് കർഷക സംഘങ്ങൾ എത്തിച്ചേർന്നു. പോലീസ്സുകാരാൽ തടയപ്പെട്ടപ്പോൾ ഡെൽഹിയിലേക്കുള്ള പ്രവേശനദ്വാരമായ സിംഘു, തിക്രി, ഗാസിപ്പൂർ, ചില്ല, എന്നിവിടങ്ങളിൽ ദേശീയ പാതകളിൽ തന്നെ അവർ തമ്പടിച്ചു. ഭക്ഷണവും വെള്ളവും ഡീസലും നിറച്ച ട്രാക്റ്റർ ട്രോളികളിലാണ് അവർ എത്തിച്ചേർന്നത്. ദേശീയ പാതയിൽ കാർപ്പറ്റുകൾ വിരിച്ച്, ടെന്റുകളടിച്ച്, പ്രധാന സമരവേദിയും, പന്തലുകളും സ്ഥാപിച്ചു. ഭക്ഷണം ഒരുക്കുന്ന ലംഗറുകൾ 24 മണിക്കൂറും പ്രവർത്തന നിരതമായി. ട്രോളികൾ സഞ്ചരിക്കുന്ന വീടുകളായി. മെഡിക്കൽ ക്യാമ്പുകളും അവശ്യ വസ്തുക്കളുടെ വിതരണ സംവിധാനങ്ങളും ക്രമേണ സജ്ജമായി. സമരസ്ഥലമായ റോഡുകളിൽ തന്നെ കുട്ടികൾക്ക് കളിക്കാനും പഠിക്കാനുമുള്ള സജ്ജീകരണങ്ങളുണ്ടായി. അച്ഛനമ്മമാരും, മുത്തശ്ശന്മാരും മുത്തശ്ശിമാരും, ആങ്ങള പെങ്ങളുമാരും കുട്ടികളും യുവാക്കളും കുടുംബാംഗങ്ങളും ബന്ധുക്കളും വിദ്യാർഥിക

ളും സുഹൃത്തുക്കളും പിന്തുണക്കാരും അണിനിരന്ന് ഉൽസവാന്തരീക്ഷം നിറഞ്ഞ ഗ്രാമങ്ങളായി ദില്ലി അതിർത്തിയിലെ ദേശീയപാതകൾ. കർഷകഗ്രാമങ്ങൾ നഗരത്തെ അക്ഷരാർത്ഥത്തിൽ വളയുകയായിരുന്നു. മാവോ വിഭാവനം ചെയ്ത പോലെ വെടിയുണ്ടകളും നിധനായുധങ്ങളും വെട്ടുകത്തികളും കഠാരകളുമായല്ല. നിരായുധരായി, ഹിംസാരഹിതമായി, സ്നേഹത്തോടും കരുതലോടും കൂടി. ലാത്തിയുമായി കാത്തു നിൽക്കുന്ന പോലീസുകാർക്ക് പോലും ആഹാരപ്പൊതികൾ നൽകിക്കൊണ്ട്. എത്തിച്ചേരുന്ന എല്ലാവർക്കും സസ്നേഹം ഭക്ഷണം വിളമ്പിക്കൊണ്ട്.

## കാർഷിക പരിഷ്കരണ നിയമങ്ങൾ

ഗവണ്മെന്റ് ചർച്ചയില്ലാതെ പാസ്സാക്കിയെടുത്ത ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രെയിഡ് ആന്റ് കോമേഴ്സ് (പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ) ആക്റ്റ്, 2020, ഫാർമേഴ്സ് (എമ്പവർമെന്റ് ആന്റ് പ്രൊട്ടെക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് ആന്റ് ഫാം സർവീസെസ് ആക്റ്റ് 2020, എസ്സെൻഷ്യൽ കമ്മോഡിറ്റീസ് (അമെൻഡ് മെന്റ്) ആക്റ്റ് 2020, എന്നീ മൂന്നു നിയമങ്ങൾ പൂർണ്ണമായും പിൻവലിക്കുക എന്നതായിരുന്നു കർഷകരുടെ ആവശ്യം. വെറും ഒരു കാർഷിക പരിഷ്കരണ നിയമമെന്നതിനുപരി സംസ്ഥാന ഗവണ്മെന്റുകളുടെ അധികാരമണ്ഡലത്തിലേക്കുള്ള കേന്ദ്ര ഗവണ്മെന്റിന്റെ കടന്നു കയറ്റവും ഫെഡറലിസത്തിനെതിരേയുള്ള ആക്രമണവുമായിരുന്നു ഈ നിയമപരിഷ്കാരങ്ങൾ. കോർപ്പറേറ്റുകൾക്ക് കാർഷിക ഭക്ഷ്യമേഖലകളെ ഏല്പിച്ച് കൊടുക്കുവാനും സ്വന്തം ഭൂമിയിൽ കൃഷിക്കാരെ കരാർ കൃഷിക്കാരാക്കി മാറ്റുവാനും കാർഷിക ഭൂമികളിൽ നിന്ന് കർഷകരെ ഒഴിപ്പിക്കുവാനും, കർഷകരുടെ സ്വയം നിർണ്ണയാധികാരങ്ങൾ നിഷേധിക്കുവാനും കോർപ്പറേറ്റ് കൃഷിയുടെ കൂലിവേലക്കാരാക്കി, അടിമകളാക്കി അവരെ മാറ്റാനുമുള്ള ഗൂഢപദ്ധതികളായാണ് ഈ നിയമപരിഷ്കാരങ്ങളെ വിവേകികളായ ഇന്ത്യൻ കർഷകർ കണ്ടത്. മിനിമം സപ്പോർട്ട് പ്രൈസ് ഉറപ്പുകളും നിലവിലുള്ള സർക്കാർ സംഭരണ സംവിധാനങ്ങളും തകർക്കുവാനും മാർക്കറ്റിനു പുറത്ത് ഉല്പന്നങ്ങൾ വാങ്ങാനുമുള്ള സ്വാതന്ത്ര്യം കോർപ്പറേറ്റ് കമ്പനികൾക്ക് അനുവദിച്ചുകൊണ്ട് ആഗോളരും സ്വദേശീയരുമായ കോർപ്പറേറ്റുകളുടെ കൈകളിലേക്ക് കാർഷിക സംവിധാനങ്ങൾ കൈമാറുവാനുള്ള ആസൂത്രിതപദ്ധതിയുടെ ഭാഗമെന്ന് ഈ പരിഷ്കാരത്തെ കൃഷിക്കാർ തിരിച്ചറിഞ്ഞു.

എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റ് ഭേദഗതി ചെയ്യുക വഴി ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ, ഉരുളക്കിഴങ്ങ് തുടങ്ങിയ ആവശ്യവസ്തുക്കളുടെ മേലുള്ള ഗവണ്മെന്റ് നിയന്ത്രണങ്ങൾ ഇല്ലാതാക്കി. കാർഷികോല്പന്നങ്ങൾ പരമാവധി സംഭരിക്കുവാനും ആവശ്യാനുസൃതം തങ്ങളുടെ ഇഷ്ടത്തിനനുസരിച്ചുള്ള വിലയ്ക്ക് വിൽക്കുവാനുമുള്ള അവകാശങ്ങൾ അങ്ങനെ കോർപ്പറേറ്റ് കമ്പനികൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അവശ്യവസ്തുക്കളുടെ വിപണിമേലുള്ള സർക്കാർ നിയന്ത്രണം പിൻവലിക്കുന്ന ഈ നയം വൻതോതിൽ ഭക്ഷ്യപ്രതിസന്ധി ഉണ്ടാക്കുമെന്നും ഇന്ത്യയുടെ ഭക്ഷ്യസ്വയം പര്യാപ്തിയെത്തന്നെ ഹനിക്കുമെന്നും എന്നും ഉള്ള രാഷ്ട്രീയമായ ബോദ്ധ്യമാണ് കർഷകരെ സമര രംഗത്തിലേക്ക് നയിച്ചത്.

ഒരൊറ്റ ജനത, ഒരൊറ്റ ഭാഷ, ഒരൊറ്റ വിപണി, ഒരൊറ്റ ഇലക്ഷൻ എന്നിങ്ങനെയുള്ള നിർബ്ബന്ധിത സമാനീകരണത്തിലൂടെ ബഹുത്വങ്ങളെയും വ്യത്യസ്ഥതകളെയും തകർത്ത്കൊണ്ട് കേന്ദ്രീകൃതവും ഏകമാനവുമായ രാഷ്ട്രം സൃഷ്ടിക്കുവാനുള്ള ഹിന്ദുത്വ ഭരണകൂടത്തിന്റെ ശ്രമത്തിനെതിരെയുള്ള ആദ്യത്തെ ജനകീയ പ്രക്ഷോഭം കൂടിയായിരുന്നു ഇത്. ഫെഡറലിസത്തെയും അതുവഴി ബഹുസൂക്ഷ്മദേശീയതകളെയും ഉന്മൂലനം ചെയ്തുകൊണ്ട് കോർപ്പറേറ്റ് കേന്ദ്രിതമായ ഒരു സർവ്വാധിപത്യ-ഫാസിസ്റ്റ് ഭരണം ഉറപ്പാക്കുവാനുള്ള നിർണ്ണായകമായ ശ്രമമാണ് ഈ നിയമങ്ങൾ എന്ന തിരിച്ചറിവാണ് സമരത്തിന്റെ ശക്തി. സൂക്ഷ്മ ദേശീയതയുടെ ഏറ്റവും ശക്തമായ അടിത്തറയായി നിലകൊള്ളുന്നത് കാർഷിക മേഖലയാണെങ്കിൽ ആ മേഖലയെ കോർപ്പറേറ്റുവൽക്കരിക്കുവഴി കോർപ്പറേറ്റ്— ഫാസിസ്റ്റ് ശക്തികളെ ചെറുത്തു നിൽക്കുവാൻ കെല്പുള്ള അവസാനത്തെ പ്രതിരോധ നിരയും-നാട്ടുദേശീയതകളെ-തകർക്കുവാനാണ് ആത്യന്തികമായും മോദി ഗവണ്മെന്റ് ഈ നിയമങ്ങൾ വഴി ഉന്നം വയ്ക്കുന്നത് എന്ന് വ്യക്തമായി. അങ്ങനെ മൂന്നു കർഷക നിയമങ്ങൾക്കെതിരേ കർഷകർ നടത്തുന്ന സമരം, കർഷകരുടെ സാമ്പത്തികാവകാശത്തിനു വേണ്ടിയുള്ള സമരം എന്നതിലുപരി ആഗോള കോർപ്പറേറ്റ് സാമ്രാജ്യത്വത്തിനും, മോദിയുടെ കോർപ്പറേറ്റ് സൗഹൃദ ഫാസിസ്റ്റ് ഭരണത്തിനും എതിരേയുള്ള, ലോകം ഇതേവരെ കാണാത്ത ഒരു രാഷ്ട്രീയ നൈതിക പ്രക്ഷോഭമായി മാറി.

## — 1.2 —

# "അസാധ്യത്തിന്റെ" രാഷ്ട്രീയത്തിലേക്ക്"

"ഗവണ്മെന്റും കൃഷിക്കാരും തമ്മിൽ വിജ്ഞാൻ ഭവനിൽ നടന്ന എട്ടാം റൗണ്ട് ചർച്ചയിൽ, (ജനുവരി 8, 2021) കർഷകബില്ലുകൾ പിൻവലിക്കുകയില്ലെന്ന് അധികാരികൾ നിർബ്ബന്ധം പിടിച്ചപ്പോൾ കർഷകനേതാക്കൾ പ്രതിഷേധ സൂചകമായി മൗനവ്രതം ദീക്ഷിക്കുകയും "ഒന്നുകിൽ ജയിക്കും അല്ലെങ്കിൽ മരിക്കും" ("ജീയേങ്ഗേ യാ മരേംഗേ") എന്ന പ്ലാക്കാർഡ് ഉയർത്തിക്കാട്ടുകയും ചെയ്തു.

## "തെരഞ്ഞെടുപ്പിന്റെയും തെരഞ്ഞെടുപ്പ്"

ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം വിധിനിർണ്ണായകമെന്ന് പറയാവുന്ന ഒരു തിരഞ്ഞെടുപ്പ് നടക്കുകയാണ് ദേശീയ പാതകൾ ദില്ലിയിലേക്ക് പ്രവേശിക്കുന്ന സിംഘു, തിക്രി, ഷാജഹാൻപൂർ, ഗാസിപൂർ റിവാരി, ദെൽഹി-നോയിഡാ അതിർത്തികളിൽ. തിരഞ്ഞെടുപ്പിനും അപ്പുറമുള്ള തിരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പിന്റെയും തെരഞ്ഞെടുപ്പ്. ജനാധിപത്യമോ, (കോർപ്പറേറ്റ്-സൗഹൃദ)-സർവ്വാധിപത്യമോ? ഭരണഘടനയോ, ഭരണകൂടമോ? ഏകമാനവും കേന്ദ്രീയവുമായ അതിദേശീയതയോ, സൂക്ഷ്മദേശീയ ബഹുത്വമോ? സർക്കാരോ, ജനതയോ? മരണമോ, ജീവിതമോ? എന്നീ പരമപ്രധാന ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്ന തെരഞ്ഞെടുപ്പ്. ദില്ലി അതിർത്തിയിലെ അഞ്ചിലധികം കവാടങ്ങളിൽ നിലയുറപ്പിച്ച് കൊണ്ട്, ഇന്ത്യൻ ഭരണകൂടത്തെ ഉപരോധിക്കുന്ന കർഷകരുടെ പ്രക്ഷോഭം പരമവും നിർണ്ണായകവുമായ ഇത്തരമൊരു തിരഞ്ഞെടുപ്പിനെയാണ് പ്രതിനിധീകരിക്കുന്നത്. ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും, ഭരണഘടനയെയും വീണ്ടെടുക്കാനുള്ള അന്തിമസമരത്തെ. ദില്ലിയുടെ അതിർത്തികളിൽ നിന്ന് ഇന്ത്യയുടെ സർവ്വ നാഢീഞരമ്പുകളിലേക്കും പടർന്നു പിടിക്കുകയാണ് ജനകീയമായ ഈ തിരഞ്ഞെടുപ്പ്.

## 'സ്ഥാപക' നേരങ്ങൾ

തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിനപ്പുറം രാഷ്ട്രീയത്തിന്റെ തിരഞ്ഞെടുപ്പിലേക്ക് ജനങ്ങൾ ഇറങ്ങിത്തിരിക്കുന്ന ഇത്തരം നിർണ്ണായകഘട്ടങ്ങളാണ് രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും, ജനാധിപത്യത്തെയും, സ്ഥാപനം ചെയ്യുന്നത്. "ജയിക്കുക അല്ലെങ്കിൽ

മരിക്കുക”, “പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക” എന്ന ജീവന്മരണ തെരഞ്ഞെടുപ്പിലേക്ക് ജനങ്ങൾ എത്തിച്ചേരുന്ന സന്ദർഭങ്ങൾ. ജനതയും ഭരണകൂടവും, നേർക്ക് നേർ നിൽക്കുന്ന അപൂർവ്വ നിമിഷങ്ങൾ. സ്വാതന്ത്ര്യത്തിനു വേണ്ടി ജനങ്ങൾ തെരുവിലിറങ്ങുന്ന, പൊതുചത്വരങ്ങളിൽ സമ്മേളിക്കുന്ന, സ്വന്തം ഇച്ഛ പൊതുമണ്ഡലത്തിൽ ആവിഷ്കരിക്കുന്ന ജനാധിപത്യത്തിന്റെ പ്രാചീനവും അഭിനവവുമായ സ്ഥാപക നേരങ്ങൾ (foundational moments). സ്വാതന്ത്ര്യമോ മരണമോ എന്ന ചോദ്യം, തീരുമാനം, പരമപ്രധാനമാവുന്ന നിമിഷങ്ങൾ. ചമ്പാരനിലെ കർഷക സമരത്തിൽ, “പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക” എന്ന മന്ത്രവുമായി ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ജനത ഒന്നടങ്കം ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരേ സമരം പ്രഖ്യാപിച്ച ക്വിറ്റിന്ത്യാ സമരവേളകളിൽ (1942), ലോകമെങ്ങും ചരിത്രം നിർണ്ണയിച്ച വിപ്ലവങ്ങളുടെ, സ്വാതന്ത്ര്യ സമരങ്ങളുടെ, സന്ദർഭത്തിൽ, ഇത്തരമൊരു ചോദ്യം ഉയർന്നു വരുന്നതിന് ലോകം സാക്ഷിയാണ്. സ്വാതന്ത്ര്യ സമരങ്ങളുടെ, ജനകീയ വിപ്ലവങ്ങളുടെ, ‘തിരഞ്ഞെടുപ്പിന്റെ തെരഞ്ഞെടുപ്പുകളുടെ’, ‘ശാശ്വതമായ തിരിച്ചുവരവിന്റെ’ (eternal recurrence-നീത്ചേ) ‘സംഭവ’നേരമാണിത്.

## രണ്ടാം സ്വാതന്ത്ര്യ സമരമല്ല, നവസ്വാതന്ത്ര്യസമരം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ, ‘ഒക്യുപ്പൈ’ (വാൾസ്റ്റീറ്റ്) സമരങ്ങളെ, മുല്ലപ്പൂ വിപ്ലവങ്ങളെ, സ്വാതന്ത്ര്യത്തിനും വിപ്ലവത്തിനും വേണ്ടി ലോകമെങ്ങും ആവിർഭവിച്ച മഹാ സമരങ്ങളെ, ചെറുത്തു നില്പുകളെ, അനുസ്മരിപ്പിക്കുന്ന കർഷക പ്രക്ഷോഭം എന്നു പറഞ്ഞു. എന്നാൽ ഇത്പഴയതിന്റെ ആവർത്തനമല്ല. ദെല്യൂസ് പറയുന്ന പോലെ വ്യത്യസ്തതയുടെ തിരിച്ചുവരവാണ്. സ്വാതന്ത്ര്യ സമരത്തിന്റെ സമാവർത്തനമല്ല, വ്യതിരാവർത്തനം. അതുകൊണ്ട് ഈ പ്രക്ഷോഭത്തെ രണ്ടാം സ്വാതന്ത്ര്യ സമരം എന്ന് വിളിക്കുന്നത്ശരിയാവില്ല. നവസ്വാതന്ത്ര്യ സമരമാണിത്.

ചരിത്രത്തിൽ സമാനതകളില്ലാത്ത, ഒരു സമരസംഭവമാണ് നമുക്ക് മുന്നിൽ നിറഞ്ഞാടുന്നത്. ഉപമകളോ, ഉൽപ്രേക്ഷകളോ, പൂർവ്വസൂചികകളോ ഇല്ലാത്ത, ഇന്നേവരെയുള്ള സമരസങ്കല്പങ്ങളെ തകിടം മറിക്കുന്ന, അത്ഭുതപൂർവ്വമായ സംഭവം. അടിമുതൽ മുടി വരെ നവീനമാണ് ഈ സമരത്തിന്റെ ശൈലി, സംഘാടനം, ഏകോപനം, വേഗം. നവീനമായ ഈ വേഗത്തോടൊപ്പമെത്താൻ നമ്മുടെ വാക്കുകൾക്ക്, ഭാഷയ്ക്ക്, സങ്കല്പനങ്ങൾക്ക് പറക്കേണ്ടി വരും.

അതുകൊണ്ട് തന്നെ പത്ര-മാദ്ധ്യമ യുക്തികൊണ്ടോ, നിലവിലുള്ള ഏതെങ്കിലും രാഷ്ട്രീയ താത്വിക സങ്കല്പനം കൊണ്ടോ, ഇതിനെ അളക്കുവാനോ വിലയിരുത്തുവാനോ സാധ്യമല്ല. പുതിയ പരികല്പനകളെ, പുതിയ ആശയ സങ്കല്പനങ്ങളെ, ആവശ്യപ്പെടുന്ന ഈ പുതിയ വിപ്ലവം. വിപ്ലവത്തെയും പ്രതിരോധത്തെയും സംബന്ധിച്ച എല്ലാ പതിവു തത്വങ്ങളെയും ഇത് അട്ടിമറിക്കുന്നു. സമകാലീന ഭാഷയുടെ, രാഷ്ട്രീയത്തിന്റെ, ചിന്തയുടെ, വ്യാകരണങ്ങൾക്കുള്ളിൽ നിന്ന് കൊണ്ട് ഈ പുതുമയെ മനസ്സിലാക്കുവാൻ സാധ്യമല്ല. ഒരു സർവ്വാധിപത്യസർക്കാരിന്റെ സർവ്വ കണക്കുകൂട്ടലുകളെയും തന്ത്രങ്ങളെയും അധികാര ശക്തികളെയും തകർത്ത്കൊണ്ട് ഭര

ണാധികരികളിൽ വിഭ്രാന്തി വിതയ്ക്കുന്നതും ഈ പ്രക്ഷോഭത്തിന്റെ അപ്രവചനീയമായ നവീനതയാണ്.

പ്രാചീനത്തിൽ പ്രാചീനമെങ്കിലും നവത്തിലും നവം. ഈ നവീനതയാണ് ഈ സമരത്തെ സംഭവമാക്കുന്നതു്. 'സംഭവത്തിന്റെയും സംഭവ' മാകുന്നത് കൊണ്ടാണ് ഇതു്നവമാകുന്നതു്. ഈ നവീനതയെയാണ്, 'സംഭവത്വത്തെയാണ്' നമുക്കിവിടെ പരിശോധിക്കുവാനുള്ളതു്.

## ജനങ്ങളുടെ പ്ലെബിസൈറ്റ്

കാർഷിക പ്രക്ഷോഭം പ്രതിനിധാനം ചെയ്യുന്ന എന്ന പറയുന്ന ഈ "തെരഞ്ഞെടുപ്പിന്റെ തിരഞ്ഞെടുപ്പ്" ഒരു "പോസ്റ്റ് റിപ്പബ്ലിക്കൻ", "പോസ്റ്റ് പാർലമെന്ററി" തിരഞ്ഞെടുപ്പാണ്. തിരഞ്ഞെടുപ്പിനു ശേഷം വരുന്ന തെരഞ്ഞെടുപ്പ്. A post-electoral election. സ്വാതന്ത്ര്യാനന്തര കാലത്തെ സ്വാതന്ത്ര്യ സമരം. പാർലമെന്ററി സങ്കല്പത്തിൽ ഭൂരിപക്ഷ സമ്മതി പ്രകരം തിരഞ്ഞെടുക്കപ്പെട്ട ഒരു ജനാധിപത്യ ഗവണ്മന്റിന്റെ ജനവിരുദ്ധ നയത്തിനെതിരെയുള്ള ജനകീയ പ്രക്ഷോഭമാണിതു്. എന്നാൽ പ്രതീകാത്മകമായി, പ്രതീത്യാത്മകമായി (virtual) പറഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റിനെ ജനങ്ങൾ നിരാകരിക്കുന്ന, ഭരണകൂടത്തെ പിൻവലിക്കുന്ന, അസാധുവാക്കുന്ന, ജനാധിപത്യത്തിന്റെ ചരിത്രത്തിൽ തന്നെ അപൂർവ്വങ്ങളിൽ അപൂർവ്വമായ സംഭവം. ഭരിക്കുന്ന ഗവണ്മെന്റിന്റെ പരമാധികാരത്തെ ജനങ്ങൾ തന്നെ ചോദ്യം ചെയ്യുന്ന ഒരു റിഫറണ്ടം, തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടത്തെ ജനങ്ങൾ തിരിച്ചു വിളിക്കുന്ന ഒരു പ്ലെബിസൈറ്റ് (plebiscite). നവീനമായ ഒരു ഇന്ത്യയെ, ഒരു നവ റിപ്പബ്ലിക്കിനെ, കർഷകർ, ജനങ്ങൾ, സ്വയം വിരചിക്കുന്ന, പ്രഖ്യാപിക്കുന്ന, നിമിഷം. ഇതു്വെറും കർഷക നിയമങ്ങൾക്കെതിരേയുള്ള സമരമല്ലെന്നും കോർപ്പറേറ്റുകൾക്കെതിരെ, മോദിഭരണകൂടത്തിന്റെ സർവ്വാധിപത്യത്തിനെതിരെയുള്ള സമരമാണെന്നും മോദിയെ തിരിച്ച് വിളിക്കാനുള്ള ജനങ്ങളുടെ പ്ലെബിസൈറ്റ് ആണെന്നും മറ്റാരെക്കാളും അറിയുന്നതു് കൊണ്ടാണ് സമരക്കാർക്ക് വഴങ്ങിക്കൊടുക്കുവാൻ മോദി മടികാട്ടുന്നതു്. ഈ പ്രക്ഷോഭത്തിന്റെ നവീനതയാണ് ഗവണ്മെന്റിനെ അസ്വസ്ഥവും പരിഭ്രാന്തവുമാക്കുന്നതു്.

ആധുനികാനന്തരകാലഘട്ടവും അതിന്റെ സാംസ്കാരിക വിപണികളും നിരന്തരം പടച്ചു വിടുന്ന കൗതുകരവും ഫാഷണബിളും ആയ നവമല്ല ഇതു്. ചരിത്രപരവും രേഖീയവും 'സാധ്യ'വുമായ നവമല്ല ഇതു്. 'ആവതിന്റെ' അതിർവരമ്പുകൾ തകർക്കുന്ന, 'ആവാത്തതിന്റെ' മേഖലകളെ പുൽകുന്ന, അസാധ്യത്തിന്റെ (impossible) അഭിനവരാഷ്ട്രീയമാണിതു്. ബയോ-ഭീകരതയെയും, ഭരണകൂട-ഭീകരതയെയും, ഉത്തരേന്ത്യൻ കൊടുംശൈത്യത്തെയും ഒരേ സമയം അവഗണിച്ച് കൊണ്ട്, അതിവർത്തിച്ച് കൊണ്ട്, കർഷകർ നടത്തുന്ന 'അസാധ്യ'സമരം. രാഷ്ട്രീയം അസാധ്യവും നിരോധിതവുമായ ഈ സന്ദർഭത്തിൽ, 'സാധ്യ' രാഷ്ട്രീയം ഭരണകൂടത്തിനു കീഴടങ്ങലിലും സ്തുതിപാടലിലും അമർന്ന് കഴിഞ്ഞ ഈ സന്ദർഭത്തിൽ, 'അസാധ്യ'ത്തിന്റെ രാഷ്ട്രീയത്തെ പ്രതിജ്ഞാപനം ചെയ്യുകയാണ് കർഷകരുടെ മഹാസമരം.

## രണ്ട് റിപ്പബ്ലിക്കുകൾ, രണ്ട് വേഗങ്ങൾ

"ട്രാക്ടർ ഡ്രൈവ് ചെയ്യുമ്പോൾ ഞാൻ പറക്കുകയാണെന്നെനിക്ക് തോന്നുന്നു." സ്വന്തം ഗ്രാമത്തിൽ നിന്ന് 400 കിലോമീറ്ററിലധികം ട്രാക്ടർ ഓടിച്ച് സിംഘു വിലെത്തിയ, സമരസംഘാടകരിലൊരാളായ നാല്പത്തി രണ്ടുകാരിയായ സർബ്ജീത്കൗർ പറയുന്നു (People's Archive of Rural India, January 25).

2021 ജനുവരി 26. 8 a.m. അപൂർവ്വത്തിലും അപൂർവ്വമായ ഒരു റിപ്പബ്ലിക്ക് ദിനാഘോഷത്തിന് ഇന്ന് നാം സാക്ഷ്യം വഹിക്കുവാൻ പോവുകയാണ്. ഭരണകൂടത്തിന്റെ റിപ്പബ്ലിക്ക് പരേഡും കർഷകരുടെ ജനങ്ങളുടെ റിപ്പബ്ലിക്ക് പരേഡും ഒരേ സമയം നമ്മുടെ തലസ്ഥാനനഗരിയെ, രാഷ്ട്രത്തെ, രണ്ടായി വകഞ്ഞു മാറ്റിക്കൊണ്ട് അരങ്ങേറുകയാണ്. ഭരണകൂടത്തിന്റെ റിപ്പബ്ലിക്കും ജനകീയ കർഷക റിപ്പബ്ലിക്കുമായി ഇന്ത്യൻ രാഷ്ട്രം രണ്ട് ചേരിയായി പിളർന്ന് പൊതുമണ്ഡലത്തിൽ ദൃശ്യവൽക്കരിക്കപ്പെടുന്ന അഭൂതപൂർവ്വമായ സന്ദർഭം.

ഒരു വശത്ത് കാലാൾപ്പടയും, അശ്വസൈന്യങ്ങളും, പാറ്റൺ ടാങ്കുകളും, പോർവിമാനങ്ങളും, മിസ്സൈലുകളും, അത്യാധുനികമായ നിധനായുധങ്ങളുമായി ഇന്ത്യൻ സൈന്യത്തിന്റെ, രാഷ്ട്രത്തിന്റെ, ശക്തിയും പ്രതാപവും പ്രദർശിപ്പിച്ച് കൊണ്ട്, പ്രധാനമന്ത്രിയുടെയും പ്രസിഡന്റിന്റെയും അധികാരിവർഗ്ഗത്തിന്റെയും സാന്നിധ്യത്തിൽ രാജപഥത്തിൽ അരങ്ങേറുന്ന ഭരണകൂടത്തിന്റെ റിപ്പബ്ലിക്ക് ആഘോഷം. അതിൽ നിന്ന് വിഭിന്നമായി, ദില്ലിയുടെ അഞ്ചതിർത്തികളിൽ നിന്ന് ഔട്ടർ റിങ്ങ് റോഡുകളിലൂടെ, കർഷകരുടെ വാഹനവും വസതിയും വിമാനവും ആത്മാഭിമാനത്തിന്റെ പ്രതീകവുമായ ട്രാക്ടറുകളെയും അണിനിരത്തിക്കൊണ്ട് കർഷകർ നടത്തുന്ന ജനകീയമായ റിപ്പബ്ലിക്ക് റാലി.

ഭരണകൂടത്തിന്റെ പാറ്റൺ ടാങ്കിനും പോർവിമാനങ്ങൾക്കും അശ്വസൈന്യത്തിനും പകരം കർഷകരുടെ ട്രാക്ടറും ട്രോളിയും അശ്വാരൂഢരായ നിഹാംഗുകളും. രണ്ട് റിപ്പബ്ലിക്കുകളുടെയും വ്യത്യസ്തതകളെ വിളിച്ചോതുന്ന രണ്ട് തരം രൂപകങ്ങൾ, പ്രതീകങ്ങൾ. ഒന്ന് യുദ്ധത്തെ, ഹിംസയെ, അധികാരത്തെ, സൂചിപ്പിക്കുമ്പോൾ മറ്റേത്അഹിംസയുടെ, സ്നേഹത്തിന്റെ, സൃഷ്ടിയുടെ, മനുഷ്യനും പ്രകൃതിയും യന്ത്രവും തമ്മിലുള്ള സർഗ്ഗാത്മകമായ വേഴ്ചയുടെ പ്രതീകം. കൃഷിക്കാരന്റെ, ഇന്ത്യൻ ജനതയുടെ, അന്തസ്സിന്റെയും ആത്മാഭിമാനത്തിന്റെയും ജനകീയ പ്രതിരോധത്തിന്റെയും രൂപകം. കൊറോണയെയും ശൈത്യത്തെയും, ഭരണകൂട ഭീകരതയെയും, ചരിത്രനിയമങ്ങളെയും അതിജീവിച്ച് കൊണ്ട് ഇന്ത്യയിലെ കർഷക ജനതയെ, സ്ത്രീകളെയും വൃദ്ധരെയും യുവാക്കളെയും കുട്ടികളെയും ബഹുജനങ്ങളെയും നവവേഗങ്ങളിലേക്ക് പറക്കാൻ പഠിപ്പിക്കുന്ന വിമോചനയന്ത്രങ്ങൾ.

— 1.3 —

## കർഷകരുടെ രാഷ്ട്രീയ വിവേകം

കർഷകരെ രക്ഷിക്കുക, കാർഷിക മേഖലയെ പുരോഗതിയിലേക്ക് നയിക്കുക, എന്നീ ലക്ഷ്യങ്ങളോടെയാണ് കാർഷികപരിഷ്കരണ നിയമങ്ങൾ നടപ്പാക്കുന്നതെന്നും അത് കർഷകർക്ക് മനസ്സിലാവാത്തത് കൊണ്ടാണ് കർഷകർ സമരം ചെയ്യുന്നതെന്നും ഗവണ്മെന്റും ഗവണ്മെന്റിന്റെ വക്താക്കളും നിരന്തരം വാദിക്കുന്നു. ഖാലിസ്ഥാൻ വാദികൾ, പ്രതിപക്ഷകക്ഷികൾ, മാവോയിസ്റ്റുകൾ, എന്നീ 'രാജ്യദ്രോഹികൾ' കർഷക നിയമത്തെപ്പറ്റി നടത്തുന്ന ദുഷ്പ്രചരണങ്ങളാണ് കർഷകരിൽ തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്നതെന്നും കർഷകസമരത്തെ അവർ ഹൈജാക്ക് ചെയ്തിരിക്കുന്നു എന്നും കർഷക സമരത്തിന്റെ മുന്നേറ്റത്തിന്റെ ഓരോഘട്ടത്തിലും ഭരണകൂടത്തിന്റെ പ്രതിനിധികളും അവരുടെ ജിഹ്വയായ മാദ്ധ്യമങ്ങളും പ്രചരിപ്പിച്ചു വന്നു.

### രാഷ്ട്രീയ പ്രബുദ്ധത

കർഷകർ വിവരശൂന്യരും, ആർക്കും സ്വാധീനിക്കുവാൻ കഴിയുന്നവിധം സ്വന്തമായി അഭിപ്രായങ്ങളില്ലാത്ത അപക്വമതികളാണെന്നുമുള്ള ഗവണ്മെന്റ് പ്രചരണം അവാസ്തവമാണെന്നതിന്റെ ശക്തമായ തെളിവാണ് തലസ്ഥാന നഗരിയെ, ഭരണകൂടത്തെ, ഉപരോധിച്ചു കൊണ്ട്, കൊറോണയെയും കൊടുംശൈത്യത്തെയും, ഗവൺമെന്റിന്റെ മർദ്ദനോപകരണങ്ങളെയും അതിജീവിച്ചു കൊണ്ട്, രണ്ടുമാസത്തിലേറെക്കാലമായി ശക്തമായി മുന്നോട്ടുപോകുന്ന കർഷക സമരം. സർക്കാരിന്റെ വാദം തെറ്റാണെന്ന് മാത്രമല്ല, ഇന്ത്യയിലെ, മുഖ്യ രാഷ്ട്രീയ കക്ഷികളെക്കാൾ, മുഖ്യധാരാ മാദ്ധ്യമങ്ങളെക്കാൾ, സംഘടിത തൊഴിലാളിപ്രസ്ഥാനങ്ങളെക്കാൾ, കാർഷിക, രാഷ്ട്രീയ, വിദഗ്ധരെക്കാൾ, പൊതു ബുദ്ധിജീവികളെക്കാൾ, തീക്ഷ്ണമായ രാഷ്ട്രീയ വിവേകവും രാഷ്ട്രീയ സംവേദ്യതയും ഉള്ളവരാണ് കൃഷിക്കാർ എന്ന് ലോകചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത ഈ കർഷക പ്രക്ഷോഭണം തെളിയിക്കുന്നു.

ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രെയിഡ് ആൻഡ് കോമേഴ്സ് (പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ) ആക്റ്റ്, 2020, ഫാർമേഴ്സ് (എമ്പവർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് ആൻഡ് ഫാം സർവീസസ് ആക്റ്റ് 2020, എസ്സെൻഷ്യൽ കമ്മോഡിറ്റീസ് (അമെൻഡ്മെന്റ്) ആക്റ്റ് 2020, എന്നിങ്ങനെ ആകർഷണീയമായ പേരുകളിൽ പ്രത്യക്ഷപ്പെട്ട കർഷക പരിഷ്കരണ നിയമങ്ങൾക്ക് പിന്നിൽ ഒളിച്ചിരിക്കുന്ന ആപൽക്കരമായ രാഷ്ട്രീയ പദ്ധതിയെ തിരിച്ചറിയു

വാൻ രാഷ്ട്രീയ പ്രബുദ്ധരും വിവേകികളുമായ ഇന്ത്യൻ കർഷകർക്ക് തുടക്കത്തിലേ കഴിഞ്ഞത് കൊണ്ടാണ് അവ നിരുപാധികം പിൻവലിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് ലക്ഷക്കണക്കിന് കർഷകർ സമരത്തിലേർപ്പെട്ടത്. വെറും ഒരു കാർഷിക പരിഷ്കരണ നിയമമെന്നതിനുപരി കാർഷിക മേഖലയെത്തന്നെ തകർക്കുവാനും സംസ്ഥാന ഗവണ്മെന്റുകളുടെ അധികാരമണ്ഡലത്തിൽ കടന്നു കയറി ഫെഡറലിസത്തെ തകർക്കുവാനും, കാർഷിക മേഖലയെ കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുവാനുമുള്ള ഗൂഢ പദ്ധതിയാണ് ഈ നിയമങ്ങൾ എന്ന് അവർ മനസ്സിലാക്കി. കൃഷിക്കാരെ കരാർ കൃഷിക്കാരാക്കി മാറ്റി സ്വന്തം കൃഷി ഭൂമികളിൽ നിന്ന് അവരെ ഒഴിപ്പിക്കുവാനും, കർഷകരുടെ സ്വയം നിർണ്ണയാധികാരങ്ങൾ നിഷേധിക്കുവാനും കോർപ്പറേറ്റ് കൃഷിയുടെ അടിമകളാക്കി അവരെ മാറ്റാനുമുള്ള കുതന്ത്രങ്ങൾ ഈ പരിഷ്കൃത നിയമങ്ങളിൽ അവർ മണത്തറിഞ്ഞു. കരാർ ലംഘിക്കപ്പെട്ടാൽ കർഷകർക്ക് കോടതിയെ സമീപിക്കുവാനവകാശമില്ലെന്നും സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയോ ജില്ലാ കലക്ടറുടെയോ മുമ്പിൽ പരാതി ബോധിക്കാൻ മാത്രമേ അവകാശമുണ്ടാവുകയുള്ളൂ എന്നും പുതുക്കിയ നിയമം അനുശാസിക്കുന്നു. മിനിമം സപ്പോർട്ട് പ്രൈസ് ഉറപ്പുകളും നിലവിലുള്ള സർക്കാർ സംഭരണ സംവിധാനങ്ങളും തകർക്കുകയാണ് ഈ കാർഷിക പരിഷ്കാരത്തിന്റെ ആത്യന്തിക ഫലം എന്നും അവർ വാദിച്ചു. മാർക്കറ്റിനു പുറത്ത് ഉല്പന്നങ്ങൾ വാങ്ങാനുള്ള സ്വാതന്ത്ര്യം കോർപ്പറേറ്റ് കമ്പനികൾക്ക് അനുവദിച്ച് കൊണ്ട് FCI എന്ന വിപുലമായ സംഭരണ കേന്ദ്ര ശൃംഖലയെ സ്വകാര്യവൽക്കരിക്കുവാനും അംബാനിയുടെയും അദാനിയുടെയും കൈകളിലേക്ക് കാർഷിക സംവിധാനങ്ങൾ കൈമാറുവാനുമുള്ള ഒരു ആസൂത്രിതപദ്ധതിയുടെ ഭാഗമായിത്തന്നെയാണ് ഈ പരിഷ്കാരത്തെ കാർഷികരംഗത്ത് അനുഭവ പരിചയവും വൈദഗ്ധ്യവും കൈമുതലായുള്ള വിവേകമതികളായ കൃഷിക്കാർ കണ്ടത്.

എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ഭേദഗതി ചെയ്യുക വഴി ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ, ഉരുളക്കിഴങ്ങ് തുടങ്ങിയ ആവശ്യവസ്തുക്കളുടെ മേലുള്ള ഗവണ്മെന്റ് നിയന്ത്രണങ്ങൾ ഇല്ലാതാക്കി. കാർഷികോല്പന്നങ്ങൾ മാക്സിമം സംഭരിക്കുവാനും ആവശ്യാനുസൃതം തങ്ങളുടെ ഇഷ്ടത്തിനനുസരിച്ചുള്ള വിലയ്ക്ക് വിൽക്കുവാനുമുള്ള അവകാശങ്ങൾ അങ്ങനെ കോർപ്പറേറ്റ് കമ്പനികൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അവശ്യവസ്തുക്കളുടെ വിപണിയിലുള്ള സർക്കാർ നിയന്ത്രണം പിൻവലിക്കുന്ന ഈ നയം വൻതോതിൽ ഭക്ഷ്യപ്രതിസന്ധി ഉണ്ടാക്കുമെന്നും ആത്യന്തികമായും അത് ഭക്ഷ്യസ്വയം പര്യാപ്തിയെ ഹനിക്കുമെന്നും അങ്ങനെ ആപൽക്കാരമായ ഭക്ഷ്യപ്രതിസന്ധികളിലേക്ക് രാജ്യത്തെ നയിക്കുമെന്നും കാർഷികമേഖലയിലെ വിദഗ്ധർ കണ്ടെത്തിക്കഴിഞ്ഞു.

## യു. എസ്സിൽ സംഭവിച്ചത്

യു. എസ്സിലെ 87 കർഷക യൂണിയനുകൾ ഇന്ത്യയിലെ കർഷകസമരത്തിനു പിന്തുണ പ്രഖ്യാപിച്ച് കൊണ്ടെഴുതിയ കത്തിൽ ലോകചരിത്രത്തിലെ ഏറ്റവും ഊർജ്ജസ്വലമായ കർഷക പ്രതിഷേധമെന്നാണ് കർഷക സമരത്തെ വിശേഷിപ്പിക്ക

ന്നത്. റീഗന്റെ കാലത്ത് നടപ്പാക്കിയ ഉദാരവൽക്കരണനയം ഗ്രാമീണ മേഖലയിലെ കർഷകരെ ആത്മഹത്യയിലേക്ക് വർദ്ധിച്ച തോതിൽ നയിച്ചതെങ്ങനെ എന്ന് ഈ കത്തിൽ അവർ വിശദീകരിക്കുന്നുണ്ട് (The Wire Feb. 21, 2021).

മുൻനാസാ ശാസ്ത്രജ്ഞനും പ്രസിദ്ധ സിനിമാനിർമ്മാതാവുമായ ബേദബ്രതാ പെയിൻ നിർമ്മിച്ച Dejavu എന്ന ഡോക്യുമെന്ററി സിനിമയിൽ കാർഷിക മേഖലയെ വിപണിയ്ക്ക് തുറന്നു കൊടുക്കുന്ന നിയോലിബറൽ നയം ഏതാണ്ട് നാല്പതുകൊല്ലം മുമ്പ് അമേരിക്കയിൽ നടപ്പാക്കപ്പെട്ടപ്പോൾ സംഭവിച്ചതെന്താണെന്ന് അമേരിക്കയിലെ കർഷകർ തുറന്നു പറയുന്ന രംഗങ്ങളുണ്ട്. കർഷകമേഖലയുടെ തകർച്ചയിലേക്കും ചെറുകിടകർഷകരുടെ നാശത്തിലേക്കുമാണ് ഈ നയം വഴി തെളിച്ചതെന്ന് അവർ പറയുന്നു. കർഷകർ കടക്കാരായി മാറുകയും ആത്മഹത്യയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്ന അവസ്ഥ ധനികരാഷ്ട്രമെന്ന നാം കരുതുന്ന അമേരിക്കയിൽ പോലും സംജാതമാകുന്നതങ്ങനെയാണ്. വൻകിട കോർപ്പറേറ്റുകൾക്ക് ഈ പരിഷ്ക്കാരങ്ങൾ ഗുണകരമായിത്തീർന്നെങ്കിലും അമേരിക്കയുടെ ഗ്രാമീണ കാർഷിക മേഖലകൾ മൂന്നാം ലോക രാജ്യങ്ങളെപ്പോലെത്തന്നെ ദാരിദ്ര്യത്തിലമരുകയാണുണ്ടായത് എന്ന് അവർ ഈ സിനിമയിൽ വെളിപ്പെടുത്തുന്നു. ഇന്ത്യയിലെ കർഷക പ്രസ്ഥാനം തങ്ങൾക്ക് പോലും പ്രചോദനം നൽകുന്ന മഹത്തായ മാതൃകയാണെന്ന് അവർ പ്രസ്താവിക്കുന്നു. സ്വതന്ത്ര്യ വിപണി വളരെപ്പെട്ടെന്ന് കുത്തകവൽക്കരണത്തിനു വഴിമാറുകയും കോർപ്പറേറ്റുകൾക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും ചെറുകിട കർഷകരെ കൂലിത്തൊഴിലാളികളാക്കി മാറ്റുകയും ചെയ്യുന്നതെങ്ങനെ എന്നും അവർ വിശദീകരിക്കുന്നുണ്ട് (National Herald, 20 April, 2021). യൂറോപ്പിലും തെക്കേ അമേരിക്കയിലും ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലുമൊക്കെത്തന്നെ നവലിബറൽ നയങ്ങൾ കർഷക മേഖലയെ തകർച്ചയിലേക്കും ദാരിദ്ര്യത്തിലേക്കും നയിക്കുകയാണുണ്ടായതെന്നത്രേ സമകാലീന ചരിത്രം തെളിയിക്കുന്നത്.

കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് ഏല്പിച്ചു കൊടുത്ത് സ്വന്തം ഉത്തരവാദിത്വങ്ങളിൽ നിന്ന് സർക്കാർ പിന്തിരിയുക എന്ന നവോദാരവൽക്കരണ നയത്തിന്റെ ഭാഗമാണീ പരിഷ്ക്കാരമെന്നും കുത്തകകൾക്കനുകൂലമായി സാമ്പത്തിക രംഗത്തെ അടിസ്ഥാനപരമായി പൊളിച്ചെഴുതുവാനുള്ള നീക്കമാണിതെന്നും ഉള്ള കർഷകരുടെ ആശങ്കകൾ സാധൂകരിക്കപ്പെടുകയാണ്. സർക്കാർ ആസ്തികൾ മുഴുവൻ കോർപ്പറേറ്റുകൾക്ക് വിറ്റുതുലക്കുന്ന ബജറ്റ് നിർദ്ദേശങ്ങൾ തെളിയിക്കുന്നത് വൻകിട മൂലധനത്തിനു രാജ്യത്തെ തീറെഴുതിക്കൊടുക്കുന്ന ആത്മഹത്യാപരമായ ഒരു സാമ്പത്തിക രാഷ്ട്രീയ നയമാണ് 'ആത്മനിർഭരത' എന്ന മധുരനാമത്തിൽ പൊതിഞ്ഞു മോദി സർക്കാർ പിന്തുടരുന്നതെന്ന് തന്നെയാണ്.

— 1.4 —

## റിപ്പബ്ലിക്ക് റാലിയും അനന്തര സംഭവങ്ങളും

പ്രതികൂല സാഹചര്യങ്ങളെ, പ്രതിസന്ധികളെ, ഭേദിച്ചുയർന്നു വന്ന കർഷക പ്രക്ഷോഭം റിപ്പബ്ലിക്ക് ദിനത്തെ സംഭവവികാസങ്ങളോടെ ഗുരുതരമായ മറ്റൊരു പ്രതിസന്ധിയെ നേരിട്ടു. മൂന്നു ദിവസങ്ങൾ കർഷക പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാളരാത്രികളായിരുന്നു. സിംഘു, തിക്രി, ഗാസിപ്പൂർ അതിർത്തികളിലെ സമരപ്പന്തൽ ഒഴിപ്പിക്കുവാനുള്ള ശ്രമത്തിലായിരുന്നു പോലീസ്സുകാർ. രാജ്യ സ്നേഹികളായ നാട്ടുകാർ എന്ന പേരിൽ ഗുണ്ടകളെ സംഘടിപ്പിച്ച് സമരക്കാരെ കയ്യേറ്റം ചെയ്യുവാനും സമരപ്പന്തലുകൾ പൊളിക്കുവാനും തുടങ്ങി അവർ. കർഷക നേതാക്കൾക്കെതിരെ രാജ്യദ്രോഹക്കുറ്റവും യു. എ. പി. എ.-യും ചുമത്തി കേസുകൾ ഫയൽ ചെയ്തു. സർക്കാരിന്റെ സർവ്വ ഹിംസ്രോപകരണങ്ങളും കർഷകരെ വേട്ടയാടുവാൻ പ്രവർത്തനസജ്ജമായി.

സിംഘു അതിർത്തിയിലെ സമരപ്പന്തൽ തകർക്കാനെത്തിയ നാട്ടുകാരെന്നു പറയപ്പെടുന്നവരുടെ കൂട്ടത്തിൽ മുഖം മൂടി ധരിച്ച ചില അക്രമകാരികളെക്കൂടി ചാനലുകൾ നമുക്ക് കാട്ടിത്തന്നു. കർഷകരെ അടിച്ചൊതുക്കുവാൻ അമിത്ഷായുടെ കിങ്കരന്മാർ ഇരട്ട മുഖം മൂടികളുമായി ഇറങ്ങിത്തിരിച്ചു എന്നതിന്റെ സൂചനയല്ലേ ഇത്? ജെ. എൻ. യു.-വിലെയും ജാമിയയിലെയും, വിദ്യാർഥികളുടെ തല അടിച്ചു പൊളിക്കുവാൻ അമിത്ഷാ പറഞ്ഞയച്ച ദേശസ്നേഹികളായ ഗുണ്ടകളുടെ അനന്തരവന്മാർ തൊഴിലിൽ പുനഃപ്രവേശിച്ചു എന്നർത്ഥം.

### ഗൂഢാലോചനയുടെ ചുരുളുകൾ

കർഷകരുടെ സംഘടിതശക്തിയ്ക്കു മുന്നിൽ പത്തി ചുരുട്ടി പിൻവലിഞ്ഞ മോദി ഗവണ്മെന്റ്, റിപ്പബ്ലിക്ക് ദിനത്തിലെ അക്രമ സംഭവങ്ങളെത്തുടർന്ന് പത്തിവിടർത്തിയാടുന്നതാണ് നാം കണ്ടത്. ഒരൊറ്റ ദിവസം കൊണ്ട് ശക്തി നില കീഴ്മേൽ മറിഞ്ഞു. ഭരണകൂടവും കർഷകരും തമ്മിലുണ്ടായ രാഷ്ട്രീയ ബലപരീക്ഷണത്തിൽ സർക്കാരിന് ആദ്യമായി മേൽക്കൈ ലഭിച്ചു. ലാത്തിച്ചാർജ്ജുകൾക്കും ടിയർഗ്യാസ് ഷെല്ലുകൾക്കും മുന്നിൽ പതറാതെ, പതിനൊന്ന് വട്ടചർച്ചകളിലും അടി തെറ്റി വീഴാതെ, സമരത്തെ നിർവീര്യമാക്കുന്ന സർക്കാരിന്റെ പ്രചരണയുദ്ധങ്ങളെയും, സുപ്രീം കോടതി വഴി നടത്തിയ പ്രശമന നീക്കങ്ങളെയും, പിളർത്താനും തകർക്കാനും നടത്തിയ തന്ത്രപരമായ സർവ്വനീക്കങ്ങളെയും, അതിജീവിച്ചു കൊണ്ട്, ഓരോ

ഏറ്റുമുട്ടലുകളിലും ഗവണ്മെന്റിനെ മുട്ടുകുത്തിച്ച കർഷക പ്രക്ഷോഭത്തിന്റെ മുന്നേറ്റത്തെ, ഒരൊറ്റദിവസം കൊണ്ട് വഴി തിരിച്ച് വിടുവാൻ സർക്കാരിനു കഴിഞ്ഞു. എന്താണ് റിപ്പബ്ലിക്ക് ദിനത്തിൽ സംഭവിച്ചത്?

അതി നീചമായ ഒരു ഗൂഢാലോചനയുടെ, ചതി പ്രയോഗത്തിന്റെ, ചുരുളുകളാണിവിടെ അഴിയുന്നത്. പൗരത്വപ്രക്ഷോഭണത്തെയും ഷഹീൻബാഗ് സമരത്തെയും തകർക്കുവാൻ, ഹിന്ദുത്വഫാസിസത്തെ ചോദ്യം ചെയ്ത ബുദ്ധിജീവികളെയും ആക്റ്റിവിസ്റ്റുകളെയും തുറുങ്കിലടക്കുവാൻ, മോദിസർക്കാർ മെനഞ്ഞെടുത്ത രാജ്യദ്രോഹമെന്ന പഴയ തിരക്കഥ വീണ്ടും വേദി കയ്യടക്കുകയായിരുന്നു. ഖാലിസ്ഥാനികൾ, അർബൻ മാവോയിസ്റ്റുകൾ, മുസ്ലീം ഭീകരർ എന്ന 'അപരർ' അഭിനയിക്കുന്ന, മതഭ്രാന്തരുടെ, ദേശീയഭ്രാന്തരുടെ, ഞരമ്പിൽ വിഷം വമിക്കുന്ന, ഈ തിരക്കഥ പലതവണ പുറത്തെടുക്കുവാനും കർഷകരെ അനഭിമതരായി ചിത്രീകരിക്കുവാനും നടത്തിയ ഓരോ ശ്രമങ്ങളും പരാജയപ്പെടുന്നതാണ് റിപ്പബ്ലിക്ക് ദിനത്തിന് തൊട്ടുമുമ്പുവരെ നാം കണ്ടത്.

കർഷകസമരം ഹിംസാരഹിതവും അക്രമരഹിതവും ആകുന്നിടത്തോളം അതിനെ അടിച്ചൊതുക്കുവാൻ സാധ്യമല്ലെന്ന് മനസ്സിലാക്കിയ മോദി ഭരണകൂടം കർഷകർ അക്രമാസക്തരായി തെരുവിലിറങ്ങുന്ന ദൃശ്യങ്ങൾക്കായി കാത്തിരിക്കുകയായിരുന്നു എന്നു തന്നെയാണ് ഇപ്പോഴത്തെ അടിച്ചമർത്തൽ നടപടികൾ സൂചിപ്പിക്കുന്നത്. കർഷകർ പ്രഖ്യാപിച്ച റിപ്പബ്ലിക്ക് റാലി സമാധാന പൂർണ്ണമായി നടന്നാൽ ലോക രാഷ്ട്രങ്ങൾക്കു മുന്നിൽ, ഇന്ത്യയുടെ പൊതുമണ്ഡലത്തിനുമുന്നിൽ, മോദിഭരണകൂടത്തിന്റെ പ്രതിഛായ തകർന്നു വീഴുമെന്ന് മനസ്സിലാക്കിയ സർക്കാർ മസ്തിഷ്കങ്ങൾ സമർത്ഥമായി ആസൂത്രണം ചെയ്ത ഗൂഢാലോചനയാണ് റിപ്പബ്ലിക്ക് ദിനത്തിലെ അക്രമസംഭവങ്ങൾക്കു പിന്നിൽ എന്ന സംശയം ഇന്ന് പ്രബലപ്പെട്ടു വരികയാണ്. ആർ. എസ്സ്. എസ്സുകാരനും ബി. ജെ. പി. എം. പി.-യായ സണ്ണി ദിയോളിന്റെ സുഹൃത്തും മോദി, അമിത് ഷാ എന്നിവരുടെ സഹചരനുമായി അറിയപ്പെടുന്ന ദീപ് സിദ്ധുവായിരുന്നു റെഡ് ഫോർട്ടിൽ സിക്ക് പതാക ഉയർത്തുവാൻ നേതൃത്വം നൽകിയത് എന്ന വസ്തുത ഇത് വ്യക്തമാക്കുന്നു. നിരവധി കർഷകർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തിയ ഡെൽഹി പോലീസ്, കർഷക നേതാക്കളുടെയും പ്രതിപക്ഷ നേതാക്കളുടെയും ആക്ഷേപത്തെത്തുടർന്ന് മാത്രമാണ് സിദ്ധുവിനെതിരെ കേസ്സ് ചുമത്തുവാൻ തയാറായതെന്നതും ശ്രദ്ധേയമാണ്. റിപ്പബ്ലിക്ക് ദിനത്തിന് തലേന്ന് തന്നെ സിംഘു സമരപ്പന്തലിൽ എത്തിച്ചേർന്ന ദീപ് സിദ്ധു, റാലി സമാധാനപൂർണ്ണമായിരിക്കണം എന്ന നേതൃത്വത്തിന്റെ നിർദ്ദേശത്തെ ധിക്കരിക്കുവാൻ യുവാക്കളായ കർഷകരെ പ്രേരിപ്പിച്ചതായും വാർത്തകളുണ്ട്.

ജനങ്ങളുടെ റിപ്പബ്ലിക്കും ഭരണാധികാരികളുടെ റിപ്പബ്ലിക്കും തമ്മിലുള്ള വ്യത്യസ്തതയെ, കർഷകരനുഭവിക്കുന്ന ദൈന്യതകളെ, പൊതു മണ്ഡലത്തിൽ ദൃശ്യവൽക്കരിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ട്രാക്ടർ റാലി ആസൂത്രണം ചെയ്തതെന്ന് കർഷക നേതാക്കൾ അസന്ദിഗ്ധം വെളിപ്പെടുത്തിയിട്ടുണ്ട്. ദില്ലി കീഴടക്കുകയല്ല, ദില്ലിയിലെ ജനങ്ങളുടെ ഹൃദയം കയ്യടക്കുകയാണ് ട്രാക്ടർ റാലിയുടെ ഉദ്ദേശമെന്ന് അവർ വ്യക്തമാക്കിയിരുന്നു. ജനങ്ങളുടെ സ്നേഹാഭിവാദ്യങ്ങളും പുഷ്പവൃഷ്ടിയും വിജയഹാരങ്ങളും ആശീർവാദങ്ങളും ഏറ്റുവാങ്ങി ശാന്തമായി പുറപ്പെട്ട കർഷകറാലി

യിൽ നിന്ന് തെറ്റി മാറി, ഒരു വിഭാഗം സമരക്കാർ അക്രമങ്ങളിലേക്ക് തിരിഞ്ഞതെങ്ങനെ എന്ന വസ്തുത പരിശോധിച്ചു നോക്കുക. തങ്ങളുമായുണ്ടാക്കിയ ധാരണ കർഷകർ തെറ്റിച്ചെന്ന് പോലീസ് പറയുമ്പോഴും നേരത്തേ അംഗീകരിച്ച റൂട്ടുകളിൽ തടസ്സം സൃഷ്ടിച്ചു കൊണ്ട് പോലീസ് തന്നെയാണ് തുടക്കം മുതലേ ധാരണ ലംഘിച്ചതെന്നതത്രേ സത്യം. മാത്രമല്ല സിംഘു, തിക്രി, ഗാസിപ്പൂർ അതിർത്തി പാതകളിൽ, പൂർവ്വ നിർദ്ദിഷ്ടമായ റൂട്ടുകളിൽ കൂടി ശാന്തവും പ്രൗഢവുമായ രീതിയിൽ തന്നെയാണ് റാലിയുടെ മുഖ്യനിര അവസാനം വരെ കടന്നു പോയിരുന്നത്.

## രണ്ടു റിപ്പബ്ലിക്കുകൾ, രണ്ടു തിരക്കഥകൾ

ചില ഭാഗങ്ങളിൽ ബാരിക്കേഡ് തുറന്നു വിട്ട് റാലിയെ കടന്നു പോകാനനുവദിച്ച പോലീസ്, നഗരത്തിന്റെ പ്രധാന മേഖലകളിൽ റാലികടന്നു വന്ന ശേഷം ടിയർ ഗ്യാസും ലാത്തിച്ചർജ്ജും കൊണ്ട് കർഷകരെ തടയാൻ ശ്രമിക്കുന്നതും ക്രൂരമായ മർദ്ദനം അഴിച്ചു വിട്ടുകൊണ്ട് പ്രകോപനം സൃഷ്ടിക്കുന്നതും ചാനലുകളിൽ നാം കണ്ടു. ഐ. ടി. ഓ. ജംഗ്ഷനിൽ നിന്ന് തിരിച്ചു പോകാൻ ശ്രമിച്ച കർഷകരുടെ ട്രാക്റ്ററുകളുടെ കാറ്റഴിച്ച് വിട്ട് അവരെ നഗരത്തിനുള്ളിൽ തന്നെ വട്ടം തിരിയുവാൻ പ്രേരിപ്പിക്കുകയാണ് പോലീസ് ചെയ്തത്. വേണ്ടിടത്ത് സമരക്കാരെ തടയുവാനോ, പോലീസ്സുകാരെ വിന്യസിക്കുവാനോ അധികൃതർ തയാറായില്ല. റെഡ് ഫോർട്ടിലേക്ക് കർഷകർ കടക്കുന്നത് തടയാൻ യാതൊരു ശ്രമങ്ങളും പോലീസ്സിന്റെ ഭാഗത്തു നിന്നുണ്ടായില്ല. മുമ്പേ അനുവദിച്ച പലസ്ഥലത്തും നിന്നിരുന്ന ബാരിക്കേഡുകൾ എടുത്തുമാറ്റി മുന്നോട്ട് നീങ്ങിയ ട്രാക്റ്ററുകൾ പോലീസ്സുകാരുടെ പ്രകോപനഫലമായി മദം പൊട്ടിയ ആനകളെപ്പോലെ ഹാലിളകി പോലീസ്സുകാർക്കും തങ്ങൾക്കെതിരെ തന്നെയും നീങ്ങുന്നതാണ് ചാനലുകൾ കാണിച്ചത്. അതേ സമയം സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ മുഖ്യ വിഭാഗം കർഷകർ പങ്കെടുത്ത റാലി, നേരത്തേ നിശ്ചയിച്ചുറപ്പിച്ച പാതകളിലൂടെ ശാന്തമായി നീങ്ങുന്ന ദൃശ്യങ്ങൾ ചാനലുകളിൽ പ്രത്യക്ഷപ്പെട്ടതേയില്ല. അക്രമദൃശ്യങ്ങൾക്ക് മാത്രമാണ് വാർത്താ ചാനലുകളും പത്രമാദ്ധ്യമങ്ങളും പ്രാധാന്യം കൊടുത്തത് എന്നതും ശ്രദ്ധേയമാണ്.

സ്നേഹത്തിന്റെയും ശാന്തിയുടെയും, കർഷകന്റെ ആത്മശക്തിയുടെയും പ്രതീകമായ, തടസ്സങ്ങൾക്കു മുകളിൽ പറക്കുന്നതെങ്ങനെയെന്ന് കർഷക സ്ത്രീകളെയും യുവാക്കളെയും കുട്ടികളെയും വൃദ്ധരേയും പഠിപ്പിച്ച, അവർക്ക് വീടും വാഹനവുമായ, അന്നയന്ത്രങ്ങളായ ട്രാക്ടറുകൾ പ്രകോപനങ്ങളുടെ നാഴികകളിൽ യുദ്ധയന്ത്രങ്ങളായി മാറി എന്നതു ശരിയാണ്. സർക്കാരിന്റെ കുതന്ത്രങ്ങളാണിതിന്റെ പിന്നിൽ എന്നു മനസ്സിലാക്കാൻ കുറ്റാന്വേഷണ വൈദഗ്ധ്യമൊന്നും ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഇന്ത്യൻ റിപ്പബ്ലിക്ക് രണ്ടായിപ്പിളരുന്നതിന്റെ നാടകീയ രംഗങ്ങളാണ് ജനുവരി 26-ന് അരങ്ങേറിയത്. അയ്യപ്പ ശരണമന്ത്രങ്ങൾ ബ്രഹ്മോസ് മിസ്സൈലുകളുടെ ഹുങ്കാര ശ്രുതിയാക്കിക്കൊണ്ട് മോദിയുടെ യുദ്ധ യന്ത്രങ്ങൾ രാജ്യത്തിന്റെ ശക്തിയും പ്രതാപവും ലോക സമക്ഷം പ്രദർശിപ്പിക്കുമ്പോൾ, വേട്ടയാടപ്പെട്ട ട്രാക്റ്ററുകളുമായി, സർക്കാരൊരുക്കിയ ചതിക്കെണിയിൽ വീണ്, പത്മവ്യൂഹത്തിൽ

പെട്ടു പോയ അഭിമന്യുമാരെപ്പോലെ, കർഷക യോദ്ധാക്കൾ അടരാടി വീഴുകയും വീണ്ടുകയും ചെയ്യുന്ന ദൃശ്യങ്ങൾക്കാണ് നാം സാക്ഷ്യം വഹിച്ചത്.

നാടിന്റെ അന്നദാതാക്കളായ കർഷകരിൽ ആയിരക്കണക്കിനു പേർ ആത്മ ഹത്യ ചെയ്തപ്പോൾ, ദില്ലിയുടെ തെരുവിൽ സിക്കുകാർ ചുട്ടുകരിക്കപ്പെട്ടപ്പോൾ, രണ്ടു മാസമായി കൊടും തണുപ്പിൽ സമരം ചെയ്ത് നൂറ്റമ്പതോളം കർഷകർ മരിച്ചു വീണ പ്പോൾ ഉണർന്നു വരാത്ത ദേശ സ്നേഹം റെഡ് ഫോർട്ടിൽ സിക്ക് ഗുരുവിന്റെ പതാ കകെട്ടിയപ്പോൾ അത്യുഗ്രമായി പതഞ്ഞു പൊന്തുന്നതിന്റെ പിന്നിൽ വിഷം പുരണ്ട ആ പഴയ തിരക്കഥയാണെന്നതിൽ സംശയിക്കേണ്ടതില്ല. പത്രങ്ങളും മാദ്ധ്യമങ്ങ ളും മസ്തിഷ്കപ്രക്ഷാളനം ചെയ്യപ്പെട്ട "ദേശസ്നേഹികളും" എല്ലാം തന്നെ ഭരണ കൂട ത്തിന്റെ അധികാരക്കണ്ണുകളിലൂടെയാണ് കർഷക റാലിയെ സമീപിക്കുന്നതെന്ന് മാദ്ധ്യമ പ്രതികരണങ്ങളിൽ നിന്നും അധികൃതരുടെയും മദ്ധ്യവർഗ്ഗികളുടെയും വ്യാ ജധാർമ്മിക രോഷപ്രകടനത്തിൽ നിന്നും വെളിവാകും. റെഡ് ഫോർട്ടിന്റെ പരി പാവനതെയെപ്പറ്റി വീമ്പിളക്കുന്ന, പോലീസ്സുകാർ ആക്രമിക്കപ്പെട്ടതിൽ രോഷം കൊള്ളുന്ന വ്യാജദേശീയ വാദികൾ, ബാബറി മസ്ജിദ് മതഭ്രാന്തന്മാരാൽ തകർ ക്കപ്പെട്ടുമ്പോഴോ, വർഗ്ഗീയ കലാപത്തിൽ ന്യൂനപക്ഷങ്ങൾ കൊന്നൊടുക്കപ്പെട്ടു മ്പോഴോ, ചൈനക്കാർ ഇന്ത്യൻ അതിർത്തി പ്രദേശങ്ങൾ കയ്യടക്കി വയ്ക്കുമ്പോഴോ, തങ്ങൾ പ്രകടിപ്പിക്കാഞ്ഞ രാജ്യ സ്നേഹം, കർഷകരെ വേട്ടയാടുക എന്ന ലക്ഷ്യ ത്തോടെ മെഗാസീരിയലുകളായി പുനഃപ്രക്ഷേപണം ചെയ്യുകയായിരുന്നു തുടർന്നു ള്ള ദിവസങ്ങളിൽ.

എന്നാൽ കർഷകരുടെ ജീവിത കഥയിൽ, സമരകഥയിൽ, കള്ളവും ചതിയും പൊളിയും, അധികാരവും പ്രതാപവുമല്ല കണ്ണീരും, വിതുമ്പലും ചിരിയും, ആശ്ലേഷ വും, നൃത്തവും, വിതപ്പാട്ടും വിളപ്പാട്ടും, വംശനൃത്തവും, വീറും ചുറും നെറിയും, അലി വും, സ്നേഹവും സഹാനുഭാവവും, സേവയും, കർമ്മവും, ശാന്തിയും, സമാധാനവും, ചെറുത്ത് നില്പും ബലിസന്നദ്ധതയും നിർഭയത്വവുമാണ് നടമാടുന്നത്. രാകേഷ് തി ക്കായത്ത് എന്ന കർഷക നേതാവിന്റെ കണ്ണീർ, വിതുമ്പൽ, ആത്മത്യാഗ സന്നദ്ധത, സർക്കാരിന്റെ നീചമായ തിരക്കഥയ്ക്ക് മേൽ കർഷകന്റെ ജീവിത സമര കഥയെ ഇന്നിതാ അവരോധിച്ചിരിക്കുന്നു. ഒറ്റ നിമിഷം കൊണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ അധികാര ശാക്തിക നിലയെ കീഴ്മേൽ മറിക്കുവാനും സർക്കാരിന്റെ മേൽക്കൈ തകർക്കുവാനും രാകേഷ് തിക്കായത്തിന്റെ സ്നേഹാശ്രുക്കൾക്ക്, വിതുമ്പുന്ന മൊഴി കൾക്ക്, കൃഷിക്കാരുടെ ജീവരക്തം കൊണ്ടെഴുതിയ കർഷക കഥയ്ക്ക്, സാധിച്ചു. കണ്ണീരിന്റെയും വിതുമ്പലിന്റെയും അബോധ രാഷ്ട്രീയ ഭാഷയിൽ നിന്ന് പ്രചോദനം കൊണ്ട് ആയിരക്കണക്കിന് കർഷകർ, യു. പിയിൽ, നിന്ന് ഹരിയാനയിൽ നിന്ന് പഞ്ചാബിൽ നിന്ന് സമരസ്ഥലത്തിലേക്ക് പ്രവഹിക്കുന്നതാണ് പിന്നീട് നാം കണ്ട ത്. രാഷ്ട്രീയ ബലപരീക്ഷയിൽ തങ്ങൾക്കു നഷ്ടപ്പെട്ട മേൽക്കൈ കർഷകർ വീണ്ടെ ടുത്തു. ഇന്ത്യൻ രാഷ്ട്രീയം ഒരിക്കൽ കൂടി കണ്ണീരിന്റെയും സ്നേഹത്തിന്റെയും സഹാനു ഭാവത്തിന്റെയും മൂല്യങ്ങളാൽ പുനർനവീകരിക്കപ്പെട്ടു.

## — 1.5 —

## ജനുവരി 28, 2021: ഗാസിപ്പൂർ സംഭവം

### കാളരാത്രികളിലൂടെ

റിപ്പബ്ലിക്ക് ദിനത്തിലുണ്ടായ അക്രമ സംഭവങ്ങളുടെ പേരിൽ കർഷകർക്കെതിരേ അതിരൂക്ഷമായ ശിക്ഷാ നടപടികളും അടിച്ചമർത്തലുകളുമാണ് മോദി സർക്കാർ അഴിച്ചു വിട്ടത്. ഭീതിദമായ ഒരു പ്രതിസന്ധിയുടെ വക്കിലൂടെയാണ് തുടർന്നുള്ള ദിവസങ്ങൾ കടന്നു പോയത്. ആദ്യത്തെ മൂന്നു ദിവസങ്ങൾ കാളരാത്രികളായി. നാല്പതോളം കർഷക നേതാക്കൾക്ക് പോലീസ് നോട്ടീസ് അയയ്ക്കുകയും അതിൽ പലർക്കെതിരെയും യു. എ. പി. എ.-യും. രാജ്യദ്രോഹക്കുറ്റവും ചുമത്തി കേസ്സെടുക്കുകയും ചെയ്തു. ഗാസിപ്പൂർ, സിംഘു, തിക്രി, ബോർഡറുകളിൽ വൻ സൈനികവിന്യാസം നടത്തിക്കൊണ്ട് സമരക്കാരെ ഒഴിപ്പിക്കുവാനുള്ള ശ്രമമാരംഭിച്ചു അധികൃതർ. നാട്ടുകാരെന്ന് അവകാശപ്പെട്ട ഗുണ്ടാ സംഘങ്ങൾ കർഷകരെ ഭീഷണിപ്പെടുത്തുകയും സമരസ്ഥലങ്ങൾ ആക്രമിക്കുകയും ചെയ്തുകൊണ്ട് സംഘർഷാവസ്ഥ സൃഷ്ടിച്ചു തുടങ്ങി. "അത്യാവശ്യ സാധനങ്ങളുടെ വിതരണം നിർത്തിവയ്ക്കുകയും വാർത്താവിനിമയോപാധികൾ നിരോധിക്കുകയും നാട്ടുകാരെ കർഷകർക്കെതിരായി സംഘടിപ്പിച്ച് ബലപ്രയോഗത്തിലൂടെ പുറത്താക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ട് എല്ലാ വശങ്ങളിൽ നിന്നും തങ്ങളെ വളഞ്ഞാക്രമിക്കുകയാണ് സർക്കാർ": സിംഘു അതിർത്തിയിൽ സമരം ചെയ്യുന്ന മഹിളാ കിസാൻ അധികാർ മഞ്ചിന്റെ നേതാവായ കവിത കുറുഗന്തി സമരസ്ഥലം സന്ദർശിച്ച പത്രപ്രതിനിധികളോട് പറഞ്ഞു.

ഇന്റർനെറ്റ് പല സ്ഥലങ്ങളിലും വിച്ഛേദിച്ചു. ഡെൽഹി-ആഗ്ര എക്സ്പ്രസ്സ് പാതയിലെ പൽവലിൽ ഉപരോധം നടത്തുന്നവരെ പോലീസ് നീക്കം ചെയ്തു. ഉത്തരപ്രദേശിലെ ഭാഗ്പത്തിൽ ദേശീയപാത ഉപരോധിച്ച് സമരം നടത്തിയവരെ ബുധനാഴ്ച രാത്രി തന്നെ ഒഴിപ്പിച്ചു. ഹരിയാനയിൽ നിന്ന് സിംഘുവിൽ എത്താനുള്ള വഴി പോലീസ് അടച്ചിട്ടു. ഗാസിപ്പൂരിൽ ജലവിതരണവും വൈദ്യുതിയും വിച്ഛേദിച്ചു. പോലീസ്സിന്റെ ആക്രമണത്തെ ഭയന്ന് സമരപ്പന്തലുകളിൽ നിന്ന് കർഷകർ പലരും സ്വമേധയാ ഒഴിഞ്ഞു പോയിത്തുടങ്ങി. സമരനേതാവായ രാകേഷ് തിക്കായത്തിനു നേരെ ബി. ജെ. പി. നേതാവിന്റെ നേതൃത്വത്തിൽ വന്ന ഒരു സംഘം കൈയേറ്റ ശ്രമം നടത്തി.

ജനുവരി 28 വ്യാഴാഴ്ച വൈകുന്നേരം. പ്രസിദ്ധ കർഷക നേതാവായിരുന്ന മഹേന്ദ്ര സിംഗ് തിക്കായത്തിന്റെ മകനായ രാകേഷ് തിക്കായത്ത് പനി പിടിച്ച്

ഗാസിപ്പൂരിലെ സമരപ്പന്തലിൽ അവശനായി കിടക്കുന്ന സന്ദർഭം. ഉത്തരപ്രദേശിലെ ആയിരക്കണക്കിന് പോലീസ്സുകാരും സി. ആർ. പി. എഫുകാരും സായുധരായി, ലാത്തികളും ടിയർ ഗ്യാസ് ഷെല്ലുകളുമായി ടെന്റ് വളഞ്ഞ് സമരക്കാരോട് പിരിഞ്ഞ് പോകുവാൻ ആവശ്യപ്പെട്ടു. ഒമ്പതുമണിക്ക് പത്രമാദ്ധ്യമങ്ങളുമായി സംസാരിക്കവേ തന്നെ കയ്യേറ്റം ചെയ്യാൻ വന്ന യുവാവിന്റെ കരണത്തടിച്ചു തിക്കായത്ത്. പോലീസ് അതിക്രമമുണ്ടാവുമെന്ന അറിവ് കിട്ടിയതിനാൽ തിക്കായത്തിന്റെ ജ്യേഷ്ഠനടക്കം പല സമരക്കാരും സ്ഥലം വിട്ടിരുന്നു.

തിക്കായത്ത് കീഴടങ്ങാൻ തയാറാണെന്നും അതോടെ പ്രതിഷേധങ്ങൾ സമാപിക്കുകയാണെന്നും മുഖ്യധാരാ മാദ്ധ്യമങ്ങൾ ആഹ്ലാദപൂർവ്വം റിപ്പോർട്ട് ചെയ്തു. ആജ് തകിന്റെ ആങ്കർ കുറഞ്ഞത് പത്തു വട്ടമെങ്കിലും താങ്കൾ കീഴടങ്ങുമോ എന്ന് തിക്കായത്തിനോട് ചോദിച്ചു.

## “ജയിക്കും അല്ലെങ്കിൽ മരിക്കും”

ബലം പ്രയോഗിച്ച് ഒഴിപ്പിക്കുവാനുള്ള നടപടി മുന്നിൽ കണ്ട് കർഷക നേതാക്കൾ രാത്രി പതിനൊന്ന് മണിയോട് കൂടി സമരസ്ഥലത്തു തന്നെ ഒരു യോഗം കൂടി. സമരപ്പന്തലിൽ നിന്ന് ഒഴിഞ്ഞ് പോകുന്നത് ശരിയാവില്ലെന്ന് അവർ തീരുമാനിച്ചു. യുദ്ധക്കളത്തിൽ കീഴടങ്ങുകയോ ഒത്തുതീർപ്പുണ്ടാക്കുകയോ ചെയ്യുന്നതിനേക്കാൾ മരണം വരിക്കുന്നതായിരിക്കും പ്രസ്ഥാനത്തെ സജീവമാക്കി നിലനിർത്താൻ ഉതകുക എന്ന് ഒരു ബി. കെ. യു. (ഭാരത് കിസാൻ യൂണിയൻ) നേതാവ് അഭിപ്രായപ്പെട്ടു.

സംഭവങ്ങളുടെ ഗതി മാറ്റിയ നിർണ്ണായക നിമിഷങ്ങളാണ് പിന്നീടുണ്ടായത്. തികായത്ത് സമരവേദിയിലേക്ക് പ്രവേശിക്കുകയും താൻ പിന്തിരിയുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സമരം നിർത്തിവയ്ക്കുകയില്ലെന്നും ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്യാൻ ശ്രമിച്ചാൽ അവിടെ വച്ചു തന്നെ താൻ ജീവിതം അവസാനിപ്പിക്കുമെന്നും നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം പ്രസ്താവിച്ചു. തന്റെ ഗ്രാമത്തിൽ നിന്ന് വെള്ളവുമായി ഒരു ട്രാക്ടറെങ്കിലും സമരസ്ഥലത്തെത്തിച്ചേരുന്നതു വരെ താൻ ജലപാനം ചെയ്യില്ലെന്ന് ശപഥം ചെയ്തു. ഉഗ്ര പ്രതിജ്ഞ പടിഞ്ഞാറൻ യു. പിയിലങ്ങോളമിങ്ങോളമുള്ള കർഷകരുടെ ഹൃദയത്തിൽ തറച്ചു. അവർ ഇളകി മറിഞ്ഞു.

തിക്കായത്തിന്റെ വാക്കുകൾ കാട്ടു തീ പോലെ പടരുകയും, അരമണിക്കൂറിനുള്ളിൽ ആയിരക്കണക്കിന് കർഷകർ മീററ്റ്, ഹാപൂർ, മുസാഫർനഗർ, ഷാംലി തുടങ്ങിയ പടിഞ്ഞാറൻ യു. പിയിലെ പലപ്രദേശങ്ങളിൽ നിന്നും സമരസ്ഥലത്തേക്കിറങ്ങിത്തിരിക്കുകയും ചെയ്തു. മുസാഫർപൂർ നഗരത്തിലെ മഹാപഞ്ചായത്തിലേക്ക് ജനസഹസ്രങ്ങൾ പ്രവഹിച്ചു.

ഏതു നിമിഷവും പോലീസ്സുകാർ ഒഴിപ്പിക്കൽ നടപടി തുടങ്ങിയേക്കാം എന്ന ആശങ്കയോടെ കൊട്ടും തണുപ്പത്ത്, കുട്ടികളും വൃദ്ധരും സ്ത്രീകളും അടങ്ങുന്ന സമരക്കാർ ആ കാളരാത്രിയെ നേരിടുവാൻ ദൃഢമനസ്കരായി നേരം പുലരുവോളം ഉറക്കമിളച്ചിരിക്കുന്ന ഉദ്വേഗകരമായ ദൃശ്യങ്ങളാണ് ചാനലുകൾ കാട്ടിത്തന്നത്.

രാത്രി ഒരു മണിയോടെ മുപ്പതിനായിരത്തോളം കർഷകർ ഗാസിപ്പൂരിൽ നിറഞ്ഞു. തിക്കായത്തിനു ചുറ്റും അവർ നിലയുറപ്പിച്ചു. കൂടുതൽ സമരക്കാർ എത്തിച്ചേർന്നതോട് കൂടി ബലം പ്രയോഗം രാഷ്ട്രീയമായി ദോഷം ചെയ്യും എന്നു മനസ്സിലാക്കിയ പോലീസുകാർ ഒഴിപ്പിക്കൽ ദൗത്യത്തിൽ നിന്ന് പിന്തിരിഞ്ഞു.

പിറ്റേന്ന് രാവിലെ 8 മണിയോട് കൂടി നൂറുകണക്കിന് ട്രാക്ടറുകൾ ഗാസിപ്പൂർ അതിർത്തിയിലേക്കുള്ള റോഡിലൂടെ മുന്നേറി. പത്ത് പത്തരയോടെ മുസാഫർ പൂരിൽ നിന്നു 200 പേരടങ്ങിയ ഒരു സംഘം സമരസ്ഥലത്തെത്തിച്ചേർന്നു. പടിഞ്ഞാറൻ യു. പിയിൽ നിരവധി പ്രദേശങ്ങളിൽ പ്രതിഷേധ സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

കർഷകസമര ചരിത്രത്തിലെ രണ്ടാം സംഭവമായി രാകേഷ് തിക്കായത്തിന്റെ ചെറുത്ത് നിൽപ്പും തുടർന്നുണ്ടായ സമര മുന്നേറ്റവും. തിക്കായത്ത് കർഷക സമര പ്രസ്ഥാനത്തിന്റെ അജയ്യനായ നേതാവായി മാറി എന്നു മാത്രമല്ല കർഷക സമരം പൂർവ്വാധികം ശക്തി നേടുകയും ചെയ്തു. കർഷകസമരത്തിന്റെ ദിശയിൽ തന്നെ നിർണ്ണായകമായ മാറ്റങ്ങൾ സൃഷ്ടിച്ച ഗാസിപ്പൂർ സംഭവം.

## “നവനവീനം”

കർഷക പ്രക്ഷോഭത്തെ ‘നവ നവീന’മെന്നും ‘അസാധ്യ’ത്തിന്റെ രാഷ്ട്രീയമെന്നും നേരത്തെ വിശേഷിപ്പിക്കുയുണ്ടായി. ഉന്നതമായ മാനുഷിക മൂല്യങ്ങളും സജീവവും പ്രതിജ്ഞാപകവുമായ ഭാവശക്തികളുമാണ് ഈ രാഷ്ട്രീയത്തിന്റെ ഏകോപന ശക്തി, സ്ഥാപന ശക്തി, ആത്മശക്തി. വെറുപ്പ്, ശത്രുത, പക, നിരാശ, ഭയം, എന്നീ പ്രതിക്രിയാപരമായ ഭാവശക്തികളാണ് (reactive affects) ഭരണകൂട രാഷ്ട്രീയത്തെ (“സാധ്യ” രാഷ്ട്രീയങ്ങളെ) അതിന്റെ തിരക്കഥകളെ, നിർണ്ണയിക്കുന്നതെങ്കിൽ സ്നേഹം, ശാന്തി, നിർഭയത്വം, മൈത്രി, അലിവ്, എന്നീ ധനാത്മക ഭാവശക്തികളാണ്, കർഷക പ്രക്ഷോഭത്തെ നിർവ്വചിക്കുന്നത്. അന്തസ്ഥിതമായ ഈ മൂല്യ-ഭാവ-ശക്തികളുടെ നൈതികമായ മഥനത്തിൽ നിന്നാണ് ‘നവനവീനം’ ഉല്പന്നമാകുന്നതും അസാധ്യത്തിന്റെ രാഷ്ട്രീയം പൊട്ടിപ്പുറപ്പെടുന്നതും. മറ്റൊരു തരത്തിൽ പറഞ്ഞാൽ കാമനയുടെ, അബോധത്തിന്റെ, അഗാധഹ്രദങ്ങളിൽ നിന്നാണ് കർഷക രാഷ്ട്രീയം ഉറന്നു വരുന്നത്. ഒരു പക്ഷേ കർഷകരെക്കാൾ, പ്രതിപക്ഷകക്ഷികളെക്കാൾ, രാഷ്ട്രീയ വിചക്ഷണന്മാരെക്കാൾ, ഇതേറ്റവും കൂടുതൽ മനസ്സിലാക്കുന്നതും മോദി ഭരണകൂടം തന്നെയാവും. കർഷക രാഷ്ട്രീയം ജനഹൃദയങ്ങളിൽ വെന്നിക്കൊടി നാട്ടുന്നത് നൈതികമായ ഈ നവനീത തേജസ്സിനാലാണെന്ന് മനസ്സിലാക്കിയ മോദി ഭരണകൂടത്തിന്റെ മുഖ്യ തന്ത്രം ഈ ‘നവനവീനത’യെ തകർത്ത് കൊണ്ട് വിദ്വേഷത്തിന്റെയും ഹിംസയുടെയും നിഷേധാത്മകമായ മൂല്യഭാവമണ്ഡലത്തിലേക്ക്, അധികാരത്തിന്റെ പ്രതിലോമ നീച ആഖ്യാനത്തിലേക്ക്, കർഷകപ്രക്ഷോഭത്തെ പരാവർത്തനം ചെയ്യുക എന്നതായിരുന്നു.

റിപ്പബ്ലിക്ക് ദിനത്തിൽ ഭരണകൂടശക്തികൾ ആവിഷ്ക്കരിച്ച ഗൂഢതന്ത്രവുമിതുതന്നെ: കർഷകപ്രക്ഷോഭത്തിന്റെ നവീനതയെ ധ്വംസിക്കുക. ഭരണകൂട രാഷ്ട്രീയത്തിന്റെ കഥന ശൈലിയിലേക്ക് കർഷക സമരകഥയെ പരിഭാഷ ചെയ്യുക. പഞ്ചാബി നടനും ആക്റ്റിവിസ്റ്റും ബി. ജെ. പി.-യുടെ തോഴനുമായ ദീപ് സിദ്ധുവിന്റെ നേതൃത്വ

ത്തിലുള്ള യുവജനങ്ങൾക്കായി റെഡ്ഫോർട്ട് വിട്ട് കൊടുത്തതും അതിന്റെ കമാനത്തിൽ ദേശീയപതാകയ്ക്ക് താഴെ സിക്കുകാരുടെ പതാകയായ 'നിഷാൻ സാഹിബ്' ഉയർത്തുവാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തതും ഭരണകൂടത്തിന്റെ മാസ്റ്റർ സ്ട്രോക്കുകളായിത്തന്നെ കാണണം. ഒരൊറ്റദിവസം കൊണ്ട് കർഷകപ്രക്ഷോഭത്തിന്റെ തേജോപരിവേഷത്തെ, യശോമുദ്രയെ, താൽക്കാലികമായെങ്കിലും ഹനിക്കുവാനും ലോകസമക്ഷം കളങ്കപ്പെടുത്തുവാനും, രാജ്യദ്രോഹത്തിന്റെ തിരക്കഥയുപയോഗിച്ച് കർഷകർക്കെതിരേ ഭരണകൂടത്തിന്റെ ഹിംസ്രോപകരണങ്ങളെ വിക്ഷേപിക്കുവാനും, അങ്ങനെ ബഹുജനസമ്മതിയോടെ സമരത്തെ അടിച്ചൊതുക്കുവാനുമുള്ള സുവർണ്ണാവസരങ്ങൾ ഈ ഗൂഢാലോചനവഴി മോദി ഗവണ്മെന്റിനു ലഭിച്ചു. നിർദ്ദിഷ്ടമാർഗ്ഗങ്ങളിൽ കൂടെ റാലി നടത്താൻ പറഞ്ഞ വൃദ്ധനേതൃത്വത്തെ 'പേടിത്തൊണ്ട'ന്മാരെന്ന് കളിയാക്കി റാലിയുടെ ദിശ നഗര കേന്ദ്രത്തിലേക്ക് തിരിച്ചുവിടാനും യുവാക്കളെ തങ്ങളുടെ ഗൂഢാലോചനയ്ക്ക് കരുവാക്കുവാനും ദീപ് സിദ്ധുവിനെപ്പോലുള്ളവർ വിജയിച്ചപ്പോൾ രാഷ്ട്രീയ ബലപരീക്ഷയിൽ കർഷക പ്രക്ഷോഭം അതേവരെ നേടിയെടുത്ത മേൽക്കൈ തൽക്കാലം നഷ്ടപ്പെടുകയും ഭരണാധികാരികളുടെ വേട്ടയാടലിന് അനുകൂലസാഹചര്യം ഒരുക്കപ്പെടുകയുമാണുണ്ടായത്.

സ്ഥൈര്യം, സ്ഥിതപ്രജ്ഞത്വം, നിർഭയത്വം, ക്രാന്തദർശിത്വം, സ്നേഹം, ശാന്തി, ഹൃദയോദാരത, എന്നീ മൂല്യങ്ങളാൽ, സ്പിനോസ പറയുന്ന സജീവഭാവശക്തികളാൽ പതം വന്ന് കഴിഞ്ഞ വൃദ്ധരുടെയും സ്ത്രീകളുടെയും നേതൃത്വമാണ് കർഷക സമരത്തെ ഇന്ത്യയിലെ, ലോക ചരിത്രത്തിലെത്തന്നെ, നവനവീനമായ ഒരു രാഷ്ട്രീയ പരീക്ഷണമാക്കുന്നത്. മിഷെൽ ഫൂക്കോ പറഞ്ഞ ആത്മപരിചരണത്തിന്റെ (care of self) ഭാഗമായി രാഷ്ട്രീയ പ്രവർത്തനം ചെയ്യുന്ന, സമരത്തെ തപസ്സും യോഗവുമാക്കി ആവിഷ്കരിക്കുന്ന ഈ കർഷക ഋഷിവര്യന്മാരാണ് കർഷക മഹാസമരത്തിന് നാളിതുവരെയുള്ള സമരങ്ങളിൽ നിന്ന് വിഭിന്നമായ 'നവനവീനമാനം' നൽകുന്ന മുഖ്യഘടകം എന്ന് സംഭവവികാസങ്ങൾ നമ്മെ ബോധവാന്മാരാക്കുന്നു. റിപ്പബ്ലിക്ക് ദിനത്തിലുണ്ടായ അക്രമ സംഭവങ്ങളെ ന്യായീകരിക്കുന്നതിനു പകരം അക്രമകാരികളെ തള്ളിപ്പറയുകയും അക്രമത്തിൽ ഖേദം പ്രകടിപ്പിച്ച് കൊണ്ട് റാലി പിൻവലിക്കുകയും അന്നേദിവസം ഉപവാസസത്യാഗ്രഹം നടത്തുകയുമാണ് കർഷക സമരനേതാക്കൾ ചെയ്തത്.

തിക്കായത്തിന്റെ കണ്ണീർ, വിതുമ്പൽ, ഉപവാസം, ആത്മപരിത്യാഗ സന്നദ്ധത, ഹരിയാനയിലെയും യു. പി. യിലെയും ഇന്ത്യയുടെ സർവ്വമേഖലകളിലുമുള്ള കർഷകരുടെയും (അതോടൊപ്പം ബഹുജനങ്ങളുടെയും) ഹൃദയത്തിൽ നവീനമായ ഒരു രാഷ്ട്രീയ സന്ദേശമായി തറയ്ക്കുകയും, അത് സമരപ്രദേശത്തേയ്ക്കു പ്രവഹിക്കുവാൻ ആയിരക്കണക്കിന് കർഷകരെ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, മഹാകാപ്പ് പഞ്ചായത്തുകളിൽ സജീവമായി പങ്കെടുക്കുവാൻ കർഷക സഹസ്രങ്ങൾക്ക് പ്രചോദനം നൽകിയെങ്കിൽ, കർഷകരാഷ്ട്രീയത്തിന്റെ 'നവനവീനസത്തയെയാണ് അത് ഉദ്ഘോഷണം ചെയ്യുന്നത്: അസാധ്യത്തിന്റെ സാധ്യതയെ ഉന്നം വയ്ക്കുന്ന അബോധത്തിന്റെ, ഭാവശക്തിയുടെ, കാമനയുടെ, രാഷ്ട്രീയത്തെ.

"ജയിക്കും അല്ലെങ്കിൽ മരിക്കും" എന്ന നവനവീനമായ രാഷ്ട്രീയപ്രസ്താവത്തെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഹൃദയത്തിൽ ഒരിക്കൽ കൂടി പ്രതിഷ്ഠിച്ചിരിക്കുന്ന തിക്കായ

ത്തിന്റെ ധീരമായ ചെറുത്ത് നില്പ്. മഹാത്മജിയുടെ ജീവത്തായ സാന്നിദ്ധ്യം അദ്ദേഹത്തിന്റെ മണിപൂരക രക്തത്തെ ഓർമ്മിക്കുന്ന രക്തസാക്ഷിദിനത്തിൽ (രക്തസാക്ഷി ദിനമായി ആചരിക്കപ്പെടുന്ന ഗാന്ധിജിയുടെ ചരമദിനം, ജനുവരി 30) തന്നെ ഇന്ത്യയിൽ അനുഭവസിദ്ധമായിരിക്കുന്നു എന്നാണോ ഇതിന്റെ അർത്ഥം?

## — 1.6 —

## "ജീവന്റെ" രാഷ്ട്രീയം ('bio'/'zoe' politics)

ആഗോള കോർപ്പറേറ്റ് സാമ്രാജ്യത്തിന്റെ താല്പര്യങ്ങൾക്കെതിരേ ഇന്ത്യയിൽ ഉയർന്നുവരുന്ന ആദ്യത്തെ ബഹുജന രാഷ്ട്രീയ പ്രക്ഷോഭമായിരിക്കും കർഷക സമരം. അതേ സമയം കൊറോണാ പ്രതിസന്ധിയുടെ മറവിൽ ഒരു അതീത ഭരണകൂടമായി (transcendental State) മാറിയ "കോർപ്പറേറ്റ്-സൗഹൃദ-ഹിന്ദുത്വ-സർവ്വാധിപത്യ" വാഴ്ചയെ ഉപരോധം ചെയ്യുന്ന, ആദ്യത്തെ സുശക്തമായ ജനകീയ സമരവും. ബഹു തലങ്ങളിലും ദിശകളിലും പടർന്നു കത്തുന്ന ഒരു മഹാ പ്രക്ഷോഭം.

കർഷക പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തെപ്പറ്റി ഭാരത് കിസാൻ യൂണിയൻ (ഏക്താ ഉഗ്രഹാൻ) പ്രസിഡണ്ടായ ജോഗീന്ദർ ഉഗ്രഹാൻ പറയുന്നത് ശ്രദ്ധിക്കുക: ഞങ്ങളുടെ പ്രസ്ഥാനം രാഷ്ട്രീയമല്ല എന്ന് പറയുമ്പോൾ ഒരു രാഷ്ട്രീയകക്ഷിയുമായും ഞങ്ങൾ ബന്ധിതരല്ല എന്നത്രേ അർത്ഥമാക്കുന്നത്. എന്നാൽ കാർഷികമേഖലയുടെ കോർപ്പറേറ്റുവൽക്കരണത്തെ എതിർക്കുന്ന എന്ന അർത്ഥത്തിൽ തികച്ചും 'രാഷ്ട്രീയപരം' ആണ് ഈ സമരം" (The Wire, December 11–2020).

### "ജയിക്കും അല്ലെങ്കിൽ മരിക്കും"

ജീവിതമോ മരണമോ? എന്ന ചോദ്യത്തെ വാഴ്വിന്റെയും, രാഷ്ട്രീയത്തിന്റെയും, പ്രകൃതിയുടെയും, സംസ്കൃതിയുടെയും, സാമൂഹികതയുടെയും, സമ്പദ്വ്യവസ്ഥയുടെയും, സ്ഥൂലവും സൂക്ഷ്മവുമായ തലങ്ങളിൽ നേരിടുന്ന ഒരു രാഷ്ട്രീയ സംരംഭമായി വേണം കർഷകപ്രക്ഷോഭത്തെ കാണുവാൻ. ജീവിതം അല്ലെങ്കിൽ മരണം എന്ന പോം വഴിയെ "വിജയം" അല്ലെങ്കിൽ മരണം എന്ന രാഷ്ട്രീയപരവും സത്വശാസ്ത്രപരവുമായ (ontological) നിർണ്ണയനത്തിലേക്ക് രൂപാന്തരീകരണം ചെയ്യുന്ന ഈ രാഷ്ട്രീയം. ജീവിതമോ ("ശുഷ്കമായ" അതിജീവനം-ജ്യോർജ്ജിയോ അഗംബൻ പറയുന്ന "bare life") മരണമോ എന്ന ചോദ്യത്തിലടങ്ങിയ ദ്വന്ദ്വവൈപരീത്യത്തെ അതിവർത്തിച്ചുകൊണ്ട് നൈതിക-മൂല്യതലങ്ങളിലേക്ക്, ഈ സമസ്യയെ പരാവർത്തനം ചെയ്യുന്ന എന്നതാണ് "ജയിക്കും അല്ലെങ്കിൽ മരിക്കും' എന്ന കർഷക നേതാക്കളുടെ രാഷ്ട്രീയ പ്രസ്താവത്തെ വിധിനിർണ്ണായകമാക്കുന്നത്. "വെറും" ജീവിതത്തെയല്ല പൂർണ്ണ ജീവിതത്തെയാണ് 'ജയിക്കും' എന്ന മൂല്യ പ്രസ്താവം പ്രതിജ്ഞാപനം ചെയ്യുന്നത്.

## “ജീവ”രാഷ്ട്രീയം

‘അസാധ്യ’ത്തിന്റെ രാഷ്ട്രീയം, ‘നവനവീനം’, എന്നിങ്ങനെ നാം നിർവ്വചിച്ച ഈ കർഷകപ്രക്ഷോഭത്തെ അതിന്റെ പൂർണ്ണ വിവക്ഷകളോടെ അടയാളപ്പെടുത്തുവാൻ മറ്റൊരു പേരു കൂടി ഇവിടെ നിർദ്ദേശിക്കുന്നു: ‘ജീവന്റെ’ രാഷ്ട്രീയം. ബയോ-നൈതിക രാഷ്ട്രീയവും (bio-political and ethical) ജന്തു രാഷ്ട്രീയവും (zoe-political) പരിസ്ഥിതി രാഷ്ട്രീയവും ഒന്നിക്കുന്ന രാഷ്ട്രീയത്തിന്റെ രാഷ്ട്രീയം. മാനവികാനന്തരവും (post-human), മതേതരാനന്തരവും (post-secular) ദേശീയാനന്തരവും (post-nationalist) രാഷ്ട്രീയാനന്തരവും (post-political) എന്നു പറയാവുന്ന നവരാഷ്ട്രീയം. ഭൗതികവും ആത്മീയവും ജൈവവും അജൈവവും, മാനവികവും അമാനവികവും അതിമാനവികവും എല്ലാം ഇതിൽ ഒന്നിക്കുന്നു. രാഷ്ട്രീയ ജീവിതവും (bios) ജന്തു ജീവിതവും (zoe-അഗംബൻ പറയുന്ന ശുഷ്ക ജീവിതമല്ല, ദെല്യൂസ് പറയുന്ന പൂർണ്ണ ജീവിതം) പ്രകൃതീജീവിതവും ഒന്നിക്കുന്ന, ജീവന്റെയും ജീവനായ മൂല്യത്തെ, ജീവൽ നൈതികതയെ, രാഷ്ട്രീയത്തിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്ന, “ഭാവി”യുടെ രാഷ്ട്രീയം.

## പൂർണ്ണ ജീവിതം അല്ലെങ്കിൽ മരണം

നിയോലിബറൽ, കോർപ്പറേറ്റ്, രാഷ്ട്രീയ നയത്തിന്റെ ഫലമായി ദാരിദ്ര്യത്തിലും കടക്കെണിയിലും പെട്ട് ആത്മഹത്യ ആത്മാവിഷ്ക്കാരമായി മാറിയ കർഷകവംശത്തിന്റെ ജീവിതോത്ഥാനത്തെയാണ്, കർഷക സമരം അടയാളപ്പെടുത്തുന്നത്. കർഷകർ ഉയർത്തുന്ന ‘ജയിക്കും അല്ലെങ്കിൽ മരിക്കും’ എന്ന മുദ്രാവാക്യത്തിൽ മുഴങ്ങുന്നത് പൂർണ്ണവും സ്വതന്ത്രവും സമൃദ്ധവുമായ ജീവിതത്തിന്റെ രാഷ്ട്രീയ പ്രതിജ്ഞാപനമാണ്. ദില്ലി അതിർത്തിയിലെ സമരപ്പന്തലുകളിൽ കൊടും ശൈത്യത്തെയും ബയോ-ഭരണ ഭീകരതകളെയും നേരിട്ടു കൊണ്ട് സമരം ചെയ്യുന്ന കൃഷിക്കാരും (അവിടെ കൊഴിഞ്ഞു വീണ 340-ഓളം വരുന്ന കൃഷിക്കാരുൾപ്പെടെ), ഭരണകൂടത്തിന്റെ പ്രതിനിധികളുമായി നടന്ന ചർച്ചകളിൽ കർഷക നേതാക്കളും, സമരക്കാരെ ഒഴിപ്പിക്കാൻ വന്ന പോലീസ്സിനെ നേരിടുന്ന സന്ദർഭത്തിൽ കർഷക നേതാവായ രാകേഷ് തിക്കായത്തും ഉയർത്തിപ്പിടിച്ച ഈ മുദ്രാവാക്യം, ആത്മഹത്യയിൽ നിന്ന്, മരണത്തിന്റെ രാഷ്ട്രീയത്തിൽ നിന്ന്, ജീവിതത്തിന്റെ രാഷ്ട്രീയത്തിലേക്ക് ഉയിർത്തെണീക്കുന്ന കർഷകന്റെ സഞ്ജീവനമന്ത്രമാണ്. ജീവിതമോ മരണമോ എന്നതല്ല പൂർണ്ണജീവിതം അല്ലെങ്കിൽ മരണം എന്ന മൂല്യ പ്രതിജ്ഞാപനമാണിത്. മൂല്യ രഹിതവും, അസ്വതന്ത്രവും അഭിശപ്തവുമായ വെറും അതിജീവനമല്ല, മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പൂർണ്ണജീവനത്തിന്റെ രാഷ്ട്രീയപ്രഖ്യാപനം. ഈ മുദ്രാവാക്യം ആത്മഹത്യയിലമർന്ന കർഷകന്റെ മാത്രമല്ല, ആത്മനാശം നേരിടുന്ന ഇന്ത്യൻ ജനതയുടെ, ഇന്ത്യൻ ജനാധിപത്യത്തിന്റെ തന്നെ, ജീവാരോഹണത്തെ ഉദീരണം ചെയ്യുന്ന മൃത്യുഞ്ജയമന്ത്രമാണ്. ജീവിതോന്മുഖമായ ഒരു പുതിയ നൈതികതയെ, മൂല്യ രാഷ്ട്രീയത്തെ, ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കേന്ദ്രബിന്ദുവിൽ പ്രതിഷ്ഠാപനം ചെയ്യുകയാണ് കർഷകന്റെ ഈ മുദ്രാവാക്യം.

ആത്മഹത്യയുടെയോ ബലിയുടെയോ, മരണ രാഷ്ട്രീയത്തെയല്ല (necro-

politics) സമ്പൂർണ്ണ ജീവനത്തിന്റെ (absolute living) “ജീവ”രാഷ്ട്രീയത്തെയാണ് ഇത് പ്രതിജ്ഞാപനം ചെയ്യുന്നത്. ജീവിതത്തിന്റെ നിറവേറലിന്റെ ഭാഗമായി സംഭവിക്കുന്ന മരണത്തെ അത് സ്വാഗതം ചെയ്യുന്നു എന്നു മാത്രം.

## ജീവിതം: അമാനവിക വിവക്ഷകൾ

ജീവൻ, ജീവിതം, എന്ന സങ്കല്പം മാനവികമോ വ്യക്തിപരമോ ആയ പരിധികൾക്കുള്ളിലല്ല ഇവിടെ നിർവ്വചിക്കപ്പെടുന്നത്. മാനവ-അമാനവ, സസ്യ, തൃണ, മൃഗ, പ്രാണി, പക്ഷി, വൃക്ഷങ്ങളും അവയുടെയെല്ലാം ആവാസവ്യവസ്ഥയായ ഭൂമിയും നദിയും സമുദ്രവും കുന്നും മലകളും ദ്രവ്യ-വായു മണ്ഡലങ്ങളെല്ലാം തന്നെ ഈ നവജീവ നിർവ്വചനത്തിൽപ്പെടും. മണ്ണിനെയും വിണ്ണിനെയും ഇണക്കി, പ്രകൃതിയെയും സംസ്കൃതിയെയും വിളക്കി, ജീവന്റെ വിത്ത് വിതച്ചും വിളയിച്ചും അന്നത്തിന്റെ നിർമ്മാതാക്കളും ദാതാക്കളുമായി വർത്തിക്കുന്ന കർഷക കർതൃത്വമാണ് യഥാർത്ഥത്തിൽ ബയോരാഷ്ട്രീയ തൊഴിലാളികൾ. അതോടൊപ്പം തന്നെ നിരവധി ജീവജാലങ്ങൾ വസിക്കുന്ന വയലുകളെയും കൃഷിസ്ഥലങ്ങളെയും പരിപാലിച്ചുകൊണ്ട് ജീവമണ്ഡലത്തിന്റെ സംരക്ഷകരായി, പ്രകൃതിയുമായി സംരചനയിലേർപ്പെടുന്ന കർഷകർ ജന്തുരാഷ്ട്രീയത്തിന്റെയും (zoe-politics) പരിസ്ഥിതിരാഷ്ട്രീയത്തിന്റെയും (പരിമിതമായ രീതിയിലാണെങ്കിൽ പോലും) പ്രയോക്താക്കളും കൂടിയാണ്. ബൗദ്ധികത്തൊഴിലാളികളെ ബയോരാഷ്ട്രീയ കർതൃത്വങ്ങളായി നിർവ്വചിക്കുന്ന അന്തോണിയോ നെഗ്രി പോലും പ്രകൃതിയും സംസ്കൃതിയും തമ്മിലുള്ള സംരചനയിലൂടെ ജീവനെ നട്ടു വളർത്തുകയും വിളയിക്കുകയും ജീവിമണ്ഡലത്തെ പരിപാലിക്കുകയും ചെയ്യുന്ന കർഷകവൃത്തിയുടെ സർഗ്ഗാത്മകവും വിപ്ലവകരവും ആയ “ജീവ”രാഷ്ട്രീയ പ്രസക്തിയെ വേണ്ട വണ്ണം തിരിച്ചറിഞ്ഞില്ല.

## കർഷക കർത്തൃത്വം: നവ വിമോചന രാഷ്ട്രീയത്തിന്റെ ഹൃദയവും മസ്തിഷ്കവും

കൊറോണയുടെ മറവിൽ, രാഷ്ട്രീയ പ്രവർത്തനങ്ങളും സാമൂഹ്യ ബന്ധങ്ങളും കൂടിച്ചേരലുകളും റദ്ദാക്കപ്പെട്ട ഒരു കാലത്ത്, ഭരണകൂടഭീകരത ബയോഭീകരതയുമായി ഇണചേർന്നുകൊണ്ട് അപവാദഭരണകൂട നിർവ്വചനത്തിനുമപ്പുറം (അഗംബൻ, State of exception) പരമഭീകരമായ ഒരു അതീത ഭരണകൂടത്തിന് (transcendental State) ജന്മം നൽകുന്ന നീച സന്ധിയിൽ, പാർലമെന്ററി ജനാധിപത്യ സംവിധാനങ്ങളെല്ലാം തന്നെ അനുദിനം തച്ചുടയ്ക്കപ്പെടുന്ന, സർവ്വ രാഷ്ട്രീയ പ്രതിരോധങ്ങളും തകർന്നു വീഴുന്ന സന്ദർഭത്തിൽ, അധികാരത്തിന്റെ സിരാകേന്ദ്രമായ തലസ്ഥാന നഗരിയെ ഉപരോധിച്ചു കൊണ്ട് പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ തുടങ്ങി വച്ച സമരം സൂചിപ്പിക്കുന്നതെന്താണ്? സംഘടിത തൊഴിലാളിവർഗ്ഗവും വിദ്യാർഥിയുവജനനിരകളും, രാഷ്ട്രീയ കക്ഷികളും പൗരാവകാശപ്രവർത്തകരും ആക്ടിവിസ്റ്റുകളും ഉയർത്തിക്കൊണ്ടു വന്ന പ്രതിരോധപ്രസ്ഥാനങ്ങളൊക്കെയും തകർന്നു വീണുകഴിഞ്ഞ ഈ പ്രതിസന്ധി നേരങ്ങളിൽ ജനാധിപത്യത്തിന്റെ അന്തിമസംരക്ഷകരായി, ഫാസിസത്തിനും കോർപ്പറേറ്റ് ശക്തി

കൾക്കുമെതിരേ ശക്തമായ ചെറുത്തു നില്പിന് നേതൃത്വം കൊടുക്കുവാൻ കർഷക സംഘടനകൾക്ക് കഴിയുന്നുണ്ടെങ്കിൽ അത് സൂചിപ്പിക്കുന്നത് ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ജനകീയ വിമോചന-വിപ്ലവപ്രസ്ഥാനത്തിന്റെ മുന്നണി ശക്തിയാണ് കർഷക കർതൃത്വം എന്നത്രേ. സംഘടിത തൊഴിലാളിവർഗ്ഗത്തെ വിപ്ലവത്തിന്റെ മുഖ്യചാലകശക്തിയായി നിർവ്വചിക്കുന്ന സാമ്പ്രദായിക മാർക്സിസ്റ്റ് സിദ്ധാന്തങ്ങളെയും, ബയോ രാഷ്ട്രീയ വിപ്ലവത്തിന്റെ മുൻപന്തിയിൽ ബൗദ്ധികത്തൊഴിലാളികളെ പ്രതിഷ്ഠിക്കുന്ന നെഗ്രിയുടെ സങ്കല്പങ്ങളെയും തിരുത്തിക്കുറിക്കുന്നു ഇന്ത്യൻ കർഷകരുടെ മഹാപ്രക്ഷോഭം. ഇന്ത്യയുടെ ആത്മാവ് കൃഷിക്കാരിലാണ് സ്ഥിതി ചെയ്യുന്നതെന്ന ഗാന്ധിയൻ ഉൾക്കാഴ്ചയെ ഒരിക്കൽകൂടി പ്രബലപ്പെടുത്തുന്നു ഇത്. മാത്രമല്ല, നവവിമോചന രാഷ്ട്രീയത്തിന്റെ ഹൃദയവും മസ്തിഷ്കവുമാണ് കർഷകകർതൃത്വമെന്ന് ഈ സമരസംഭവം ലോകത്തോട് വിളിച്ചു പറയുന്നു.

ഭാഗം 2

# കർഷക സമരത്തിന്റെ സംഭവമാനങ്ങൾ

— 2.1 —

## "സംഭവ"ത്തിന്റെ ആവിർഭാവ നേരങ്ങൾ

> "ln historical phenomena such as the rcvolution of 1789, the Commune, The revolution of 1917, there is always one part of the event, that is irreducible to any social determinism, or to causal chains.
>
> Historians are not very fond of this aspect: they restore causality after the fact. Yet the event is itself a splitting off from, or a breaking with causality. It is a bifurcation, a deviation with respect to laws, an unstable condition which opens up a new field of the possible... But even if the event is ancient, it can never be outdated: it is an opening onto the Possible. It passes as much into the interior of individuals as into the depths of a society." (Gilles Deleuze, "May 26 Did Not Take Place", Two Regimes of Madness: Texts and Interviews 1975-1995, Semio text (e), Columbia University, New York, 2007, p. 233.)

കാർഷിക പരിഷ്കരണ നിയമങ്ങൾക്കെതിരെ കർഷകർ നടത്തി വരുന്ന മഹാപ്രക്ഷോഭം അഞ്ചുമാസം കടന്നിരിക്കുന്നു. ജനുവരി 26 ലെ അക്രമസംഭവങ്ങൾക്കു ശേഷം ഭരണാധികാരികളുടെ ഭാഗത്തു നിന്നുണ്ടായ അടിച്ചമർത്തൽ നടപടികൾ കർഷക സമരത്തെ തളർത്തുന്നതിനു പകരം പൂർവ്വാധികം ശക്തവും വ്യാപകവുമാക്കുകയാണ് ചെയ്തത്.

എങ്കിലും സമരത്തിന്റെ ജനപിന്തുണ നഷ്ടപ്പെടുന്നു എന്ന പ്രതീതി പരത്തിക്കൊണ്ട് മുഖ്യ ധാരാ വാർത്താമാദ്ധ്യമങ്ങളും ചാനലുകളും കർഷക സമരവാർത്തകളെ തമസ്കരിക്കുന്നു. സംസ്ഥാനങ്ങളിൽ ഇലക്ഷൻ പ്രഖ്യാപിച്ചതോടെ, കർഷക സമരത്തിന്റെ വാർത്താപ്രാധാന്യം നഷ്ടപ്പെടുന്നതും, കക്ഷി രാഷ്ട്രീയർക്കും, മാദ്ധ്യമങ്ങൾക്കും, ഒരളവോളം, പൊതുബുദ്ധിജീവികൾക്കും സമരത്തോടുള്ള പ്രതിപത്തി കുറഞ്ഞുവരുന്നതുമാണ് കണ്ടത്. കർഷക സമരത്തെ സംബന്ധിച്ചുള്ള ഗൗരവകരവും നിശ്ശബ്ദവും ക്ഷമാപൂർവ്വവുമായ വിചിന്തനങ്ങൾക്ക് സമയമായി എന്നാണ് ഈ ഇടവേള സൂചിപ്പിക്കുന്നത്.

### ഒരു നിശ്ശബ്ദ സുനാമി

പൊതു മണ്ഡലത്തിൽ അദൃശ്യവൽക്കരിക്കപ്പെടുമ്പോഴും, അടിത്തട്ടിലൂടെ നിശ്ശബ്ദമായി, അതീവ രഹസ്യമായി കർഷക പ്രസ്ഥാനം മുന്നേറുകയാണ്. പഞ്ചാബി

ലെയും ഹരിയാനയിലെയും കർഷക സമൂഹങ്ങളിൽ നിന്ന്, പടിഞ്ഞാറേ യു. പി.-യിലേക്കും അവിടെ നിന്ന് യു. പി.-യുടെ മറ്റുഭാഗങ്ങളിലേക്കും, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഹിമാചൽ, മഹാരാഷ്ട്ര, ആന്ധ്ര, കർണ്ണാടക, ബംഗാൾ, തമിൾ നാട്, കേരളം എന്നിങ്ങനെ ഇന്ത്യയുടെ നാനാ ഭാഗങ്ങളിലേക്ക് ഒരു നിശ്ശബ്ദ സുനാമി പോലെ, അത് ഒഴുകിപ്പടരുകയാണ്. മഹാറാലികൾ, ജനനിബിഡമായ മഹാപഞ്ചായത്തുകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കെതിരേയുള്ള പ്രതിഷേധങ്ങൾ, ടോൾപ്ലാസകൾ തുറന്നു വിടൽ, ദേശീയ പാതകൾ ഉപരോധിക്കൽ, എന്നിങ്ങനെ ഒരു അദൃശ്യ മഹാവ്യാധി പോലെ അടിത്തട്ടിൽ പെരുകിപ്പരക്കുകയാണ്. വെടിമരുന്ന് കത്തിപ്പിടിക്കുന്നപോലെ, ജനതയുടെ സൂക്ഷ്മകോശങ്ങളിൽ നിശ്ശബ്ദസ്ഫോടനങ്ങൾ വിതച്ച് കൊണ്ട്, പുതിയ ചുരങ്ങളും പാതകളും സാധ്യതകളും തുറന്നിട്ട് കൊണ്ട്.

> “നാം കാണുന്ന പാദങ്ങൾക്കും പാതകൾക്കുമടിയിലൂടെ
> നവീനവും ശക്തവുമായൊരവബോധം പോലെ,
> രഹസ്യമായി മുന്നേറും, രഹസ്യമായി”...
> (കെ. ജി. എസ്. “ബംഗാൾ”).

കൊടും ശൈത്യത്തെയും, ബയോഭീകരതയെയും ഭരണകൂട ഭീകരതയെയും ഒരു പോലെ നേരിട്ട് കൊണ്ട് പഞ്ചാബിലെയും ഹരിയാനയിലെയും യു. പിയിലെയും രാജസ്ഥാനിലെയും കർഷകർ ആരംഭിച്ച സമരം, എല്ലാത്തരത്തിലുള്ള പ്രതിഷേധങ്ങളെയും ചെറുത്തുനില്പുകളെയും അടിച്ചമർത്തിക്കൊണ്ട്, അധൃഷ്യമായി മുന്നേറിയ മോദിയുടെ ഫാസിസ്റ്റ് ജൈത്രയാത്രയെ ആദ്യമായി പിടിച്ചു നിർത്തിയ രാഷ്ട്രീയ മുന്നേറ്റമായിരുന്നു. ഇന്ത്യയുടെ കാർഷിക മേഖലയെ കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുവാനും ഫെഡറലിസ്റ്റ് സംവിധാനത്തെ തകർക്കുവാനും ലക്ഷ്യമിട്ട് കൊണ്ട് മോദി ഗവണ്മെന്റ് പാസ്സാക്കിയ മൂന്ന് കർഷകപരിഷ്കാരബില്ലുകൾ പൂർണ്ണമായി പിൻവലിക്കുവാനാവശ്യപ്പെട്ടു കൊണ്ട് കർഷകർ നടത്തുന്ന സമരം വെറും കർഷക സമരം എന്ന നിലവിട്ട്, ഇന്ത്യൻ ജനാധിപത്യത്തെയും ഭരണഘടനയെയും, റിപ്പബ്ലിക്കിനെയും വീണ്ടെടുക്കുവാനുള്ള നവ സ്വാതന്ത്ര്യ സമരമായി മാറി. ഇതാണ് കർഷക പ്രക്ഷോഭത്തെ ഇന്ത്യാ ചരിത്രത്തിലെ, ലോക ചരിത്രത്തിലെ തന്നെ, അത്ഭുതപൂർവ്വമായ സംഭവമാക്കി മാറ്റുന്നത്.

വാർത്താ മാദ്ധ്യമങ്ങളെ സംബന്ധിച്ചിടത്തോളം, കർഷക സമരം ഒരു ഡേറ്റ, വെറുമൊരു സമരവാർത്ത, വിവാദപരവും സെൻസേഷനലുമായ ഒരു സ്കൂപ്പ്, കൗതുകാവഹമായ ഒരു സ്റ്റോറി മാത്രം. രാഷ്ട്രീയ നിരീക്ഷകരെയും കക്ഷിരാഷ്ട്രീയരെയും സംബന്ധിച്ചിടത്തോളം അധികാര സമവാക്യങ്ങളെ അസ്വസ്ഥമാക്കുന്ന, അതുകൊണ്ട് തന്നെ വോട്ട് സംഭരണത്തിന് അനുകൂലമോ പ്രതികൂലമായോ ബാധിക്കുന്ന അപ്രതീക്ഷിതവും ക്രമരഹിതവുമായ ഒരു സന്ദർഭം. ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം, തങ്ങളെ ആശങ്കാഭരിതരും പരിഭ്രാന്തരാക്കുകയും ചെയ്യുന്ന, ഒരു അപായ സന്ദേശം.

## "സംഭവം": താതികമായ ഒരു വിചിന്തനം

എന്നാൽ, കർഷക സമരത്തിൽ ശരീരവും പ്രാണനും സമർപ്പിച്ച് ദേശീയപാതകളെ ഉപരോധിക്കുകയും ഗ്രാമനഗരാന്തരങ്ങളിൽ, പ്രതിഷേധവുമായി പ്രവഹിക്കുകയും ചെയ്യുന്ന പ്രക്ഷോഭകാരികളായ ലക്ഷക്കണക്കിന് കർഷകരെയും അവരുടെ കുടുംബങ്ങളെയും ബന്ധുക്കളെയും മിത്രങ്ങളെയും അവരോട് സഹാനുഭാവം രേഖപ്പെടുത്തുന്ന ബഹുജനങ്ങളെയും ആക്റ്റിവിസ്റ്റുകളെയും സംബന്ധിച്ചിടത്തോളം കർഷക സമരം മറ്റൊരു സമരമല്ല, വ്യാഖ്യാനിക്കുവാനാവാത്ത, നിർവ്വചിക്കുവാനാവാത്ത, പ്രകമ്പനം കൊള്ളിക്കുന്ന, ഒരു അനുഭവ പരമ്പരയാണ്. ഇന്ത്യാചരിത്രത്തിലെയും ലോകചരിത്രത്തിലെയും അത്യപൂർവ്വമായ ഒരു രാഷ്ട്രീയ സംഭവമാണ് കർഷക സമരം എന്നത്രേ അതിന്റെ സൂക്ഷ്മമായ ഗതിവിഗതികൾ തെളിയിക്കുന്നത്.

എന്താണ് "സംഭവം" (event)? ചരിത്രത്തിന്റെ കാര്യകാരണത്തുടർച്ചകളെ ഭേദിച്ച് കൊണ്ട്, അവസ്ഥാനിയമങ്ങളെ തകിടം മറിച്ച് കൊണ്ട്, പുതിയ സാധ്യതകളെ, തുറസ്സുകളെ, വെട്ടിത്തുറക്കുന്ന, ചരിത്രത്തെ, സമൂഹത്തെ, രാഷ്ട്രീയത്തെ, കർതൃത്വത്തെ, സൂക്ഷ്മമായി മാറ്റിമറിക്കുന്ന ഒരു പ്രകമ്പന പരമ്പര. പരിവർത്തന പരമ്പര. ദെല്യൂസിന്റെ ഭാഷയിൽ പറഞ്ഞാൽ ചരിത്രത്തെ ഭേദിച്ചുയരുന്ന കൂട്ടായ ആയിത്തീരലുകളുടെ (becomings) പൊട്ടിത്തെറികൾ. പുതിയ വേഗങ്ങളെ, തീക്ഷ്ണതകളെ, ഊർജ്ജങ്ങളെ, രൂപാന്തരീകരണ പരമ്പരകളെ, ബന്ധങ്ങളെ, ഘടനാസംയോഗങ്ങളെ, വിപ്ലവകരമായ സംഗ്രഥനങ്ങളെ, ഉല്പാദിപ്പിക്കുന്ന, ചരിത്രാന്തരമായി വളർന്നു പെരുകുന്ന, ഒരു ശക്തിപ്രക്ഷോഭം; തീക്ഷ്ണതകളുടെ പ്രവാഹം; രാഷ്ട്രീയ കാമനയുടെ വിസ്ഫോടനം; പുതിയ ജനതയെ, പുതിയ ഭൂമിയെ, പുതിയ കർതൃത്വങ്ങളെ, പുതിയ വാഴ്വിനെ, സൃഷ്ടിക്കുന്ന, പഴയതിനെയെല്ലാം സൂക്ഷ്മമായി സംഹരിക്കുന്ന, നവനവീനകാലം; ആദിവ്യത്യസ്തതകളുടെ ശാശ്വത-ആവർത്തനകാലം (eternal recurrence); ചരിത്രത്തെ, സംസ്കൃതിയെ, മനുഷ്യ ബന്ധങ്ങളെ വിമലീകരിക്കുന്ന, പുതുക്കിപ്പണിയുന്ന, ചൈതന്യകാരണപ്രകൃതിയുടെ (natura naturans) ഐഹികമായ വിളയാട്ടം; "ആയിത്തീരലിന്റെ" (becoming) അനന്തമായ "ഇതാ ഈ നിമിഷം" (here and now); ഭരണമാറ്റമോ അധികാരമാറ്റമോ അല്ല കർതൃ-ഘടനയിൽ, അധികാരബന്ധങ്ങളിൽ, ആഴത്തിൽ സംഭവിക്കുന്ന നിലമാറ്റം, സൂക്ഷ്മവിപ്ലവം; കർതൃത്വത്തിൽ, ഭാവശക്തികളിൽ, മനോഘടനകളിൽ, വാഴ്വിന്റെ അധോതലങ്ങളിൽ, സംഭവിക്കുന്ന ഉരുൾപൊട്ടലുകൾ; കണികാപരമായ (molecular) രൂപാന്തരീകരണങ്ങൾ.

"സംഭവം" ഒരു സംയുക്തമാണ്. സംഭവത്തെ ചരിത്രത്തിലേക്ക് ചുരുക്കുവാനോ പൂർണ്ണമായും ചരിത്രവൽക്കരിക്കുവാനോ സാധ്യമല്ല. കാരണം ചരിത്രത്തിന്റെയും, ചരിതേതരമോ ചരിത്രാന്തരമോ ആയ ആയിത്തീരലിന്റെ/ശുദ്ധസംഭവത്തിന്റെ മിശ്രിതമാണ് അത്. അതായത് സംഭവത്തിന് ഇരട്ടത്തലങ്ങളാണുള്ളത്: ചരിത്രതലവും ചരിത്രാന്തരമായ ശുദ്ധ സംഭവതലവും. സംഭവത്തെ സംബന്ധിച്ച സങ്കല്പനത്തിൽ വ്യത്യസ്തരായിരിക്കുമ്പോഴും ഇമ്മാനുവെൽ കാന്റ്, ഫ്രെഡെറിക് നീത്ചേ, ല്യോതാർഡ്, ഴാക് ദെറിദ, അലെൻ ബാദ്യൂ, ഗിൽ ദെല്യൂസ്, തുടങ്ങിയ പാശ്ചാത്യ വിമർശ ചിന്തകരെല്ലാം തന്നെ ഒരു കാര്യത്തിൽ യോജിക്കുന്നു: ചരിത്രപരമോ

പ്രതിനിധാനപരമോ ആയ വ്യവഹാരരൂപങ്ങൾക്ക് സംഭവങ്ങളെ അവതരിപ്പിക്കു വാനാവില്ല. സംഭവങ്ങളുടെ ചരിത്രപരമായ നിർവ്വഹണങ്ങളെ, സഫലീകരണങ്ങ ളെ, മാത്രമേ, ചരിത്ര-സാമൂഹ്യശാസ്ത്ര വ്യവഹാരപ്രകാരങ്ങൾക്ക് ആവിഷ്ക്കരിക്കുവാ നാകൂ. "സംഭവത്വത്തെ" ചരിത്രത്തിലേക്ക് പരാവർത്തനം ചെയ്യുന്നതിനുപകരം ചരിത്രപരമായ നിർവ്വഹണങ്ങളിൽ (actualizations) നിന്ന് സംഭവത്തെ നീക്കം ചെയ്യുകയോ, അല്ലെങ്കിൽ അവയോട് കൂട്ടിച്ചേർക്കുകയോ ചെയ്ത് കൊണ്ട് മാത്രമേ, അഥവാ, പ്രതി നിർവ്വഹണത്തിലൂടെ (counter-actualization) മാത്രമേ ശുദ്ധസം ഭവത്തിന് ഉചിതമായ ആവിഷ്ക്കാരം സാധ്യമാവൂ. ചിന്തയിലെയും ഭാഷയിലെയും സംഭവങ്ങളായ കവിത, കല, സാഹിത്യം, (ചെറുനോവൽ + കഥ എന്ന് ദെല്യൂസ്) തത്വചിന്താപരമായ സങ്കല്പനങ്ങൾ, എന്നീ ആവിഷ്ക്കാര പ്രകാരങ്ങൾക്കു മാത്രമേ "സംഭവത്തെ" അതിന്റെ സംഭവത്വത്തെ ചോർന്നു പോകാത്ത വിധം പ്രകാശ നം നൽകാനാവൂ എന്നർത്ഥം. സംഭവത്തിന്റെ ആവിഷ്ക്കാരരൂപം ത്രികാലികമായി സഞ്ചരിക്കുന്ന ചിഹ്നമെന്ന് ഇമ്മാനുവെൽ കാന്റും, ചെറുനോവൽ, കഥ, എന്നീ ആഖ്യാനരൂപങ്ങളുടെ സംയുക്തമെന്ന് ദെല്യൂസും (ഈ ലേഖകന്റെ നിരീക്ഷണ ത്തിൽ 'ചരിത്ര-വീരപ്രണയാഖ്യാനവും' (historical romance)) നിർദ്ദേശിക്കുന്നത് അത് കൊണ്ടാണ്.

ഷാൽ പെജി (Charles Peguy) എന്ന ഫ്രഞ്ച് കവിയുടെ വാക്കുകൾ ഉദ്ധരിച്ച് കൊണ്ട് ദെല്യൂസ് പറയുന്നതിതാണ്: "സംഭവത്തെ സമീപിക്കുന്നതിന് രണ്ടു മാർ ഗ്ഗങ്ങളേയുള്ളൂ: ഒന്ന് സംഭവത്തിന്റെ ചരിത്രാവൃത്തിയിലൂടെ കടന്നു പോകൽ, ചരി ത്രത്തിൽ സംഭവത്തിന്റെ നിർവ്വഹണത്തെ, ഉപാധീകരണത്തെ, അധഃപതനാവ സ്ഥയെ, രേഖപ്പെടുത്തൽ. രണ്ടാമത്തെതാവട്ടെ, സംഭവത്തെ പുനസ്സംയോജനം ചെയ്യൽ, ഒരു "ആയിത്തീരലി"ലെന്നപോലെ അതിൽ സ്വയം സ്ഥാപിക്കൽ, ഒരേ സമയം തന്നെ അതിലൂടെ യുവവും വൃദ്ധവുമായിത്തീരൽ, അതിന്റെ എല്ലാ ഘടകങ്ങ ളിലൂടെയും അനന്യതകളിലൂടെയും കടന്നു പോകൽ". കർഷക സമരത്തിന്റെ സംഭ വമാനത്തെ സമീപിക്കുന്നതിൽ നിന്നും പൊതുബോധത്തെ, മുഖ്യ വ്യവഹാരങ്ങളെ, തടയുന്ന പ്രധാനഘടകങ്ങളെന്താണെന്ന് ഇതു വ്യക്തമാക്കുന്നു.

## "സംഭവത്തിന്റെ" ആവിർഭാവനേരം

സുപ്രധാന ചോദ്യം ഇതാണ്. കർഷകസമരം ഒരു സംഭവമാണെങ്കിൽ അതിന്റെ സംഭവത്വത്തെ നിർവ്വചിക്കുന്നതെന്താണ്?

ഈ ചോദ്യത്തിലേക്ക് കടക്കുന്നതിനു മുമ്പ് കർഷക സമര സംഭവത്തിന്റെ ആവിർഭാവ നേരങ്ങളിലേക്ക് ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. വെറും ഒരു യാദൃ ഛിക പ്രതിഭാസമോ അല്ലെങ്കിൽ ആസൂത്രിതമായ ഒരു പദ്ധതിയുടെ ഭാഗം മാ ത്രമോ ആയി കർഷക സമര സംഭവത്തെ കാണാനാവില്ല. അതേ സമയം, കർ ഷകരുടെ രാഷ്ട്രീയമായ ഇഛയിൽ നിന്നാണ്, സംഭവേഛയിൽ നിന്നാണ് സം ഭവം ഉരുത്തിരിയുന്നതെന്ന വസ്തുതയും അവഗണിക്കുവാനാവില്ല. കർഷക നിയ മം പിൻവലിക്കാതെ തങ്ങൾ പിന്മാറുകയില്ലെന്ന് 32 ഓളം കർഷക സംഘട നകൾ ഒന്നു ചേർന്നെടുത്ത കൂട്ടായ തീരുമാനത്തിൽ നിന്നാണ് സമരം രൂപം

കൊള്ളുന്നത്. സമരത്തിന്റെ സാന്ദ്ര ചടുലനടുനേരങ്ങളിൽ “സംഭവം” സംഭൃതമാവുന്നു. ഇഛയിൽ നിന്ന് മാത്രം സംഭവം ഉണ്ടാകണമെന്നില്ല. സംഭവത്തിന്റെ ഉപാധികളിലൊന്നുമാത്രമാണത്. കാമന, ഇഛ, ധീരത, കൂട്ടായ പ്രവർത്തി, സമർപ്പണം എന്നീ ഘടകങ്ങളോടൊപ്പം പ്രകൃതിയും സംസ്കൃതിയും സംയോഗം ചെയ്യുന്ന ഒരു വ്യതിയാന കാലബിന്ദുവിൽ നിന്നാണ് സംഭവം സംജാതമാകുന്നത്. ഒരു കലാസൃഷ്ടിപോലെ, കർഷകരുടെ ജീവസൃഷ്ടിപോലെ, അതീവ രഹസ്യമായി. സമരം സംഭവമായി മാറുമ്പോൾ പുതിയ കർതൃത്വങ്ങളെ പുതിയ ലോകത്തെ പുതിയ ജനതയെ അത് സൃഷ്ടിക്കുന്നു. വീടും കുടിയും നാടും വിട്ടു കൊണ്ട് അധികാരകേന്ദ്രത്തിലേക്ക് മാർച്ച് ചെയ്യുവാനുമുള്ള കർഷകരുടെ നിർണ്ണായക തീരുമാനം ചരിത്രത്തിലപൂർവ്വമായി മാത്രം നടക്കുന്ന പരമമായ ഒരു അപദേശീകരണമായി (de-territorialization) മാറുന്നു. കൊറോണയുടെ പശ്ചാത്തലത്തിൽ ബയോഭീകരതയും ഭരണകൂട ഭീകരതയും ഇണചേർന്നുല്പന്നമായ ബഹുഭീകരമായ ഒരു അതീതഭരണകൂട (Transcendental State) ത്തിനെതിരെ നിരവധി മാസങ്ങളോളം ഉപരോധസമരം നടത്തുവാനുള്ള സർവ്വ തയാറെടുപ്പുകളോടെയുമാണ് കർഷകർ തലസ്ഥാന നഗരിയിലേക്കുള്ള മാർച്ചിനും ഉപരോധ സമരത്തിനും തുടക്കം കുറിക്കുന്നത്. നിർണ്ണായകമായ ഈ ദേശം വിടലും, (ദെല്യൂസിന്റെ ഭാഷയിൽ deterritorialization/leaving the territory) പലായന രഥ്യ (line of flight) യിലേക്കുള്ള പ്രവേശനവുമാണ് പുതിയ ഭൂമിയേയും പുതിയ ജനതയെയും കണ്ടെത്തുന്നതിലേക്ക് നയിക്കുന്ന ഒരു മഹാരാഷ്ട്രീയസംഭവത്തിന് തീ കൊളുത്തുന്നത്.

— 2.2 —

## നവജനതയായിത്തീരൽ

> “Acting counter to the past, and therefore on the present, for the benefit, let us hope, of a future — but the future is not a historical future, not even a utopian history, it is the infinite Now, the Nun that Plato already distinguished from every present: the Intensive or Untimely, not an instant but a becoming” (Gilles Deleuze and Felix Guattari, What is Philosophy? Columbia University Press, New York, 1994, p. 112).
>
> “But when the people struggle for their liberation, there is always a coincidence of poetic acts and historical events or political actions, the glorious incarnation of something sublime or untimely” (Gilles Deleuze, “Nietzsche’s Burst of Laughter”, Desert Islands: and Other Texts, 1953--1974, Semiotext(e), New York, 2004, p. 128).

രാഷ്ട്രീയത്തെയും “സംഭവ”ത്തെയും സംബന്ധിച്ച് നിലവിലുള്ള സർവ്വ സങ്കല്പങ്ങളെയും മാറ്റിമറിക്കുന്ന അപൂർവ്വമായ ഒരു സംഭവമാണ് കർഷക സമരം എന്ന് പറയേണ്ടിയിരിക്കുന്നു. ഇമ്മാനുവെൽ കാന്റ് മുതൽ, അലെൻ ബാദ്യൂ വരെ ഉപദർശിക്കുന്ന വിപുലമായ രാഷ്ട്രീയ സംഭവവും നീത്ചേ മുതൽ ദെല്യൂസ് വരെയുള്ളവർ മുന്നോട്ട് വയ്ക്കുന്ന ആയിത്തീരലിന്റെ (becoming) സൂക്ഷ്മ സംഭവങ്ങളും വേർപെടുത്താനാവാത്തവിധം കെട്ടുപിണഞ്ഞു കിടക്കുന്ന, സംഭവങ്ങളുടെയും സംഭവം എന്നു പറയാവുന്ന അത്യപൂർവ്വമായ സന്ദർഭം.

സുപ്രധാനമായ ആ ചോദ്യം നാം വീണ്ടും ചോദിക്കുകയാണ്: കർഷക സമരത്തിന്റെ സംഭവത്വം/ശുദ്ധ സംഭവം എന്താണ്?

### നവജനതയായിത്തീരൽ

കർഷകരുടെ നവ ജനതയായിത്തീരലാണ് കർഷക സമരത്തിന്റെ സംഭവത്വം. “ജനത”, “ജനസഞ്ചയം (multitude)”, ആൾക്കൂട്ടം എന്ന പരികല്പനകളിൽ നിന്നുള്ള ഗുണപരമായ വ്യത്യസ്തതയെ സൂചിപ്പിക്കുവാനാണ് നവ ജനത എന്ന പദം ഇവിടെ പ്രയോഗിക്കുന്നത്. നവം ഇവിടെ കേവലം ഒരു വിശേഷണപദമല്ല, നാമത്തെ നിർണ്ണയിക്കുന്ന, മാറ്റി മറിക്കുന്ന ക്രിയാപദമാണ്. സമകാലീന

ചരിത്രത്തിൽ, സമൂഹത്തിൽ, അസന്നിഹിതമെന്ന് ദെല്യൂസ് വിളിക്കുന്ന, "നഷ്ട പ്പെട്ട ജനത" (missing people), വരും ജനത (people to come), ഇളംജനത (minor people) എന്നീ അർത്ഥങ്ങളിലാണ് ഈ പദം പ്രയോഗിക്കുന്നത്. ഭരണ കൂട സൃഷ്ടമായ, നിർണ്ണേയവും (determinate) എണ്ണിത്തിട്ടപ്പെടുത്താനാവുന്നതും (denumerable) പൗരാധിഷ്ഠിതവുമായ ഒരു ഏകീകൃത ബഹുത്വത്തെയാണ് ജനത എന്ന പദം പൊതുവേ നിർദ്ദേശിക്കുന്നതെങ്കിൽ, അനിർണ്ണേയവും, നിർഗണനീ യവും (non-denumerable) ഭരണകൂടേതരവും എണ്ണത്തിനു പകരം ഗുണത്താൽ നിർവ്വചിക്കപ്പെടുന്നതുമായ ഒരു കർതൃബഹുത്വത്തെയാണ് നവ ജനത എന്ന പദം ഇവിടെ വ്യഞ്ജിപ്പിക്കുന്നത്. ആയിത്തീരലിന്റെയും (becoming) സൃഷ്ട്യാത്മകതയു ടെയും അടിസ്ഥാനത്തിൽ വ്യാപരിക്കുന്ന അനന്യവും സ്വയം നിർണ്ണീതവും ന്യൂനപ ക്ഷീയവുമായ (minoritarian) ഒരു സ്വതന്ത്രബഹുത്വം. അന്തോണിയോ നെഗ്രി-യുടെ ജനസഞ്ചയ സങ്കല്പത്തിൽ (multitude) നിന്ന് നവജനതയെ വ്യത്യസ്തമാ ക്കുന്നത് സൂക്ഷ്മദേശീയവും പ്രാദേശികവും (അതേ സമയം ദേശാന്തരീയവും) ആയ ഒരു ഉന്മുഖത്വമാണ്. പറ്റം (pack), വൃന്ദം (band), കൂട്ടം (herd) എന്നിങ്ങനെയുള്ള അമാനവികവും മൃഗീയവുമായ (becoming animal) സംഘടനാവിന്യാസത്തെയും ഈ പദം സൂചിപ്പിക്കുന്നു.

## "ആയിത്തീരലിന്റെ" പരമ്പരകൾ

കർഷകരുടെ "നവജനതയായിത്തീരൽ", "നവകർതൃത്വമായിത്തീരൽ:" ഇതാണ് കർഷകസമരത്തിന്റെ സംഭവത്വം. കൂട്ടായ "ആയിത്തീരലിന്റെ" സമുച്ചയമാണ്, രൂപാന്തരീകരണത്തിന്റെ (mutation) നിലയ്ക്കാത്ത പരമ്പരയാണ് 'ജനതയായി ത്തീരൽ'. കർഷകരുടെ "പെണ്ണായിത്തീരൽ", പെണ്മയുടെ "കർഷകരായിത്തീ രൽ", കർഷകരുടെ "മൃഗമായിത്തീരൽ" ("വൃന്ദമായിത്തീരൽ"), "ഇളയപ്പെടൽ" (becoming minor), "അപരപ്പെടൽ" (becoming other), "അദൃശ്യപ്പെടൽ" (becoming imperceptible), "കണികപ്പെടൽ" (becoming molecular), "ന്യൂ നപക്ഷപ്പെടൽ" (becoming minoritarian)... ഇങ്ങനെ "ആയിത്തീരലുകളുടെ" സംഭവസമുച്ചയങ്ങളെയാണ് "നവജനതയായിത്തീരൽ" എന്ന ക്രിയാപരമ്പര സൂ ചിപ്പിക്കുന്നത്. നവ ജനത ഒരു വെറും ജനസംഖ്യയല്ല. ഗണിതപരമോ, ഭരണകൂട നിർദ്ദിഷ്ടമോ, ഔദ്യോഗികമോ സ്ഥിതിവിവരപരമോ ആയ ഒരു നിർണ്ണീത ബഹുത്വ മല്ല. സ്വച്ഛന്ദവും സർഗ്ഗാത്മകവുമായ ആയ ബഹുത്വങ്ങളുടെ അനിർണ്ണേയവും അന ന്യവുമായ സംയോഗം. ദെല്യൂസിന്റെ ഭാഷയിൽ കൂട്ടായ ആയിത്തീരലിനെ ഉദ്ഭൂത മാക്കുകയും, അതേ സമയം അതിൽ നിന്നുൽഭൂതമാവുകയും ചെയ്യുന്ന ഒരു 'ന്യൂന പക്ഷീയ' ബഹുത്വം. എണ്ണത്തിന്റെയോ വലിപ്പത്തിന്റെയോ അടിസ്ഥാനത്തിലല്ല, ഗുണത്തിന്റെ, മൂല്യത്തിന്റെ, "ആയിത്തീരലിന്റെ", രൂപാന്തരീകരണക്ഷമതയുടെ, അടിസ്ഥാനത്തിലാണ് ന്യൂനപക്ഷീയത (minoritarianism) നിർവ്വചിക്കപ്പെടുന്ന ത്. കുറവിനെയോ, ഇല്ലായ്മയെയോ, അല്ല നിറവിനെ, ആധിക്യത്തെയാണ്, അധി കാരത്തിൽ നിന്നുള്ള അകൽച്ചയേയും അന്തസ്ഥിതമായ വീര്യത്തിന്റെ (power as

puissance or potentia) ആധിക്യത്തെയുമാണ് ന്യൂനപക്ഷീയത എന്ന പരികല്പന ഇവിടെ സൂചിപ്പിക്കുന്നത്.

ജാതിയുടെ, വംശത്തിന്റെ, ലിംഗത്തിന്റെ, മതത്തിന്റെ, ദേശത്തിന്റെ, വർഗ്ഗത്തിന്റെ, അതിർവരമ്പുകളെല്ലാം ഭേദിച്ചു കൊണ്ടുല്പതിക്കുന്ന സംഭവത്തിൽ നിന്നുളവാകുന്ന കർതൃത്ത്വങ്ങളുടെ കൂട്ടായ്മയാണ് ഈ പുതുജനത. ആൾക്കൂട്ടമോ, സംഘടനയോ, കേഡറോ, പൗരത്വ രജിസ്റ്ററോ, വെറും ഒരു അധികാരവിന്യാസമോ അല്ല. "പറ്റങ്ങൾ", "വൃന്ദങ്ങൾ", മൃഗീയമായ, അമാനവികവും അതിമാനവികവുമായ തീക്ഷ്ണതകളാൽ വേഗങ്ങളാൽ ഉല്പന്നമാവുന്ന കൂട്ടുകെട്ടുകൾ. ദേശീയമോ സാർവ്വദേശീയമോ അല്ല സൂക്ഷ്മദേശീയവും, ദേശാന്തരവും അതേ സമയം ദേശീയാനന്തരവുമായ കർതൃവ്യൂഹങ്ങൾ.

## ചരിത്രറൊമാൻസും സംയോജന സംശ്ലേഷണവും

ഭരണകൂടം സംവിധാനം ചെയ്യുന്ന വിദ്വേഷത്തിന്റെയും വിഭജനത്തിന്റെയും തിരക്കഥകൾക്ക പകരം, യുദ്ധത്തിന്റെയും ചോരയുടെയും അതിദേശീയതയുടെയും കൊലവെറിയുടെയും മെഗാസീരിയലുകൾക്ക് പകരം, സ്നേഹത്തിന്റെയും വീര സാഹസികതയുടെയും ആത്മാർപ്പണത്തിന്റെയും സമന്വയനത്തിന്റെയും ഒരു വീരപ്രണയാഖ്യാനം (ചരിത്ര റൊമാൻസ്) സ്വാതന്ത്ര്യ സമരത്തിനു ശേഷം ആദ്യമായി അവതരിപ്പിക്കുകയാണ് ഇന്ത്യയിലെ കർഷക "ഋഷി"[1] കൾ, പ്രതി-യോദ്ധാക്കൾ, സത്യാഗ്രഹികൾ. വർഗ്ഗീയവും വിഭാജകവും നിഷേധകവും വൈരുദ്ധ്യാത്മകവുമായ സംശ്ലേഷണങ്ങൾ (synthesis) നിരാകരിക്കപ്പെടുന്നു. പകരം കൂടിച്ചേരലിന്റെ, അനന്തമായ സമന്വയനത്തിന്റെ, വിഭിന്നതകളെ വിവിധങ്ങളെ വിരുദ്ധങ്ങളെ അപരങ്ങളെ ഉൾക്കൊള്ളലിന്റെ, യോഗവിദ്യയായ സംയോജന സംശ്ലേഷണ പ്രക്രിയ (connective synthesis) പ്രതിഷ്ഠാപിതമാവുന്നു.

മേൽത്തട്ടിലും അടിത്തട്ടിലും ഇടനിലയിലുമുള്ള കർഷകർ സംഭവജന്യമായ ഈ നവ സംശ്ലേഷണത്തിൽ ഒരുമിച്ചു ചേരുകയാണ്. ദളിത കർഷകരും, ജന്മി കർഷകരും കർഷക ത്തൊഴിലാളികളും സമരത്തിന്റെ രാസപ്രക്രിയയിൽ വിളക്കിച്ചേർക്കപ്പെടുന്നു. നദീജലത്തർക്കത്തിൽ പോരടിക്കുന്ന രണ്ടു സംസ്ഥാനങ്ങളിലെ കർഷകർ-പഞ്ചാബിലെയും ഹരിയാനയിലെയും-തർക്കം മാറ്റിവച്ച്, ഒരേ ലക്ഷ്യത്തിൽ ഒന്നിച്ച് ചേർന്ന്, കോർപ്പറേറ്റുകൾക്കും ഫാസിസ്റ്റ് ഭരണകൂടത്തിനുമെതിരെ സമരം ചെയ്യുന്നു. ജാതിമത ലിംഗദേശ ഭേദങ്ങളെ തകർത്ത് കൊണ്ട് കർഷകർ ഒരൊറ്റ ഉടലായി മാറുന്നു. സ്ത്രീപുരുഷന്മാർ, വൃദ്ധർ, യുവാക്കൾ, ബന്ധുജനങ്ങൾ, അയല്പക്കങ്ങൾ, നാട്ടുകൂട്ടങ്ങൾ, എല്ലാം ഐക്യപ്പെടുന്നു. പരമ്പരാഗതമായ പിതൃമേധാവിത്വഘടനയെ തകർത്തുകൊണ്ട് സ്ത്രീപുരുഷന്മാർ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. സിക്കുകളും ജാട്ടുകളും, ഹിന്ദുക്കളും മുസ്ലീങ്ങളും, ജാട്ടുകളും ദളിതുകളും, കർഷകരും ആദിവാസികളും വ്യവസായിത്തൊഴിലാളികളും, വിദ്യാർത്ഥികളും തൊഴിലുള്ളവരും തൊഴിലില്ലാത്തവരും, നാഗരികരും ഗ്രാമീണരും, എൻ. ആർ. ഐ.-യും കുടിയേറ്റത്തൊഴിലാളിയും, എല്ലാം തന്നെ സമരച്ചൂളയിൽ ഉരുക്കിച്ചേർക്കപ്പെടുന്നു.

[1] ഈ പദത്തിന് കെ. ജി. എസ്സിന്റെ "തകഴിയും മാന്ത്രികക്കുതിരയും എന്ന കവിതയോട് കടപ്പാട്".

പഞ്ചാബിലെയും ഹരിയാനയിലെയും, യു. പിയിലെയും, രാജസ്ഥാനിലെയും, ഹിമാചലിലെയും, ജാർഖണ്ഡിലെയും, മദ്ധ്യപ്രദേശിലെയും, മഹാരാഷ്ട്രയിലെയും, ദക്ഷിണേന്ത്യയിലെയും പൂർവ്വ-പശ്ചിമ-ഇന്ത്യയിലെയും, കർഷകർ ഈ നവ സംശ്ലേഷണത്തിന്റെ രസായനവിദ്യയിൽ വ്യാമുഗ്ധരാകുന്നു. സൂക്ഷ്മദേശീയമായ വിശ്വാസ, മൂല്യ, നൈതിക, ഊർജ്ജങ്ങളാൽ പരിപോഷിതമായ ഈ സംശ്ലേഷണവിദ്യയിൽ ബഹുദേശീയതകൾ, ബഹുസാമുദായികതകൾ, ബഹുവർഗ്ഗങ്ങൾ ബഹുജാതികളെല്ലാം തന്നെ സംയോഗം ചെയ്യുന്നു. കക്ഷിരാഷ്ട്രീയപരവും, പ്രത്യശാസ്ത്രപരവും, ജാതീയവും മതപരവും വംശീയവും, വർഗ്ഗപരവുമായ സ്വത്വഭിത്തികൾ തകർത്ത് കർഷകർ ഒത്തു ചേരുന്നു.

വിരുദ്ധങ്ങളെന്നും വിപരീതങ്ങളെന്നും തോന്നുന്ന ആശയങ്ങളും സങ്കല്പങ്ങളും ഈ സംശ്ലേഷണ പ്രക്രിയയിൽ സമന്വയിക്കപ്പെടുന്നുണ്ട്. മാർക്സിന്റെയും ഗാന്ധിയുടെയും, അംബേദ്ക്കറുടെയും, ഗുരു നാനാക്കിന്റെയും, തേജ് ബഹദൂറിന്റെയും, രവിദാസിന്റെയും ഭഗത് സിങ്ങിന്റെയും, ആശയങ്ങൾ, സങ്കല്പങ്ങൾ, സ്വപ്നങ്ങൾ, തപസ്സിദ്ധികൾ, എല്ലാം തന്നെ, സംഭവത്തിന്റെ രാസപ്രവർത്തനത്തിൽ കടഞ്ഞെടുക്കപ്പെടുന്നു. ഈ മഥനത്തിൽ നിന്ന് നവ കർതൃത്വങ്ങൾ പിറന്നു വീഴുന്നു. ഇതാണ് കർഷകരുടെ "നവജനതയായിത്തീരൽ", "നവകർതൃത്വമായിത്തീരൽ." ഇതാണ് കർഷക സമരത്തിന്റെ ശുദ്ധ സംഭവം.

## രണ്ടു ഘട്ടങ്ങൾ

കർഷക സമരത്തിന്റെ സംഭവപരമായ മുന്നേറ്റത്തിൽ നിർണ്ണായകമായ രണ്ടു ഘട്ടങ്ങൾ അടയാളപ്പെടുത്തുവാൻ കഴിയും. 2020 നവമ്പർ 26-ന് പഞ്ചാബിൽ നിന്നും ഹരിയാനയിൽ നിന്നും 'ദില്ലി ചലോ' എന്ന മുദ്രാവാക്യവുമായി പുറപ്പെട്ട കർഷകർ പോലീസ്സുകാരാൽ വഴി തടയപ്പെട്ടപ്പോൾ ദേശീയ പാതയിലെ സിംഘു, തിക്രി, ഗാസിപ്പൂർ അതിർത്തികളിൽ നിലയുറപ്പിച്ച് കൊണ്ട് ഉപരോധ സമരത്തിലേർപ്പെടുന്നതാണ് കർഷക സമരത്തിന്റെ ആദ്യഘട്ടം. ജനുവരി 26-ലെ കർഷക റിപ്പബ്ലിക്ക് റാലിയെത്തുടർന്നുണ്ടായ അക്രമ സംഭവങ്ങളുടെയും ഭരണ കൂടത്തിന്റെ ഭാഗത്തു നിന്നുണ്ടായ അടിച്ചമർത്തലിന്റെയും ഫലമായി പ്രതിസന്ധിയിലായ സമരം ജനുവരി 28-നു രാകേഷ് തിക്കായത്ത് നടത്തിയ ധീരമായ ചെറുത്ത് നില്പിനെത്തുടർന്ന് പൂർവ്വാധികം ശക്തി പ്രാപിക്കുന്നു. ഇതാണ് കർഷക സമരത്തിന്റെ രണ്ടാം ഘട്ടം. സംഭവത്തിന്റെ രണ്ടാം സ്ഫോടനം. രണ്ടാമത്തെ അപദേശീകരണം (deterritorialization). കർഷക സമരത്തിന്റെ ഗതിയിൽ പ്രകടമായ ഒരു ദിശാമാറ്റം ഇവിടെ സംഭവിക്കുന്നു.

സമരം ആദ്യഘട്ടത്തിൽ ദില്ലിയിലെ അധികാര കേന്ദ്രങ്ങളെ സംബോധന ചെയ്യുകയും തലസ്ഥാന നഗരിയെ ലക്ഷ്യമാക്കി നീങ്ങുകയും തടയപ്പെട്ടപ്പോൾ ദേശീയ പാതയിൽ നിലയുറപ്പിച്ച് ദില്ലിയെ വളയുന്ന ഒരു ഉപരോധസമരമായി പരിണമിക്കുകയുമാണ് ചെയ്തത്. രണ്ടാം ഘട്ടത്തിലാവട്ടെ ഉപരോധസമരം അതേ രീതിയിൽ നില നിർത്തിക്കൊണ്ട് തന്നെ കർഷക പ്രക്ഷോഭത്തിന്റെ ഗതി ഉത്തരേന്ത്യൻ ഗ്രാമനഗരങ്ങളിലേക്കും ഇന്ത്യയുടെ ദക്ഷിണ, മദ്ധ്യ, പൂർവ്വ, പശ്ചിമ, മേഖല

കളിലേക്കും തിരിച്ച് വിടുവാനും അങ്ങനെ ഇന്ത്യൻ ജനതയുടെ നൈതികവും രാഷ്ട്രീയവുമായ ശക്തിചൈതന്യങ്ങളെ സമാഹരിച്ച് കൊണ്ട് പ്രക്ഷോഭത്തെ നവ സ്വാതന്ത്ര്യ സമരമായി, വിപ്ലവകരമായ ഒരു ജനാധിപത്യ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനുമുള്ള നീക്കങ്ങളാണുണ്ടാവുന്നത്.

ജനുവരി 28-നുശേഷം കർഷക സമരം കൂലം തകർത്തൊഴുകുന്ന ഒരു മഹാപ്രവാഹമായിത്തീരുന്നു. പഞ്ചാബിലെയും ഹരിയാനയിലേയും കർഷകരുടെ മുഖ്യ പങ്കാളിത്തത്തിൽ ഉപരോധ സമരവുമായി മുന്നോട്ട് പോയ കർഷക സമരം തിക്കായത്തിന്റെ ഗർജ്ജനമായി മാറിയ വിതുമ്പലുകളോടെ, പടിഞ്ഞാറൻ യു. പി.-യിലേക്കും യു. പി.-യുടെ മറ്റു പ്രദേശങ്ങളിലേക്കും ഉത്തരേന്ത്യൻ ഗ്രാമങ്ങളിലങ്ങോളമിങ്ങോളവും കൂടുതൽ ശക്തമായി ഒഴുകിപ്പടരുന്നു. ഹിന്ദു-മുസ്ലീം കലാപങ്ങൾ കത്തിയെരിച്ച മുസാഫർ നഗർ പോലുള്ള പ്രദേശങ്ങളിൽ ഹിന്ദു മുസ്ലീം കർഷകർ തോളോട് തോൾ ചേർന്ന് കർഷക നിയമങ്ങൾക്കെതിരേ സമരം ചെയ്യുന്നു. പഞ്ചാബ്, രാജസ്ഥാൻ, ഹിമാചൽ, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ ഗ്രാമ-നഗരാന്തരങ്ങളിൽ നിന്ന് ദില്ലിയിലെ സമരപ്പന്തലുകളിലേക്കും അവിടെ നിന്ന് തിരിച്ച് ഉത്തരേന്ത്യയിലെ ഗ്രാമ-നഗര-പ്രാന്തങ്ങളിലേക്കും മഹാരാഷ്ട്ര, ബംഗാൾ, ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലേക്കും ഒഴുകിപ്പടർന്ന്, വിഭിന്ന ജനതതികളെ സംയോജിപ്പിക്കുന്ന മഹാപ്രവാഹമായി കർഷകസമരം പെരുകിപ്പരക്കുന്നു. പരമ്പരാഗതമായി യാഥാസ്ഥിതികത്വത്തിന്റെയും ജാതീയതയുടെയും പുരുഷമേധാവിത്വത്തിന്റെയും കോട്ടകളായിരുന്ന ഉത്തരേന്ത്യയിലെ ഖാപ്പ് പഞ്ചായത്തുകളും മഹാ പഞ്ചായത്തുകളും പുരോഗമനപരമായ തീരുമാനങ്ങളെടുക്കുകയും ജാതിമതലിംഗ ദേശഭേദങ്ങളെ നിരാകരിക്കുന്ന ബഹുസഹസ്രം ജനങ്ങളുടെ സമ്മേളനവേദികളായി മാറുകയും ചെയ്യുന്നു. രാഷ്ട്രീയമായി പുനരുജ്ജീവനം നേടിയ ഈ കർഷക സഭകൾ സ്ത്രീകളുടെയും ദളിതുകളുടെയും, ആദിവാസികളുടെയും അഭൂതപൂർവ്വമായ പങ്കാളിത്തത്തിനും മുന്നേറ്റത്തിനും കളമൊരുക്കുന്നതും നാം കാണുന്നു.

ബഹുജനസംയോജന പ്രക്രിയയുടെ നവീന രാസവിദ്യയുമായി ഇന്ത്യയുടെ ദക്ഷിണ, പൂർവ്വ, പശ്ചിമ മേഖലകളിലേക്കെല്ലാം ഒരു സാംക്രമിക പ്രതിഭാസമായി കർഷക പ്രസ്ഥാനം പടർന്നു പിടിക്കുകയാണ്. ഗവണ്മെന്റിന്റെ അടിച്ചമർത്തലുകളും ദുഷ്പ്രചരണങ്ങളും മുറുകുന്നതിനനുസരിച്ച് പതിന്മടങ്ങു വേഗത്തിൽ വിദ്യാർഥികളും യുവജനങ്ങളും സർവ്വജനവിഭാഗങ്ങളും കർഷക സമരത്തിന്റെ സഹാനുഭാവികളായി മാറുന്നു. മുസാഫർ നഗർ, മഥുര, സിസൗലി, ഭാഗ്പത് (യുപി) തുടങ്ങിയ ജില്ലകളിൽ പതിനായിരങ്ങൾ അണി നിരന്ന കർഷക മഹാപഞ്ചായത്തുകൾ നവീനമായ ഒരു ജനാധിപത്യപ്രക്രിയയയുടെ ശക്തിപ്രഖ്യാപനമായിത്തീരുന്നു.

ഭരണകൂട ഭീകരതയും ബയോഭീകരതയും തമ്മിലുള്ള സംരചനയിൽ നിന്നു പിറന്നു വീണ അപവാദഭരണകൂടങ്ങൾ, അതീത ഭരണകൂടങ്ങൾ, എല്ലാ പ്രതിരോധങ്ങളെയും തകർത്ത് കൊണ്ട് അനിരുദ്ധങ്ങളായി മാറിയ ഒരു ഘട്ടത്തിൽ, രാഷ്ട്രീയം നിരോധിതവും, പ്രതിപക്ഷം നിശ്ശബ്ദവും നിസ്സഹായവുമാക്കപ്പെട്ട ആപൽ സന്ധിയിൽ, ജനാധിപത്യവും പ്രതിരോധവും സാധ്യമെന്നും, ജനതയുടെ വിരാട്ശക്തി

യ്ക്കു മുന്നിൽ ഫാസിസ്റ്റ് ഭരണകൂടത്തിന്റെ അക്ഷൗഹിണികൾ നിസ്തേജമെന്നും, കർഷക സമരസംഭവം തെളിയിച്ചു.

— 2.3 —

## "ജയിക്കും അല്ലെങ്കിൽ മരിക്കും"

> "The revolution of a gifted people, which we have seen unfolding in our day may succeed or miscarry; it may be filled with misery and atrocities... this revolution, I say, nonetheless finds in the hearts of all spectators... a wishful participation that borders closely on enthusiasm, the very expression of which is fraught with danger; this sympathy, therefore, can have no other cause than a moral predisposition in the human race" (Immanuel Kant, The Philosophy Faculty versus the Faculty of Law, Abaris Books Inc., New York, 1979, 153–155).

### സംഭവവും ആവിഷ്കാരവും

മനുഷ്യ "പുരോഗതിയുടെ" (നൈതികമായ മുന്നേറ്റത്തിന്റെ) ജീവൽ സാക്ഷ്യങ്ങളാണ് ഫ്രഞ്ച് വിപ്ലവം പോലുള്ള സംഭവങ്ങളെന്നും ഇത്തരം സംഭവങ്ങൾ പ്രതിനിധാന വിധേയമല്ലെന്നും അത് കൊണ്ട് തന്നെ ചരിത്ര-നിയമ-വ്യവഹാരങ്ങൾക്ക് സംഭവങ്ങളോട് നീതി പുലർത്താനാവുകയില്ലെന്നും ഫ്രഞ്ച് വിപ്ലവത്തിന്റെ സന്ദർഭത്തിൽ ഇമ്മാനുവൽ കാന്റ് പ്രസ്താവിക്കുകയുണ്ടായി. വിപ്ലവത്തിൽ അരങ്ങേറിയ ചരിത്രപരമായ പോരാട്ടങ്ങളും മഹാകൃത്യങ്ങളും അല്ല പ്രേക്ഷകരിൽ അതുളവാക്കിയ 'ആവേശം' എന്ന അദമ്യമായ ഭാവശക്തിയാണ് ഫ്രഞ്ച് വിപ്ലവത്തിന്റെ സംഭവത്വത്തെ സാക്ഷ്യപ്പെടുത്തുന്നതെന്നും അദ്ദേഹം സമർത്ഥിച്ചു. വിപ്ലവ സംഭവങ്ങളുടെ ചരിത്രപരമായ പരിണതികൾ എന്താണെങ്കിലും മനുഷ്യ പുരോഗതി സാധ്യമാണെന്നതിന്റെ (അനിർണ്ണേയമെങ്കിലും) അനശ്വര സാക്ഷ്യങ്ങളാണവയെന്നത്രേ "ഫാക്കൽട്ടികൾ തമ്മിലുള്ള സംഘർഷം" എന്ന വിഖ്യാതമായ പ്രബന്ധത്തിൽ കാന്റ് സ്ഥാപിക്കുന്നത്.

"സംഭവം" എന്നത് മനുഷ്യസമൂഹത്തിന് പുരോഗതി സാധ്യമാണെന്നതിന്റെ, "ചിഹ്ന"സാക്ഷ്യമാണ്. ഭൂതവർത്തമാന ഭവിഷ്യങ്ങളിലൂടെ പ്രവർത്തിക്കുന്ന ഒരു ആവിഷ്കാര പ്രക്രിയയെയാണ് (rememorativum, demonstrativum, pronosticum) കാന്റ് ചിഹ്നം എന്ന് വിളിക്കുന്നത്. അതായത് രേഖീയവും ദ്വികാലികവുമായി മുന്നേറുന്ന ചരിത്രവ്യവഹാരത്തിലൂടെ സംഭവത്തെ ആവിഷ്കരിക്കുക സാധ്യമല്ല. ചിഹ്ന സന്നിവേശത്തിലൂടെ മാത്രമേ സംഭവത്തെ അവതരിപ്പിക്കുവാനാവൂ.

ത്രികാലങ്ങളിലും സാധുവായ സാക്ഷ്യപ്പെടലാണ് ചിഹ്നം. മൂന്ന് തലങ്ങളിൽ, കാലങ്ങളിൽ, ആണ് അത് വ്യാപരിക്കുന്നത്. ഒന്ന്, കാര്യങ്ങളിങ്ങനെയായിരുന്നു എന്ന അനുസ്മരണ ചിഹ്നം; രണ്ട്, കാര്യങ്ങൾ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് തെളിയിക്കുന്ന പ്രത്യക്ഷസാക്ഷ്യചിഹ്നം; മൂന്ന്, കാര്യങ്ങൾ ഇങ്ങനെ സംഭവിക്കാം എന്ന ഭവിഷ്യചിഹ്നം.

ഫ്രഞ്ച് വിപ്ലവത്തെ ഒരു സംഭവചിഹ്നമെന്ന നിലയിൽ കാന്റ് വിശദീകരിക്കുന്നതിങ്ങനെയാണ്: ഒന്നാമതായി, വിപ്ലവം അതിന്റെ പ്രേക്ഷകരിൽ ഉളവാക്കുന്ന ആവേശം ഒരു സമൂഹം സാംസ്കാരികമായി ആർജ്ജിച്ച നൈതികമായ സംവേദ്യതയെ (sensitivity) ഉദാഹരിക്കുന്നു. രണ്ടാമതായി, മനുഷ്യർക്ക് സ്വന്തം തീരുമാനപ്രകാരം സ്വതന്ത്ര്യവും നീതി പൂർവ്വവും യുദ്ധരഹിതവുമായ ഒരു റിപ്പബ്ലിക്ക് സ്ഥാപിക്കാനാവുമെന്ന വിശ്വാസത്തിൽ അധിഷ്ഠിതമായ ഈ രാഷ്ട്രീയ മനോഭാവം സമകാലീന സമൂഹത്തിലും കാര്യക്ഷമമാണെന്നു സൂചിപ്പിക്കുന്നു. മൂന്നാമതായി, വിപ്ലവത്തിന്റെ ചില ഫലങ്ങൾ പരാജയമടഞ്ഞാലും ഈ ഭാവശക്തിയിലൂടെ വെളിപ്പെടുത്തപ്പെട്ട വിപ്ലവ-നൈതിക-മനോഭാവത്തെ ആർക്കും വിസ്മരിക്കുവാനാകില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു. ആവേശം എന്ന ഭാവശക്തി മനുഷ്യ പുരോഗതിയെ സാക്ഷ്യപ്പെടുത്തുന്ന ഒരു ത്രികാലചിഹ്നമാണെന്ന് കാന്റ് തെളിയിക്കുന്നതിങ്ങനെയാണ്.

ആവേശത്തിന്റെ ഈ ഭാവപ്രസരം കാന്റ് പറയുന്നത് പോലെ വിപ്ലവത്തിന്റെ കർത്താക്കളും കാണികളും തമ്മിലുള്ള വ്യത്യസ്തതയെക്കാൾ, ചരിത്രഘടകങ്ങളും ചരിത്രേതരമായ സർഗ്ഗാത്മകതയും (നീത്ചേ), അല്ലെങ്കിൽ, കാര്യസ്ഥിതികളും (states of affairs) സംഭവവും, തമ്മിലുള്ള വേർതിരിവിനെയാണ് ആത്യന്തികമായും സൂചിപ്പിക്കുന്നതെന്നാണ് ദെല്യൂസ് പറയുന്നത്. കാര്യനിലകളോ ജീവിതാനുഭവങ്ങളോ യുക്തിയുടെ പരാജയം മൂലമുള്ള നിരാശകളോ ഒന്നും തന്നെ വിപ്ലവോൽഭൂതമായ ഈ അന്തസ്ഥിത ആവേശത്തെ കെടുത്തുവാൻ പര്യാപ്തങ്ങളല്ല എന്നാണ് ദെല്യൂസിന്റെ കാഴ്ചപ്പാട്. "ഇവിടെ, ഈ നിമിഷത്തിൽ", അനന്തതയുടെ അവതരണമെന്ന നിലയിൽ സംഭവം ചിന്തയിൽ സൃഷ്ടിക്കുന്ന പ്രകമ്പനമാണ് ആവേശം.

## കർഷക സമരത്തിന്റെ തീക്ഷ്ണ ഭാവശക്തികൾ.

സൈദ്ധാന്തികമായ ഒരു അവലോകനത്തിന് ഇവിടെ തുനിയുവാൻ കാരണം സംഭവത്തെയും ചരിത്രവസ്തുതകളെയും വിവേചനം ചെയ്യുന്ന താത്വികമായ പരികല്പനകൾ നമ്മുടെ ചിന്താമണ്ഡലത്തിൽ ഇനിയും പരിചിതങ്ങളായിട്ടില്ല എന്നതിനാലാണ്. കർഷക സമരത്തെ സംബന്ധിച്ച് ഇന്ന് ലഭ്യമായ പഠനങ്ങളെല്ലാം തന്നെ മുഖ്യമായും, ജർണലിസത്തിന്റെയോ അതല്ലെങ്കിൽ ചരിത്ര-സാമൂഹ്യശാസ്ത്ര വ്യവഹാരങ്ങളുടെയോ പരിപ്രേക്ഷ്യത്തിലുള്ളവയാണ്.

കർഷക സമരത്തിന്റെ സംഭവത്വം മുഖ്യമായും നിലകൊള്ളുന്നത് അതിന്റെ ചരിത്രപരമായ ജയാപജയങ്ങളിലോ, അധികാരമണ്ഡലങ്ങളിൽ അതുളവാക്കുന്ന പ്രത്യാഘാതങ്ങളിലോ അല്ല മറിച്ച് പങ്കാളികളുടെ, അനുഭാവികളുടെ, മനസ്സിൽ, ജീവിതത്തിൽ, അതുല്പാദിപ്പിക്കുന്ന തീക്ഷ്ണവും ഉദാത്തവുമായ ഭാവശക്തി

(affects)കളിലാണ്. കാന്റ് ഫ്രഞ്ച് വിപ്ലവത്തിന്റെ കാണികളിൽ കണ്ടുപിടിച്ച ഹർഷാവേശം ഇവിടെ കർത്താക്കളിലും കാണികളിലും അനുഭാവികളിലും ഒരേ പോലെ അലയടിക്കുന്ന സ്നേഹാവേശം ആവുന്നു. സംഭവം ഉല്പാദിപ്പിക്കുന്ന ഉദാത്ത ഭാവം ഇവിടെ വീരോദാത്തം അല്ലെങ്കിൽ സ്നേഹോദാത്തം ആകുന്നു.

ഭാവനാശക്തിയെയും, ഇല്ലാതാവലിന്റെ ഭീഷണിയെ ചെറുക്കുവാനുള്ള മാനവികമായ ഇച്ഛാശക്തിയേയും, പ്രശ്നവസ്തുവിനെ മനസ്സിലാക്കുവാനുള്ള നമ്മുടെ കഴിവിനേയും ഉല്ലംഘനം ചെയ്യും വിധം അനന്തതയുടെ ആശയങ്ങൾ അവതരിപ്പിക്കപ്പെടുന്നതിനെയാണ് ഉദാത്തം (sublime) എന്ന് വിളിക്കുന്നത്. അതായത് അസാധ്യത്തെ സാധ്യമാക്കുന്ന നൈതിക-രാഷ്ട്രീയ പ്രയോഗങ്ങളിൽ നിന്നും മൂല്യപരവും സൃഷ്ട്യാത്മകവുമായ കുതിപ്പുകളിൽ നിന്നും ആയിത്തീരലിന്റെ ഊർജ്ജസ്ഫോടനങ്ങളിൽ നിന്നുമാണ് ഉദാത്തം ഉല്പന്നമാകുന്നത്. കൊടുംശൈത്യത്തെയും, ഭരണകൂടത്തിന്റെ സായുധ സൈനിക സന്നാഹങ്ങളെയും കൊറോണാ വൈറസ്സിന്റെ ഭീഷണ സാന്നിദ്ധ്യത്തെയും മറികടന്നു കൊണ്ട് ഫാസിസ്റ്റ് ഗവണ്മെന്റിനെ പ്രതിസന്ധിയിലാക്കുവാൻ കർഷക സമരത്തിനു കഴിഞ്ഞു എന്നതിനേക്കാൾ അഹിംസാത്മകവും അക്രമരഹിതവുമായ ഒരു സമരരൂപം അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ് കർഷകസമരത്തെ ‘സംഭവ’മാക്കുന്നത്. ഭരണകൂടഭീകരതയെയും ഫാസിസത്തിന്റെ ദ്വേഷവിഷൂചികയേയും നേരിടുവാൻ യുദ്ധമോ, പ്രതി-ഭീകരതയോ അല്ല ശാന്തവും സക്രിയവും സ്നേഹാധിഷ്ഠിതവുമായ അഹിംസയാണ് ഏറ്റവും ശക്തവും യുക്തവും സഫലവുമായ സമരമാർഗ്ഗം എന്ന് ലോകജനതയോട് വിളംബരം ചെയ്യുന്ന കർഷക സമരം. ധീരത, ഇച്ഛാശക്തി, നിശ്ചയദാർഢ്യം, ആത്മത്യാഗം, അർപ്പണബോധം, സഹാനുഭാവം, സേവനസന്നദ്ധത, സമത്വബോധം, വിശ്വാസം, ആത്മീയമായ ശക്തി, സ്വാതന്ത്ര്യബോധം, അഹിംസ, ഇങ്ങനെ അത്യുൽകൃഷ്ടമായ മൂല്യങ്ങളാൽ ദീപ്തമാക്കപ്പെട്ട ഒരു കർതൃവ്യൂഹത്തെയാണ് കർഷകസമരം വിളയിച്ചെടുത്തത്.

കർഷകരുടെ സൂക്ഷ്മദേശീയമായ ജീവിതാവാസവ്യവസ്ഥയ്ക്കുള്ളിൽ വിളയിച്ചെടുത്ത വിശ്വാസ-മൂല്യ സംഹിതകളാണ് ഈ കർതൃനിർമ്മിതിയ്ക്ക് പിന്നിൽ. ഗുരുനാനാക്ക്, തേജ്ബഹദൂർ, രവിദാസ്, ഭഗത് സിംഗ് തുടങ്ങിയ ഗുരുപരമ്പരകൾ ചോരയിൽ ചാലിച്ച പ്രബുദ്ധമായ നൈതിക-ആത്മീയ-മൂല്യങ്ങളെ രാഷ്ട്രീയ സമരാഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത പഞ്ചാബിലെയും ഹരിയാനയിലെയും സിക്ക്, ജാട്ട്, കർഷകരാണ് ഈ മഹാപ്രക്ഷോഭത്തിനു മുൻകൈയെടുത്തതെന്നതും ശ്രദ്ധേയമത്രേ. സൂക്ഷ്മദേശീയമായ ഒരു ചൈതന്യരാശിയിൽ നിന്നാണ് ഉദാത്തത്തിന്റെ ഈ ഭാവമണ്ഡലം ഉരുത്തിരിഞ്ഞു വരുന്നത്.

## “ജയിക്കും അല്ലെങ്കിൽ മരിക്കും”

“ജയിക്കും അല്ലെങ്കിൽ മരിക്കും” എന്ന രാഷ്ട്രീയ-നൈതിക പ്രസ്താവമാണ് കർഷകസമരത്തിന്റെ “സംഭവവാക്യം” (ബാദ്യൂ പറയുന്ന evental statement). സമരത്തിന്റെ ഏറ്റവും സന്ദിഗ്ധ നിമിഷങ്ങളിൽ, പ്രതിസന്ധിഘട്ടങ്ങളിൽ, കർഷക കണ്ഠങ്ങളിൽ നിന്നുയർന്നുവന്ന മൃത്യുഞ്ജയമന്ത്രവും പ്രത്യാജ്ഞാവാക്യങ്ങളുമായിരു

ന്ന (counter-order words) അത്. മന്ത്രിമാരും അധികാരികളുമായി കർഷകർ നടത്തിയ നിർണ്ണായകമായ കൂടിയാലോചനകളുടെ സന്ദർഭത്തിൽ, ചർച്ച വഴിമുട്ടുന്ന ഘട്ടത്തിൽ കർഷക നേതാക്കൾ പ്ലാക്കാർഡിലെഴുതിക്കാണിച്ചതും, ഗാസിപ്പൂർ സമരപ്പന്തലിൽ പോലീസ്സ് സൈന്യം അറസ്റ്റ് ചെയ്യാൻ വളഞ്ഞപ്പോൾ സമര നേതാവായ രാകേഷ് തിക്കായത്ത് ഭാവഗർഭമായി ഉച്ചരിച്ചതും-നിർണ്ണായകമായ ഈ 'സംഭവവാക്യ'മാണ്. തിക്കായത്തിന്റെ തീമൊഴികൾ സമരം നിർത്തി വീട്ടിലേക്കു മടങ്ങുന്ന കർഷകരുടെയും യു. പിയിലെയും, ഹരിയാനയിലെയും പഞ്ചാബിലെയും ഇന്ത്യയിലെങ്ങുമുള്ള കർഷകരുടെയും ഹൃദയത്തിൽ പ്രത്യാജ്ഞാവാക്യങ്ങളായി തറയ്ക്കുകയും അത് സൃഷ്ടിച്ച രാഷ്ട്രീയോദാത്തത്തിന്റെ ഭാവവിസ്ഫോടനങ്ങൾ സമരമുഖങ്ങളിലേക്ക് അവരെ പ്രവഹിപ്പിക്കുകയും ചെയ്തതെങ്ങിനെ എന്ന് നാം കണ്ടു.

ജയം എന്നത് ഇവിടെ വെറും അതിജീവനമോ, അഹന്തയുടെയോ അധികാരത്തിന്റെയോ സംസ്ഥാപനമോ, കീഴടക്കലോ അല്ല, സ്വാതന്ത്ര്യത്തിന്റെ, ആശയത്തിന്റെ, നൈതിക-രാഷ്ട്രീയത്തിന്റെ, മേല്ക്കൈ നേടലാണ്. മരണം ഇവിടെ പൂർണ്ണജീവിതത്തിന്റെ, സ്വതന്ത്രവും മൂല്യനിർഭരവുമായ വാഴ്വിന്റെ, സമ്പൂർണ്ണാവിഷ്ക്കാരമാണ്. ജീവിതവും മരണവും തമ്മിൽ വൈപരീത്യമല്ല പരസ്പരപൂരകത്വമാണുള്ളതെന്ന കരുതുന്ന, ജീവചൈതന്യത്തിന്റെ, ജൈവികവും അജൈവികവുമായ സർവ്വഭൂതങ്ങളുടെയും അന്തസ്ഥിത ശക്തി (potentia) യുടെ, പൂർണ്ണ പ്രതിജ്ഞാപനമായി ജീവിതത്തെയും മരണത്തെയും വീക്ഷിക്കുന്ന ഉന്നതമായ ഒരു ജീവിത-മരണ ദർശനത്തിൽ (vitalism) നിന്നാണ് കർഷകരുടെ ഈ പരിത്യാഗസന്നദ്ധത ആവിർഭവിക്കുന്നത്. മതപരമായ ബലിയിൽ നിന്നും, പിൻവാങ്ങുന്നവന്റെ ആത്മഹത്യാഭിരുചിയിൽ നിന്നും, വ്യത്യസ്തമാണ് ജീവിതമൂല്യങ്ങളുടെ പൂർണ്ണാവിഷ്ക്കാരമായി മരണത്തെ അഭിദർശിക്കുന്ന ഈ ഉദാത്തമായ നിലപാട്. അപവാദഭരണകൂടങ്ങൾ (States of exception) പൗരജീവിതത്തെ "വെറും" ജീവിതമാക്കിക്കൊണ്ടാണ് തങ്ങളുടെ അമിതാധികാരങ്ങൾ സംസ്ഥാപിക്കുന്നതെന്ന് അഗംബൻ പറയുന്നു. എന്നാൽ ഈ സങ്കല്പത്തിനു വിപരീതമായി, "വെറും" ജീവിതത്തെ (bare life) നിരാകരിച്ച് കൊണ്ട് പൂർണ്ണജീവിതം അല്ലെങ്കിൽ മരണം എന്ന് പ്രഖ്യാപിക്കുന്ന അത്യുന്നതമായ സ്വാതന്ത്ര്യബോധത്തിന്റെ ആവിഷ്ക്കരണമായി മാറുന്നു ഇവിടെ രാഷ്ട്രീയം.

ജീവിതവും മരണവും തമ്മിലുള്ള നൈതികമായ ഈ ഉടമ്പടിയാണ് ബയോഭീകരതയ്ക്കും ഭരണകൂട ഭീകരതയ്ക്കുമെതിരെയുള്ള ധീരമായ ഈ ചെറുത്തുനില്പിന്റെ ആന്തരിക ശക്തി എന്നും കർഷകരുടെ ത്യാഗസന്നദ്ധതയും മൂല്യ നിഷ്ഠയുമാണ് ഇന്ത്യൻ ജനാധിപത്യത്തെ വീണ്ടെടുക്കുവാൻ വേണ്ടിയുള്ള ഈ സമരത്തിന്റെ ഭൗതിക-ആത്മീയ വീര്യം എന്നുമുള്ള തിരിച്ചറിവാണ് സമര കർത്താക്കളിൽ, സഹാനുഭാവികളായ ജനങ്ങളിൽ, ആവേശത്തിന്റെ ഉദാത്ത ഭാവശക്തികൾ ഉല്പാദിപ്പിക്കുന്നത്.

.

— 2.4 —

## ഭാവശക്തികളുടെ പോരാട്ടം

### ഉദാത്തത്തിന്റെ നിർമ്മിതി

കർഷക സമരം നിർവ്വഹിച്ച വിപ്ലവകരമായ അപദേശീകരണത്തിന്റെ (deterritorialization) ഏറ്റവും ഉജ്ജ്വലമായ നിദർശനങ്ങളാണ് എഴുപതും എൺപതുകളും കടക്കുന്ന വൃദ്ധകർഷകരുടെയും അതോടൊപ്പം സ്ത്രീകളുടെയും യുവാക്കളുടെയും കുട്ടികളുടെയും കുടുംബാംഗങ്ങളുടെയും സജീവ സാന്നിധ്യം, പങ്കാളിത്തം.

### കർഷക "ഋഷിമാർ"

കുടുംബാംഗങ്ങളുടെ സ്നേഹശുശ്രൂഷയേറ്റ്, പേരക്കുട്ടികളെക്കളിപ്പിച്ച്, സ്വസ്ഥമായ വിശ്രമജീവിതവുമായി വീട്ടിൽക്കഴിച്ചു കൂട്ടേണ്ട മുതിർന്ന പൗരന്മാർ, കൊറോണയിൽ നിന്ന് രക്ഷനേടാൻ റിവേഴ്സ്-ക്വാറന്റൈനും, സാമൂഹ്യ അകലവും പാലിച്ച് ഗൃഹാന്തർജ്ജീവികളാകുവാൻ നിർദ്ദിഷ്ടരായ വയോധനന്മാർ, ദില്ലിയുടെ കൊടുംശൈത്യത്തിൽ, ദേശീയപാതയിലെ സമരപ്പന്തലിൽ, തപസ്വികളെപ്പോലെ ശാന്തരായി, നിർഭയരായി, പകയോ വിദ്വേഷമോ കാലുഷ്യമോ തീണ്ടാതെ, സമരതപസ്സിൽ മുഴുകിയിരിക്കുന്ന രംഗം ജനമനസ്സുകളിൽ സൃഷ്ടിച്ച വീറും പ്രത്യാശയും സഹാനുഭാവവും സീമാതീതമായിരുന്നു.

ജീവിതത്തിന്റെ അന്തിമഘട്ടങ്ങളിൽ, മിഷെൽ ഫൂക്കോ നിർദ്ദേശിക്കുന്ന പോലെ, ആത്മ പരിപാലനവും (care of self) രാഷ്ട്രീയ സമരവും ഒത്തിണക്കി, നവീനമായ ഒരു റിപ്പബ്ലിക്കിന്റെ നിർമ്മിതിയ്ക്കായി രാഷ്ട്രീയ യജ്ഞത്തിലേർപ്പെട്ട ഈ കർഷക 'ഋഷി'മാർ സ്വാതന്ത്ര്യവും മരണവുമായുള്ള ഉടമ്പടിയിൽ ഒപ്പുവച്ച നൈതിക കർത്തൃത്വങ്ങളാണ്. പരമ്പരാഗത കാർഷിക സമൂഹത്തിന്റെ പിതൃ മേധാവി സ്വരൂപങ്ങളല്ല, സ്വയം ഇളയവൽക്കരിക്കുകയും (minorize) പെണ്മയുമായി ഈണപ്പെടുകയും ആത്മഹത്യയെ തിരസ്കരിച്ച് ആത്മാപരങ്ങളെ പരിലാളിക്കുകയും ചെയ്യുന്ന സ്വതന്ത്ര കർത്തൃത്വങ്ങൾ. സേവയും രാഷ്ട്രീയ പ്രതിരോധവുമാണ് ആത്മപരിചരണമെന്ന് ഉദ്ബുദ്ധരായവർ. ഉദാത്തത്തിന്റെ രചയിതാക്കൾ, സംപ്രേഷകർ.

### പെണ്മയുടെ രാഷ്ട്രീയാരോഹണം

പുരുഷാധിപത്യ സമൂഹത്താൽ ഇരകളാക്കപ്പെട്ടവരും നിഷ്ക്രിയരുമായ ഇന്ത്യൻ സ്ത്രീകൾ എന്ന പരമ്പരാഗത ദുരന്താഖ്യായികയെ തകർത്ത് കൊണ്ട് സക്രിയമായ

കർത്തൃ സ്ഥാനത്തേക്ക് സ്ത്രീകൾ എത്തിച്ചേരുന്ന പ്രസ്ഥാനങ്ങളാണ് ഷഹീൻബാഗ് സമരവും കർഷക സമരവും. യു. പി., പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിൽ കലാകാലങ്ങളായി നില നിന്ന പിതൃമേധാവിത്വ ക്രമത്തിനുള്ളിൽ ശ്വാസം മുട്ടിക്കഴിഞ്ഞ സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ആരോഹണമാണ് കർഷക സമരത്തെ ഉജ്ജ്വലവും ഉദാത്തവുമാക്കുന്നത്. മൂടുപടമണിയാതെ വീടിനു വെളിയിലേക്ക് പോകാൻ ധൈര്യപ്പെടാത്തവർ, അനുവദിക്കപ്പെടാത്തവർ, ജീവിതത്തിലാദ്യമായി മുഖാവരണമില്ലാതെ, ചമയങ്ങളില്ലാതെ ലോകപ്രത്യക്ഷരായി. അമ്മ, പുത്രി, ഭാര്യ, അമ്മൂമ്മ എന്നിങ്ങനെയുള്ള വേഷങ്ങളിൽ കുടുംബത്തിന്റെ അഴികൾക്കുള്ളിൽ തളയ്ക്കപ്പെട്ടവർ സ്വതന്ത്ര സ്വത്വങ്ങളായി നൈതിക നവ കർത്തൃത്വമായി ദേശീയ പാതയിലെ സമരപ്പന്തലുകളിൽ പൂർണ്ണ പ്രഭാവത്തോടെ പാറിനടന്നു. പുരുഷ കർഷക വാഹനമെന്ന് കരുതപ്പെട്ടിരുന്ന ട്രാക്ടറുകളെ അവർ സ്ത്രൈണ വാഹനമാക്കി, നവ വേഗങ്ങളുടെ, വിമാനങ്ങളാക്കി, സ്വാതന്ത്ര്യത്തിന്റെ ആകാശയാനങ്ങളാക്കി. ട്രാക്റ്റർ റാലികളിൽ സാരഥ്യം വഹിച്ചു. സ്ത്രീകൾ നിർവ്വഹിച്ച വിപ്ലവകരമായ അപദേശീകരണത്തിന്റെ ആഘോഷവും പ്രതീകവുമായി സ്ത്രീകളുടെ ട്രാക്റ്റർ റാലികൾ, മൂടുപടങ്ങൾ ചീന്തിയെറിഞ്ഞ സമരപ്പന്തലുകൾ.

മുൻകാലങ്ങളിലെ കർഷക പ്രതിഷേധങ്ങളിൽ നിന്ന് വ്യത്യസ്ഥമായി മുദ്രാവാക്യം മുഴക്കുകയും പ്രസംഗവേദികളിൽ തീപ്പൊരികളായി മാറുകയും ചെയ്ത് സ്ത്രീകൾ സമരത്തിന്റെ മുൻപന്തിയിൽ നിലകൊണ്ടു. യുവതികളും, മദ്ധ്യ വയസ്കകളും, വൃദ്ധകളും, വിദ്യാർത്ഥിനികളും, വിധവകളും ദളിതുകളും, ആദിവാസികളുമെല്ലാമടങ്ങിയ സ്ത്രീ സമൂഹം. ട്രാക്ടറുകകളോടിച്ച് 'പറക്കാൻ പഠിക്കുകയും' കലാപ ഗാനങ്ങൾ ആലപിക്കുകയും ദേശീയ പാതകളെ നവ വസതികളാക്കി മാറ്റുകയും ചെയ്തവർ. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പെണ്ണായിത്തീരലും (becoming woman) പെണ്മയുടെ രാഷ്ട്രീയാരോഹണവും: ഇതാണ് കർഷകരുടെ സമരപ്പന്തലുകളും, ട്രാക്ടർ റാലികളും സാക്ഷ്യപ്പെടുത്തുന്നത്.

ദക്ഷിണ പഞ്ചാബിലെ സൻഗ്രൂർ, ബർണാലാ, ബതീൻഡ എന്നീ പ്രദേശങ്ങളിൽ ആത്മഹത്യചെയ്ത രണ്ടായിരത്തോളം കർഷകരുടെ വിധവകളാണ് തിക്രിയിൽ ആദ്യ ഘട്ടത്തിൽ നടന്ന പ്രതിഷേധ സമരത്തിൽ പങ്കെടുത്തത്. ഭാരതീയ കിസാൻ യൂണിയൻ (BKU), ഏക്താ ഉഗ്രഹാൻ, ബി. കെ. യു., ദാകുണ്ഡാ, കീർത്തി കിസാൻ യൂണിയൻ, പഞ്ചാബ് കിസാൻ യൂണിയൻ മഞ്ച് തുടങ്ങിയ കാർഷിക സംഘടനകളുടെ അംഗങ്ങളായ നിരവധി സ്ത്രീകൾ തിക്രി, സിംഘു, ഗാസിപ്പൂർ അതിർത്തികളിലും ദില്ലി-ആഗ്ര-പൽവൽ അതിർത്തികളിലും ശ്രദ്ധേയമായ സാന്നിദ്ധ്യമായി. വൃദ്ധ സ്ത്രീകൾ പ്രകടനം നടത്തുകയും മുദ്രാവാക്യം വിളിക്കുകയും ലംഗറുകൾ സംഘടിപ്പിക്കുകയും പാചകത്തിനും ശുചീകരണത്തിനും, പ്രതിഷേധ റാലികൾക്കും നേതൃത്വം നൽകുകയും ചെയ്തു. ട്രോളി ടൈംസ് എന്ന വാർത്താ ചാനൽ ആരംഭിച്ചതു തന്നെ സ്ത്രീകളാണ്.

സമരത്തിന്റെ ആദ്യ ദിവസങ്ങളിൽ സ്ത്രീകളുടെ അവകാശത്തിനായി നിലകൊള്ളുന്ന ആക്റ്റിവിസ്റ്റായ സുദേഷ് ഗോയാത് മാത്രമായിരുന്നു മുഖ്യമായും തിക്രിയിലെ സമര സ്ഥലത്തുണ്ടായിരുന്നത്. എന്നാൽ സ്ത്രീകളും വൃദ്ധരും സമരത്തിൽ നിന്ന് പിൻവാങ്ങണം എന്ന് സുപ്രീം കോടതി നിർദ്ദേശിപ്പോൾ നിരവധി സ്ത്രീകൾ, കുടും

ബങ്ങളൊത്തും, അല്ലാതെയും സമരസ്ഥലത്തേക്ക് പ്രവഹിച്ചു. സ്ത്രീകളുടെ അവകാശത്തെപ്പറ്റിയും, സ്ത്രീസമത്വത്തെപ്പറ്റിയും, ഗ്രാമീണ കർഷക മേഖലയിൽ സ്ത്രീകളുടെ സുപ്രധാനമായ പങ്കിനെപ്പറ്റിയും ആർത്തവ സംബന്ധിയായ അപ്പാർത്തൈഡിനെപ്പറ്റിയും നിരവധി ചർച്ചകൾ സമരവേദിയിൽ സംഘടിപ്പിക്കപ്പെട്ടു. മുഖപടം (ഘൂംഘട്ട്) ഇല്ലാതെ ഇതേവരെ പുറത്തിറങ്ങിയിട്ടില്ലാത്തെ അമ്പത്തഞ്ചു വയസ്സുകാരിയായ സുദേഷ് കണ്ടേല തിക്രി സമരപ്പന്തലിൽ വച്ചു മുഷ്ടി ചുരുട്ടിക്കൊണ്ട് പറഞ്ഞ വാക്കുകൾ: "ഭാര്യ, അമ്മ എന്ന നിലയ്ക്കപ്പുറത്ത് എനിക്കെന്തൊക്കെ ചെയ്യുവാൻ കഴിയും എന്ന് ഇതിനു മുമ്പ് ഞാൻ മനസ്സിലാക്കിയിരുന്നില്ല... എന്നെ അടിച്ചമർത്താനോ, ഭീഷണിപ്പെടുത്തുവാനോ, വിലയ്ക്കു വാങ്ങുവാനോ ഇനിമേൽ ആർക്കും കഴിയില്ല" (Time, March 4, 2021).

ജനുവരി 18, 2021, 'മഹിളാ കിസാൻ ദിവസ്' ആയി കർഷകർ ആചരിച്ചു. സിംഘുവിലെ സമരപ്പന്തലിൽ വേദിയിലും താഴെയുമായി ആയിരക്കണക്കിന് സ്ത്രീകൾ പച്ചപ്പതാകകൾ വീശി അണിനിരന്നു. അവർ ഉയർത്തിപ്പിടിച്ച പ്ലാക്കാർഡുകളിലെ വരികൾ ഇതായിരുന്നു: "സ്ത്രീകളുടെ സ്ഥാനം വിപ്ലവത്തിനുള്ളിലാണ്". ദെൽഹിയിൽ പുരുഷന്മാർ സമരപ്പന്തലിൽ ഇരിക്കുമ്പോൾ നാട്ടിൽ, കൃഷിക്കാര്യങ്ങളും കുടുംബകാര്യങ്ങളും നോക്കി വന്ന സ്ത്രീകൾ സമരവുമായി ബന്ധപ്പെട്ട സർവ്വസംഭവങ്ങളും വിവരങ്ങളും ശ്രദ്ധാപൂർവ്വം പിന്തുടർന്നിരുന്നു.

അഖിലേന്ത്യാ അംഗൻവാടി തൊഴിലാളി ഫെഡറേഷന്റെ ദേശീയ അദ്ധ്യക്ഷയായ ഹർ ഗോബിന്ദ് കൗർ സ്ത്രീകൾ സമരത്തിൽ നിന്ന് പിന്തിരിയണമെന്ന സുപ്രീം കോടതിയുടെ അഭ്യർഥനയ്ക്ക് മറുപടിയായി പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "സുപ്രീം കോടതി കരുതുന്ന പോലെ സഹതാപം അർഹിക്കുന്ന ദുർബ്ബലകളല്ല ഞങ്ങൾ. നാട്ടിൽ കൃഷി സ്ഥലങ്ങൾ നോക്കി നടത്തുന്ന പോലെ വിപ്ലവം നടത്താനും നേതൃത്വം വഹിക്കുവാനും ഞങ്ങൾക്കു കഴിയും" (The Print, 10 April, 2021).

അന്തർദ്ദേശീയ വനിതാദിനമായ മാർച്ച് 8ന്, ആയിരക്കണക്കിനു സ്ത്രീകളാണ് സിംഘു, തിക്രി, ഗാസിപ്പൂർ സമരപ്പന്തലുകളിലേക്ക് പ്രവഹിച്ചത്. സമരത്തിന്റെ പൂർണ്ണ നിയന്ത്രണം അന്ന് സ്ത്രീകൾ ഏറ്റെടുത്തു. ഗ്രാമങ്ങളിൽ, മാർക്കറ്റുകളിൽ, ഗുരുദ്വാരകളിൽ നിന്ന് കർഷക പ്രക്ഷോഭത്തെ, വേദാന്തയുടെ തെർമൽ പ്ലാന്റുകൾ, അദാനിയുടെയും അമ്പാനിയുടെയും ഉടമസ്ഥതയിലുള്ള മാളുകൾ, വെയർ ഹൗസുകൾ, റിലയൻസിന്റെ പെട്രോൾ പമ്പുകൾ, ടോൾ പ്ലാസകൾ, എന്നിങ്ങനെയുള്ള കോർപ്പറേറ്റ് സന്നിധാനങ്ങളിലേക്ക് കർഷക സ്ത്രീകൾ കൊണ്ടു ചെന്നു. പഞ്ചാബിലെ പ്രതിഷേധ കേന്ദ്രങ്ങളിൽ സ്ത്രീകൾ ചരമവിലാപഗാനങ്ങൾ (പിട് സിയപ്പ) ആലപിച്ചു.

ദളിത് അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ദളിത് കർഷക സ്ത്രീ സംഘടനകളും, ആദിവാസി സ്ത്രീ സംഘടനകളും, യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥിനികളും ഈ സമരത്തിൽ തോളോടു തോൾ ചേർന്നു. സ്ത്രീ ശാക്തീകരണത്തിന്റെ സജീവവും വിപ്ലവകരവുമായ ആവിഷ്ക്കാരങ്ങളാണ് കർഷക സമരം കാഴ്ചവച്ചത്. ഭരണതലത്തിലും ഔദ്യോഗിക തലത്തിലും ഔപചാരികമായി നടത്തി വരുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയിൽ നിന്നും വ്യത്യസ്ഥമായി സ്ത്രീകൾ തങ്ങളുടെ അന്തഃസ്ഥിതമായ ആത്മശക്തിയെ (സ്പിനോസ സൂചിപ്പിക്കുന്ന potentia) പരിപോഷിപ്പിക്കുകയും, സ്വതന്ത്ര കർത്തൃത്വങ്ങളായി മാറുകയും സാമൂഹ്യ മാറ്റങ്ങൾക്ക് നേതൃത്വം നൽ

കുന്ന രാഷ്ട്രീയ നൈതിക ശക്തിയായിത്തീരുകയും ചെയ്യുന്ന വിപ്ലകരമായ പ്രക്രിയയാണ് ഇവിടെ സ്ത്രീ ശാക്തീകരണം.

കർഷകസമരത്തിന് ദീർഘകാലം പിടിച്ച് നിൽക്കുവാനും പതറാതെ മുന്നോട്ട് നീങ്ങുവാനും കഴിഞ്ഞത് സ്ത്രീകളുടെ സജീവ സാന്നിദ്ധ്യവും നേതൃത്വവും കൊണ്ടാണെന്നത് വ്യക്തമാണ്. പിതൃ പുരുഷ സമൂഹത്തെയും തങ്ങളെത്തന്നെയും അപദേശീകരിച്ച് കൊണ്ട് തങ്ങളുടെ അപാരമായ ശക്തി ചൈതന്യങ്ങളെന്തെന്ന് സ്വയം കണ്ടെത്തുകയും, സ്ത്രൈണ മൂല്യങ്ങളാൽ ഇന്ത്യൻ രാഷ്ട്രീയത്തെ നൈതികവൽക്കരിക്കുകയും ചെയ്തുകൊണ്ട് കർഷക പ്രക്ഷോഭത്തിന്റെ ദിശ തിരിച്ച് വിട്ട സ്ത്രീകർതൃത്വങ്ങൾ സ്നേഹോദാത്തത്തിന്റെ മുഖ്യസ്രഷ്ടാക്കളും പ്രസാരകരുമായി.

## ഭാവശക്തികളുടെ ഏറ്റുമുട്ടൽ

കൊടും മഞ്ഞിൽ, ശീതപാതത്തിൽ, വേനൽച്ചൂടിൽ, രാപ്പകലെന്നില്ലാതെ പൊതുപാതയിലെ സമരപ്പന്തലിൽ സത്യാഗ്രഹികളായി സമരം ചെയ്യുന്ന കർഷകർ രാജ്യാതിർത്തികൾ കാക്കുവാനായി മലനിരകളിൽ തമ്പടിച്ച ജവാന്മാരെപ്പോലെത്തന്നെ, ജനാധിപത്യത്തെയും, ഭരണഘടനയെയും വീണ്ടെടുക്കുവാനായി തപം ചെയ്യുന്നവരാണെന്ന രാഷ്ട്രീയ ബോധ്യം പ്രേക്ഷക ജനഹൃദയങ്ങളെ സ്നേഹാർദ്രവും കൃതജ്ഞവുമാക്കി. സ്നേഹവും ബലിയും ധീരതയും, സമർപ്പണവുംകൊണ്ട്, ശിഖ കർഷകർ, ജാട്ട് കർഷകർ, ദളിത് കർഷകർ, കർഷകസ്ത്രീകൾ യുവാക്കൾ, വൃദ്ധർ, കുട്ടികൾ, ബഹുജനമനസ്സിൽ ഉദാത്തത്തിന്റെ തീക്ഷ്ണഭാവശക്തികൾ, സ്നേഹാവേശത്തിന്റെ വിദ്യുത്സ്ഫുലിംഗങ്ങളുണർത്തി.

ഒരു സമരരംഗത്തെയോ യുദ്ധരംഗത്തെയോ അല്ല, ഒരു തീർത്ഥാടനകേന്ദ്രത്തെയോ, തപോവാടത്തെയോ, ആത്മീയമായ ഒരു ഉൽസവരംഗത്തെയോ, ശാന്തവും ആഹ്ലാദ പൂർണ്ണവുമായ ഒരു ഗ്രാമാന്തരീക്ഷത്തെയോ, സജീവമായ ഒരു മിനി ടൗൺ ഷിപ്പിനെയോ ആണ് ദേശീയ പാതയിലെ സമരപ്പന്തലുകൾ ഓർമ്മിപ്പിച്ചത്. യുദ്ധ സന്നാഹത്തോടെ വളഞ്ഞു നിൽക്കുന്ന പോലീസ് സേനയ്ക്കടുത്ത്, ടെന്റുകൾക്കുള്ളിൽ, പ്രത്യാശയുടെ പുഞ്ചിരിയോടെ കൂസലെന്യേ വിളയാടുന്ന കുഞ്ഞുകുട്ടികളും അവരെ പരിലാളിക്കുന്ന മുത്തുമുത്തശ്ശന്മാരു മുത്തശ്ശിമാരും അച്ഛനമ്മമാരും ദേശീയ പാതയെ കളിസ്ഥലവും ക്ലാസ്സ് റൂമും, ഓൺലൈൻ പണിയിടവുമാക്കുന്ന കുമാരന്മാരും, യുവാക്കളും അടങ്ങുന്ന ശിഖകുടുംബങ്ങൾ ഇതേവരെയറിയാത്ത, ധീരതയുടെയും കുടുംബ-വംശ-ആനന്ദങ്ങളുടെയും പുതുപുരാണങ്ങൾ വിരചിച്ചു. മർദ്ദിക്കാനടുക്കുന്ന പോലീസ്സുകാർക്കും വെള്ളവും ഭക്ഷണപ്പൊതികളും നൽകിയ ബോധിസത്വന്മാരായി സമരക്കാർ. സദാ സമയവും സജീവമായ ലംഗറുകൾ സമരക്കാരെയും, അനുഭാവികളെയും സർവ്വരേയും ഊട്ടുന്ന അന്നയന്ത്രങ്ങളായി. സമരദിനങ്ങളോരോന്നും ഊട്ടുപെരുന്നാളുകളായി. പന്തിഭേദമില്ലാത്ത സമൂഹഭോജനം ശരീരങ്ങളെയും ആത്മാക്കളെയും സൗഹൃദ സ്നേഹ സന്തോഷങ്ങളിൽ വിളക്കിച്ചേർത്തു. “ജയിക്കും അല്ലെങ്കിൽ മരിക്കും” എന്ന സംഭവ വാക്യത്തെ, മഹനീയമായ ജീവിത-മരണ ദർശനത്തെ, ഐഹിക ജീവിതത്തിൽ സാക്ഷാത്ക്കരിച്ച്, നിര്യാണമടഞ്ഞ മുന്നൂറ്റിനാല്പതോളം വരുന്ന വീരകർഷകരുടെ പാവനസ്മരണ സഞ്ജീവനമന്ത്രങ്ങ

ളായി ആ സമര സങ്കേതങ്ങളിൽ അലയടിച്ചു. വേല, സേവ, ബലി, സ്നേഹം ആനന്ദം, ആത്മപ്രകർഷം എന്നീ ഗുരു മൂല്യങ്ങൾ രാഷ്ട്രീയ സമരാഗ്നിയിൽ പൂർണ്ണ ഭാസ്സോടെ പുനർജ്ജനിച്ചു. രാഷ്ട്രീയവും ആത്മീയവുമായ വിമോചനമാർഗ്ഗങ്ങൾ ആ സമരഭൂവിൽ സംയോഗം ചെയ്തു. ഉദാത്ത മൂല്യങ്ങളുടെ ചൈതന്യ പ്രഭാവം ഭരണകൂടത്തിന്റെ അധികാര പ്രതാപങ്ങളെ നിഷ്പ്രഭമാക്കി.

"വരും" ജനതയുടെ, "വരും" ജനാധിപത്യത്തിന്റെ, നാളെയുടെ സ്നേഹാനന്ദ സമത്വ റിപ്പബ്ലിക്കിന്റെ, ഭരണകൂടേതരമായ ഒരു ജനകീയ സൂക്ഷ്മദേശീയതയുടെ, പരീക്ഷണ ശാലയായി, കോൺസ്റ്റിറ്റുവെന്റ് അസ്സംബ്ലിയായി, ദേശീയപാതയിലെ സമരപ്പന്തലുകളും, സമരക്കാർ വിളിച്ചു കൂട്ടിയ ഖാപ്പ് പഞ്ചായത്തുകളും മഹാ പഞ്ചായത്തുകളും, കർഷക റാലികളും മാറുമ്പോൾ, യാതനാമയമായ ചരിത്രാസ്തിത്വത്തിനുള്ളിലും ഉദാത്തത്തിന്റെ ഭാവമണ്ഡലങ്ങളെ പുൽകുവാൻ, തജ്ജന്യമായ നൈതികവും രാഷ്ട്രീയവുമായ ഹർഷാനുഭൂതിയിൽ സംഭവത്തിന്റെ ചിഹ്നസാക്ഷ്യങ്ങൾ വരയുവാൻ ജനമനസ്സുകൾക്കു കഴിഞ്ഞു. ഭാവശക്തികളുടെ (affects) നേർക്ക് നേർ പോരാട്ടത്തിൽ വിദ്വേഷത്തിന്റെയും, പകയുടെയും അധികാരോന്മാദത്തിന്റെയും നിഷേധക ഭാവ ശക്തികൾ സ്നേഹത്തിന്റെ, അലിവിന്റെ, സേവയുടെ, മൈത്രിയുടെ, ആനന്ദത്തിന്റെ, സജീവ വീര ഭാവശക്തികളാൽ നിർവ്വീര്യമാക്കപ്പെട്ടു. .

## — 2.5 —

# ഭരണകൂടവും "സംഭവവും"

കർതൃത്വങ്ങളെയും, സാമൂഹ്യ-രാഷ്ട്രീയ-അധികാര ബന്ധങ്ങളെയും നൈതികമായി രൂപാന്തരീകരിച്ച് പുതിയ ഒരു ജനതയേയും റിപ്പബ്ലിക്കിനെയും കണ്ടെത്തുന്ന, മൂല്യങ്ങളെയും തീക്ഷ്ണ ഭാവശക്തികളെയും വീണ്ടെടുക്കുന്ന, കർഷകരുടെയും, സ്ത്രീകളുടെയും, വൃദ്ധരുടെയും രാഷ്ട്രീയാരോഹണത്തെ, ഇളയവൽക്കരണത്തെ (minorisation) അടയാളപ്പെടുത്തുന്ന, കോർപ്പറേറ്റ്-സൗഹൃദ-ഫാസിസ്റ്റ് ഭരണകൂടത്തെ കടപുഴക്കുന്ന, നൂതനമായ ഒരു ജനാധിപത്യ വിപ്ലവമായി വേണം കർഷക പ്രക്ഷോഭത്തെ കാണുവാൻ. ജനാധിപത്യത്തിന്റെ പരമോന്നതവും, തീക്ഷ്ണവും, സംസ്ഥാപനപരവും (constituent) വിപ്ലവകരവുമായ ഈ ആവിഷ്കാരമാണ് കർഷകസമരത്തെ ആത്യന്തികമായും ഒരു രാഷ്ട്രീയ "സംഭവമാ"ക്കുന്നത്.

## ഭരണകൂടവും "സംഭവവും"

കർഷക സമരത്തിന്റെ "സംഭവമാന"ത്തെ മറ്റാരെക്കാളും മുമ്പേ തന്നെ തിരിച്ചറിയാൻ കഴിഞ്ഞതും മോദി ഭരണകൂടത്തിനാവും. ഭരണകൂടങ്ങളുടെ നിതാന്തമായ പേടിസ്വപ്നമാണ് സംഭവം. ഭരണകൂടങ്ങൾ സമരങ്ങളെയോ, കലാപങ്ങളെയോ യുദ്ധങ്ങളെയോ പ്രതിപക്ഷങ്ങളെയോ തിരഞ്ഞെടുപ്പുകളെയോ ഭയപ്പെടുന്നില്ല. മറിച്ച് ഭരണകൂടത്തിന്റെ നിലനില്പിനെ തന്നെ സാധൂകരിക്കുന്ന, ശക്തിപ്പെടുത്തുന്ന പോഷകവസ്തുക്കളെന്ന നിലയിൽ അവയെല്ലാം സ്വാഗതം ചെയ്യപ്പെടുന്നു. എന്നാൽ സംഭവങ്ങളങ്ങനെയല്ല. ആകസ്മികവും അപ്രതീക്ഷിതവുമാണ് അവയുടെ ആവിർഭാവം. വ്യവസ്ഥയുടെ 'ശൂന്യ'ങ്ങളിൽ നിന്ന് (ബാദ്യൂ), ഭൂമിയുടെ അന്തർ ഗർഭങ്ങളിൽ നിന്ന്, ബോധാബോധങ്ങളുടെ രഹസ്യഗഹ്വരങ്ങളിൽ നിന്ന്, പലായന രേഖകളിൽ നിന്ന് (ദെല്യൂസ്) ഉല്പതിക്കുന്ന പ്രകമ്പന/സ്ഫോടന പരമ്പരകളാണവ. ഭരണകൂടത്തിന്റെ സർവ്വ നിധനായുധങ്ങളെയും, സൈനിക സന്നാഹങ്ങളെയും അടിച്ചമർത്തലിന്റെ സാമഗ്രികളെയും, അധികാരത്തിന്റെ കോട്ട കൊത്തളങ്ങളെയും, അത് നിലമ്പരിശാക്കുന്നു. സംഭവത്തോടുള്ള ജനിതകമായ ഈ ഭീതിയിൽ നിന്നാണ് ഭീതിയുടെ, ഭീകരതയുടെ, ഭരണകൂടങ്ങൾ, ഫാസിസ്റ്റ്, സ്റ്റാലിനിസ്റ്റ്, ഭരണരൂപങ്ങൾ, ആവിർഭവിക്കുന്നത്. സംഭവങ്ങളെ അടിച്ചമർത്തുന്നതിനോടൊപ്പം തന്നെ, സംഭവ സാധ്യതകളെ മുളയിലേ നുള്ളുക, സംഭവങ്ങളെ അവയുടെ ഗർഭത്തിൽ തന്നെ ഛിദ്രിപ്പിക്കുക, സംഭവങ്ങളെ സംഭവങ്ങൾക്കെതിരേ തിരിച്ചു വിട്ട് അവയെ നിർവ്വീര്യമാക്കുക, പ്രതി-സംഭവങ്ങൾ മെനയുക, തുടങ്ങിയ ഈവന്റ് മാനേജ്മെന്റ്

നടപടികളും ഇവിടെ ആവശ്യമായി വരുന്നു. സംഭവത്തിന്റെ ഭീഷണിയെ അതിജീവിക്കുവാനായി ഭരണകൂടങ്ങൾ, വിശിഷ്യാ ഫാസിസ്റ്റ് ഭരണകൂടങ്ങൾ, സ്വയം സ്വീകരിച്ചു വരുന്ന സുരക്ഷാ സംവിധാനങ്ങളാണിതെല്ലാം.

ഇന്ത്യയിലാകെ കത്തിപ്പടർന്ന പൗരാവകാശ പ്രക്ഷോഭങ്ങളും ഷഹീൻ ബാഗ് സമരങ്ങളും "സംഭവ" സ്വഭാവത്തിലേക്ക് വികാസം പ്രാപിക്കുന്നു എന്ന് കണ്ടപ്പോൾ തലസ്ഥാന നഗരിയിൽ സർക്കാർ ആഭിമുഖ്യത്തിൽ ആസൂത്രണം ചെയ്ത വർഗ്ഗീയ കലാപത്തിലൂടെയും കൊറോണാ മഹാവ്യാധിയുടെ അനുകൂല സന്ദർഭത്തിൽ ആർജ്ജിച്ച അമിതാധികാരത്തിലൂടെയുമാണ് മോദി ഗവണ്മെന്റ് ആ ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്തിയത്.

മഹാവ്യാധിയുടെ തണലിൽ തടിച്ചു കൊഴുത്ത ഹിന്ദുത്വ-അപവാദ-ഭരണകൂടം, രാഷ്ട്രീയ പ്രവർത്തനവും ജനാധിപത്യ പ്രക്രിയകളും അസാധ്യമാക്കപ്പെട്ടു, പ്രതിപക്ഷവും പാർലമെന്റും നിശ്ശബ്ദമാക്കപ്പെട്ടു, കൊറോണയുടെ ഇരുണ്ട യാമങ്ങളിൽ ജനാധിപത്യ വിരുദ്ധവും കോർപ്പറേറ്റുകൾക്ക് അനുകൂലവുമായ നിരവധി ഓർഡിനൻസുകൾ പാർലമെന്റിൽ ചർച്ചകളില്ലാതെ തന്നെ നിയമങ്ങളാക്കി. വിദ്യാഭ്യാസത്തെ ഭരണകൂടകേന്ദ്രിതവും കോർപ്പറേറ്റവൽക്കൃതവും ആക്കി മാറ്റുന്ന നവവിദ്യാഭ്യാസ നിയമം, കാർഷികമേഖലയെ കോർപ്പറേറ്റുകൾക്ക് വിട്ടു കൊടുക്കുന്ന മൂന്ന് കാർഷിക നിയമങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുകയും വൻകിടവ്യവസായികൾക്ക് അമിതാധികാരങ്ങൾ നൽകുകയും ചെയ്യുന്ന ലേബർ കോഡ് ബില്ലുകൾ, ഇതെല്ലാം ഗവണ്മെന്റ് പാസ്സാക്കിയെടുത്തത് മഹാമാരിയുടെ ഈ അസാധാരണ നിമിഷങ്ങളിലാണ്.

## "സംഭവ"ത്തിനെതിരേ

എന്നാൽ ഭരണാധികാരികളുടെ കണക്കുകൂട്ടൽ ലംഘിച്ച് കൊണ്ട്, 32 കർഷക സംഘടനകളുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് കർഷകർ കാർഷിക നിയമങ്ങൾക്കെതിരെ ദില്ലിയിലേക്കു മാർച്ച് ചെയ്യുകയും ദില്ലിയിലേക്ക് പ്രവേശിക്കുന്ന ദേശീയ പാതകളിൽ ഉപരോധ സമരം നടത്തുകയും ചെയ്തപ്പോൾ, അതിന്റെ സംഭവാകാരത്തിൽ വേപഥു പൂണ്ട്, അജയ്യമെന്ന് കരുതപ്പെട്ടിരുന്ന മോദി ഭരണകൂടം ചരിത്രത്തിലാദ്യമായി വിറ കൊണ്ടു. ചതുരുപായങ്ങളായ സാമദാന ഭേദ ദണ്ഡങ്ങൾ കൊണ്ട് ഈ സംഭവ പ്രതിഭാസത്തെ അടിച്ചൊതുക്കുവാൻ മോദി ഭരണകൂടം കിണഞ്ഞു ശ്രമിച്ചു. ഭരണകൂടത്തിന്റെ ആവനാഴിയിലുള്ള സർവ്വ നിധനാസ്ത്രങ്ങളും ഉപയോഗിക്കപ്പെട്ടു. നുണപ്രചരണ യന്ത്രങ്ങളെല്ലാം പ്രവർത്തനനിരതമായി. 'ഖാലിസ്ഥാനി'കൾ, 'മാവോയിസ്റ്റ്'കൾ, 'ഭീകരവാദികൾ' എന്നീ സ്ഥിരം തിരക്കഥകൾ പൊടി തട്ടിയെടുത്ത് പ്രയോഗിച്ചെങ്കിലും അതെല്ലാം പാഴ്വ്യയങ്ങളായി മാറുകയാണുണ്ടായത്. പഞ്ചാബിലെ കർഷകരെ ഒറ്റപ്പെടുത്താനും പഞ്ചാബിലെയും ഹരിയാനയിലെയും കർഷകരെ തമ്മിലടിപ്പിക്കുവാനും ശ്രമിച്ചെങ്കിലും നടന്നില്ല. കർഷകരെ ദേശീയതയുടെയും സംസ്ഥാനത്തിന്റെയും മത ജാതികളുടെയും അടിസ്ഥാനത്തിൽ വിഭജിപ്പിക്കുവാൻ നടത്തിയ ഗൂഢ ശ്രമങ്ങളും വിജയം കണ്ടില്ല. അധികാരികളുമായി നടന്ന 12 വട്ട ചർച്ചകളിലും മേൽക്കൈ നേടിയ കർഷക നേതാക്കൾ

സർക്കാരിന്റെ കെണിയിൽ പ്രലോഭന തന്ത്രങ്ങളിൽ കുടുങ്ങുവാൻ തയാറായില്ല. സുപ്രീം കോടതിയുടെ മദ്ധ്യസ്ഥ ശ്രമങ്ങളിലൂടെ കർഷകരെ പിടിച്ചു കെട്ടാൻ നടത്തിയ ശ്രമങ്ങളും പരാജയപ്പെട്ടു. മോദി ഗവണ്മെന്റിന്റെ ഭരണഘടനാവിരുദ്ധ നീക്കങ്ങളെ അപലപിക്കാതെ തന്നെ മൂന്ന് കർഷക നിയമങ്ങൾ തൽക്കാലം മരവിപ്പിക്കുവാൻ കോടതി തയാറായെങ്കിലും, നിയമങ്ങൾ പൂർണ്ണമായി പിൻവലിക്കുക എന്ന തങ്ങളുടെ രാഷ്ട്രീയപരമായ ആവശ്യങ്ങളിൽ നിന്ന് അണുവിടെ വ്യതിചലിക്കുവാൻ കർഷകർ കൂട്ടാക്കിയില്ല.

ഭരണകൂട ഭീകരതയെ, കൊറോണാ വൈറസ്സിന്റെ ഭീഷണിയെ, കൊടും ശൈത്യത്തെ, ശീത വൃഷ്ടികളെ, കൊടും വേനലിനെ, നേരിട്ട് കൊണ്ട് ദേശീയ പാതകളിൽ കുടുംബ സമേതം സമരയജ്ഞത്തിലേർപ്പെട്ട കർഷകർ ഇന്ത്യൻ ജനതയുടെ ഹൃദയം ഹരിച്ചു. സമരപ്പന്തലിൽ നൂറുകണക്കിന് കർഷകർ മരിച്ചു വീഴുമ്പോഴും അവരെ കാണുവാനോ, സംസാരിക്കുവാനോ തയാറാകാതെ പ്രധാനമന്ത്രി 'മൻ-കീ ബാത്തിൽ' ജനങ്ങൾക്ക് സാരോപദേശം നൽകിക്കൊണ്ടിരുന്നു. ജനാധിപത്യത്തിന്റെ രക്ഷയ്ക്കായി കാവൽ നിൽക്കുന്ന എഴുപതും എൺപതും കഴിഞ്ഞ വൃദ്ധ കർഷകരുടെ "മഹാരോഗ്യ"ത്തിനു (നീത്ചേ പറയുന്ന great health) മുന്നിൽ ഉന്മാദിയായ സർവ്വാധിപതിയുടെ "അമ്പത്തഞ്ചിഞ്ച്" നെഞ്ചുക്ക് ചൂളിച്ചുരുളുന്നത് പൊതുമണ്ഡലത്തിൽ ദൃശ്യവേദ്യമായി.

## ഈവന്റ് മാനേജ്മെന്റ്

കർഷക സമര സംഭവത്തെ പ്രശമിപ്പിക്കുവാനായി മോദി സർക്കാരിന്റെ ഈവന്റ് മാനേജർമാർ നടത്തിയ സർവ്വ ശ്രമങ്ങളും പരാജയപ്പെട്ടപ്പോഴാണ് ജനുവരി 26 (2021) റിപ്പബ്ലിക്ക് ദിനത്തിൽ കിസാൻ റിപ്പബ്ലിക് റാലി നടത്തുവാൻ കർഷക സംഘടനകൾ തീരുമാനിക്കുന്നത്. 'സർക്കാരുമായി ഏറ്റുമുട്ടുവാനല്ല, ദില്ലിയിലെ ജനങ്ങളുടെ ഹൃദയം പിടിച്ചെടുക്കുവാനും ഇന്ത്യൻ കർഷകരുടെ ദുരവസ്ഥയെ ജനങ്ങളെ അറിയിക്കുവാനുമാണ്' ട്രാക്ടർ റാലി സംഘടിപ്പിക്കുന്നതെന്ന് കർഷക നേതാക്കൾ വ്യക്തമാക്കിയിരുന്നു. കർഷക റാലി സമാധാന പരമായി നടന്നാൽ അത് ഭരണകൂട വിരുദ്ധമായ വികാരം ജനങ്ങൾക്കിടയിലുണ്ടാക്കാമെന്നും, ഇന്ത്യൻ രാഷ്ട്രം ഭരണകൂട റിപ്പബ്ലിക്കെന്നും ജനകീയ റിപ്പബ്ലിക്കെന്നും രണ്ടായി പൊട്ടിപ്പിളരുന്ന രംഗം പൊതുമണ്ഡലത്തിലും അന്തർദ്ദേശീയ തലത്തിലും ദൃശ്യവൽക്കരിക്കപ്പെടുകയും മോദി ഭരണകൂടത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടുകയും ചെയ്തേക്കാം എന്നും ഈവന്റ് മാനേജർമാർ മുൻകൂട്ടിക്കണ്ടു. കർഷക സമരം അഹിംസാപരവും അക്രമരഹിതവും ആയി നില നിൽക്കുന്നിടത്തോളം അതിനെ തൊടുവാൻ ഭരണകൂടത്തിന് സാധ്യമല്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. കർഷക സമരത്തിന്റെ അഹിംസാ പ്രതിഛായ തകർക്കുവാനുള്ള സുവർണ്ണ അവസരമായി അവർ കർഷക റാലിയെ കണ്ടു. ട്രാക്ടർ റാലിയെ അക്രമത്തിലേക്ക് തിരിച്ചു വിടുവാനുള്ള ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടു. റാലി നടത്തുന്നവരെ ചില ഭാഗങ്ങളിൽ തടയുകയും വഴി തിരിച്ചു വിടുകയും ചെയ്യുക, ചില ഭാഗങ്ങളിൽ പ്രകോപനം സൃഷ്ടിക്കുകയും മറ്റു ചില സ്ഥലങ്ങളിൽ യഥേഷ്ടം അക്രമങ്ങളിൽ ഏർപ്പെടുവാനുള്ള സാ

ഹചര്യം ഒരുക്കിക്കൊണ്ട് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക: ഇതായിരുന്നു പോലീസ് അധികൃതർ കൈക്കൊണ്ട മാനേജീരിയൽ നടപടി. ബി. ജെ. പി.-യുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ദീപ് സിദ്ധു തുടങ്ങിയവരായിരുന്നു അക്രമപ്രവർത്തങ്ങൾക്ക് മുഖ്യമായും നേതൃത്വം നൽകിയതെന്നതും ഈ അക്രമങ്ങളെ ഒഴിവാക്കുന്നതിൽ ഗുരുതരമായ അനാസ്ഥയാണ് പോലീസിന്റെ ഭാഗത്തുണ്ടായതെന്നതും അക്രമങ്ങൾക്കു പിന്നിലെ ഗൂഢാലോചനയിലേക്ക് വിരൽ ചൂണ്ടുന്നു. റാലിയുടെ മുഖ്യ വ്യൂഹം സിംഘു, തിക്രി, അതിർത്തികളിൽ നിർദ്ദിഷ്ട പാതകളിലൂടെ ജനങ്ങളുടെ ആശീർവാദമേറ്റു വാങ്ങി സമാധാന പൂർണ്ണമായി മുന്നോട്ടു പോയെങ്കിലും നഗരകേന്ദ്രത്തിലേക്കു വഴിതിരിച്ചു വിടപ്പെട്ട റാലിയുടെ മറ്റൊരു വ്യൂഹം പ്രകോപനകരമായി തങ്ങളെ തടയാൻ വന്ന പോലീസ്സുകാരുമായി ഏറ്റുമുട്ടുകയും രൂക്ഷമായ അക്രമരംഗങ്ങൾക്ക് തലസ്ഥാനം സാക്ഷിയാവുകയും ചെയ്തു.

## രാകേഷ് തിക്കായത്തിന്റെ ചെറുത്ത് നില്പ്

അന്തർദ്ദേശീയ ദേശീയ മാദ്ധ്യമങ്ങൾ, അക്രമസംഭവങ്ങൾക്ക് അമിതപ്രാധാന്യം നൽകി. ഗവണ്മെന്റിന്റെ പ്രചരണ യന്ത്രങ്ങൾ ഈ ആക്രമണങ്ങളെ ക്യാപിറ്റൽ ഹില്ലിൽ ട്രമ്പനുയായികൾ നടത്തിയ അക്രമങ്ങളോട് സാദൃശ്യപ്പെടുത്തുകയും ഖാലിസ്ഥാനികളുടെ ഗൂഢാലോചനയാണിതിനു പിന്നിൽ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്നുണ്ടായത് അതി ഹീനമായ അടിച്ചമർത്തലും വേട്ടയാടലുമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം പിന്നീടുള്ള മൂന്നു രാത്രികൾ കാളരാത്രികളായി. കർഷക നേതാക്കൾക്കെതിരേ യു. എ. പി. എ.-യും രാജ്യദ്രോഹക്കുറ്റവും ചുമത്തുകയും നിരവധി കർഷകരെ അറസ്റ്റ് ചെയ്ത് ജയിലിലിടയ്ക്കുകയും സമരക്കാരെ പല സ്ഥലങ്ങളിലും ബലം പ്രയോഗിച്ച് ഒഴിപ്പിക്കുകയും ചെയ്തു. സമരപ്പന്തലുകളിലെ വൈദ്യുതി-ജല-വിതരണങ്ങൾ നിർത്തിവയ്ക്കുകയും ഇന്റർനെറ്റ് നിരോധിക്കുകയും, അത്യാവശ്യ വസ്തുക്കൾ എത്തിക്കുന്നതും, സമരസ്ഥലത്തേക്കും പുറത്തേക്കും ആൾക്കാർ വരുന്നതും പോകുന്നതും തടയപ്പെടുകയും ചെയ്തു. തിക്രി, സിംഘു, ഗാസിപ്പൂർ മേഖലകളിൽ സൈനികരെ വിന്യസിച്ചു. സമരക്കാരെ ഒഴിപ്പിക്കുവാനുള്ള ശ്രമം പൂർവ്വാധികം ശക്തവും കർക്കശവുമായി. സമരക്കാർ പലരും സ്വമേധയാ ഒഴിഞ്ഞു പോവുകയും സമരം പരാജയത്തിന്റെ വക്കിലെത്തുന്നു എന്ന തോന്നൽ ഉളവാകുകയും ചെയ്തു. 28 ജനുവരി വ്യാഴാഴ്ച രാത്രിയോടെ രാകേഷ് തിക്കായത്തിനെ അറസ്റ്റ് ചെയ്യുവാൻ സർവ്വ സന്നാഹങ്ങളുമായി എത്തിച്ചേർന്ന പോലീസ്സുകാരോട് അറസ്റ്റിനു വഴിപ്പെടില്ലെന്നും ബലം പ്രയോഗിച്ചാൽ അവിടെ വച്ചു തന്നെ ജീവിതം അവസാനിപ്പിക്കും എന്നും കർഷകരുടെ ദുരവസ്ഥയിൽ പരിതപിച്ച് നിറുദ്ധകണ്ഠനായി തിക്കായത്ത് പ്രഖ്യാപിച്ചു.

തിക്കായത്തിന്റെ ആഗ്നേയമായ വാക്കുകൾ കർഷക മനസ്സുകളെ തീപിടിപ്പിച്ചു. പടിഞ്ഞാറൻ യു. പിയിലെ പല പ്രദേശങ്ങളിൽ നിന്നും കർഷക സംഘങ്ങൾ സമരസ്ഥലത്തിലേക്ക് പ്രവഹിക്കുകയും പോലീസ്സുകാർ പിൻവാങ്ങുവാൻ നിർബ്ബന്ധിതരാവുകയും ചെയ്തു. റിപ്പബ്ലിക്ക് ദിനത്തിലെ സംഭവ വികാസത്തെത്തുടർന്ന് പ്രതിസന്ധിയിലായിത്തീർന്ന കർഷക സമരത്തിന് നവ ജീവൻ നൽകിയത് തി

ക്കായത്തിന്റെ ധീരമായ ചെറുത്ത് നില്പും അത് കർഷക മനസ്സിൽ സൃഷ്ടിച്ച അദമ്യമായ ആവേശവും ആത്മവിശ്വാസവുമായിരുന്നു. കർഷക സമര സംഭവചരിത്രത്തിൽ വഴിത്തിരിവു കുറിച്ച നിർണ്ണായകമായ രണ്ടാം ഘട്ടമായി ഗാസിപ്പൂർ സംഭവത്തെ കണക്കാക്കുന്നത് ഇക്കാരണത്താലാണ്. തിക്കായത്തിന്റെ ആഹ്വാനത്താൽ പ്രചോദിതരായി ആയിരക്കണക്കിന് കർഷകർ യു. പി., ഹരിയാന, പഞ്ചാബ്, രാജസ്ഥൻ, ഹിമാചൽ, ജാർഖണ്ഡ്, മദ്ധ്യ പ്രദേശ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ആളൊഴിഞ്ഞ് തുടങ്ങിയ സമരപ്പന്തലുകളിലേക്ക് ഒഴുകിയെത്തി. പരാജയത്തിന്റെ വക്കിലെത്തിയ കർഷക സമരം പൂർവ്വാധികം ശക്തി പ്രാപിക്കുകയും നവീനമായ ഊർജ്ജവേഗങ്ങൾ സമാർജ്ജിക്കുകയും ചെയ്തു.

## — 2.6 —

## ഉന്മാദിയാവുന്ന ഭരണകൂടം

റിപ്പബ്ലിക്ക് ദിനത്തിലെ അക്രമസംഭവങ്ങൾക്കു ശേഷം കർഷക പ്രക്ഷോഭത്തിനെതിരെ മോദി സർക്കാർ കൈക്കൊണ്ട രൂക്ഷമായ നടപടികൾ സൂചിപ്പിക്കുന്നത് കർഷക സമരത്തെ, അതിന്റെ സംഭവത്വത്തെ, ഭരണകൂടം ഭയപ്പെട്ടു തുടങ്ങിയിരിക്കുന്നു എന്നതാണ്. ഭീതിയുടെ, ഭീകരതയുടെ, ഭരണകൂടങ്ങൾ ജനങ്ങളെ ഭയചകിതരാക്കുന്നു എന്നതിനുപരി, ജനങ്ങളെ ഭയക്കുന്നു എന്നതാവും കൂടുതൽ ശരി. സിംഘു, തിക്രി, ഗാസിപ്പൂർ സമരപ്പന്തലുകൾക്ക് ചുറ്റും കർഷകരുടെ വരവു പോക്കുകൾ നിരോധിക്കുവാനായി പോലീസുകാർ ദേശീയ പാതയിൽ കിടങ്ങുകൾ ഉണ്ടാക്കുകയും, കോൺക്രീറ്റ് ചെയ്ത് ഇരുമ്പ് മുള്ളാണികൾ പിടിപ്പിച്ച്, ചെറുകോട്ടകളോളം വലിപ്പത്തിലുള്ള ബാരിക്കേഡുകൾ നിർമ്മിക്കുകയും ചെയ്തു. യുദ്ധസ്ഥലങ്ങളിലും അതിർത്തികളിലും കാണുന്ന പോലെ കമ്പി വേലികൾ പലയിടത്തും ഉയർത്തി. ഇന്ത്യാ-പാകിസ്ഥാൻ, ഇന്ത്യാ-ചൈന-അതിർത്തി പ്രദേശങ്ങളിൽ കാണുന്നതിനേക്കാൾ വലിയ മതിലുകളും സുരക്ഷാ സന്നാഹങ്ങളുമാണ് സമരസ്ഥലങ്ങളിൽ കണ്ടത്. സ്വന്തം നാട്ടിലെ കർഷകരെ, സ്വന്തം ജനതയെ, ശത്രു രാജ്യമായിക്കാണുന്ന ഒരു പാരനോയിഡ് ഭരണകൂടത്തിന്റെ ഉന്മാദ ലക്ഷണങ്ങൾ.

സമരസ്ഥലങ്ങളിലേക്ക് അവശ്യസാധനങ്ങളെത്തിക്കാനുള്ള സൗകര്യങ്ങൾ, ജല-വൈദ്യുതി വിതരണം, ഇന്റർനെറ്റ് സംവിധാനം എല്ലാം തടയപ്പെട്ടു. നാട്ടുകാർ എന്ന പേരിൽ ബി. ജെ. പി.-ക്കാർ ഗുണ്ടകളെ സംഘടിപ്പിച്ച് സമരസ്ഥലങ്ങൾ ആക്രമിച്ചു. ഇതിന്റെ ഉള്ളുകള്ളികൾ പുറത്ത് കൊണ്ട് വന്ന പത്രപ്രവർത്തകരെ അറസ്റ്റ് ചെയ്ത് ജയിലിലാക്കി പീഢിപ്പിച്ചു. കിസാൻ ഏക് താ മോർച്ചയുടെയും മറ്റ് അനുബന്ധ സംഘടനകളുടെയും ട്വിറ്റർ അക്കൗണ്ടുകൾ നിർത്തലാക്കി. കർഷകരുടെ റോഡുപരോധ സമരത്തെ തകർക്കുവാനായി പഞ്ചാബിൽ നിന്ന് ദില്ലിയിലേക്കും തിരിച്ചും ഉള്ള പല തീവണ്ടികളും താൽക്കാലികമായി നിർത്തലാക്കി, ചിലത് വഴി തിരിച്ച് വിട്ടു.

ഭരണകൂടം സമരസ്ഥലത്ത് മുള്ളാണികളും ബാരിക്കേഡുകളും കമ്പിവേലികളും പാകിയപ്പോൾ അതിനു മധുരമായ മറുപടിയായി, തിക്കായത്തിന്റെ നേതൃത്വത്തിൽ കർഷകർ ചെയ്തത് പനിനീർപ്പൂക്കൾ നട്ടു വളർത്തുകയും സമീപസ്ഥലങ്ങളിലെ ഒഴിഞ്ഞ നിലങ്ങളിൽ കൃഷി നടത്തിക്കാട്ടുകയുമാണ്.

## ട്വിറ്റർ യുദ്ധം

ഇത്തരമൊരു സന്ദർഭത്തിലാണ് അമേരിക്കൻ പോപ് താരമായ റിഹന്ന, (ഫെബ്രുവരി 2), ലോകപ്രശസ്തയായ പരിസ്ഥിതി പ്രവർത്തക ഗ്രേറ്റാ തൻബെർഗ്, (ഫെബ്രുവരി 3), മീന ഹാരിസ്, മിയാ ഖലീഫ, അമെന്ദ സേർനി, സൂസൻ സരൻഡൻ, ജെയ് സീൻ എന്നിങ്ങനെ വിഭിന്ന മേഖലകളിൽ ലോകവിശ്രുതരായ വ്യക്തികൾ കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച കൊണ്ട് സാമൂഹ്യ മാദ്ധ്യമങ്ങളിൽ പോസ്റ്റകളിടുന്നത്. കർഷക സമരം അന്തർദ്ദേശീയ ശ്രദ്ധയിലേക്ക് കൊണ്ടുവരുവാൻ ഇത് സഹായകമായി. അതോടൊപ്പം അതിരൂക്ഷമായ ട്വിറ്റർ യുദ്ധങ്ങൾക്ക് അത് വഴിമരുന്നിടുകയും ചെയ്തു.

ഇന്ത്യയുടെ ഐക്യം നശിപ്പിക്കുവാനുള്ള അന്തർദ്ദേശീയ ഗൂഢാലോചനയുടെ ഭാഗമാണ് ഈ ട്വീറ്റുകൾ എന്ന് ബോളിവുഡ് നടിയായ കങ്കണ റെണൗൽട്ടിനെപ്പോലുള്ളവരുടെയും വിദേശകാര്യ വക്താവിന്റെയും ട്വിറ്റർ പോസ്റ്റുകൾ തുടർന്ന് വന്നു. അക്ഷയകുമാർ, കരൻ ജോഹർ, ഏക്താ കപൂർ, ലതാ മംഗേഷ്ക്കർ, സച്ചിൻ തെണ്ടുൽക്കർ, വിരാട് കോഹ്ലി, രവി ശാസ്ത്രി, അനിൽ കുമ്ബ്ലേ, എന്നിവരുടെ സന്ദേശങ്ങൾ ഒരേ തരം ഹാഷ് ടാഗുകളിൽ, കോപ്പി പേയ്സ്റ്റ് ചെയ്തതെന്നപോലെ പരിഹാസ്യമാം വിധം ട്വിറ്ററിൽ പ്രത്യക്ഷപ്പെട്ടു. ഇവരെ വിമർശിച്ച്കൊണ്ട് പ്രശസ്ത സിനിമാ താരമായ തപ്സി പന്നു തുടങ്ങിയവരുടെ എതിർ ട്വീറ്റുകളും വന്നു. വിദേശത്തും സ്വദേശത്തും ഉള്ള അതി ദേശീയവാദികൾ ഗ്രേറ്റ തൻബെർഗ്, മീന ഹാരീസ് തുടങ്ങിയവരെ ഗൂഢാലോചനക്കാരായി ചിത്രീകരിക്കുകയും അവരുടെ കോലങ്ങൾ കത്തിക്കുകയും ചെയ്തു.

## നവകർതൃത്വങ്ങൾ

ഗ്രേറ്റാ തൻബർഗ്ഗിനെപ്പോലുള്ള യുവപരിസ്ഥിതിവാദികളെ ഭീകരവാദികളായും ഇന്ത്യൻ റിപ്പബ്ലിക്കിനെതിരെ ഗൂഢാലോചന നടത്തുന്നവരായും മുദ്രകുത്തിക്കൊണ്ട് ഇന്ത്യൻ ഗവണ്മെന്റ് നടത്തിയ പ്രചരണയുദ്ധങ്ങൾ മോദിഗവണ്മെന്റിനെ ലോകരാജ്യങ്ങൾക്ക് മുന്നിൽ അപഹാസ്യമാക്കുകയും അതിന്റെ ഫാസിസ്റ്റ്സ്വരൂപത്തെ അന്താരാഷ്ട്ര മാദ്ധ്യമങ്ങൾക്കു മുന്നിൽ തുറന്നു കാട്ടുകയും ചെയ്തു. ഗ്രേറ്റാ തൻബർഗ് പോസ്റ്റ് ചെയ്ത കർഷക സമരത്തിനനുകൂലമായുള്ള ടൂൾകിറ്റ് സാമൂഹ്യ മാദ്ധ്യമത്തിൽ ഷെയർ ചെയ്തതിന്റെ പേരിൽ ബാംഗ്ലൂരിലെ പരിസ്ഥിതി പ്രവർത്തകയായ ദിഷാ രവി എന്ന ഇരുപത്തിരണ്ടുകാരി അറസ്റ്റ് ചെയ്യപ്പെട്ടു (ഫെബ്രുവരി 13). ഖാലിസ്ഥാനികളുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെടുന്ന പോയെറ്റിക് ജസ്റ്റിസ് ഫൗണ്ടേഷന്റെ സഹായത്തോടു കൂടിയാണ് ദിഷാരവി ടൂൾ കിറ്റ് എഡിറ്റു ചെയ്തതെന്നും റിപ്പബ്ലിക്ക് ദിനത്തിൽ നടന്ന അക്രമസംഭവങ്ങൾക്ക് പിന്നിലെ ഗൂഢാലോചനകൾ ആസൂത്രണം ചെയ്തത് ദിഷാരവിയാണെന്നും പോലീസ് ആരോപിച്ചു. ബോംബേയിലെ അഭിഭാഷകയായ നികിത ജേക്കബിനും, ആക്റ്റിവിസ്റ്റായ ശന്തനു മുലുക്കിനും ഇതിൽ പങ്കുണ്ടെന്ന് കാട്ടിക്കൊണ്ട് അവർക്കെതിരെയും കേസ്സ് ചാർജ്ജു ചെയ്തു. ഗവണ്മെന്റിനെ വിമർശിക്കുന്നവരെ ദേശവിരുദ്ധരായി ചിത്രീകരിച്ച് അറസ്റ്റു ചെയ്യുന്നതിനെതിരെ ഇന്ത്യയിലെങ്ങും പ്രതിഷേധം ഉയർന്നു.

കർഷക പ്രതിഷേധത്തെ ആഗോള തലത്തിൽ ഉയർത്തിക്കൊണ്ടുവരുന്നത് ഗൂഢാലോചനയാണെങ്കിൽ ജയിലിൽ തന്നെ കഴിയുവാനാണ് താൻ ആഗ്രഹിക്കുന്നത് എന്നായിരുന്നു ദിഷാരവിയുടെ മറുപടി. “സമാധാന പൂർണ്ണമായി ഞാൻ പ്രതിഷേധിച്ചത് കുറ്റകൃത്യമാണെങ്കിൽ ഞാൻ കുറ്റക്കാരിയാണ്. സമാധാനപരമായ കർഷക പ്രതിഷേധത്തിനു പ്രചാരം നൽകിയത് കുറ്റമാണെങ്കിൽ ഞാൻ തീർച്ചയായും കുറ്റക്കാരിയാണ്” എന്ന് ധീരസ്വരത്തിൽ ദിഷാരവി കോടതിയിൽ പ്രസ്താവിച്ചു. കർഷക സമര സംഭവത്തിൽ നിന്നുല്പന്നമായ, സംഭവത്തോട് വിശ്വസ്തമായ, പുതിയ കർതൃത്വത്തിന്റെ ധീരവും പ്രബുദ്ധവും ആയ രാഷ്ട്രീയ പ്രസ്താവനയായിരുന്നു ഇത്. ഫെബ്രുവരി 23-ന് ദിഷാരവിയെ കോടതി വിമുക്തയാക്കി. ഗവണ്മെന്റിന്റെ പൊങ്ങച്ചത്തെ മുറിവേല്പിച്ചു എന്ന കാരണം കൊണ്ട് രാജ്യദ്രോഹക്കുറ്റം ചുമത്താൻ ആവില്ല എന്നാണ് കോടതി പ്രസ്താവിച്ചത്. ടൂൾകിറ്റ് കേസുമായി ബന്ധപ്പെട്ട് രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ട നികിതാ ജേക്കബിനും ശന്തനു മുലുക്കിനും ദൽഹി കോടതി അറസ്റ്റു ചെയ്യുന്നതിൽ നിന്നും താൽക്കാലിക പരിരക്ഷ നൽകി.

## സമരത്തിന്റെ ദിശ മാറുന്നു

കർഷക സമരത്തെ, അതിന്റെ സംഭവമാനങ്ങളെ ഇല്ലാതാക്കാനുള്ള മോദി ഭരണകൂടത്തിന്റെ ഓരോ നീക്കവും നിഷ്ഫലമായി എന്നു മാത്രമല്ല ബൂമറാങ്ങുകളായി തിരിച്ചടിക്കുകയും സമരത്തെ പൂർവ്വാധികം വിപുലവും ശക്തവുമാക്കിത്തീർക്കുകയും ചെയ്തു. ദില്ലി മാർച്ച് തലസ്ഥാന നഗരിയുടെ അതിർത്തിയിൽ തടഞ്ഞപ്പോൾ ദേശീയ പാതയിൽ തന്നെ നിലയുറപ്പിച്ച് അതി ശക്തമായ ഉപരോധ സമരം നടത്തി കർഷകർ. റിപ്പബ്ലിക്ക് ദിനത്തിലെ അക്രമണങ്ങളെ മുൻനിർത്തി സമരത്തെ കിരാതമായി അടിച്ചമർത്താൻ തുനിഞ്ഞപ്പോൾ, വിശ്വവിശ്രുതരായ വ്യക്തികൾ പ്രതിഷേധമുയർത്തുകയും മോദി ഗവണ്മെന്റിന്റെ സർവ്വാധിപത്യ നയം ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ മറനീക്കപ്പെടുകയും ചെയ്തു. തിക്കായത്തിനെ അറസ്റ്റ് ചെയ്ത് സമരപ്പന്തൽ ഒഴിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ ജീവനോടെ തന്നെ അറസ്റ്റു ചെയ്യാൻ കഴിയുകയില്ലെന്ന് പ്രസ്താവിച്ച തിക്കായത്തിന്റെ ആജ്ഞാശക്തിയ്ക്കു മുന്നിൽ മുട്ടു മടക്കി പോലീസുകാർക്ക് പിൻവാങ്ങേണ്ടി വന്നു. മാത്രമല്ല സമരത്തിനു നവജീവൻ നൽകുകയും സമരത്തിന്റെ ദിശ തന്നെ മാറ്റി മറിയ്ക്കുകയും ചെയ്തു മറ്റൊരു സംഭവമായി തിക്കായത്തിന്റെ ധീരമായ ചെറുത്ത് നിൽപ്പ്.

‘തലസ്ഥാന നഗരിയായ ദില്ലി കർഷകരെ കൈവെടിഞ്ഞപ്പോൾ കർഷക പ്രസ്ഥാനം ദില്ലിയെയും കൈവെടിഞ്ഞു എന്നതാണ് വസ്തുത’ (Avay Sukla, “The Farmer has bypassed Delhi and that should worry the establishment”, The Wire, Feb 6, 2021). വെള്ളം, വിദ്യുഛക്തി, അവശ്യ വസ്തുക്കൾ എന്നിവയെല്ലാം ദെൽഹി നിർത്തലാക്കിയപ്പോൾ കർഷക ഗ്രാമങ്ങളിൽ നിന്ന് ഇവയെല്ലാം എത്തിച്ചേർന്നു. ദില്ലിയിലേക്കുള്ള പാത കോൺക്രീറ്റ് ബാരിക്കേഡുകൾ കൊണ്ടും മുള്ളാണിക്കമ്പികൾ കൊണ്ടും പോലീസ് അതിക്രമങ്ങൾ കൊണ്ടും തടഞ്ഞപ്പോൾ കർഷകർ ദില്ലിയെ തങ്ങളുടെ സഞ്ചാരപഥത്തിൽ നിന്ന് വിട്ടുകളയുകയും എതിർ ദിശയിലേക്ക് പ്രസ്ഥാനത്തെ തിരിച്ചു വിടുകയുമാണുണ്ടായത്. ഫെബ്രുവരി 3 നു ജിൻ

ഡിലെ മഹാപഞ്ചായത്തിൽ പങ്കെടുക്കാൻ ദില്ലി കടക്കാതെ തന്നെ ഹരിയാന യിലൂടെയുള്ള ദീർഘമായ പാതയിലൂടെയാണ് രാകേഷ് തിക്കായത്ത് സഞ്ചരിച്ചത്. ഇന്ത്യയിലെ മറ്റ ഭാഗങ്ങളിലേക്ക് പ്രക്ഷോഭം വ്യാപിപ്പിക്കുമെന്ന് ജിൻഡിലെത്തിയ ശേഷം അദ്ദേഹം പ്രസ്താവിച്ചു.

'ആരെതിർത്താലും ഫാസിസ്റ്റ് കോർപ്പറേറ്റ് നയത്തിൽ തന്നെ മോദി സർക്കാർ ഉറച്ചു നിൽക്കും എന്ന രാഷ്ട്രീയ പ്രസ്താവനകളായിരുന്നു ബാരിക്കേഡുകൾ' (Avay Sukla, The Wire) എന്നാൽ ദില്ലിയിലേക്കു കർഷകർ കടക്കാതിരിക്കുവാനായി സർവ്വ പാതകളും തടഞ്ഞ് കോട്ടകൾ പോലുള്ള കോൺക്രീറ്റ് ബാരിക്കേഡുകൾ ഉയർന്നപ്പോൾ, സമരം എതിർ ദിശയിലേക്ക് വളർന്നു. ഖാലിസ്ഥാനികളുടേതെന്ന് ആരോപിക്കപ്പെട്ട പ്രസ്ഥാനം പഞ്ചാബിലും ഹരിയാനയിലും ഒതുങ്ങാതെ ഉത്തരേന്ത്യയുടെ ഹൃദയഭാഗങ്ങളിലേക്ക് ഒഴുകിപ്പരന്നു. ആദ്യ ഘട്ടത്തിൽ സിഖ് കേന്ദ്രിതമായിരുന്ന പ്രസ്ഥാനം ജാട്ടുകളിലേക്കും, മറ്റ ജനവിഭാഗങ്ങളിലേക്കും കത്തിപ്പടർന്നു. രാകേഷ് തിക്കായത്തിന്റെ ഐതിഹാസികമായ ആരോഹണത്തോടെ ബി. ജെ. പി.-യ്ക്കു പ്രാമുഖ്യമുണ്ടായിരുന്ന യു. പി., രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഉത്തർഖണ്ഡ്, എന്നീ സംസ്ഥാനങ്ങളിലേക്കും കർഷക പ്രസ്ഥാനം വ്യാപിച്ചു.

സ്വകാര്യ സ്ഥാപനത്തിലെ ജോലി ഉപേക്ഷിച്ച്, ഭാര്യയേയും ഒരു വയസ്സുള്ള കുട്ടിയേയും വീട്ടിൽ നിർത്തി, സിംഘു അതിർത്തിയിൽ സമരം ചെയ്യാൻ തുടക്കത്തിലേ എത്തിച്ചേർന്ന 28-കാരനായ ജസന്ദീപ് സിങ്ങിന്റെ വാക്കുകൾ:

> "ഒരിഞ്ചു പോലും ഞങ്ങൾ പിന്നിലേക്കില്ല. ഇത്തരം സമ്മർദ്ദ തന്ത്രങ്ങൾ കൊണ്ട് ഞങ്ങളെ ഭീഷണിപ്പെടുത്തുവാനാണ് അവർ ഉദ്ദേശിക്കുന്നതെങ്കിൽ അവർക്ക് തെറ്റി. ഞങ്ങൾ യോദ്ധാക്കളാണ്, ഞങ്ങളുടെ പോരാട്ടം എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഈ നാട്ടിലെ ഭാവി തലമുറകൾക്ക് വേണ്ടിയും. അവർ സിമന്റ് ഭിത്തികൾ പണിയുന്നു. പക്ഷേ എത്ര ഉയരമുള്ള മതിലുകൾക്കും ഞങ്ങളുടെ വീര്യത്തെ തടയുവാൻ സാധ്യമല്ല. ഡാമുകളാൽ തടഞ്ഞു നിർത്താൻ പറ്റുന്ന വെള്ളപ്പൊക്കമല്ല ഈ പ്രസ്ഥാനം. ഇത് സുനാമിയാണ്. ഒരു ഭിത്തിക്കും ഇതിനെ തടയാനാവില്ല" (The Wire, Feb 2, 2021).

കർഷകരുടെ വർദ്ധിതമായ സമര വീര്യത്തെയാണ് ഈ വാക്കുകൾ പ്രതിഫലിപ്പിച്ചത്.

— 2.7 —

## സമന്വയനത്തിന്റെ പാത

“The regal realm with the sorrowless name
they call it Begumpura, a place with no pain,
no taxes or cares, none owns property there,
no wrongdoing, worry, terror, or torture.
Oh my brother, I’ve come to take it as my own,
my distant home, where everything is right...
They do this or that, they walk where they wish,
they stroll through fabled palaces unchallenged.
Oh, says Ravidas, a tanner now set free,
those who walk beside me are my friends’ (Guru Ravidas).

### നവകർതൃത്വങ്ങൾ

ഇന്ത്യൻ ജനാധിപത്യത്തിന്റെ അത്യുന്നതവും തീക്ഷ്ണവും ഉജ്ജ്വലവുമായ ആവിഷ്കാരമാണ് കർഷക സമരത്തിൽ നാം കാണുന്നത്. ജനാധിപത്യപരവും അഹിംസാത്മകവുമായ ഒരു നിശ്ശബ്ദവിപ്ലവം. ഒരു പുതിയ ജനതയെ, ഒരു ബദൽ റിപ്പബ്ലിക്കിനെ കണ്ടെത്തുവാനുള്ള അത്ഭുതപൂർവ്വമായ ശ്രമം. പിന്തള്ളലിനു പകരം ഉൾക്കൊള്ളലിൽ അധിഷ്ഠിതമായ ഒരു നവ രാഷ്ട്രീയം. വൈരുദ്ധ്യാത്മകമോ നിഷേധാത്മകമോ ആധിപത്യപരമോ ആയ സംശ്ലേഷണങ്ങൾക്കു പകരം സർവ്വ ജനവിഭാഗങ്ങളേയും സമന്വയനം ചെയ്യുന്ന, സംയോജന സംശ്ലേഷണ പ്രക്രിയയ്ക്ക് (connective synthesis) പ്രാധാന്യം കൊടുക്കുന്ന, ഒരു പുത്തൻ കർതൃവ്യൂഹമാണ് കർഷക സമര സംഭവത്തിൽ നിന്നുല്പന്നമായത്. രാകേഷ് തിക്കായത്ത്, ജസന്ദീപ് സിങ്ങ്, ദിഷാരവി, സുദേഷ് കണ്ടേല, സുദേഷ് ഗോയാത്, ഹർ ഗോബിന്ദ് കൗർ (സമര രംഗത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്ന സ്ത്രീകളിൽ ചിലർ) നോദീപ് കൗർ, ശിവ് കുമാർ (ദളിത് തൊഴിലാളി പ്രവർത്തകർ) എന്നിവരെല്ലാം തന്നെ സംഭവസംജാതവും, സംഭവത്തോട് വിശ്വസ്തവും ആയ, വിപ്ലവകരമായി രൂപാന്തരീകരിക്കപ്പെട്ട, നവ കർതൃത്വ നിരയുടെ ഉദാഹരണങ്ങളാണ്.

മോദി സർക്കാർ ദേശസാൽക്കരിച്ച വിദ്വേഷത്തിന്റെയും പ്രതികാരത്തിന്റെയും വിഭജനത്തിന്റെയും ഹിംസയുടെയും വിഷാഖ്യാനങ്ങളെ നിർവ്വീര്യമാക്കുന്ന സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സമന്വയനത്തിന്റെയും അമൃതാഖ്യാനമാണ്

കർഷക കർതൃത്വം അവതരിപ്പിച്ചത്. മോദി ഗവണ്മെന്റിന്റെ വിഭജനനയം മത, ജാതി, വർഗ്ഗ, പ്രാദേശിക, സ്വത്വങ്ങളുടെയും ഉപസ്വത്വങ്ങളുടെയും അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ചപ്പോൾ, ഈ വിഭക്ത സ്വത്വങ്ങളെ ജനത എന്ന ബഹുത്വസ്വത്വത്തിലേക്ക് അലിയിച്ചെടുക്കുന്ന ഒരു സമന്വയ സംശ്ലേഷണ പ്രക്രിയയുമാണ് ഉദ്ബുദ്ധമായ ഈ നവകർതൃത്വം തുടക്കം കുറിച്ചത്. ജാതി, മത, വർഗ്ഗ താല്പര്യങ്ങളെ അതിലംഘിച്ച് കൊണ്ട് വിഭിന്ന ജനങ്ങൾ തമ്മിൽ ഐക്യദാർഢ്യം സൃഷ്ടിക്കുവാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ കർഷകപ്രസ്ഥാനത്തിന്റെ ഭാഗത്തു നിന്നുണ്ടായി (Ravindar Kaur, "Solidarity that keeps Farm protests going", The Indian Express, March 7, 2021).

## സൂക്ഷ്മദേശീയമായ മൂല്യ സ്രോതസ്സുകൾ

ഫെബ്രുവരി അവസാനം നടന്ന ഗുരു രവിദാസ് ജയന്തി ആഘോഷമാണ് പ്രധാനപ്പെട്ട ഒരു ദൃഷ്ടാന്തം. കർഷക സമ്പദ്‌വ്യവസ്ഥയിൽ ജാട്ട്, ദളിത് സമുദായങ്ങൾ തമ്മിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ജാതീയമായ വ്യത്യാസങ്ങളെയും സംഘർഷങ്ങളെയും പരിഹരിക്കുവാനുള്ള ശ്രമം എന്ന നിലയിൽ പ്രാധാന്യം അർഹിക്കുന്നു ഈ ആഘോഷം.

കർഷകരുടെ സമരത്തെയും തൊഴിലാളികളുടെ സമരത്തെയും സംയോജിപ്പിക്കുവാനുള്ള ശ്രമമാണ് അനുബന്ധമായി നടന്ന മറ്റൊരു ശ്രദ്ധേയമായ നീക്കം. കർഷക നിയമത്തിനും ലേബർ കോഡുകൾക്കുമെതിരേ സംയുക്ത കിസാൻ മോർച്ചയും വ്യാവസായിക തൊഴിലാളി യൂണിയനുകളും സംയുക്ത സമരത്തിലേർപ്പെടുവാനുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടു. ഈ സംയോജിത സമരങ്ങൾക്ക് ആക്കം കൂട്ടുന്ന ഒരു നവ നേതൃത്വത്തിന്റെ ആവിർഭാവവും ശ്രദ്ധേയമായി. ദളിത് തൊഴിലാളികളുടെ അവകാശത്തിനായി പോരാടുന്ന ആക്ടിവിസ്റ്റുകളായ നോദീപ് കൗർ, ശിവ് കുമാർ എന്നിവരാണ് ഇതിൽ പ്രധാനികൾ. കർഷകരും തൊഴിലാളികളും ഒരേ പോലെ ഉല്പാദനപ്രവർത്തനത്തിലേർപ്പെടുന്നവരാണെന്നും അത് കൊണ്ട് തന്നെ തങ്ങൾക്ക് ഹാനികരമായ നിയമങ്ങൾക്കെതിരെ രണ്ട് കൂട്ടരും ഒന്നിച്ച് പോരാടണമെന്നുമുള്ള അവരുടെ വാദങ്ങൾ ഇന്ന് കൂടുതൽ പിന്തുണയാർജ്ജിച്ചിരിക്കുന്നു. കൃഷിക്കാരുടെയും കർഷക ത്തൊഴിലാളികളുടെയും ഐക്യദാർഢ്യത്തെ വിഭാവനം ചെയ്യുന്ന "കിസാൻ-മസ്ദൂർ ഏകതാ സിന്ദാബാദ്" എന്ന ആദ്യഘട്ടത്തിലെ മുദ്രാവാക്യം ഇന്നിപ്പോൾ വ്യാസായിക തൊഴിലാളികളെയും ഉൾപ്പെടുത്തുന്ന വിധം വിപുലീകരിക്കപ്പെട്ടിരിക്കുന്നു.

പ്രക്ഷോഭത്തിന്റെ വിഭിന്ന ഘട്ടങ്ങളിൽ സിക്കുകാരും ഹിന്ദു ജാട്ടുകളും, കർഷകരും കർഷകത്തൊഴിലാളികളും, ഹിന്ദുക്കളും മുസ്ലീങ്ങളും, ദളിതരും ജാട്ടുകളും, കർഷകരും തൊഴിലാളികളും, പഞ്ചാബ്, ഹരിയാന, യു. പി. തുടങ്ങിയ വിഭിന്ന സംസ്ഥാനങ്ങളിലെ ജനങ്ങളും ഒക്കെത്തമ്മിൽ നടന്നു വന്ന സജീവമായ ഈ സമന്വയ പ്രക്രിയയ്ക്ക് ഊർജ്ജാധാനം നൽകിയത് സൂക്ഷ്മദേശീയമെന്ന് പറയാവുന്ന ഒരു സാംസ്കാരികസ്രോതസ്സാണ്. സിക്ക് സാംസ്കാരത്തെ രൂപപ്പെടുത്തിയ ജാതി വിരുദ്ധ സമത്വ പ്രസ്ഥാനം ആണ് ഇതിൽ പ്രധാനപ്പെട്ട ഒരു ഘടകം. പ്രതിസന്ധിയുടെ

തായ ഈ മുഹൂർത്ഥങ്ങളിൽ കർഷക പ്രസ്ഥാനം നൈതികവും ബൗദ്ധികവുമായ കരുത്താർജ്ജിക്കുന്നത് നാട്ടു ദേശീയമായ ആശയ-മൂല്യ-ധാതുക്കളുടെ വീണ്ടെടുക്കലിലൂടെയാണ്. ഗുരു രവിദാസ് വിഭാവനം ചെയ്ത "ബീഗംപുര" (ദുഃഖമില്ലാത്ത നഗരം) എന്ന യുട്ടോപ്യൻ സങ്കല്പം പ്രക്ഷോഭത്തിന്റെ പല ഘട്ടങ്ങളിലും വിളിച്ചുണർത്തപ്പെട്ടത് കർഷക സമരത്തിന്റെ പിന്നിൽ വർത്തിച്ച രാഷ്ട്രീയ കാമനയിലേക്ക് വിരൽ ചൂണ്ടുന്നു. അസമത്വങ്ങളോ ഉച്ചനീചത്വങ്ങളോ ഇല്ലാത്ത പുരോഗമനസ്വഭാവമുള്ള ഭാവനാ നഗരമാണ് "ബീഗംപുര". സ്വകാര്യസ്വത്തില്ലാത്ത നഗരം, എല്ലാവരെയും സ്വാഗതം ചെയ്യുന്ന ലയാത്മക നഗരം. പതിഞ്ചാം നൂറ്റാണ്ടിൽ ബ്രാഹ്മണ്യത്തെ വെല്ലുവിളിക്കുകയും ജാതിവ്യവസ്ഥയെ നിരാകരിക്കുകയും ചെയ്ത ഗുരുനാനാക്കിന്റെയും ദളിതഗുരുവായ രവിദാസിന്റെയും സമത്വനിർഭരമായ ദർശനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട കർഷകർ വിപ്ലവകരമായ ഈ സൂക്ഷ്മ ദേശീയ ആശയങ്ങളെ രാഷ്ട്രീയ പ്രയോഗങ്ങളിലേക്ക് പരാവർത്തനം ചെയ്തു എന്നതാണ് പ്രധാനം. തേജ്ബഹദൂർ തുടങ്ങിയ ഗുരുപരമ്പരയിൽ നിന്നാർജ്ജിച്ച രാഷ്ട്രീയ സ്വാതന്ത്ര്യ ബോധവും ജീവത്യാഗ സന്നദ്ധതയും ലോക ചരിത്രം ഇന്നേവരെ കാണാത്ത ഒരു ജനാധിപത്യ വിപ്ലവ പ്രസ്ഥാനത്തിന്റെ ഊർജ്ജധാതുക്കളായി.

ജാതിവിരുദ്ധവും സമത്വാധിഷ്ഠിതവുമായ ഈ ആശയങ്ങൾ എല്ലാവരെയും ഒന്നിച്ച ഭക്ഷണം കഴിക്കാൻ ക്ഷണിക്കുന്ന ലംഗർ എന്ന സമൂഹഭോജന പ്രസ്ഥാനത്തിലേക്ക് പരിഭാഷ ചെയ്യപ്പെട്ടു. വർഗ്ഗപരവും ജാതീയവുമായ ശ്രേണീബന്ധങ്ങളെ തകർക്കുന്ന "സേവ", സ്വതന്ത്രമായ അദ്ധ്വാനത്തിന് മാഹാത്മ്യം നൽകുന്ന കീരത് (വേല), ജീവിതത്തെയും മരണത്തെയും മൂല്യബദ്ധമാക്കുന്ന ബലി എന്നീ നൈതിക മൂല്യങ്ങൾ അങ്ങനെ നവ കർതൃ-നിർമ്മിതിയുടെ അവിഭാജ്യ ഘടകങ്ങളായി. സ്ത്രീപുരുഷന്മാർ, സമൂഹത്തിന്റെ പലതട്ടിലുള്ള ജന വിഭാഗങ്ങൾ എല്ലാം, ഒന്നിച്ച് പാചകവൃത്തിയിൽ മുഴുകുന്നതും കായികവും ബൗദ്ധികവുമായ അദ്ധ്വാനങ്ങളിൽ ഒരുമയോടെ ഏർപ്പെടുന്നതും, "വരും" സമൂഹത്തിന്റെ, ബദൽ റിപ്പബ്ലിക്കിന്റെ, ശുഭവിജ്ഞാപനങ്ങളായി.

## സമന്വയനത്തിന്റെ പാത

വർഗ്ഗീയ കലാപങ്ങൾ നടന്ന പടിഞ്ഞാറൻ യു. പി.-യിലെ മുസാഫർ നഗർ പോലുള്ള പ്രദേശങ്ങളിൽ ജാട്ടുകളും മുസ്ലീങ്ങളും പരസ്പരം ആശ്ലേഷിച്ച് കൊണ്ട് കർഷക സമരത്തിനു പിന്നിൽ അണിനിരക്കുകയാണിന്ന്. വിഭിന്ന വർഗ്ഗങ്ങളുടെയും ദേശീയ, ജാതീയ, മതവിഭാഗങ്ങളുടെയും ഏകോപനത്തിനുള്ള പുതിയ സാധ്യതകളാണ് കർഷക സമരം തുറന്ന് വിട്ടത്.

വ്യത്യസ്ഥ മത, സാമുദായിക, വിഭാഗങ്ങൾ തമ്മിൽ സ്നേഹ സൗഹാർദ്ദങ്ങൾ ഊട്ടി വളർത്തുവാൻ കർഷകർ നടത്തുന്ന പ്രയത്നങ്ങളുടെ പ്രകടമായ മറ്റൊരു ദൃഷ്ടാന്തമായിരുന്നു സിംഘു, ഗാസിപ്പൂർ സമരപ്പന്തലുകളിൽ ഏപ്രിൽ 19, 2021-നു നടത്തിയ ഇസ്താർ വിരുന്ന്. കോവിഡ് നിയന്ത്രണങ്ങളെത്തുടർന്ന് നഗരങ്ങളിൽ നിന്ന് നാട്ടിലേക്ക് മടങ്ങുന്ന കുടിയേറ്റത്തൊഴിലാളികൾക്ക് ഭക്ഷണവും അഭയവും വാഗ്ദാനം ചെയ്തു കൊണ്ട് കൂട്ടായ സമരത്തിലേർപ്പെടുവാൻ അവരെ ആഹ്വാനം

ചെയ്യുകയുണ്ടായി സംയുക്ത കിസാൻ മോർച്ച. ലോക്ക് ഡൗണിനെത്തുടർന്ന് ദൽഹിയിൽ നിന്ന് മടങ്ങുന്ന അതിഥിത്തൊഴിലാളികൾക്ക് ദിവസങ്ങളോളം ഭക്ഷണപ്പൊതികൾ വിതരണം ചെയ്ത് കൊണ്ട് കർഷകർ കാണിച്ച കരുതൽ കർഷക പ്രസ്ഥാനം തിരി കൊളുത്തിയ “ജീവ” രാഷ്ട്രീയത്തിന്റെ, ഉൾക്കൊള്ളലിലും സംയോജനത്തിലും അധിഷ്ഠിതമായ നവരാഷ്ട്രീയത്തിന്റെ, നൈതികമായ ആഭിമുഖ്യത്തെയാണ് സൂചിപ്പിക്കുന്നത്.

## — 2.8 —

# ജനാധിപത്യത്തിന്റെ തീക്ഷ്ണാവിഷ്കാരങ്ങൾ

### ഉപസംഹാരം

> “Nothing more can be said, and no more has ever been said: to become worthy of what happens to us, and thus to will and release the event, to become an offspring of one’s own events…” (Gills Deleuze, The Logic of Sense, trans. Mark Lester and Charles Stivale, 1990, Continuum, London 2005, p. 170. “Either ethics makes no sense at all”, “or this is what it means and has nothing else to say: not to be unworthy of what happens to us” (The Logic of Sense, p. 169).

### നവ-കർതൃനിർമ്മിതി

സംഭവങ്ങൾക്ക് അർഹതയുള്ളവരായിത്തീരുക (സംഭവങ്ങൾക്ക് സമസ്കന്ധരാവുക), സംഭവത്തെ ഇച്ഛിക്കുക, അഴിച്ചുവിടുക, സ്വന്തം സംഭവങ്ങളുടെ സന്തതിയാവുക: ഇതാണ് നൈതികതയുടെ പരമമായ അർത്ഥം, അന്തസ്സാരം, എന്ന് തന്റെ സംഭവ വിചിന്തനത്തിനിടയിൽ ദെല്യൂസ് പലവട്ടം നമ്മെ ഉണർത്തുന്നു. സംഭവങ്ങൾ നമ്മോടാവശ്യപ്പെടുന്ന നൈതികവും രാഷ്ട്രീയവുമായ പ്രയോഗങ്ങളെ, കർത്തൃപരമായ രൂപാന്തരീകരണങ്ങളെയാണ് ഈ പ്രസ്താവം സൂചിപ്പിക്കുന്നത്. സംഭവങ്ങളോടുള്ള വിശ്വസ്തതയിൽ നിന്നാണ് (വിപ്ലവ) കർതൃത്വം ഉല്പന്നമാകുന്നതെന്ന് ബാദ്യൂ. പ്രകൃതിയുടെയും സംസ്കൃതിയുടെയും മനുഷ്യ പ്രവർത്തനത്തിന്റെയും വരദാനമായി ലഭിക്കുന്ന വിപ്ലവകരമായ സംഭവങ്ങളോട് കണ്ണിചേർന്നു കൊണ്ട് അവയുടെ അനന്തരാവകാശികളായി മാറിക്കൊണ്ട് സംഭവത്തിന്റെ പ്രതിജ്ഞാപകരും പ്രയോക്താക്കളും സംവർദ്ധകരുമായിത്തീരുക എന്നാണ് സംഭവത്തിന്റെ തത്വചിന്തകർ നമ്മെ പ്രബുദ്ധരാക്കുന്നത്.

2020 നവംബർ 26-ന് പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ തുടക്കം കുറിച്ച മഹാ പ്രക്ഷോഭ സംഭവം ലോക ചരിത്രത്തിൽ തന്നെ അപൂർവ്വമായ ഒരു ജനാധിപത്യ വിപ്ലവത്തിന് തീ കൊളുത്തുകയാണ് ചെയ്തത് എന്ന് നാം കണ്ടു. മൂന്ന് കർഷക നിയമങ്ങൾ പിൻവലിക്കുവാനുള്ള സമരം എന്നതിലുപരി, ഇന്ത്യൻ ജനാധിപത്യത്തിന്റെ, റിപ്പബ്ലിക്കിന്റെ തന്നെ വീണ്ടെടുപ്പിനായുള്ള ഒരു ജനകീയ

പ്രസ്ഥാനമായി കർഷക സമരം മാറി എന്നതാണ് സംഭവം. വെറും ഒരു ചെറുത്ത് നില്പ്, ഒരു പ്രതിഷേധ സമരം, എന്നതിനുപരി, ഒരു നവ ജനതയെ, നവ റിപ്പബ്ലിക്കിനെ, കണ്ടെത്തുന്ന സംസ്ഥാപനപരമായ (constitutive) ഒരു ജനാധിപത്യ ആവിഷ്കാരമായി കർഷക പ്രക്ഷോഭം എന്നതാണ് "സംഭവം." ഈ സംഭവത്തിൽ നിന്ന് ഒരു പുതിയ കർതൃത്വം ഉല്പന്നമാകുന്നതും നാം കണ്ടു. സ്ഥാപിത (constituted)പൗരത്വത്തിൽ നിന്ന് സ്ഥാപക (constituent) പൗരത്വത്തിലേക്ക് രൂപാന്തരീകരണം പ്രാപിച്ച, അടി മുടി ഇളയവൽക്കരിക്കപ്പെട്ട (minorised), നവ ജനാധിപത്യ കർതൃത്വം. ഈ കർതൃ-രൂപാന്തരീകരണം, നവ പൗര നിർമ്മിതി, കർഷകരിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. കർഷക സമര സംഭവത്തോട് താദാത്മ്യം പ്രാപിക്കുന്ന, ഐക്യപ്പെടുന്ന, എല്ലാം ഇന്ത്യക്കാരും ഈ നവ കർതൃവൽക്കരണ പ്രക്രിയയിലൂടെ കടന്ന് പോകുന്നുണ്ട്.

## ജനാധിപത്യത്തിന്റെ തീക്ഷ്ണാവിഷ്കാരങ്ങൾ

കർഷക സമര സംഭവം തിരി കൊളുത്തിയ ജനാധിപത്യവിപ്ലവത്തെ "പരമ" ജനാധിപത്യത്തിന്റെ (സ്പിനോസിയൻ സങ്കല്പമായ absolute democracy) നിർമ്മിതിയിലേക്ക് തിരിച്ചു വിടുക എന്നതാണ് പുതു കർതൃത്വങ്ങളുടെ വെല്ലുവിളി. ജനാധിപത്യം എന്നത് ഒരു തിരഞ്ഞെടുക്കൽ പ്രക്രിയ മാത്രമല്ലെന്നും ഭരണകൂടത്തെ, ഉല്പാദിപ്പിക്കൽ മാത്രമല്ലെന്നും, വെറും ഒരു പ്രതിനിധാനപ്രക്രിയ മാത്രമല്ലെന്നും ഒരു പുതിയ ജനതയെ, വരും റിപ്പബ്ലിക്കിനെ, പുതിയ ഭൂമിയെ, പുതിയ ലോകത്തെ, നിർമ്മിക്കലാണെന്നും ഭൂരിപക്ഷ ഭരണത്തെ ഇളയവൽക്കരിക്കലാണെന്നും ഉള്ള രാഷ്ട്രീയപരമായ തിരിച്ചറിവാണ് കർഷക സമര സംഭവം നമുക്ക് പകർന്ന് തരുന്നത്.

സർവ്വമനുഷ്യരോടും, സർവ്വചരാചരങ്ങളോടും, സർവ്വഭൂതങ്ങളോടും ഐക്യപ്പെടുന്ന, ആയിത്തീരലിന്റെ (becoming), രൂപാന്തരീകരണത്തിന്റെ (metamorphosis), നിതാന്തമായ ചര്യയിലേക്കാണ് "പരമ" ജനാധിപത്യം എന്ന ആശയം നമ്മെ വിളിക്കുന്നത്. അതായത് അമാനവികവും അതിമാനവവും ശാശ്വതികവുമായ ഒരു ജനാധിപത്യ സങ്കല്പത്തിലേക്ക്, പ്രയോഗത്തിലേക്ക്.

കർഷക സമര സംഭവം തൊടുത്തു വിട്ട ജനാധിപത്യ വിപ്ലവം, പ്രധാനമായും ജനാധിപത്യത്തിന്റെ മൂന്ന് ആവിഷ്കാരങ്ങളെയാണ് അടിയന്തിരമായും നിർദ്ദേശിക്കുന്നത്:

> ജനഹിതത്തിനു വഴങ്ങാത്ത ഭരണകൂടത്തിനുമേൽ സമ്മർദ്ദം ചെലുത്തുക, ഭരണകൂടത്തെ ഉപരോധിക്കുക, തിരിച്ചു വിളിക്കുക, ദുർഭരണകൂടത്തിലർപ്പിതമായ ജനസമ്മതി ആത്യന്തികമായും പിൻവലിക്കുക.
>
> ജനങ്ങളുടെ ജീവിതാവസ്ഥയേയും, ആവാസവ്യവസ്ഥയേയും പ്രകൃതിയേയും കൊള്ള ചെയ്തു മുടിക്കുന്ന കോർപ്പറേറ്റുകൾക്കെതിരേ, ആഗോള സാമ്രാജ്യത്വവാഴ്ച്ചയ്ക്കെതിരേ, സന്ധിയില്ലാ സമരത്തിനു തുടക്കം കുറിക്കുക.
>
> ഭരണകൂടത്തിനുള്ളിൽ, വെളിയിൽ പുതിയ കൂട്ടായ്മകളെ/പൊതുമകളെ ഉല്പാദിപ്പിക്കുക. പൊതുമയുടെ (common) തത്വത്തിന്റെ, സ്വപ്നത്തിന്റെ, ചര്യയുടെ, നൈതിക/രാഷ്ട്രീയ പരീക്ഷണ രൂപങ്ങളെയാണ് ലംഗർ എന്ന പദം, സങ്ക

ല്പം, പ്രയോഗം പ്രതിനിധാനം ചെയ്യുന്നത്. (അത് സമൂഹ ഭോജനത്തിൽ ഒതുങ്ങുന്നില്ല).

തിരഞ്ഞെടുപ്പ് മേളകൾ ശേഷം, കുംഭമേളകൾക്ക് ശേഷം, അധികാരത്തിന്റെ മമാങ്കങ്ങൾക്ക ശേഷം, കൊറോണാ മഹാമാരിയുടെ രണ്ടാമൂഴമായി. പ്രാണവായുവിനായി പിടയുകയാണ് ഇന്ത്യയിലെ ജനങ്ങൾ ഇന്ന്. കിതപ്പ്, ശ്വാസം മുട്ടൽ, പിടയൽ, ഹൈപ്പോക്ക്സിയ, അസ്ഫോക്സിയ: കൊറോണയുടെ രണ്ടാം തരംഗത്തിൽ ഇന്ത്യൻ ജീവിതം നിർവ്വചിക്കപ്പെടുന്നതിങ്ങനെയാണ്. ഡെൽഹിയിൽ ശ്മശാനങ്ങളിൽ ചിതയണയാതെ കത്തിക്കൊണ്ടിരിക്കുമ്പോഴും, ഐ. പി. എൽ. മേള, കോടികൾ ചിലവഴിച്ച് കൊണ്ടുള്ള സെൻട്രൽ വിസ്റ്റ പ്രോജെക്റ്റിന്റെ നിർമ്മാണ പരിപാടികൾ, എല്ലാം പൊടിപൊടിക്കുകയായിരുന്നു.

## ദുരന്ത ഭരണകൂടം (catastrophic State)

പുതിയ കൊറോണാ വൈറസ്സിനെ പോലെ ജനിതകവ്യതിയാനം വന്ന ഭരണകൂടത്തെയാണ് നമുക്കിന്ന് നേരിടുവാനുള്ളത്. കോവിഡ് മഹാവ്യാധിയുമായി സംരചനയിൽ, കൂട്ടുകച്ചവടത്തിൽ, ഏർപ്പെട്ട ഭരണകൂടം "ദുരന്ത മുതലാളിത്ത"-ത്തെപ്പോലെ (Naomi Klein, Disaster Capitalism) 'ദുരന്ത' ഭരണകൂടമായി (Disaster State) സ്വയം രൂപാന്തരീകരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യ ദുരന്തത്തെ, പ്രതിസന്ധിയെ, ബയോ-ഭീകരതയെ, രക്തവും ലാഭവും അധികാരവും വലിച്ചെടുത്ത് കൊഴുക്കുവാനുള്ള, വിപണിയിൽ വിലപേശുവാനുള്ള സുവർണ്ണാവസരമാക്കുന്ന ദുരന്ത മുതലാളിത്തത്തെ പോലെ, മോദിയുടെ "ദുരന്ത" ഭരണകൂടം മരണത്തെ, ദുരന്തത്തെ, ഉല്പാദിപ്പിക്കുന്ന, വിപണനം ചെയ്യുന്ന, മറ്റൊരു മഹാവ്യാധിയായി, "മരണ"കൂടമായി, "ദുരന്ത"കൂടമായി മാറിയിരിക്കുന്നു. ഓക്സിജനും, വാക്സിനും, ഐ. സി. യു.-വും, വെന്റിലേറ്ററും, ജീവരക്ഷാ മരുന്നും ഒക്കെ വിലപേശി വിൽക്കുന്ന മരണവ്യവസായി, മരണ വ്യാപാരി. ജനാധിപത്യമാണ് ആത്യന്തികമായും, അടിയന്തിരമായും ജനങ്ങളുടെ പ്രാണ രക്തം, ഓക്സിജൻ, വാക്സിൻ, എന്ന് ചരിത്രം നിലവിളിക്കുന്നു. അത് കൊണ്ട് കർഷക സമര സംഭവം നിർദ്ദേശിക്കുന്ന പോലെ മോദി ഭരണകൂടത്തെ മടക്കി വിളിയ്ക്കുന്ന ഒരു പ്ലിബസൈറ്റ്, റിഫറണ്ടം, പ്രക്ഷോഭം, പ്രാണവായു പോലെ അടിയന്തിരമായിരിക്കുന്നു.

രണ്ടാമതായി, ദേശീയവും സൂക്ഷ്മദേശീയവുമായ ആവാസവ്യവസ്ഥയെ, നദികളെ, സമുദ്രങ്ങളെ, കുന്നുകളെ, പർവ്വതങ്ങളെ, ആകാശത്തെയും ഭൂമിയേയും, മണ്ണിനെയും വെള്ളത്തെയും വായുമണ്ഡലത്തെയും ലോഹശിലാധാതു സഞ്ചയങ്ങളെയും താരാപഥങ്ങളെയും അണ്ഡരാശികളെയും ആഗോള കോർപ്പറേറ്റ് സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിൽ നിന്ന് മോചിപ്പിക്കുവാനായുന്ന പാരിസ്ഥിതികരാഷ്ട്രീയ സമരത്തെ കർഷക സമരവുമായി ബന്ധിപ്പിക്കുക.

മഹാവ്യാധിയുടെ നിമിഷങ്ങളിൽ അടിയന്തിര പ്രാധാന്യം ആർജ്ജിക്കുന്ന മറ്റൊരു നിർദ്ദേശം ഇതാണ്: ഭരണകൂടത്തിനുള്ളിലും വെളിയിലും പൊതുമയുടെ നിർമ്മിതി. കർഷക സമര സംഭവം മുന്നോട്ട് വയ്ക്കുന്ന ലംഗർ എന്ന ആശയത്തിന്റെ,

പ്രയോഗത്തിന്റെ, വിപുലീകരണം. യു. പിയിലും ദില്ലിയിലും മറ്റും ഹോസ്പിറ്റലുകൾ പുറന്തള്ളിയ നിസ്സഹായരായ രോഗികൾക്കായി ഗുരുദ്വാരകൾ തുറന്നിട്ട ഓക്സിജൻ ലംഗർ പോലെ. ജനകീയ അടിസ്ഥാനത്തിൽ, അനൗദ്യോഗിക തലത്തിൽ, പ്രവർത്തിക്കുന്ന ആക്റ്റിവിസ്റ്റുകളും മനുഷ്യസ്നേഹികളുമായ എല്ലാ ഇന്ത്യക്കാരും പങ്കാളികളാകുന്ന വാക്സിൻ ലംഗർ, വെന്റിലേറ്റർ ലംഗർ, ഹോസ്പിറ്റൽ ലംഗർ ജീവൻ രക്ഷാ ലംഗർ... കർഷക സമരത്തിന്റെ സംസ്ഥാപനപരവും സൃഷ്ട്യാത്മകവുമായ ജനാധിപത്യ രാഷ്ട്രീയം മഹാമാരിയുടെ രുഗ്ണ സന്ദർഭത്തിൽ നവകർതൃത്വങ്ങളോടാവശ്യപ്പെടുന്നതിതാണ്: മരണത്തെയും, യുദ്ധത്തെയും, ഭീകരതയേയും ഉല്പാദിക്കുന്ന "ദുരന്ത ഭ/മരണകൂടത്തിന്, ദുരന്തമുതലാളിത്തത്തിന് ('ദുരന്ത' കമ്യൂണിസത്തിനും) ബദലായി ജനകീയമായ, പൊതുമയിലധിഷ്ഠിതമായ സേവന കേന്ദ്രങ്ങൾ, സേവാവിഹാരങ്ങൾ, ജീവ ശക്തിയുടെ, സ്നേഹത്തിന്റെ, കരുണയുടെ, ലംഗറുകൾ നാട്ടിലെങ്ങും ഉയർത്തിക്കൊണ്ടു വരിക. ഭരണകൂടസ്വരൂപത്തെ പൊതുമയുടെ ആവിഷ്ക്കാരമായ ലംഗർ സങ്കല്പത്തിലേക്ക് പരിഭാഷചെയ്യുക.

നവ ജനാധിപത്യകർതൃത്വത്തിന്റെ ആത്യന്തികമായ പരിഗണന കർഷക സമരം, സംഭവം, തുടക്കം കുറിച്ച ജനാധിപത്യവിപ്ലവത്തെ അമാനവികവും അതിമാനവികവും ആയ ദിശകളിലേക്ക്, പരമവും അനന്തവുമായ ജനാധിപത്യ സങ്കല്പത്തിലേക്ക്, ചര്യയിലേക്ക്, പെരുപ്പിക്കുക എന്നതാവും. അതിനർത്ഥം സർവ്വ ജീവരാശികളുടെയും, ചരാചരങ്ങളുടെയും, സർവ്വ ഭൂതങ്ങളുടെയും ഹിതത്തിന്, നിലനില്പിന് പ്രാധാന്യം കൊടുക്കുന്ന, സർവ്വ ആത്മങ്ങളെയും അപരങ്ങളെയും പുൽകുന്ന, സർവ്വജന്തുക്കളിലേക്കും, പ്രാണികളിലേക്കും, സസ്യവൃക്ഷ തൃണ പർവ്വതജലരാശികളിലേക്കും, പഞ്ചഭൂതങ്ങളിലാകെയും പടരുന്ന നൈതികവും പാരിസ്ഥിതികവും ആയ, മാനവവും അമാനവവും അതിമാനവവുമായ ഒരു കൂട്ടായ്മയുടെ ബഹുജീവരാഷ്ട്രീയത്തിലേക്ക് ജനാധിപത്യരാഷ്ട്രീയ സങ്കല്പത്തെ, പ്രയോഗത്തെ, വിസ്തൃതമാക്കുക എന്നത്രേ.

ഭാഗം 3

# അനുബന്ധം

## — 3.1 —

# “ജനസഞ്ചയ”ത്തിന്റെ മാന്ത്രികാഖ്യാനങ്ങൾ

ഇന്ത്യാചരിത്രത്തിലെയെന്നല്ല ലോകചരിത്രത്തിലെത്തന്നെ അത്ഭുതപൂർവ്വമായ സംഭവം എന്ന് കരുതാവുന്ന കർഷക പ്രക്ഷോഭത്തെ വിലയിരുത്തുവാൻ പ്രത്യയ ശാസ്ത്രപരമായ മുൻധാരണകളോ ഗ്രന്ഥവ്യുൽപ്പത്തിയോ തത്വജ്ഞാനമോ നമ്മെ സഹായിക്കില്ലെന്നുള്ള മുന്നറിയിപ്പാണ് ബി. രാജീവന്റെ “രണ്ടാം സ്വാതന്ത്ര്യസമ രത്തിന്റെ പ്രഭാത ഭേരി” എന്ന ലേഖനം (സായാഹ്ന, 2021). മാത്രമല്ല ഇത്തരം സന്ദർഭങ്ങളിൽ ബുദ്ധിജീവികളുടെ ടോൾക്കിറ്റുകൾ, നമ്മുടെ ഗതി തടയുന്ന ബാരി ക്കേഡുകളോ വഴി തെറ്റിക്കുന്ന ദിശാ സൂചികളോ ആയി മാറാമെന്നും അത് സൂ ചിപ്പിക്കുന്നു.

കർഷക സമരത്തെ അതിവിശേഷണങ്ങൾ കൊണ്ട് കീർത്തനം ചെയ്യുന്ന ഈ ലേഖനം ഫലത്തിൽ അതിനെ ലഘൂകരിക്കുകയും അതിന്റെ സംഭവമാനത്തെ ന്യൂനീകരിക്കുകയും ചെയ്യുന്ന ബൗദ്ധികാഭ്യാസമായി മാറുന്നു എന്നതാണ് ഖേദകര മായ വസ്തുത. ഈ മഹാപ്രക്ഷോഭത്തിന്റെ അനന്യതയെ, നവനവീനതയെ, വിപ്ല വകരമായ അന്തർബലതന്ത്രത്തെ, ഉന്മീലനം ചെയ്യുന്നതിൽ ലേഖനം പരാജയപ്പെ ടുന്നു. ‘ഭാവി രാഷ്ട്രീയത്തിനൊരാമുഖം’ എന്ന കുറിമാനത്തോടെ പ്രത്യക്ഷപ്പെടുന്ന, “പുതിയ രാഷ്ട്രീയ വിപ്ലവത്തിന്റെ മാനിഫെസ്റ്റോ” എന്ന് ഡോക്ടർ ആസാദ് വിശേ ഷിപ്പിക്കുന്ന, ഈ പ്രബന്ധം രാഷ്ട്രീയത്തെ സംബന്ധിച്ച ചില മോഹചിന്തകളെ പ്ര ക്ഷേപണം ചെയ്യുന്ന ഒരു ബൃഹദാഖ്യാന സമുച്ചയം മാത്രമായി ഒടുങ്ങുന്നു എന്നതാ ണ് സത്യം.

## സ്വാതന്ത്ര്യ സമരം ഒരു തുടർപദ്ധതിയോ?

രണ്ടാം സ്വാതന്ത്ര്യസമരം എന്ന നാമകരണം തന്നെ പരിശോധിക്കുക. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ നടന്ന സ്വാതന്ത്ര്യ സമരത്തിന്റെ തുടർച്ച എന്ന അർത്ഥ ത്തിലാണ് ഈ നാമം ഉപയോഗിക്കുന്നത്. അടിയന്തിരാവസ്ഥയ്ക്കെതിരെ ജയപ്ര കാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തെ രണ്ടാം സ്വാതന്ത്ര്യ സമരം എന്നാണ് അന്ന് വ്യാപകമായി വിളിച്ചു വന്നത്. ഫലത്തിൽ ഈ പദം ഒരു ക്ലിഷേയായി മാറിയത് കൊണ്ടും, സ്വാതന്ത്ര്യ സമരത്തിന്റെ ബൃഹദാഖ്യാനങ്ങളുടെ തുടർച്ചയായി മാത്രം കർഷക പ്രക്ഷോഭത്തെ അത് സ്ഥാനപ്പെടുത്തുമെന്നത് കൊ ണ്ടും, അങ്ങനെ ഈ പ്രക്ഷോഭത്തിന്റെ അന്തർവ്യത്യസ്തതയെയും, അനന്യാദൃശത്വ ത്തെയും ഈ നാമകരണം ദുർബ്ബലപ്പെടുത്തും എന്ന് കരുതുകകൊണ്ടും രണ്ടാം സ്വാ

തന്ത്ര്യസമരം എന്നല്ല നവസ്വാതന്ത്ര്യ സമരം എന്നാണ് ഈ സമരത്തെ വിളിക്കേണ്ടതെന്ന് രാജീവന്റെ ലേഖനത്തെ നേരിട്ട് സ്പർശിക്കാതെ തന്നെ മറ്റൊരു കുറിപ്പിൽ ഞാനെഴുതുകയുണ്ടായി.

എന്നാൽ ഇപ്പറഞ്ഞതിനേക്കാൾ ഗുരുതരമായ പ്രശ്നം ഈ നാമകരണത്തിൽ, ഈ സാമ്യപ്പെടുത്തലിൽ, അന്തർഭവിച്ചിട്ടുണ്ടെന്ന് സൂക്ഷ്മ വായനയിൽ നമുക്ക് വെളിപ്പെടും. ഈ രണ്ട് സ്വാതന്ത്ര്യ സമരങ്ങൾക്കും രാജീവൻ നൽകുന്ന നിർവ്വചനം അവ രണ്ടിന്റെയും അനന്യതയെ, സംഭവത്വത്തെ, വാസ്തവത്തിൽ നിഹനിക്കുകയാണ് ചെയ്യുന്നത്.

സ്വാതന്ത്ര്യ സമരത്തെ രാജീവൻ നിർവ്വചിക്കുന്നതിങ്ങനെയാണ്: “ഗ്രാമീണ കർഷകരുടെയും കൈവേലക്കാരുടെയും സ്വാതന്ത്ര്യവാഞ്ചയെ ഏറ്റെടുത്ത് കൊണ്ട് (ബ്രിട്ടീഷ് കോളനി വാഴ്ചക്കെതിരേ) ഇന്ത്യൻ മുതലാളിവർഗ്ഗം നേതൃത്വം കൊടുത്ത സമരം”... ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ജനകീയ സ്വഭാവവും, അതിന്റെ ചരിത്രപരവും രാഷ്ട്രീയപരവുമായ അന്തർബ്ബലങ്ങളും അതിനെ മുന്നോട്ട് നയിച്ച ആശയമൂല്യ ഊർജ്ജ പ്രവാഹിനികളും സംഭവവിതാനങ്ങളും ഒറ്റയടിക്ക് നിരാകരിക്കപ്പെടുകയാണ് ഈ യാന്ത്രിക നിർവ്വചനത്തിൽ. കർഷകർ, കൈവേലക്കാർ, തൊഴിലാളികൾ, മുതലാളികൾ, തൊഴിൽ രഹിതർ, അഭിഭാഷകർ, ഭിഷഗ്വരന്മാർ, അദ്ധ്യാപകർ, വിദ്യാർഥികൾ, സ്ത്രീകൾ, യുവാക്കൾ, ബാലന്മാർ, വൃദ്ധർ, ആദിവാസികൾ, ദളിതർ, അവർണ്ണർ, സവർണ്ണർ, എന്നിങ്ങനെ ഇന്ത്യൻ സമൂഹത്തിന്റെ അടിത്തട്ടിലും മേൽത്തട്ടിലുമുള്ള നിരവധി ധാരകൾ, വിഭാഗങ്ങൾ, ഒന്നിച്ചും മൽസരിച്ചും പങ്കെടുത്ത ഒരു ജനകീയ മഹാ പ്രസ്ഥാനമായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരം എന്ന വസ്തുത ബിപൻ ചന്ദ്ര, രാമചന്ദ്ര ഗുഹ, തുടങ്ങി പ്രഗൽഭരായ നിരവധി ചരിത്രകാരന്മാരും സാമൂഹ്യ ശാസ്ത്രജ്ഞരും അത്യുജ്ജ്വലമാം വിധം രേഖപ്പെടുത്തിയിട്ടുണ്ട്. (ഒന്നിച്ചും പരസ്പരം മൽസരിച്ചും, ഇണങ്ങിയും പിണങ്ങിയും, മുന്നോട്ട് പോയ ഈ സമര പ്രസ്ഥാനത്തിലൂടെയാണ് ഇന്ത്യയിലെ ജനങ്ങൾ ഒരു “ജനത”(ദെല്യൂസിയൻ വിവക്ഷകളിൽ)“യായിത്തീരുന്നത്”. ഇന്ത്യക്കാരുടെ ഈ ജനതയായിത്തീരലാണ് (becoming people) സ്വാതന്ത്ര്യ സമരത്തിന്റെ സംഭവത്വം എന്ന് ഞാൻ കരുതുന്നു.

## ഗാന്ധിയും മാർക്സും അംബേദ്ക്കറും: മാന്ത്രിക സംശ്ലേഷണങ്ങൾ

സ്വാതന്ത്ര്യ സമരങ്ങളെ, “സംഭവങ്ങളെ’ന്നതിനേക്കാൾ തുടർപദ്ധതികളായി അവതരിപ്പിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായാവണം സ്വാതന്ത്ര്യസമരത്തെയും കർഷക സമരത്തെയും ഒരേ പോലെ ന്യൂനീകരിക്കുന്ന നിർവ്വചനങ്ങൾ ലേഖകൻ ഉപയോഗിക്കുന്നത്. ഇതിനു വേണ്ടി, പഴയ കമ്യൂണിസ്റ്റുകാർ നിരന്തരം ആവർത്തിച്ചിരുന്നതും പിൽക്കാലത്തെ വിവേകികളായ കമ്യൂണിസ്റ്റ ആശയകാരന്മാർ തള്ളിക്കളഞ്ഞതുമായ ആ പഴയ യാന്ത്രികവും വരട്ടുവാദപരവുമായ കാഴ്ചപ്പാട് പൊടിതട്ടിയെടുക്കുന്നു, ദെല്യൂസിന്റെയും, ഫൂക്കോയുടെയും നെഗ്രിയുടെയും വിമർശനാത്മക തത്വചിന്തയുടെ പ്രണേതാവായി അറിയപ്പെടുന്ന രാജീവൻ. ഇന്ത്യൻ സ്വാതന്ത്ര്യ സമരം ഒരു ബൂർഷ്വാ വിപ്ലവമായിരുന്നുവെന്ന പഴയ യാന്ത്രിക കമ്മ്യൂണിസ്റ്റ് സങ്കല്പത്തെ,

ഗാന്ധിയുടെ പൂർണ്ണ സ്വരാജ് എന്ന സങ്കല്പവുമായി ഘടിപ്പിക്കുന്ന സാഹസിക പ്രക്രിയയിലൂടെയാണ് രണ്ടാം സ്വാതന്ത്ര്യ സമര സിദ്ധാന്തത്തെ രാജീവൻ സമർത്ഥനം ചെയ്യുന്നത് എന്നതും ശ്രദ്ധേയമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുഖ്യധാരകളിൽ നിന്ന് അകലം പാലിക്കുകയും, പ്രതിസന്ധി നിമിഷങ്ങളിൽ ബ്രിട്ടീഷുകാർക്കൊപ്പം നിൽക്കുകയും ചെയ്ത ഇന്ത്യൻ കമ്യൂണിസ്റ്റുകാരുടെ വികല 'സ്വാതന്ത്ര്യ സമര' സങ്കല്പമാണ് രാജീവൻ ഇവിടെ കൂട്ടു പിടിക്കുന്നതെന്നത് രസാവഹമത്രെ. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരുടെ യാന്ത്രികവും വൈരുദ്ധ്യാത്മകവുമായ വിപ്ലവപദ്ധതിയെയും, ഗാന്ധിയുടെ പൂർണ്ണ സ്വരാജ് പദ്ധതിയെയും, മാർക്സിയൻ ചരിത്രഭൗതികതയെയും, ഗാന്ധിയൻ നൈതികതയെയും, ഒറ്റയടിക്ക് കൂട്ടിച്ചേർക്കുകയാണ് ഇവിടെ. ചരിത്രപ്രക്രിയകളെ ഷോർട്ട് സർക്യൂട്ട് ചെയ്തുകൊണ്ട് ഗാന്ധിയൻ രാഷ്ട്രീയവും കമ്മ്യൂണിസ്റ്റ് രാഷ്ട്രീയവും തമ്മിലുള്ള സർവ്വ വൈരുദ്ധ്യങ്ങളും മാന്ത്രികമായി മായ്ച്ച് കളയുന്ന ഈ സംശ്ലേഷണ വൈഭവം. അങ്ങനെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ അപൂർണ്ണമായിപ്പോയെന്ന് കരുതപ്പെടുന്ന കമ്യൂണിസ്റ്റ് പദ്ധതിയും ഗാന്ധിയൻ പദ്ധതിയും അംബേദ്കറുടെ മൈത്രീപദ്ധതിയും പൂർത്തീകരിക്കുവാനുള്ള ആസൂത്രിത പരിപാടിയാണ് കാർഷിക സമരം എന്ന് അദ്ദേഹം പറഞ്ഞു വയ്ക്കുന്നു. അതായത് ഗാന്ധിയുടെയും മാർക്സിന്റെയും അംബേദ്ക്കറുടെയും സ്വപ്നപരിപാടികളെ പൂർത്തീകരിക്കലാണ് കർഷകസമരത്തിന്റെ ആത്യന്തിക ലക്ഷ്യം. സമഗ്ര സ്വാതന്ത്ര്യം എന്ന വംശീയമായ സ്വപ്നത്തിന്റെ ആവിഷ്കാരം കർഷക സമരത്തിൽ അടങ്ങിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അത് ആസൂത്രിതമായ ഒരു പദ്ധതിയുടെയും ഭാഗമല്ലെന്നും സമരത്തിന്റെ സംഭവമാനവുമായി ബന്ധപ്പെട്ടതാണെന്നുമത്രേ ഈ ലേഖകൻ കരുതുന്നത്.

## അന്തോണിയോ ഗ്രാംചിയും നെഗ്രി-ഹാർട്ടും: മാന്ത്രികാഖ്യാനങ്ങൾ

ഈ മാസ്മരിക സംശ്ലേഷണങ്ങളിൽ നിന്ന് വളരെപ്പെട്ടെന്ന്, മറ്റൊരു മാന്ത്രികാഖ്യാനത്തിലേക്ക് ലേഖകൻ കുതിക്കുകയാണ്. ആഗോളമൂലധന "സാമ്രാജ്യ"വാഴ്ചയും "കീഴാള ജനസഞ്ചയവും" തമ്മിൽ നേർക്ക് നേർ ഏറ്റുമുട്ടുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിലെ "ബദൽ ജനാധിപത്യ വിപ്ലവ സമരമാണ്" പ്രമേയം.

"കീഴാള ജനസഞ്ചയം" എന്ന പ്രയോഗത്തിൽ രണ്ടു കഥനങ്ങൾ ഇരട്ടിക്കുന്നു: ഗ്രാംചിയുടെയും നെഗ്രിയുടെയും വിപ്ലവ കഥനങ്ങൾ. കർഷക സമരത്തെയും, ലോകമെമ്പാടും വന്നുകഴിഞ്ഞതും വരാനിരിക്കുന്നതുമായ സമരങ്ങളെയും ഈ ആഖ്യാന സമുച്ചയത്തിലൂടെ ഒന്നിപ്പിക്കുമ്പോൾ, അവയുടെയെല്ലാം തന്നെ വ്യത്യസ്തതകളും ചരിത്രസവിശേഷതകളും ബലികഴിക്കപ്പെടുകയല്ലേ?

രണ്ട് സ്വാതന്ത്ര്യ സമരങ്ങളും തമ്മിൽ ബന്ധിപ്പിക്കപ്പെടുന്നത് 'സാമ്രാജ്യ'(ത്വ?)ത്തിനെതിരേയുള്ള സമരം എന്ന നിലയ്ക്കാണ്. ഒന്നാം സ്വാതന്ത്ര്യ സമരം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരേയെങ്കിൽ കർഷക പ്രക്ഷോഭം/രണ്ടാം സ്വാതന്ത്ര്യ സമരം ആഗോള മൂലധന "സാമ്രാജ്യ"ത്തിനും (Empire) അതിന്റെ "സാമന്ത

ന്മാരായ" പ്രതിലോമ രാഷ്ട്രീയ ശക്തികൾക്കുമെതിരെയത്രേ. ഗാന്ധിയുടെ ഭാഷയിൽ ഇത് പരാവർത്തനം ചെയ്യുന്നുമുണ്ട് ലേഖകൻ: "പാർലമെന്ററി സ്വരാജിൽ നിന്നും കർഷകരും കൈവേലക്കാരും ദളിതരും സ്ത്രീകളുമെല്ലാം അടങ്ങുന്ന പൂർണ്ണ സ്വരാജിനു വേണ്ടിയുള്ള സമരം". സ്ഥൂലവായനയിൽ ഈ സാമ്യ പ്രസ്താവങ്ങൾ നിർദ്ദോഷകരമെന്ന് തോന്നാമെങ്കിലും സൂക്ഷ്മവിശകലനത്തിൽ പിഴവുകൾ വ്യക്തമാകും.

## "ആഗോള മൂലധനസാമ്രാജ്യവും" "സാമന്തന്മാരും"

ഒന്ന് മാത്രം ഇവിടെ സൂചിപ്പിക്കട്ടെ. പഴയ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്ന് വ്യത്യസ്തമായി കർഷക പ്രക്ഷോഭം ഇന്ന് നേരിടുന്നത് ആഗോള സാമ്രാജ്യത്വശക്തിയെ ('സാമ്രാജ്യം' എന്ന് നെഗ്രി) മാത്രമല്ല, അതിനോട് ചങ്ങാത്തം പുലർത്തുന്ന, ബ്രിട്ടീഷ് സാമ്രാജ്യത്തെക്കാൾ ഭീഷണമായ, ഒരു ഫാസിസ്റ്റ് ഭരണസ്വരൂപത്തെയുമാണ്. ഭരണഘടനാപരമായ സർവ്വ പൗരാവകാശങ്ങളും നിഷേധിക്കുന്ന, ഇലക്ടറൽ ഭൂരിപക്ഷം ഉപയോഗിച്ച് പാർലമെന്ററി ജനാധിപത്യത്തെത്തന്നെ അട്ടിമറിയ്ക്കുന്ന, സമഗ്രാധിപത്യവും ഫാസിസവും സന്ധിക്കുന്ന, ഒരു പൈശാചിക ഭരണസ്വരൂപം. ഫാസിസ്റ്റ് ഭരണകൂടത്തെ വെറും ഒരു സാമന്ത ശക്തി എന്നു പറഞ്ഞുകൊണ്ടുള്ള ലഘൂകരണം 'ഫാസിസത്തിലേക്കിനിയും എത്തിച്ചേരാത്ത ഒരു സമഗ്രാധിപത്യം എന്ന് മോദി ഭരണകൂടത്തെ നിർവ്വചിക്കുന്ന പ്രകാശ് കാരാട്ടിന്റെ ന്യൂനീകരണ ശ്രമത്തെ' ഓർമ്മിപ്പിക്കുന്നു. പാർലമെന്ററി സ്വരാജിനെ തന്നെ തകർത്ത് കൊണ്ട് ഭരണഘടനാസ്ഥാപനങ്ങളെയും മറികടന്നു ഭരിക്കുന്ന ഒരു 'അപവാദ'ഭരണകൂടമാണ് (State of exception) മോദി ഭരണകൂടമെന്നും, സ്വാതന്ത്ര്യസമരത്തിൽ നേടിയെടുത്ത ജനാധിപത്യ സംവിധാനങ്ങൾ എല്ലാം തന്നെ ധ്വംസിക്കപ്പെട്ടിരിക്കുന്നു എന്നുമുള്ള വർത്തമാന യാഥാർത്ഥ്യം ഇവിടെ വിസ്മരിക്കപ്പെടുന്നു. 2014-ൽ അധികാരത്തിൽ വന്ന മോദി ഗവണ്മെന്റിൽ "ആഗോള-കോർപ്പേററ്റ് മൂലധന സാമ്രാജ്യത്തിന്റെ ശക്തികളും ഇന്ത്യൻ നവ ഫാസിസ്റ്റ് രാഷ്ട്രീയ ശക്തികളും" ഒത്തു ചേരുന്നതായി ഈ ലേഖനത്തിൽ തന്നെ മറ്റൊരിടത്ത് രാജീവൻ നിരീക്ഷിക്കുന്നുണ്ട്. എന്നാൽ നെഗ്രിയുടെ സാമ്രാജ്യബൃഹദാഖ്യാനത്തെ പിന്തുടർന്നു കൊണ്ട് ആഗോള "സാമ്രാജ്യ"വാഴ്ചയ്ക്ക് (Empire) ഊന്നൽകൊടുക്കുകയും അതിന്റെ സാമന്തപദവി മാത്രം ചാർത്തിക്കൊടുത്ത് കൊണ്ട് മോദി ഗവണ്മെന്റിന്റെ കോർപ്പറേറ്റ് സൗഹൃദ-ഫാസിസ്റ്റ് സ്വരൂപത്തെ മയപ്പെടുത്തിയെടുക്കുകയുമാണ് രാജീവൻ ഇവിടെ.

## കർഷക കർത്തൃത്വമോ? ജനസഞ്ചയ കർത്തൃത്വമോ?

സമരത്തിലേർപ്പെടുന്ന കൃഷിക്കാരെ–അതിൽ എല്ലാത്തട്ടിലുമുള്ള കൃഷിക്കാരും പെടും— "കീഴാളർ" അല്ലെങ്കിൽ "ജനസഞ്ചയം", എന്ന സന്ദിഗ്ധ സംജ്ഞകൾ കൊണ്ട് സാമാന്യവൽക്കരിക്കുന്നത് അനുചിതമല്ലേ? കൊറോണ ഉയർത്തുന്ന ബയോഭീകരതയുടെയും ഭരണകൂട ഭീകരതയുടെയും സന്ദർഭത്തിൽ, എല്ലാ പ്രതിരോധങ്ങളും അടിച്ചൊതുക്കപ്പെട്ട ഈ നീചസന്ധിയിൽ, മുഖ്യമായും കൃഷിക്കാർ മാത്ര

മാണ് ജനാധിപത്യ രക്ഷയ്ക്കായി മുന്നോട്ട് വന്നതെന്നും അവരാണ് സമരത്തിന്റെ പ്രാണശക്തിയെന്നും ഇരിക്കെ, ഈ പ്രക്ഷോഭത്തിന്റെ കർതൃസ്ഥാനത്തിൽ 'കർഷകവർഗ്ഗത്തെ' ത്തന്നെ പ്രതിഷ്ഠിക്കുവാൻ ലേഖകൻ മടികാട്ടുന്നതെന്ത് കൊണ്ട്? ലോകത്തിൽ ഇന്ന് നടക്കുന്ന എല്ലാ പ്രതിരോധ സമരങ്ങളെയും കീഴാളരുടെയും ജനസഞ്ചയത്തിന്റെയും സമരങ്ങളായി സാമാന്യവൽക്കരിക്കുന്നത് അവയുടെയെല്ലാം അനന്യബഹുത്വത്തെയും, വ്യത്യസ്തതകളെയും മനസ്സിലാക്കുന്നതിൽ നിന്ന് നമ്മെ തടയുകയല്ലേ ചെയ്യുന്നത്? മാർക്സിന്റെയും ഗ്രാംചിയുടെയും നെഗ്രിയുടെയും ഒക്കെ വിപ്ലവാഖ്യാനങ്ങളെ എല്ലാക്കാലത്തും എല്ലാ പ്രശ്നങ്ങൾക്കും ഏത് വ്യത്യസ്ത–സംസ്കാര-സന്ദർഭങ്ങളിലും നിരുപാധികം പ്രയോഗിക്കാവുന്ന മാന്ത്രിക ഫോർമുലകളായി അവതരിപ്പിക്കുന്നത് പുത്തൻ രാഷ്ട്രീയ സമരരൂപങ്ങളെ തിരിച്ചറിയുന്നതിൽ നിന്ന് നമ്മെ (ലേഖകനെയും) അകറ്റുകയല്ലേ ചെയ്യുന്നത്?

## മാസ്മരികമായ രൂപാന്തരീകരണങ്ങൾ

കീഴാള ജനസമൂഹങ്ങൾ ദേശീയ ജനത എന്ന 'പരിമിതി' യിൽ നിന്ന് പുറത്തു കടന്ന് "ജനസഞ്ചയം" എന്ന രാഷ്ട്രീയ ശക്തിയായി മാറുന്നതിനെപ്പറ്റി രാജീവൻ അവതരിപ്പിക്കുന്ന ആഖ്യാനം രാഷ്ട്രീയ നിരൂപണത്തിലും മാജിക്കൽ റിയലിസം പ്രയോഗക്ഷമമാണെന്നതിന്റെ ഉദാഹരണമായി മാറുന്നു. നെഗ്രി-ഹാർട്ടിന്റെ ജനസഞ്ചയകഥനമാണ് ഈ ആവശ്യത്തിനായി രാജീവൻ നിർലോഭം ഉപയോഗിക്കുന്നത്. "ആഗോള മൂലധന സാമ്രാജ്യ"ത്തിന്റെ ഭാഗമായി കീഴാള സമൂഹങ്ങൾ (ഇവിടെ കർഷകർ) മാറുന്നതോടെയാണ് മാസ്മരികമായ ഈ രൂപാന്തരീകരണം— 'ജനത' ജനസഞ്ചയമായി മാറുന്ന മാന്ത്രിക പ്രക്രിയ-സംഭവിക്കുന്നത്:

അങ്ങനെ കീഴാളരെ ജനസഞ്ചയമാക്കി ഉയർത്തി അവരെ വിപ്ലവകരമായ രാഷ്ട്രീയ ശക്തിയാക്കി മാറ്റിയതിന്റെ എല്ല ക്രെഡിറ്റുകളും രാജീവൻ ആഗോള മൂലധന സാമ്രാജ്യത്തിനു തന്നെ നൽകുന്നു. "ദേശീയ ജനത എന്ന അസ്തിത്വത്തിൽ നിന്ന് സാർവ്വദേശീയ സ്വഭാവമുള്ള "ജനസഞ്ചയ"മായി കർഷകർ മാറുന്നതോടെ ആഗോള മൂലധന സാമ്രാജ്യത്തിനെതിരേ നേരിട്ട് പൊരുതുവാനുള്ള സാഹചര്യം ലഭിക്കുന്നു. അങ്ങനെയാണ് രാജീവനെ സംബന്ധിച്ചിടത്തോളം "പഴയ കാലത്തെ ദേശീയ ജനത" "സ്വതന്ത്ര ജനസഞ്ചയമായി" മാറുന്നത്. "ദേശീയതയുടെ പരിമിതികളിൽ നിന്ന് പുറത്തു കടക്കുന്ന ഒരു ബദൽ ആഗോള രാഷ്ട്രീയ പ്രതിഭാസമാണ് കർഷക ജനസഞ്ചയം" ("ചമ്പാരനിൽ നിന്ന് കൊളുത്തുന്ന പുതിയ കർഷക സമരജ്വാല", True Copy Web Magazine, 30th November, 2020), ഇത്തരം പ്രസ്താവങ്ങളിലൂടെ കടന്നു പോകുമ്പോൾ, നെഗ്രി-ഹാർട്ടിന്റെ ആഗോള 'സാമ്രാജ്യ' കഥനം എങ്ങനെയാണ് രാജീവന്റെ കണ്ണുകെട്ടുന്നത് എന്ന് നമുക്ക് വെളിവാകുന്നു.

## ആഗോള സാമ്രാജ്യമോ? സാമ്രാജ്യത്വമോ?

ആഗോളീകരണ പ്രക്രിയ സാമ്രാജ്യത്വത്തെയും അതിന്റെ വൈരുദ്ധ്യങ്ങളെയും പുറന്തള്ളിക്കൊണ്ട്, കേന്ദ്രം ഒരേ സമയം അസന്നിഹിതവും സന്നിഹിതവുമായ ഒരു പുതിയ ക്രമത്തെ — സാമ്രാജ്യ"ത്തെ-പകരം പ്രതിഷ്ഠിക്കുന്നുവെന്നും അതോടെ ദേശീ

യത, “ജനത”, എന്നീ സങ്കല്പങ്ങൾ റദ്ദാക്കപ്പെടുന്നുവെന്നുമത്രേ നെഗ്രി-ഹാർട്ടിന്റെ “സാമ്രാജ്യ” (Empire) പുരാണം നിർദ്ദേശിക്കുന്നത്. സാമ്രാജ്യത്വ (Imperialist) ബന്ധത്തെ നിർവ്വചിക്കുന്ന കേന്ദ്ര-പ്രാന്ത-വൈപരീത്യങ്ങൾ ‘സാമ്രാജ്യ’ ത്തിന്റെ ആവിർഭാവത്തോടെ ഇല്ലാതായിത്തീർന്നുവെന്നും ദേശീയഭരണകൂടങ്ങൾ ഇനി മേൽ അപ്രസക്തങ്ങളെന്നും അവർ വിധിക്കുന്നു. എന്നാൽ, പ്രശസ്ത പോസ്റ്റ്-കൊളോണിയൽ ചിന്തകനായ സമീർ അമീൻ സമർത്ഥിക്കുന്ന പോലെ ലോക മുതലാളിത്തത്തിന്റെ തലപ്പത്ത് ഇന്നും നിലകൊള്ളുന്നത് യു. എസ്. എ., ബ്രിട്ടൻ, ജർമ്മനി, ജപ്പാൻ, എന്നിവിടങ്ങളിലെ ശക്തമായ ദേശീയ സ്വഭാവമുള്ള സമ്പന്ന വിഭാഗങ്ങളാണ് എന്നതത്രേ യാഥാർത്ഥ്യം (Samir Amin, “Empire and Multitude”, Monthly Review, Oct. 1, 2005).

മുതലാളിത്ത ഭരണകൂടമില്ലെങ്കിൽ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ സാധ്യമല്ലെന്നും ശക്തമായ ദേശീയ ഭരണകൂടങ്ങളുടെ അസാന്നിദ്ധ്യത്തിൽ നവ സാമ്രാജ്യക്രമം അസംഭവ്യമെന്നും “സാമ്രാജ്യം” എന്ന് നെഗ്രി വിളിക്കുന്ന ലോകക്രമം പൂർവ്വാധികം ശക്തവും ചൂഷണോന്മുഖവുമായ നവസാമ്രാജ്യത്വരൂപമാണെന്നും ഉള്ള സമീർ അമീന്റെ നിരീക്ഷണങ്ങൾ നെഗ്രി ഹാർട്ടിന്റെ സ്വപ്നപ്രമേയത്തെ ഖണ്ഡനം ചെയ്യുന്നു (Samir Amin, “Multitude or Generalized Proletarianization?”, Monthly Review, Nov. 1, 2014). പുതിയ ലോകക്രമത്തിൽ ഫാസിസം ശക്തമായി തിരിച്ചുവരുന്നതും ദേശീയ ഭരണകൂടങ്ങൾ ശോഷിക്കുന്നതിനു പകരം കൂടുതൽ പ്രബലവും കേന്ദ്രീകൃതവും ഭീഷണവുമായ സ്വരൂപമാർജ്ജിക്കുന്നതുമല്ലേ നാം കാണുന്നത്?

നവസാമ്രാജ്യക്രമം കർഷകരെ വിമോചനത്തിലേക്കല്ല ദാരിദ്ര്യത്തിലേക്കും ആത്മഹത്യയിലേക്കും പൂർണ്ണവിനാശത്തിലേക്കുമാണ് നയിക്കുന്നതെന്ന് സമകാലീന ചരിത്ര സന്ദർഭത്തിൽ കർഷകർ നേരിടുന്ന ദുരാനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇന്ത്യൻ കാർഷിക വ്യവസ്ഥയെ കോർപ്പറേറ്റുകൾക്ക് തീറെഴിക്കൊണ്ട് കാർഷകരുടെ സ്വയം നിർണ്ണയനത്തെയും ഇന്ത്യയുടെ ഭക്ഷ്യ പരമാധികാരത്തെയും ഫെഡറലിസത്തെയും തകർക്കുക എന്ന ലക്ഷ്യത്തോടു കൂടി മോദിയുടെ കോർപ്പറേറ്റ്ചങ്ങാത്ത-ഫാസിസ്റ്റ് ഭരണകൂടം പാസ്സാക്കിയ മൂന്നു കാർഷിക നിയമങ്ങൾക്കെതിരേ കർഷകർ സമരരംഗത്തിറങ്ങുന്നത് ഈ പശ്ചാത്തലത്തിലാണ്. ദേശീയമായ അസ്തിത്വത്തിൽ നിന്ന് വിട്ടുതൽ നേടി ആഗോളമായ ഒരു കർതൃത്വത്തിലേക്ക് കർഷകർ കൂടുമാറുന്നതിനെയാണ് കർഷക സമരം സാക്ഷ്യപ്പെടുത്തുന്നതെന്ന രാജീവന്റെ വാദം കർഷക സമരത്തിന്റെ ആന്തരികബലതന്ത്രത്തെ വിസ്മരിക്കുകയാണ് ചെയ്യുന്നത്. കർഷക പ്രക്ഷോഭത്തിന്റെ സാർവ്വദേശീയ വിവക്ഷകളെ അവഗണിക്കാനാവില്ലെങ്കിലും അടിസ്ഥാനപരമായും അത് നിലകൊള്ളുന്നത് ഭരണകൂടേതരമായ ഒരു ജനകീയ സൂക്ഷ്മദേശീയതയുടെ ഊർജ്ജസ്രോതസ്സിലാണെന്നും, നാട്ടുദേശീയമെന്ന് പറയാവുന്ന ജീവാവാസമൂല്യവ്യവസ്ഥകളുടെ പ്രതിഷ്ഠാപനവും വരും ജനതയെ (the people to come) കണ്ടെത്തലുമാണ് ഈ സമരത്തെ ലോക ചരിത്രത്തിലെത്തന്നെ അനന്യ സംഭവമാക്കുന്നതെന്നുമാണ് ഈ ലേഖകൻ കരുതുന്നത്.

## — 3.2 —

## “തകഴിയും മാന്ത്രികക്കുതിരയും”: ‘ജീവന്റെ’ രാഷ്ട്രീയം

ഉത്തരേന്ത്യൻ ‘ഹൃദയ’ഭൂമിയിൽ നിന്നെത്തിച്ചേർന്ന ലക്ഷക്കണക്കിനു കർഷകർ കോർപ്പറേറ്റ്-സൗഹൃദ-ഫാസിസ്റ്റ്-ഭരണകൂടമയച്ച മാന്ത്രികാശ്വത്തെ പിടിച്ചു കെട്ടാൻ തലസ്ഥാന നഗരിയെ വളഞ്ഞു നിൽക്കുകയാണ്. അഭൂതപൂർവ്വമായ ഈ ചരിത്ര സന്ധിയിൽ കെ. ജി. എസ്സിന്റെ “തകഴിയും മാന്ത്രികക്കുതിരയും’ എന്ന കവിത (മാതൃഭൂമി വാരിക, മാർച്ച് 31, 2019) കൂടുതൽ അർത്ഥവേദ്യമായി നമുക്ക് മുന്നിൽ വെളിപ്പെടുന്നു.

കർഷകന്റെ രാഷ്ട്രീയത്തിൽ ബോധത്തെക്കാൾ അബോധം, ജാഗ്രത്തിനെക്കാൾ സ്വപ്നം, വർത്തമാനത്തെക്കാൾ, ഭവിഷ്യവും ഭൂതവും, യുക്തിയെക്കാൾ ഭാവശക്തി, വഹിക്കുന്ന പങ്ക്, അതല്ലെങ്കിൽ, ബോധാബോധങ്ങളുടെ, ജാഗ്രത്സ്വപ്നങ്ങളുടെ, ഭൂതഭവിഷ്യങ്ങളുടെ അതിശക്തമായ പാരസ്പര്യം, എന്തെന്ന് വെളിവാക്കുന്നു ഈ കവിത. തകഴിയുടെ ദുഃസ്വപ്നം, അതിനു കവിത നൽകുന്ന സ്വപ്നവ്യാഖ്യാനം, സ്വപ്നത്തിനുള്ളിൽ മറ്റൊരു സ്വപ്നമായുയരുന്ന മാന്ത്രിക കഥാപ്രമേയം. കവിതയുടെ ഈ സ്വപ്നഘടന കർഷക രാഷ്ട്രീയത്തിന്റെ, കർതൃ-പരമായ ഘടനാമൂലകങ്ങളിലേക്ക് വെളിച്ചം പായിക്കുന്നു. ഭരണകൂട രാഷ്ട്രീയത്തിൽ നിന്ന്, ബോധാധിഷ്ഠിതവും ലാഭോന്മുഖവും ആയ കക്ഷിരാഷ്ട്രീയ യുക്തിഘടനയിൽ നിന്ന്, കർഷകന്റെ റാഡിക്കൽ രാഷ്ട്രീയം എത്രകണ്ട് വ്യത്യസ്തമാണെന്ന് ഇത് വെളിപ്പെടുത്തുന്നു. കവിത നിർമ്മിക്കുന്ന ഈ സ്വപ്ന യന്ത്രം ബോധഘടനയിൽ, ജാഗ്രത്തിൽ, ക്രമികത്വത്തിൽ, അട്ടിമറികൾ വിതയ്ക്കുന്നു. അധികാരത്തിന്റെ ഗണിതസൂത്രങ്ങളാൽ തളയ്ക്കപ്പെട്ട (മലയാളിയുടെ) സ്ഥൂലരാഷ്ട്രീയ ബോധത്തിൽ ഘടനാപരമായ അഴിച്ചുപണികൾ നടത്തുന്ന ഈ ദുസ്വപ്നസംഭവം.

### അബോധത്തിന്റെ രാഷ്ട്രീയം

ഫ്രെഡറിക്ക് ജെയിംസൺ പറയുന്ന പോലെയുള്ള ‘രാഷ്ട്രീയ-അബോധമ’ല്ല, ‘അബോധത്തിന്റെ രാഷ്ട്രീയ’മാണ്—ദെല്യൂസും ഗൊത്താരിയും മറ്റും ഊന്നൽ നൽകുന്ന സ്വപ്നത്തിന്റെ, കാമനയുടെ, സൂക്ഷ്മരാഷ്ട്രീയം—ഈ കവിത പ്രതിജ്ഞാപനം ചെയ്യുന്നത്. അബോധം എന്നത് ഇവിടെ, അഭിലാഷത്തിന്റെ, സ്വപ്നത്തിന്റെ, അജ്ഞാത, ആന്തരിക, കാലസ്ഥലികളെ കുറിക്കുന്നു. മനുഷ്യ ചേതനയിൽ സ്പന്ദനം കൊള്ളുന്ന സർവ്വചരാചരപ്രജ്ഞാനുസ്മൃതിയെ, പ്രകൃതീസംസ്കൃതീനൈരന്തര്യത്തെ, മാനവ, അമാനവ, അതിമാനവ, സംവേദനത്തെ, മൃഗ-സസ്യ-വൃക്ഷ-പക്ഷി-

തൃണ-പ്രാണികളുടെ, ജീവ-ദ്രവ്യജാലങ്ങളുടെ, ഘനമൂകമായ അന്തർസംഭാഷണത്തെ. വയലും അതിലെ "നെല്ലും മീനും ചീവീടും, പുൽത്തളിരും, ചെറുമഞ്ഞും, നീർക്കോലിയും നീർത്തുമ്പിയും അവയുടെ നേർമൊഴിയും", വിതപ്പാട്ടും, കൊയ്ത്തുപാട്ടും, എല്ലാം സഹവസിക്കുന്ന ഒരു ആവാസവ്യവസ്ഥയുടെ ഗൂഢവിനിമയമാണ് ഇവിടെ അബോധം, സ്വപ്നം. ദെല്യൂസ് പറയുന്ന പ്രപഞ്ച കാമനയുടെ അനംഗശരീരം(body without organs). വിശ്വാസത്തിന്റെയും വീര്യത്തിന്റെയും പ്രഭവകേന്ദ്രം. അഭിലാഷങ്ങളെ, സ്വപ്നങ്ങളെ ഉല്പാദിപ്പിക്കുന്ന സഞ്ജീവനയന്ത്രം. ജീവാജീവന്മാർ, ജൈവാജൈവങ്ങൾ, ചരാചരങ്ങൾ, സ്ഥാവര ജംഗമങ്ങൾ സർവ്വതും സംവേദനനിരതമാവുന്ന ഉർവ്വരമായ അന്തഃസ്ഥലി.

കൊയ്യാറായ വയൽ ആരോ കട്ട് കൊയ്യുന്നെന്ന ദുസ്വപ്നം കണ്ട് ഞെട്ടിയുണരുന്നു, (വിശ്വസാഹിത്യകാരനും അഭിഭാഷകനും കർഷകപ്രതിഭയുമായ) തകഴി. പേക്കിനാക്കുക്ക് കേട്ട്, ടോർച്ചും വടിയും കൂട്ടാളികളും നായ്ക്കരകളുമായി പാടത്തേക്ക് പായവേ, തകഴി ശങ്കിക്കുന്നു: ഇത് സത്യമോ വെറും സ്വപ്നമോ?

വിളിച്ചുണർത്തണോ വള്ളക്കാരനെ?
വിശ്വസിക്കാമോ സ്വപ്നത്തെ?
വന്നറിയിച്ച ദുരന്തമല്ലല്ലോ, സ്വപ്നമല്ലേ?
സ്വപ്നം തന്നെ ഒരു വന്നറിയിക്കലേല്ല?
അജ്ഞാതത്തിന്റെ സന്ദേശം?
ചരിത്രാതീത ഭാഷയിൽ മനസ്സെഴുതുന്ന
ഭാവിചരിത്രമല്ലേ സ്വപ്നം?
അതോ അരാഷ്ട്രീയത ഉറങ്ങുമ്പോൾ
രാഷ്ട്രീയതയുടെ ഉൾവിളിയോ?
...വയലനിക്കയച്ച വിപൽദൂതല്ല
ഈ പേക്കിനാവെന്നാര് കണ്ടു?

സ്വപ്നമോ യാഥാർത്ഥ്യമോ, വർത്തമാനമോ, ഭൂതമോ ഭാവിയോ എന്നറിയാത്ത, ബോധമോ അബോധമോ എന്ന് വേർതിരിക്കാനാവാത്ത, എല്ലാം കെട്ട് പിണഞ്ഞ ഒരു സ്വപ്നസ്ഥലിയിലൂടെയാണ് തകഴിയുടെ സഞ്ചാരം. സ്വപ്നത്തിൽ തന്നെ സ്വപ്നവിശകലനവും നടക്കുന്നു. സ്വപ്നത്തിനുള്ളിലെ സ്വപ്നത്തിലേക്കും കഥയ്ക്കുള്ളിലെ കഥയിലേക്കും ഓർമ്മയ്ക്കുള്ളിലെ എതിർ-ഓർമ്മകളിലേക്കും, പ്രജ്ഞയ്ക്കുള്ളിലെ എതിർപ്രജ്ഞയിലേക്കും, വർത്തമാനത്തിൽ നിന്ന് തെറ്റി ഭൂതഭവിഷ്യങ്ങളിലേക്കും നീളുന്ന ഈ സ്വപ്ന സഞ്ചാരം.

## സ്വപ്നത്തിന്റെ പ്രതിജ്ഞാപനം

സ്വപ്നം/അബോധം അരുളുന്ന രാഷ്ട്രീയ പ്രബുദ്ധതയിലേക്കാണ് ഈ ദുഃസ്വപ്നം കവിതയെ ഉണർത്തുന്നത്. ബോധാബോധങ്ങളുടെ വരമ്പത്തു കൂടിയുള്ള ഈ സ്വപ്നാടനത്തിനിടെ, സ്വപ്നത്തിന്റെ മനഃശാസ്ത്ര-രാഷ്ട്രീയ വിശകലനത്തിലേർപ്പെടുന്നുണ്ട് കവിതയിലെ തകഴി.

സ്വപ്നത്തെ തള്ളുന്നതിനു പകരം സ്വപ്നത്തിന്റെ വിശ്വസനീയതയെ പ്രതിജ്ഞാപനം ചെയ്യുകയാണ് കർഷകകർതൃസ്വരൂപമായ തകഴി ഇവിടെ. സ്വപ്നം 'ഒരു വന്നറിയിക്കലല്ലേ'? 'അജ്ഞാതത്തിന്റെ സന്ദേശമല്ലേ'? സ്വപ്നവും ജാഗ്രത്തും ഭാവിയും ഭൂതവും വർത്തമാനവും എല്ലാം പ്രശ്നവൽക്കരിക്കപ്പെടുകയാണിവിടെ. ചരിത്രത്തെ, ബോധത്തെ, പിളർന്നുയരുന്ന പ്രബുദ്ധമായിത്തീരലിന്റെ സംഭവമാണ് സ്വപ്നം എന്ന വെളിപാടിലേക്ക് ചോദ്യങ്ങൾ വളർന്ന് മുറുകുന്നു. 'ചരിത്രാതീതഭാഷയിൽ മനസ്സെഴുതുന്ന ഭാവിചരിത്രം' സ്വപ്നമെന്ന്, ജാഗ്രദവസ്ഥ അരാഷ്ട്രീയതയുടെ നിദ്രാടനമാവുമ്പോൾ, 'രാഷ്ട്രീയതയുടെ ഉൾവിളി', അധിക ഉണർവ്വാകുന്നു, സ്വപ്നമെന്ന്, തകഴിമൊഴികളിലൂടെ കവിത പുനർനിർവ്വചിക്കുന്നു. വയലിനെ നെഞ്ചിൽച്ചേർത്ത കർഷകന്റെ ആധിയുടെയും ആഗ്രഹത്തിന്റെയും പ്രകാശനമെന്ന്, വയലയച്ച് തന്ന വിപൽ സന്ദേശമെന്ന്, ഈ ദുഃസ്വപ്നത്തെ തകഴി വായിക്കുന്നു.

കർഷകകർത്തൃത്വത്തിന്റെ സ്വപ്നോന്മുഖത്വത്തിലേക്ക് തുടരെത്തുടരെ ടോർച്ചടിക്കുന്നു തകഴിയുടെ ആത്മഗതങ്ങൾ.

"ഉണരാറുണ്ട് പണ്ടും ഞാൻ ദുഃസ്വപ്നം കണ്ട്.
എന്നുണരുന്നതും കൂടുതൽ തകഴിയായിട്ട്"

ബോധത്തെ ഞെട്ടിയുണർത്തുന്ന, ഭാവിയുടെ കിളിവാതിൽ വെട്ടിത്തുറക്കുന്ന, വംശത്തിന്റെ എതിർ സ്മൃതികൾ (counter-memories) തിരിച്ച് പിടിക്കുന്ന, അബോധത്തിന്റെ ആന്തരിക ആഘാത വിദ്യയാണ് തകഴിയ്ക്ക് ദുഃസ്വപ്നം. ഓരോ ദുഃസ്വപ്നവും ഈ കർത്തൃത്വത്തെ കൂടുതൽ ഉണർവ്വിലേക്കാണ് നയിക്കുന്നത്. ദുഃസ്വപ്നത്തിന്റെ പത്മവ്യൂഹത്തിൽ ഗ്രിഗർ സാംസയെപ്പോലെ തിരിച്ച വരാനാവാത്ത വിധം ബന്ധിയാവുന്നില്ല കർഷക സത്വനായ തകഴി. ദുഃസ്വപ്നത്തിൽ നിന്ന് ജാഗ്രത്തിലേക്ക് കൂടുതൽ ശക്തനായാണയാൾ മടങ്ങിവരുന്നത്. ഓരോ ദുഃസ്വപ്നത്താലും നവീകരിക്കപ്പെടുന്ന, രൂപാന്തരീകരിക്കപ്പെടുന്ന, ഒരു കർതൃപ്രവാഹത്തെയാണ് 'തകഴി' എന്ന് കവിത നാമകരണം ചെയ്യുന്നത്. സ്വപ്നവിരുദ്ധനല്ല ബഹു-സ്വപ്നവിശ്വാസിയാണ് 'തകഴി'. സ്വകാര്യമായ ഫാന്റസിയല്ല, യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, സുഖസാന്ത്വനമല്ല, നഷ്ടപരിഹാരമല്ല, തകഴിയുടെ സ്വപ്നം. വംശത്തിന്റെ രാഷ്ട്രീയ ജാഗ്രതയാണത്. വിപ്ലവത്തിന്റെയും, വിമോചനത്തിന്റെയും, വംശീയസ്വപ്നങ്ങളുടെ രാഷ്ട്രീയാഘോഷകനാണ്, ബഹു-കാല-ലോക-സ്വപ്നപ്രബുദ്ധനാണ് 'തകഴി'.

ഉണരാറുണ്ട് പണ്ടും ഞാൻ ദുഃസ്വപ്നം കണ്ട്.
എന്നുണരുന്നതും കൂടുതൽ തകഴിയായിട്ട്;
ഭീമൻകീടമായിട്ടല്ല, ഗ്രിഗർ സാംസെയേപ്പാലെ.
മറ്റുള്ളോരുടെ സ്വപ്നം ഞാൻ വിശ്വസിച്ചു. പല കാലം.
മാർക്സ്, ലെനിൻ, ടോൾസ്റ്റോയ്, ഗോർക്കി, ബൽസാക്ക്,
കേസരി, മോപ്പസാങ്, എന്റെ ഭാര്യ കാത്ത,
കാരൂർ, ഫ്ലാബേർ, ബഷീർ... സ്വപ്നങ്ങൾ.
രണ്ടല്ലായിരുന്നു സ്വപ്നവും ദർശനവുമെനിക്ക്.

വംശീയ-അബോധത്തിന്റെ/സ്വപ്നത്തിന്റെ പ്രതിജ്ഞാപനമാണ് കർഷകനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയം എന്ന് 'തകഴി'യുടെ വാക്കുകളിലൂടെ കാവ്യാഖ്യാതാവ് വെളിപ്പെടുത്തുന്നു. സ്വപ്നവും ദർശനവും തനിക്ക് രണ്ടല്ലെന്ന 'തകഴി'യുടെ ആത്മനിർവ്വചനം ശ്രദ്ധേയമാവുന്നതിവിടെയാണ്.

## വംശത്തിന്റെ തുരീയകാലം

ബോധാബോധങ്ങളുടെ വരമ്പത്തു കൂടി നടന്ന് നടന്ന് വയലിലെത്തിച്ചേരവേ, വീണ്ടും മറ്റൊരു സ്വപ്നത്തിലേക്ക് ഞെട്ടിയുണരുകയാണ് തകഴി. പണ്ടേ മരിച്ച കണ്ടൻ മൂപ്പൻ എന്ന വിതക്കാരൻ, കർഷക 'ഋഷി', പൂർണ്ണതേജസ്വിയായി മുന്നിൽ പ്രത്യക്ഷനാവുന്നു. 'വയൽ നിറഞ്ഞു നിൽക്കുന്ന അസാധ്യതയായി', അസാധ്യത്തിന്റെ ദർശനമായി, സംഭവമായി, സ്വപ്നം തകഴിയെ വീണ്ടും ഞെട്ടിച്ചുണർത്തുന്നു. മണ്മറഞ്ഞ വംശനായകന്റെ ഉയർത്തെണീപ്പ്. സ്വപ്നത്തിന്റെ വയൽസ്ഥലിയിൽ നിതാന്ത ജാഗ്രതയോടെ നിദ്രാ രഹിതനായി പാറാവ് നിൽക്കുന്ന മരണമില്ലാത്ത വംശരക്ഷകൻ, ജീവന്റെ വിതക്കാരൻ. സ്വപ്നം വംശകാലത്തിലേക്ക് വർദ്ധമാനമാകുന്നു. വംശീയമായ എതിർ സ്മൃതികൾ ചരിത്രകാലത്തെ ഭേദിച്ച് വയലിന്റെ സ്വപ്നസ്ഥലിയിൽ മാന്ത്രിക യാഥാർത്ഥ്യം രചിക്കുന്നു. രേഖീയകാലത്തെ, ബോധത്തെ, തകർത്ത്, ഭൂതഭാവികളുടെ, ബോധാബോധങ്ങളുടെ, ജാഗ്രത്സ്വപ്നസുഷുപ്തികളുടെ, അതിർവരമ്പുകൾ മായ്ച്ച്, വംശത്തിന്റെ ശാശ്വതകാലം വർത്തമാനത്തെ കയ്യേറുകയും യാഥാർത്ഥ്യത്തെ മാറ്റിയെഴുതുകയും ചെയ്യുന്നു. സ്വപ്നത്തിന്റെ മൂണാള നാളത്തിലൂടെ സഞ്ചരിച്ച് വംശ-തുരീയത്തിലെത്തിച്ചേരുന്ന തകഴിയ്ക്കുമുന്നിൽ വംശനേതാവായ കണ്ടൻ മൂപ്പൻ ചിരഞ്ജീവിയായി, അതിമാനവനായി, അമൃതസ്വരൂപനായി, വെളിപ്പെടുന്നു. സ്വപ്നകാലം വംശത്തിന്റെ തുരീയകാലത്തിലേക്ക് മൂർച്ഛിക്കുന്നു. ബോധാന്തരീകരണത്തിന്റെ, രൂപാന്തരീകരണത്തിന്റെ നാലാം കാലം. പ്രജ്ഞയുടെ (നിലയില്ലാത്ത) നാലാം നില. ചരിത്രവും ചരിത്രാതീതവും ഘർഷണം ചെയ്യുന്ന, ഭൂതഭാവികൾ, ഭൗമാഭൗമങ്ങൾ, പകർന്നാടുന്ന, വംശ രാത്രിയുടെ തുരീയ വെളിവിൽ വയൽ ഒരു നടനവേദിയായിമാറുന്നു. എതിരോർമ്മയുടെ മാന്ത്രികമുകുരത്തിൽ കണ്ടൻ മൂപ്പന്റെ കയ്യിലെ മാസ്മരവിതമുദ്ര നവ നടന മുദ്രയായി തെളിയുന്നു. വംശകാലത്തിന്റെ വ്യതിരാവർത്തനമായി (Deleuze, "the repetition of difference"), ശാശ്വതികമായ പുനരാഗമനത്തിന്റെ സംഭവമായി (Nietzsche, "eternal recurrence") കണ്ടൻ മൂപ്പന്റെ വിത നടനം ഒരിക്കൽ കൂടി അരങ്ങേറുകയാണ്. കാഴ്ചയ്ക്കു ശേഷവും കണ്ണിൽ നടനം തുടരുന്ന ശാശ്വതമായ വംശസംഭവം.

> "വയലിലെത്തിയതും തകഴി ഞെട്ടി:
> വയൽ നിറഞ്ഞ് നിൽക്കുന്നൊരസാധ്യത:
> കണ്ടൻ മൂപ്പൻ; പണ്ടേ മരിച്ച വിതക്കാരൻ.
> കൃഷിയുടെ ഋഷി.
> (എത്ര കണ്ടതാ ഞാനാ കൈയുടെ മാസ്മര വിതമുദ്ര.
> ചൂണ്ടുവിരലും തള്ളവിരലും ചേർന്നൊരുക്കുന്ന
> വിത്തുവാതിൽ കടന്ന് നെന്മണികൾ വായുവിലുയരും

വിതപ്പാട്ടിലെ വാക്കുകൾ പോലെ ചിറക് വീശും
കാൽനിമിഷം വായുവിൽ തങ്ങും
ഓരോ വിത്തും വയൽനെഞ്ചിൽ സ്വന്തം ഇടം കാണും
ആ കുളിരിലേക്ക് താണിറങ്ങും.
കണ്ട് കഴിഞ്ഞും കണ്ണിൽ തുടരും
കണ്ടൻ മൂപ്പന്റെ വിതനടനം.)"

ജീവന്റെ, ഭാവിയുടെ, വിത്തു വിതയ്ക്കുന്ന ജീവ രാഷ്ട്രീയ ('zoe'-politics) നടനമാണ് നമുക്ക് മുന്നിൽ, നമുക്ക് പിന്നിൽ. കൃഷിയുടെ ഋഷിയും രക്ഷകനും മാന്ത്രികനും നട്ടുവനുമായ കണ്ടൻ മൂപ്പന്റെ വംശനൃത്തം നടരാജ നൃത്തത്തെയും കവിയുന്നു. അനുഗ്രഹ മുദ്രയ്ക്ക് പകരം ജീവന്റെ വിതമുദ്ര. വിതയാടുന്ന വിരലിന്റെ ചിന്മുദ്ര. ചൂണ്ട് വിരലും തള്ളവിരലും ചേർന്നൊരുക്കിയ വിത്ത് വാതിൽ ഭേദിച്ച് വായുവിലേക്കു ഉയർന്നുയരുന്ന നെന്മണിക്കുരുന്നുകൾ, വിതപ്പാട്ടിലെ വാക്കുകൾ പോലെ നെന്മണികളുടെ ചിറകു വീശിപ്പറക്കൽ, കാൽ നിമിഷം വായുവിൽ തങ്ങി, വയൽ നെഞ്ചിൽ സ്വന്തം ഇടം കണ്ടെത്തി, നെഞ്ചിന്റെ കുളിരിലേക്ക് താണിറങ്ങുന്ന നെന്മണിപ്പറവകൾ. ഇതാണ് ജീവന്റെ, ഭാവിയുടെ, വിത നടനം. വിതക്കാരനും, വിത്തായ നെന്മണിപ്രാക്കളും, വിതപ്പാട്ടുകാരും, വയൽ നെഞ്ചും, കുളിർവായുവും, വംശമൊന്നാകെയും, പകർന്നാടുന്ന ജീവന്റെ സംഘനൃത്തം.

കൃഷി വെറും ഒരു കായികാദ്ധ്വാനമല്ല. ഒരു മാസ്മര സർഗ്ഗനടനമാണ്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും പങ്കെടുക്കുന്ന സംഘകലയാണ്, "ജീവ"-രാഷ്ട്രീയത്തിന്റെ വംശോൽസവമാണ്.

## ആഗോള-കോർപ്പറേറ്റ്-സാമ്രാജ്യത്തിന്റെ മാന്ത്രികക്കുതിര

അനന്തരം, കർഷകന്റെ ഇതിഹാസകാരനും വക്കീലുമായ തകഴി സാറിനോട് വംശ രക്ഷകനായ കണ്ടൻ മൂപ്പൻ ആസന്നമായ മഹാവിപത്തിന്റെ വൃത്താന്തം നാടോടിക്കഥനത്തിന്റെ സ്വപ്നമൊഴികളിലൂടെ റിപ്പോർട്ട് ചെയ്യുന്നു:

പാടെത്തേന്താ പന്തികേട് തോന്നി നോക്കുമ്പോൾ, കണ്ടത്തിൽ കുഞ്ചിനിലാവു കുലുക്കി മേയുന്ന പരദേശി മാന്ത്രികക്കുതിര. "മൂന്നാൾ പൊക്കം, തൂവെള്ള. തീനാവ്". പ്രലോഭനീയം. "ഒറ്റയ്ക്കൊരു സൈന്യം". 'ആ ചതിക്കുതിരയിൽ നിന്ന് മാരകമൊരു സൈന്യപ്പാതിര ലോകത്തേയ്ക്കിറങ്ങുന്നു'. മേഞ്ഞിടം തരിശാക്കിക്കൊണ്ട്.

കുഴിമാടങ്ങളിൽ കാവൽ നിൽക്കുന്ന ചാത്തന്മാരെ കണ്ടൻ മൂപ്പൻ തുറന്നു വിട്ടു. വംശാബോധത്തിന്റെ പ്രവിശ്യകൾ കാക്കുന്ന നാട്ടുരക്ഷാസൈന്യം. മാന്ത്രികക്കുതിര തൽക്കാലം മാഞ്ഞെന്ന് തോന്നിച്ചെങ്കിലും, മായാരൂപമാർന്ന് മണ്ണിലേക്കോ മാനത്തിലേക്കോ മനസ്സിലേക്കോ അധിനിവേശം ചെയ്തു. അതിന്റെ വാൽ ബോംബർപ്പുക പോലെ കാറ്റിൽ നീണ്ടുലഞ്ഞു. നഗരമായ കൊണ്ട് അത് മൂപ്പന്റെ കണ്ണുകെട്ടി. അരൂപിയും മായാവിയുമായ ഒരു മാരകശത്രു വംശത്തിനെതിരെ മായികമായ ആക്രമണം അഴിച്ചു വിട്ടിരിക്കുന്നു. രാസവിഷം തുപ്പുന്ന ചതിക്കുതിര. കൊള്ളക്കുതിര. മായാവിക്കുതിര.

കാഴ്ചയിലിപ്പോൾ പാടം

പീഡിത പോലെ മയക്കത്തിൽ.
ഓക്കാനിക്കുന്നത് കണ്ണും മൂക്കും പൊള്ളിക്കും
രാസമണം.
കനകവയൽ കാർന്നൊടുക്കുമ്പോൾ
കൊള്ളക്കുതിരെയാലിപ്പിച്ച രാസ ഊറലിൽ
നെല്ലും മീനും ചീവീടും പുൽത്തളിരും ചെറുമഞ്ഞും
നീർക്കോലി, നീർത്തുമ്പിയുമവയുടെ
നേർമൊഴിയും... അടപടലേ
നീറിച്ചീയുമൊരാവാസത്തിൻ നാറ്റം.
കാഴ്ചയിലിപ്പോൾ ശേഷിക്കുന്നത്
ഉൾക്കനം വാർന്ന്
വളഞ്ഞ നട്ടെല്ല് പോലെ ചില പതിർക്കുല;
ചുമ്മാ കിലുങ്ങുന്നത്.

പിന്നെക്കാണുന്നത് പീഢിതയായി മയങ്ങുന്ന പാടത്തെയാണ്. അതിന്റെ ഓക്കാനത്തിന് കണ്ണും മൂക്കും പൊള്ളിക്കുന്ന രാസ മണം. കൊള്ളക്കുതിര കനകവയൽ കാർന്നെടുക്കുന്നു. അതിന്റെ രാസവിഷ സർജ്ജനത്തിൽ 'നെല്ലും മീനും ചീവീടും പുൽത്തളിരും ചെറുമഞ്ഞും നീർക്കോലി നീർത്തുമ്പികളും അവയുടെ നേർമൊഴികളും' ആഘോഷപൂർവ്വം സഹവസിക്കുന്ന വയലിന്റെ ആവാസവ്യവസ്ഥയാകെ പൊള്ളിനീറിച്ചീഞ്ഞു നാറുകയാണ്. ഇപ്പോളുയരുന്നത് വംശനാശത്തിന്റെ ദുസ്സഹമായ നാറ്റം മാത്രം. ഉൾക്കനം വാർന്ന, നട്ടെല്ല വളഞ്ഞു ചുമ്മാ കുലുങ്ങുന്ന ചില പതിർക്കുലകൾ മാത്രമേ ഇനി അവശേഷിക്കുന്നുള്ളു. ജീവന്റെ, ഭാവിയുടെ, വിതക്കാരൻ, വംശമൂർത്തിയായ കണ്ടൻ മൂപ്പൻ, വർത്തമാന അവസ്ഥയെ ബോധിപ്പിക്കുന്നതിങ്ങനെ. ഉൾക്കനമില്ലാത്ത, നട്ടെല്ല വളഞ്ഞ, ചുമ്മാ കുലുങ്ങി ച്ചിലമ്പുന്ന പതിർക്കുലകൾ, സമകാലീന കേരളീയ സമൂഹമുല്പാദിപ്പിക്കുന്ന ദീനകർതൃത്വങ്ങളുടെ ഗുണശോഷണത്തെയല്ലേ രൂപകം ചെയ്യുന്നത്?

## ബയോ-സാമ്രാജ്യ-യന്ത്രത്തിന്റെ പടയോട്ടം

മാന്ത്രികക്കുതിരയുടെ നാടോടി കഥനപ്രമേയത്തിലൂടെ, നാട്ടുജനതയ്ക്കുമേൽ നടക്കുന്ന അദൃശ്യവും അന്യാദൃശവും മായികവുമായ ഒരു ആക്രമണത്തിന്റെ ചരിത്രവും അതിന്റെ ദുരന്തപരിണതികളുമാണ് കണ്ടൻ മൂപ്പൻ ആഖ്യാനം ചെയ്യുന്നത്. കർഷകർക്കുമേൽ, കർഷകവൃത്തിയ്ക്കും ആവാസവ്യവസ്ഥയ്ക്കും മേൽ, ആഗോള കോർപ്പറേറ്റ് സാമ്രാജ്യത്വം നടത്തുന്ന പ്രച്ഛന്നവും മാരകവുമായ അധിനിവേശ ആക്രമണത്തെ സൂക്ഷ്മമായി തിരിച്ചറിയുകയും ചെറുത്തുനിൽക്കുകയും ചെയ്യുന്ന കർഷകന്റെ അബോധ രാഷ്ട്രീയ നേരിടലുകളെയാണ്, സ്വപ്നപുരുഷനായ കണ്ടൻ മൂപ്പൻ മാന്ത്രികവും ഗൂഢവുമായ കഥനരീതിയിൽ മൊഴിയുന്നത്. ചരിത്രപരവും രാഷ്ട്രീയപരവും ആയ ഒരു പ്രച്ഛന്നാധിനിവേശ പീഢാനുഭവത്തിന്റെ സത്യവാങ്മൂലം. പ്രാദേശിക കാർഷിക സമ്പദ്‌വ്യവസ്ഥകളെ, സമൂഹങ്ങളെ, സാംസ്കാരങ്ങളെ, പരിസ്ഥിതിയെ, കൊള്ള ചെയ്ത് കാർന്ന് തിന്നുന്ന, വിഷാണമായ ആഗോള ബയോരാഷ്ട്രീയ

സാമ്രാജ്യത്വത്തിന്റെ മായാസ്വരൂപത്തെയാണ് ഈ പരദേശിമാന്ത്രികക്കുതിര മൂർത്തീകരിക്കുന്നത്. ആധുനിക-ആധുനികോത്തര-സാങ്കേതികവിദ്യയുടെ, ശാസ്ത്രവിജ്ഞാനീയത്തിന്റെ, നവചൂഷണവിദ്യകളുടെ, പടക്കോപ്പണിഞ്ഞ, ഈ മാന്ത്രിക അശ്വയന്ത്രം ദക്ഷിണേഷ്യയുടെ, ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ പ്രകൃതിയെ, കാർഷികാവാസവ്യവസ്ഥയെ, സാംസ്കാരിക സാമൂഹ്യ മണ്ഡലത്തെ, വിഷസേചനംചെയ്ത് തരിശാക്കിയതെതെങ്ങനെ എന്ന് ഹരിതവിപ്ലവകാലം മുതലുള്ള ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. നാട്ടുമണ്ണിൽ, കൃത്രിമവിത്തിന്റെ, രാസവളത്തിന്റെ, കീടനാശിനികളുടെ, ബഹുരാഷ്ട്ര കുത്തകകമ്പനികളുടെ പടയോട്ടക്കഥ. ബയോ ടെക്നോളജി, ബയോ എഞ്ചിനീയറിങ്ങ്, ജെനെറ്റിക്സ്, എന്നീ ശാസ്ത്ര-സാങ്കേതികതകവിദ്യകളുടെ, ദുരുപയോഗത്തിലൂടെ, അതിയന്ത്രവൽക്കരണത്തിലൂടെ, അധൃഷ്യശക്തിയായി മാറിയ ആഗോള ബയോ-സാമ്രാജ്യത്വം കർഷക ജനതയ്ക്ക് മേൽ നടത്തിയ മായികവും പ്രച്ഛന്നവുമായ സൂക്ഷ്മയുദ്ധങ്ങളുടെ കഥ.

ഇത് കൃഷിക്കാരന്റെ ദുരന്തകഥമാത്രമല്ല, കേരളത്തിന്റെ ദുരന്ത ചരിത്രം കൂടിയാണ്. പ്രലോഭനീയമായ ഈ ആഗോള മാന്ത്രികാശ്വയന്ത്രത്തിന്റെ തേരോട്ടത്തിൽ തകർന്നടിഞ്ഞത് വയലേലകളും സമൃദ്ധ ഹരിതകങ്ങളും കർഷകസമൂഹങ്ങളും മാത്രമല്ല, കേരളത്തിന്റെ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക-ആവാസ-വ്യവസ്ഥയാകെയും, രാഷ്ട്രീയ-സ്വയം നിർണ്ണായകതയും, സാമ്പത്തിക സ്വയം പര്യാപ്തിയും, നട്ടെല്ല് വളയാത്ത കർതൃസ്വരൂപങ്ങളുമാണ്. അന്നവിളകളിൽ നിന്ന് നാണ്യ വിളകളിലേക്ക് കർഷകർ മാർഗ്ഗം കൂടിയതും, നെൽ വയലുകളെ, കോൺക്രീറ്റ് കെട്ടിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, കയ്യേറ്റം ചെയ്തതും, കൃഷിയുടെയും കർഷകന്റെയും വിലയിടിഞ്ഞ് ചോരവാർന്ന്, ആത്മഹത്യ കർഷന്റെ ആത്മാവിഷ്കാര മാർഗ്ഗമായതും, മണ്ണും, മനവും, മാനവും, തോടും, പുഴയും,, കുന്നും, മലയും, മാലിന്യ വിഷാസിക്തമായതും, അന്നം മുട്ടി, പൊറുതി മുട്ടി, അഭയാർഥികളായി നാട്ടുപൗരന്മാർ അന്യരാജ്യങ്ങളിലേക്ക് കുടിമാറേണ്ടി വന്നതും, വിത്തെടുത്തുണ്ണലും, നാടിനെ വിറ്റുമുടിക്കലും ആയി രാഷ്ട്രീയം കോലം കെട്ടതും, എല്ലാം ഈ നവാധിനിവേശ ദുരന്തകഥയുടെ അനന്തരപർവ്വങ്ങൾ മാത്രം.

## കർഷകന്റെ ജീവരാഷ്ട്രീയം

കർഷകന്റെ ബോധാബോധങ്ങളിൽ അധിനിവേശം ചെയ്ത ഈ ബയോ സാമ്രാജ്യ-അശ്വയന്ത്രത്തിനെതിരേ, അബോധത്തിന്റെ, സ്വപ്നത്തിന്റെ, പ്രതിരോധ സൈന്യങ്ങളെ, സംവിധാനങ്ങളെ, വീണ്ടെടുക്കലാണ് തകഴിയുടെ ദുഃസ്വപ്നത്തിലൂടെ, കണ്ടൻ മൂപ്പന്റെയും നാട്ടുചാത്തന്മാരുടെയും അബോധ-രാഷ്ട്രീയ പ്രതിരോധത്തിലൂടെ, കവിത ചെയ്യുന്നത്: ഒരു എതിർ-ആഭിചാരം, ഒരു സ്വപ്നാഘാതപ്രയോഗം, ഒരു ബദൽ കർതൃ നിർമ്മിതി. ജീവനെ, ഭാവിയെ, വിതയ്ക്കുന്നവരെന്ന നിലയിൽ, അന്ന നിർമ്മാതാക്കളെന്ന നിലയിൽ ജീവശക്തിയെ (power as potentia) സമാഹരിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്ന കലാ-കായിക-ബൗദ്ധിക-സർഗ്ഗവൃത്തിയിലേർപ്പെട്ട കർഷകരാണ് ഭരണകൂടത്തിന്റെയും, ആഗോള ബയോ-സാമ്രാജ്യശക്തികളുടെയും അധികാരത്തിനെ ചെറുക്കുവാൻ, അതിവർത്തിക്ക

വാൻ, ജന്മനാ പ്രാപ്തരായ മുഖ്യ ബദൽ രാഷ്ട്രീയ ശക്തിയെന്ന്, കവിത സൂചിപ്പിക്കുന്നു. ആധുനികോത്തര ബൗദ്ധികത്തൊഴിലാളികളാണ്, ബയോരാഷ്ട്രീയ കർത്തൃത്വങ്ങളെന്നും നവീനമായ (ബയോ-) രാഷ്ട്രീയവിപ്ലവത്തിന്റെ മുന്നണിപ്പടയാളികൾ എന്നും ഉള്ള അന്റോണിയോ നെഗ്രിയുടെ 'ജനസഞ്ചയ' സങ്കല്പത്തെ ഈ ഉൾക്കാഴ്ചകൾ തിരുത്തിക്കുറിക്കുന്നു. (വ്യവസായത്തൊഴിലാളികളാണ് ലോകവിപ്ലവത്തിന്റെ മുഖ്യചാലകശക്തി എന്ന മാർക്സിയൻ സങ്കല്പത്തെയും). സ്വപ്നത്തെ, വിശ്വാസത്തെ, പ്രതിജ്ഞാപനം ചെയ്യുന്ന അബോധത്തിന്റെ രാഷ്ട്രീയമാണ് ഈ ബദൽ രാഷ്ട്രീയത്തിന്റെ രഹസ്യശക്തിയെന്നും കവിത ആത്യന്തികമായും പ്രതിജ്ഞാപനം ചെയ്യുന്നു. സ്വപ്നത്തിന്റെ, അബോധത്തിന്റെ, വിശ്വാസത്തിന്റെ, ജീവശക്തിയുടെ, ഈ സൂക്ഷ്മരാഷ്ട്രീയമണ്ഡലത്തിൽ നിന്നുള്ള വിച്ഛേദനമാണ് മലയാളിയുടെ രാഷ്ട്രീയ അപചയത്തിന്റെ മുഖ്യകാരണമെന്ന് ഭംഗ്യന്തരേണ കവിത സൂചിപ്പിക്കുന്നുണ്ട്.

ഉത്തരേന്ത്യയിലെ മഹാശൈത്യത്തെയും കൊറോണാ മഹാമാരിയുടെ ഭീഷണിയെയും, ഭരണകൂടത്തിന്റെ സൈനികശക്തിയെയും വെല്ലുവിളിച്ച് കൊണ്ട്, ആഗോള കോർപ്പറേറ്റ് ബയോസാമ്രാജ്യത്തിന്റെ അശ്വയന്ത്രങ്ങളെ പിടിച്ചു കെട്ടുവാൻ തലസ്ഥാനനഗരിയെ വളഞ്ഞു നിൽക്കുന്ന ലക്ഷക്കണക്കിനു കർഷകർ പ്രഖ്യാപിക്കുന്നതും ഇതാണ്: ജീവന്റെയും ഭാവിയുടെയും വിത്ത് വിതക്കാരും, അന്ന ദാതാക്കളുമായ കർഷകരാണ് ഇന്ത്യൻ വിപ്ലവത്തിന്റെ, ബദൽ ജീവരാഷ്ട്രീയത്തിന്റെ ("zoe" politics) മുഖ്യശക്തി, മുഖ്യകർത്തൃത്വം. സ്വപ്നത്തിന്റെയും വിശ്വാസത്തിന്റെയും അബോധത്തിന്റെയും രാഷ്ട്രീയത്തെ സംബന്ധിച്ച് കവിത നൽകുന്ന ഉൾക്കാഴ്ചകളെ ചരിത്രപരമായി ന്യായീകരിക്കുകയും സാക്ഷാത്ക്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്ന ഈ മഹാസമരയജ്ഞം. ജനങ്ങളുടെ അന്തഃസ്ഥിത ശക്തിക്ക് (immanent power as puissance), 'ജീവ'രാഷ്ട്രീയ ശക്തിക്കു, മുന്നിൽ ഭരണകൂടാധികാരം നിസ്തേജമെന്ന് ഈ സമരം തെളിയിക്കുന്നു. 'തകഴി'യുടെയും കണ്ടൻ മൂപ്പന്റെയും സ്വപ്നവിവേകത്തെ സാക്ഷാത്ക്കാരത്തിലേക്ക് നയിക്കാനെന്ന വണ്ണം, വന്ദ്യവയോധികരായ ലക്ഷക്കണക്കിനു കർഷക ഋഷിമാർ ഈ മഹാപ്രക്ഷോഭത്തിന് നേതൃത്വം വഹിക്കുന്നത് നാം കാണുന്നു. ഗുരുനാനാക്കിന്റെയും ഗുരു തേജ്ബഹദൂറിന്റെയും സാത്വികവും ആഗ്നേയവും സാമ്രാജ്യവിദ്ധ്വംസകവുമായ സ്വപ്നങ്ങളുടെ തലപ്പാവുകളിഞ്ഞ സിഖ് കർഷകർ ദില്ലിയിലേക്ക് പ്രവേശിക്കുന്ന ദേശീയപാതകളെ രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ പ്രബുദ്ധതകളുടെ സംഗമസ്ഥാനങ്ങളാക്കി മാറ്റിയിരിക്കുന്നു.

## — 3.3 —

## കുറിപ്പുകൾ

### അപവാദനില/ഭരണകൂടം (State of Exception)

1920-ൽ ജെർമൻ തത്വചിന്തകനും നിയമവിശാരദനും ആയ കാൾ സ്മിത്ത് അവതരിപ്പിച്ച സിദ്ധാന്തം. അടിയന്തിരാവസ്ഥയോട് സദൃശം. പൊതുനന്മയുടെ പേരിൽ നിയമ വാഴ്ചയെ അതിവർത്തിക്കുവാനുള്ള പരമാധികാരിയുടെ അധികാരത്തെ സൂചിപ്പിക്കുന്നു. ജോർജ്ജോ അഗംബെന്റെ State of Exception എന്ന ഗ്രന്ഥം ഒരു അടിയന്തിരാവസ്ഥയിൽ അല്ലെങ്കിൽ പ്രതിസന്ധി അവസ്ഥയിൽ നിയമങ്ങളുടെ നിർത്തിവയ്ക്കൽ ഒരു ദീർഘകാല അവസ്ഥയായി എങ്ങനെ മാറാമെന്ന് പരിശോധിക്കുന്നു.

### അതീത ഭരണകൂടം (Transcendental State)

നിയമങ്ങൾ നിർത്തിവയ്ക്കുന്ന അപവാദനിലയ്ക്കുമപ്പുറം ഭരണകൂടങ്ങൾ നിയമാതീതമായ അധികാരം കയ്യടക്കുന്ന അവസ്ഥ, പൂർണ്ണമായും ഒരു അതീതശക്തിയായി മാറുന്ന അവസ്ഥ. ഇത്തരമൊരു അവസ്ഥയിലെത്തുന്ന ഭരണകൂടങ്ങളെ വിശേഷിപ്പിക്കുവാൻ ഈ ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന പദം.

### ആത്യന്തിക ഭരണകൂടം (Ultimate State)

ഭരണഘടനാതീതമായ അധികാരം പരമമായ അധികാര പ്രയോഗത്തിലെത്തുന്ന അവസ്ഥയെ സൂചിപ്പിക്കുവാൻ ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന പദം.

### ദുരന്ത മുതലാളിത്തം (Disaster Capitalism)

കനേഡിയൻ എഴുത്തുകാരിയും ആക്റ്റിവിസ്റ്റുമായ നവോമി ക്ലീനിന്റെ The Shock Doctrine: The Rise of Disaster Capitalism (2007) എന്ന ഗ്രന്ഥം ദേശീയ ദുരന്തങ്ങളെ മുതലാളിത്ത നിക്ഷേപത്തിനും ലാഭത്തിനുംവേണ്ടി ചൂഷണം ചെയ്യുവാനുള്ള അവസരങ്ങളാക്കി കോർപ്പറേറ്റുകളും അവരുടെ ഹിതാനുവർത്തികളായ ഭരണാധികാരികളും മാറ്റുന്നതെങ്ങനെ എന്ന് വിവരിക്കുന്നു. പ്രകൃതി ക്ഷോഭങ്ങൾ, യുദ്ധങ്ങൾ തുടങ്ങിയ പ്രതിസന്ധികൾ പൗരന്മാരിൽ ഏല്പിക്കുന്ന ആഘാതങ്ങൾ, പ്രതിരോധിക്കുവാനും സജീവമായി പ്രതികരിക്കുവാനുമുള്ള അവരുടെ കഴിവിനെ ഹനിക്കുന്നുവെന്ന് മനസ്സിലാക്കുന്ന നവമുതലാളിത്തം, ഇത്തരം ഘട്ടത്തിൽ തങ്ങൾക്കാദായകരമായ നയങ്ങൾ, പദ്ധതികൾ, ജനഹിതത്തെ അവഗണിച്ച് കൊണ്ട് ഒരു ആഘാത ചികിൽസ എന്ന മട്ടിൽ നടപ്പാക്കുന്നതിനെ ആഘാത സിദ്ധാന്തം (shock doctrine) എന്ന് നവോമി ക്ലീൻ വിളിക്കുന്നു.

### ശാശ്വതമായ ആവർത്തനം (Eternal Recurrence)

നീത്ച്ചെയുടെ തത്വചിന്തയുടെ കാതൽ. ചാക്രികമായ ആവർത്തനത്തെ, സ്വത്വത്തിന്റെ, ഉണ്മ (being) യുടെ, ആവർത്തനത്തെയല്ല, ഇത് സൂചിപ്പിക്കുന്നതെന്ന ദെല്യൂസിന്റെ വിഖ്യാതമായ നിരീക്ഷണം ഈ സങ്കല്പനത്തിന്റെ വിപ്ലവകരമായ സാംഗത്യത്തെ വെളിപ്പെടുത്തുന്നു. ഉള്ള ഒന്നിന്റെ, 'സമത്തിന്റെ, സ്വത്വത്തിന്റെ, തിരിച്ചുവരവല്ല വ്യത്യസ്തതയുടെ തിരിച്ചുവരവാണത്.' സമാവർത്തനമല്ല വ്യതിരാവർത്തനം. ഉണ്മയല്ല തിരിച്ചു വരുന്നത് മറിച്ച് (ആയിത്തീരലിനെ (becoming) പ്രതിജ്ഞാപനം ചെയ്യുന്ന വിധം) തിരിച്ചുവരവാണ് ഉണ്മയെ രൂപപ്പെടുത്തുന്നത്.

ശുദ്ധമായ ആയിത്തീരലാണ് 'ശാശ്വതമായ ആവർത്തനത്തിന്റെ' ത്തിന്റെ അടിത്തറ എന്ന് ദെല്യൂസ്. ആയിത്തീരലിന്റെ ഉണ്മ (being)യാണ് ശാശ്വതാവർത്തനം. ആയിത്തീരുന്ന ഒന്നിന്റെ ഉൺമ എന്ന് പറയുന്നത് തിരിച്ചു വരവാണ്. അത് കൊണ്ട് ശാശ്വതാവർത്തനം എന്ന സങ്കല്പനത്തെ ഒരു സംശ്ലേഷണമായി (synthethesis) വേണം കാണാൻ: കാലവും അതിന്റെ മാനങ്ങളും തമ്മിലുള്ള സംശ്ലേഷണം, വൈവിദ്ധ്യവും അതിന്റെ പുനരുല്പാദനവും, ആയിത്തീരലും ആയിത്തീരലിലൂടെ പ്രതിജ്ഞാപിതമാകുന്ന ഉണ്മയും, തമ്മിലുള്ള സംശ്ലേഷണം. ഇരട്ട പ്രതിജ്ഞാപനത്തിന്റെ സംശ്ലേഷണം. (Deleuze, Nietzche and Philosophy, Continuum, Newyork, 2007, 44–45.)

ശാശ്വതാവർത്തനത്തിന്റെ മറ്റൊരു വശം നൈതികവും തെരഞ്ഞെടുപ്പിലധിഷ്ഠിതവുമായ ചിന്തയാണെന്ന് ദെല്യൂസ്. ഒരു ചിന്തയെന്ന നിലയിൽ ശാശ്വതാവർത്തനം ഇച്ഛയ്ക്ക് ഒരു പ്രായോഗിക നിയമം നൽകുന്നു. ഒരു നൈതിക ചിന്തയെന്ന നിലയിൽ ശാശ്വതാവർത്തനം ഒരു പ്രായോഗിക സംശ്ലേഷണത്തിന്റെ പുതിയ അവതരണം ആണ്: "എന്തിച്ഛിച്ചാലും അതിന്റെ ശാശ്വതമായ ആവർത്തനം ഇച്ഛിക്കുന്നവിധം ഇച്ഛിക്കുക". എന്തിച്ഛിക്കുമ്പോഴും തുടക്കത്തിൽ സ്വയം ചോദിക്കുക: അനന്തമായ തവണകളിൽ അത് ചെയ്യുമെന്ന് ഉറപ്പാണോ എന്ന് (Nietzsche, "The Will to Power"). ശാശ്വതാവർത്തനത്തിന്റെ ചിന്തയാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ഇച്ഛിക്കുന്നതെന്തോ അത് സമഗ്രമായി ഇച്ഛിക്കുക എന്നതാണത്. ശാശ്വതാവർത്തനത്തിന്റെ ഇച്ഛ ഇച്ഛിക്കലിൽ നിന്ന് ശാശ്വതമായ ആവർത്തനത്തിനു വെളിയിൽ നിൽക്കുന്നതെല്ലാം തന്നെ നീക്കിക്കളയുന്നു. ഇച്ഛിക്കലിനെ സൃഷ്ടിക്കലായി അത് മാറ്റുന്നു. ഇച്ഛിക്കൽ=സൃഷ്ടിക്കൽ എന്ന സമവാക്യമാണ് അത് ഉയർത്തുന്നത് (Deleuze, Nietzsche and Philosophy, 63–64).

### ഭാവശക്തി (affect)

ബറൂച് സ്പിനോസയുടെ തത്വചിന്തയിൽ വികാരങ്ങളോടും ശാരീരികാനുഭവങ്ങളോടും ബന്ധപ്പെട്ടുണ്ടാകുന്ന ശാരീരികവും മാനസികവുമായ നിലയെന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്ന സങ്കല്പനമാണ് ഭാവശക്തി. ഹെൻറി ബെർഗ്സൺ, ദെല്യൂസ്, ഗൊത്താരി എന്നിവർ ഈ സങ്കല്പനത്തെ വിപുലപ്പെടുത്തുന്നു. ഒരു വൈയക്തിക വികാരം എന്നല്ല ബാധിയ്ക്കുവാനും ബാധിക്കപ്പെടുവാനും ഉള്ള കഴിവെന്നാണ് ദെല്യൂസ് ഭാവശക്തിയെ നിർവ്വചിക്കുന്നത്. ഒരു അനുഭവനിലയിൽ നിന്ന് മറ്റൊരു അനുഭവനിലയിലേക്കുള്ള പ്രയാണത്തോട് ബന്ധപ്പെട്ടതും പ്രവർത്തിക്ക

വാനുള്ള ഒരു ശരീരത്തിന്റെ കഴിവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലിനെ സൂചിപ്പിക്കുന്നതുമായ വ്യക്തിപൂർവ്വമായ തീക്ഷ്ണതയാണ് ദെല്യൂസിനെ സംബന്ധിച്ചിടത്തോളം ഭാവശക്തി. എന്നാൽ ബാധിത ശരീരവും ബാധിക്കുന്ന ശരീരവും തമ്മിലുള്ള നേരിടലിന്റെ നിലയാണ് ബാധിക്കൽ (L' affection) എന്ന പദം സൂചിപ്പിക്കുന്നത്.

## ജീവിത രാഷ്ട്രീയം (bio-politics)

മനുഷ്യ ജീവിതത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട രാഷ്ട്രീയ, അധികാര, പ്രയോഗങ്ങളെയാണ് ബയോ-രാഷ്ട്രീയം എന്ന് വിളിക്കുന്നത്. ജീവിത രാഷ്ട്രീയത്തെ സംബന്ധിച്ച് വ്യത്യസ്തമായ അർത്ഥവും സമീപനവും പഠന രീതിയും പുലർത്തുന്ന രണ്ട് വിഭിന്ന ധാരകൾ ഉണ്ട്. ഒന്ന് യു. എസ്. എ.-യിലെ പണ്ഡിതന്മാർ 1970-കളിൽ വികസിപ്പിച്ചെടുത്ത ജീവശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പെരുമാറ്റത്തെ പഠനവിധേയമാക്കുന്ന നാച്യുറലിസ്റ്റ് സമ്പ്രദായം. രണ്ടാമത്തേത് ഈ നാച്ചുലറിസ്റ്റ് സമ്പ്രദായത്തിൽ നിന്ന് വിപ്ലവകരമായി വിഛേദിച്ച് കൊണ്ട് 1970-ന്റെ അവസാന വേളകളിൽ മിഷെൽ ഫൂക്കോ പുനർനിർവ്വചനം ചെയ്ത പഠന സമ്പ്രദായം. ഫൂക്കോയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പ്രക്രിയകൾക്ക് വെളിയിൽ വർത്തിക്കുന്ന ജീവശാസ്ത്ര ശക്തികളുടെ അടിസ്ഥാനത്തിൽ മാത്രം ജീവിതത്തെ നിർവ്വചിക്കുക അസാധ്യമാണ്. മറിച്ച് രാഷ്ട്രീയ തന്ത്രങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും വിഷയവും ഫലവുമായി മാത്രമേ ജീവിതത്തെ മനസ്സിലാക്കുവാനാകൂ. ഫൂക്കോയുടെ അഭിപ്രായത്തിൽ 17-ആം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണ്ടാവുന്ന സവിശേഷമായ ഒരു ചരിത്ര വികാസത്തെയും രൂപാന്തരീകരണത്തെയുമാണ് ബയോ-രാഷ്ട്രീയം സൂചിപ്പിക്കുന്നത്: ജീവിതത്തെ പിടിച്ചെടുക്കുവാനും, അടച്ചമർത്തുവാനും നശിപ്പിക്കുവാനുമുള്ള പരമാധികാരത്തിൽ നിന്നും വ്യത്യസ്തമായി ജീവിതത്തെ അഭിവൃദ്ധിപ്പെടുത്തുവാനും, പരമാവധി വികസിപ്പിക്കുവാനും, ക്രമീകരിക്കുവാനും സുരക്ഷിതമാക്കുവാനും ലക്ഷ്യമിടുന്ന ഒരു പുതിയ അധികാര രൂപത്തിന്റെ ആവിർഭാവം.

ജീവശാസ്ത്രപരമായ (biological)ജീവിതത്തിന്റെ പരിപാലനവും നിയന്ത്രണവും ഭരണകൂടം അതിന്റെ കർത്തവ്യമായി ഏറ്റെടുക്കുന്ന ചരിത്ര സന്ദർഭം ആധുനികതയുടെ ചരിത്രത്തിൽ ഒരു ദിശമാറ്റമായി ഫൂക്കോ അടയാളപ്പെടുത്തി. ജീവിതത്തെ മൂല്യത്തിന്റെയും പ്രയോജനപരതയുടെയും മണ്ഡലത്തിൽ വിന്യസിക്കുന്ന അധികാരത്തിന്റെ ക്രമീകരണ വിദ്യയെയാണ് ഫൂക്കോ ബയോ-അധികാരം എന്ന് വിളിച്ചത്. 17-ആം നൂറ്റാണ്ടിൽ ആരംഭിക്കുന്ന ബയോ-അധികാരത്തിന്റെ വ്യവസ്ഥാപനത്തോടെയാണ് ഫൂക്കോയെ സംബന്ധിച്ചിടത്തോളം ബയോ-രാഷ്ട്രീയം ആവിർഭവിക്കുന്നത്. ബയോ അധികാരത്തെ ഫൂക്കോ 'പരമാധികാര'ത്തിൽ നിന്ന് വേർതിരിക്കുന്നു (sovereign power). വധശക്തിയുടെ പ്രഭാവപ്രകടനത്തെക്കാൾ ഈ പുതിയ അധികാരത്തിനു വേണ്ടിയിരുന്നത് വിശേഷിപ്പിക്കുക, അളക്കുക, വിലയിരുത്തുക, ശ്രേണീകരിക്കുക എന്നീ പ്രക്രിയകളാണ്.

ജോർജ്ജോ അഗംബെൻ ഫൂക്കോയുടെ സിദ്ധാന്തത്തിന് ഒരു തിരുത്തൽ വരുത്തുന്നതായി അവകാശപ്പെടുന്നു. അതായത് പരമാധികാരം മുമ്പേ തന്നെ ബയോ-രാഷ്ട്രീയപരമാണ്. എന്തെന്നാൽ രാഷ്ട്രീയക്രമത്തിന്റെ കവാടമായി നഗ്ന

ജീവിതത്തെ (bare life) രൂപീകരിക്കുന്നതിൽ അധിഷ്ഠിതമാണത്. അഗംബനെ സംബന്ധിടത്തോളം ബയോ-അധികാരത്തിന്റെ സാങ്കേതികവിദ്യയുടെ ആവിർഭാവം പാശ്ചാത്യ രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ ഒരു വിഛേദത്തെയല്ല കുറിക്കുന്നത്. മറിച്ച് ഭരണകൂടത്തിന്റെ നിലവിലുള്ള അനുപേക്ഷ്യമായ ബയോ-രാഷ്ട്രീയ പ്രകൃതത്തിന്റെ വികാസമാണത്. കാരണമെന്തെന്നാൽ നഗ്നജീവിതം ഭരണകൂട താല്പര്യങ്ങളുടെ അരികുകകളിൽ നിന്ന് അതിന്റെ കേന്ദ്രത്തിലേക്ക് സഞ്ചരിക്കുകയും അപവാദം അധികതോതിൽ നിയമമായി തീരുന്ന ആധുനികകാലത്തെ രാഷ്ട്രീയ ക്രമത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതിന്റെ ഫലമാണത്. ജീവശാസ്ത്രപരമായ ജീവിതത്തെ സ്വന്തം കണക്കുകൂട്ടലുകളുടെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ച് കൊണ്ട് ആധുനിക ഭരണകൂടം അധികാരത്തെയും നഗ്നജീവിതത്തെയും ബന്ധിപ്പിക്കുന്ന രഹസ്യമായ ചരടിനെ വെളിച്ചത്ത് കൊണ്ടു വരുക മാത്രമാണ് ചെയ്യുന്നത്.

അഗംബനെ സംബന്ധിച്ചിടത്തോളം അപവാദത്തിലൂടെയുള്ള (exception) നഗ്നജീവിതത്തിന്റെ ഉല്പാദനവും, (ജീവശാസ്ത്ര) ജീവിതത്തിന്റെ (zoe) പരിപാലനത്തിലുള്ള ഭരണകൂടത്തിന്റെ വ്യഗ്രതയും ആധുനികാലത്തുടനീളം സമാന്തരമായി വർദ്ധിച്ച വന്നു. 20-ആം നൂറ്റാണ്ടിൽ സർവ്വാധിപത്യ ഭരണകൂടത്തിന്റെ കോൺസെന്റ്റേഷൻ ക്യാമ്പ് സമ്പ്രദായം ആദ്യമായി നഗ്നജീവിതത്തെ മാത്രം അടിസ്ഥാനമാക്കി മനുഷ്യ ജീവിതത്തിന്റെ ക്രമികവും കൂട്ടായതുമായ സംഘാടനത്തിനു ശ്രമിക്കുന്നതോട് കൂടി ഈ പ്രക്രിയ അതിന്റെ പാരമ്യത്തിലെത്തുകയാണ്.

എന്നാൽ അഗംബൻ ഫൂക്കോയുടെ ബയോ-രാഷ്ട്രീയ സങ്കല്പത്തെ തിരുത്തുകയല്ല പകരം അതിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് ക്ലാസ്സിക്കൽ 'പരമാധികാരസങ്കല്പവുമായി ബന്ധിപ്പിച്ച് കൊണ്ട് അതിനെ ന്യൂനീകരിക്കുകയാണെന്നത്രേ, അന്തോണിയോ നെഗ്രി, പോൾ പാറ്റൺ, മികാ ഒജാകങ്കസ് (Mika Ojakangas) എന്നിവർ വിഭിന്ന രീതിയിൽ ഉയർത്തുന്ന വിമർശനം. ബയോ അധികാരത്തിന്റെ അടിത്തറ നിരുപാധികമായ മരണത്തോട് തുറന്ന് വയ്ക്കപ്പെട്ട "നഗ്ന ജീവിതമല്ല" "ജീവിക്കുന്ന എല്ലാവരോടുമുള്ള" കരുതൽ ആണ്. (Mika Ojakangas). 'ജീവിതരൂപ'ത്തിൽ നിന്ന് വേർതിരിക്കപ്പെട്ട് "നഗ്ന ജീവിതം" എന്ന സങ്കല്പം 'പരമാധികാര' (sovereignty)സങ്കല്പത്തൊട്ട് ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ആധുനിക ബയോ-രാഷ്ട്രീയ 'ജീവിത' സങ്കല്പത്തോട് ഒട്ടും പൊരുത്തപ്പെടുന്നതല്ല. ബയോ രാഷ്ട്രീയത്തിന്റെ അടിത്തറയിൽ ഒളിഞ്ഞു കിടക്കുന്നത് അഗമ്പൻ പറയുന്ന പോലെ ഹിംസയല്ല, മറിച്ച് സ്നേഹവും കരുതലുമാണ്. നാസി വാഴ്ചയിൽ സാക്ഷാത്ക്കരിക്കപ്പെടുന്നത് ബയോ രാഷ്ട്രീയമല്ല. 'പരമാധികാര' രൂപവും നഗ്നജീവിതവുമാണ്. സെയിന്റ് പോളിന്റെ 'മിശിഹാ വിപ്ലവം ബയോരാഷ്ട്രീയയുക്തിയുടെ അടഞ്ഞവസ്ഥയിൽ നിന്ന് മോചിക്കുവാനുള്ള മാർഗം നൽകുന്നു എന്ന് അഗംബൻ പറയുന്നു. എന്നാൽ ആധുനിക ബയോ രാഷ്ട്രീയ പ്രയോഗത്തിന്റെ ചരിത്രപരമായ പൂർവ്വ ഉപാധിയാണ് പോളിന്റെ മിശിഹാപരമായ വിപ്ലവം എന്നത്രേ മികാ ഒജാകങ്കസ് എന്ന ഫിന്നിഷ് രാഷ്ട്രീയ ചിന്തകൻ സമർത്ഥിക്കുന്നത്.

### ജന്തു (ജീവന്റെ) രാഷ്ട്രീയം (Zoe-politics)

അരിസ്റ്റോട്ടിലിന്റെ കാലം മുതൽ ഗ്രീക്ക് ചിന്ത ജീവിതത്തെ രണ്ടുതലങ്ങളായി വ്യവച്ഛേദിക്കുന്നുണ്ട്: ഒന്ന് bios അതായത് രാഷ്ട്രീയ സാമൂഹ്യതലം, രണ്ട്, zoe, അതായത്, ജന്തുതലം, ശരീരശാസ്ത്രതലം. ഇതിൽ ആദ്യത്തേതിന് രണ്ടാമത്തേതിനുമേൽ ഒരു പ്രാമുഖ്യം കല്പിക്കപ്പെട്ടിരുന്നു. അഗംബൻ തന്റെ പഠനങ്ങളിൽ ഈ വേർതിരിവിനെ പുനർവിശകലനം ചെയ്യുന്നുണ്ടെങ്കിലും bios-നെ സ്വതന്ത്ര ജീവിതമായും zoe-നെ "നഗ്ന" ജീവിതമായും (bare life) പുനർ നിർവ്വചിച്ച് കൊണ്ട് ആദ്യത്തേതിന്റെ പ്രാമാണ്യത്തെ നിലനിർത്തുന്നുണ്ട്. എന്നാൽ അന്തോണിയോ നെഗ്രി, ഗിൽ ദെല്യൂസ്, ഗൊത്താരി, റോസി ബ്രൈദാഡി, തുടങ്ങിയ ചിന്തകർ ജീവിതത്തിന്റെ ഈ ദ്വിതല വ്യവച്ഛേദനത്തെ ആത്യന്തികമായും നിരാകരിക്കുന്നു. ദെല്യൂസിനെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണമായ അന്തസ്ഥിതികതയാണ് ജീവിതം. റോസി ബ്രൈദാഡിയെപ്പോലുള്ള പോസ്റ്റ് ഹ്യൂമനിസ്റ്റ് ചിന്തകർ, ജന്തു ജീവിതത്തിനാണ് പ്രാധാന്യം കല്പിക്കുന്നത്. ചൈതന്യാത്മകമായ, മാനവികപൂർവ്വമായ, സംവർദ്ധകമായ ജീവിതം എന്നാണ് ജന്തു ജീവിതത്തെ റോസി ബ്രൈദാഡി നിർവ്വചിക്കുന്നത്. ജീവിതത്തിന്റെ രാഷ്ട്രീയ പരവും വ്യവഹാരപരവുമായ തലം എന്ന് അവർ bios-നെ നിർവ്വചിക്കുന്നു. ഇതു രണ്ടും ഒന്നിക്കുമ്പോഴേ ജീവിതത്തിന്റെ രാഷ്ട്രീയം പൂർണ്ണമാവൂ എന്നാണ് റോസിയുടെ നിലപാട്.

### നഗ്ന ജീവിതം (Bare Life)

ജോർജ്ജോ അഗംബെന്റെ കാഴ്ചപ്പാടിൽ സമകാലിക ബയോ അധികാരം അപവാദാവസ്ഥയെ/അപവാദഭരണകൂടത്തെ സൃഷ്ടിക്കുന്നു. ഇത്തരമൊരവസ്ഥയിൽ bios (ജീവിക്കപ്പെടുന്ന ജീവിതരൂപം) എന്നും zoe (ജന്തുശാസ്ത്രപരമായ ജീവിതം) എന്നും ഉള്ള വിവേചനം ഇല്ലാതാവുകയും എല്ലാത്തരം ജീവിതവും ജന്തുശാസ്ത്രപരമായ ജീവിതമായി ചുരുക്കപ്പെടുകയും ജീവിക്കപ്പെടുന്ന ജീവിതത്തിന്റെ നിലവാരം തകർക്കപ്പെടുകയും ചെയ്യുന്നു. ജീവിതത്തിന്റെ സാധ്യതകളെയും അന്തർലീനവീര്യത്തെയും കുറിക്കുന്ന ബയോ-ജീവിതത്തിനുമേൽ വെറും ജന്തു ജീവിതത്തിനു പ്രാമുഖ്യം കല്പിക്കുന്ന ഒരു ജീവിത സങ്കല്പത്തെയാണ് നഗ്നജീവിതം അല്ലെങ്കിൽ വെറും ജീവിതം (bare life) എന്ന് അഗംബൻ വിളിക്കുന്നത്.

### മരണ രാഷ്ട്രീയം (necro-politics)

സാമൂഹ്യവും രാഷ്ട്രീയവും ആയ അധികാരത്തെ ചില മനുഷ്യർ എങ്ങനെ ജീവിക്കണമെന്നും എങ്ങനെ മരിക്കണമെന്നും അനുശാസിക്കുന്നതിനായി ഉപയോഗിക്കുന്നതിനെയാണ് മരണരാഷ്ട്രീയം എന്ന് പറയുന്നത്. കാമറൂണിയൻ ചിന്തകനായ അഷീൽ മെംബി (Achille Membe) ആണ് മരണരാഷ്ട്രീയം എന്ന സങ്കല്പനം ആദ്യമായി അവതരിപ്പിക്കുന്നത് (2003). 2019-ൽ മരണ രാഷ്ട്രീയം എന്ന പുസ്തകം അദ്ദേഹം പ്രസിദ്ധീകരിക്കുന്നു (Durham, Necropolitics, Duke University Press).

സമകാലീനമായ ഭരണകൂട നിർദ്ദിഷ്ട-മരണത്തെ വിശദീകരിക്കുവാൻ ബയോ-അധികാരത്തെയും ബയോരാഷ്ട്രീയത്തെയും സംബന്ധിച്ച സിദ്ധാന്തങ്ങൾ അപര്യാപ്തമാണെന്ന് മെമ്പി കരുതുന്നു. കാരണം "മരണാധികാരത്തിന്റെ അവസ്ഥകളിൽ, പ്രതിരോധവും ആത്മഹത്യയും, ബലിയും വിമോചനവും, രക്തസാക്ഷി

ത്വവും സ്വാതന്ത്ര്യവും ഒക്കെ തമ്മിലുള്ള അതിർരേഖകൾ മാഞ്ഞു പോകുന്നു". മരണരാഷ്ട്രീയം എന്നത് കൊല്ലാനുള്ള അവകാശം മാത്രമല്ല മറ്റു മനുഷ്യരെ (സ്വന്തം പൗരന്മാരെയും) മരണത്തിന് വിധേയരാക്കുവാനുള്ള അധികാരം കൂടിയാണ്. സാമൂഹ്യവും പൗരപരവുമായ മരണം അടിച്ചേല്പിക്കുവാനുള്ള അധികാരവും, മറ്റുള്ളവരെ അടിമകളാക്കുവാനുള്ള അധികാരവും രാഷ്ട്രീയ ഹിംസയുടെ മറ്റു രൂപങ്ങളും മരണരാഷ്ട്രീയം എന്ന സങ്കല്പനത്തിൽ അന്തർഭവിച്ചിട്ടുള്ളതായി മെമ്പി വിശദീകരിക്കുന്നു.

### സംഭവം (event)

ചരിത്രത്തിന്റെ കാര്യകാരണ ശൃംഖലകളെ ഭേദിച്ച്, വ്യവസ്ഥിതിയുടെ നിയമങ്ങളെ അട്ടിമറിച്ച് കൊണ്ട്, ഒരു ചരിത്ര സാമൂഹ്യ സന്ദർഭത്തിൽ അദൃശ്യവും അപ്രകാശിതവുമായ ശക്തികളെ പുറത്ത് കൊണ്ട് വരുന്ന, നവ സാധ്യതകളെ, തുറസ്സുകളെ, മാർഗ്ഗങ്ങളെ തുറന്നു വിടുന്ന, അസാധ്യങ്ങളെന്ന് കരുതപ്പെടുന്നവയെ സാധ്യങ്ങളാക്കുന്ന ചരിത്രത്തെ, സമൂഹത്തെ, രാഷ്ട്രീയത്തെ, കർതൃത്വത്തെ, സൂക്ഷ്മമായി മാറ്റിമറിക്കുന്ന ഒരു പ്രകമ്പന പരമ്പര. പരിവർത്തന പരമ്പര. ദെല്യൂസിന്റെ ഭാഷയിൽ പറഞ്ഞാൽ ചരിത്രത്തെ ഭേദിച്ചുയരുന്ന കൂട്ടായ ആയിത്തീരലുകളുടെ (becomings) പൊട്ടിത്തെറികൾ. പുതിയ വേഗങ്ങളെ, തീക്ഷ്ണതകളെ, ഊർജ്ജങ്ങളെ, രൂപാന്തരീകരണ പരമ്പരകളെ, ബന്ധങ്ങളെ, ഘടനാസംയോഗങ്ങളെ, വിപ്ലവകരമായ സംഘാതങ്ങളെ, ഉല്പാദിപ്പിക്കുന്ന, ചരിത്രാന്തരമായി വളർന്നു പെരുകുന്ന, ഒരു ശക്തി പ്രക്ഷോഭം. തീക്ഷ്ണതകളുടെ പ്രവാഹം. രാഷ്ട്രീയ കാമനയുടെ വിസ്ഫോടനം. പുതിയ ജനതയെ, പുതിയ ഭൂമിയെ, പുതിയ കർതൃത്വങ്ങളെ, പുതിയ വാഴ്വിനെ, സൃഷ്ടിക്കുന്ന, പഴയതിനെയെല്ലാം സൂക്ഷ്മമായി സംഹരിക്കുന്ന, നവനവീനകാലത്തിന്റെ ആവിർഭാവം. സത്വശാസ്ത്രപരമായി പറഞ്ഞാൽ സംഭവം ഒരു ആയിത്തീരലാണ് രൂപാന്തരീകരണമാണ്, വ്യത്യസ്തങ്ങളായ ശരീരങ്ങളുടെ സംഗ്രഥനങ്ങളുടെ, സംയോഗങ്ങളാണ്, കാമനയുടെ, തീക്ഷ്ണതകളുടെ, ഒഴുക്കുകളുടെ, സംയോജനങ്ങളും സമുച്ചയങ്ങളുമാണ്.

### ആയിത്തീരൽ (becoming)

ആയിത്തീരൽ എന്നു പറയുന്നത് കാലത്തിനുള്ളിൽ കാലമെന്ന നിലയിൽ വ്യത്യസ്തതയുടെ ചുരുൾ നിവരലാണ്. ഹെരാക്ലിറ്റസ്സിന്റെ ആയിത്തീരലാണ് ഉണ്മയുടെ ഉണ്മ എന്ന നിർവ്വചനത്തെ പിന്തുടർന്നുകൊണ്ടാണ് ദെല്യൂസ് "ആയിത്തീരൽ" എന്ന ആശയത്തെ വിപുലീകരിക്കുന്നത്. "ആയിരിക്കൽ" (Being) എന്ന സങ്കല്പത്തിന് ക്ലാസ്സിക്കൽ തത്വചിന്തയിൽ കൈവന്നിരുന്ന ഭദ്രതയേയും സമാവസ്ഥയേയും (sameness) തകർക്കുവാൻ 'ആയിത്തീരലിന്റെ' നവ ചിന്തയ്ക്കു സാധിച്ചു.

ആയിത്തീരൽ എന്നത് ഉണ്മയുടെ പ്രതിജ്ഞാപനമാണെന്ന ഹെരാക്ലീറ്റസ്സിന്റെ ആശയത്തെ ഉൾക്കൊള്ളുമ്പോഴും ദെല്യൂസ് ഉണ്മയെ ഭദ്രമായ സ്വത്വ വസ്തു എന്ന സങ്കല്പത്തെ നിരാകരിച്ച് കൊണ്ട് സ്വത്വങ്ങളുടെ സ്ഥാപക വസ്തു എന്ന (ഹെരാക്ലീറ്റസ്സ് നൽകുന്ന രണ്ടാമത്തെ അർത്ഥം) നിലയിൽ പ്രതിജ്ഞാപിക്കുകയാണ് ചെയ്യുന്നത്. അന്തസ്ഥിത വ്യത്യസ്തതയുടെ, സ്വത്വങ്ങളായോ, വാസ്തവികങ്ങളായോ (actualities) ചുരുക്കാനാവാത്ത, ശുദ്ധവ്യത്യസ്തതയുടെ പ്രതിജ്ഞാപനം എന്നാണ് ആയിത്തീരൽ ഇവിടെ നിർവ്വചിക്കപ്പെടുന്നത്.

ഫ്രെഡറിക്ക് നീത്ചേ-യുടെ ആദ്യകാലക്കുറിപ്പുകളെ പിന്തുടർന്ന് കൊണ്ട് സംഭവങ്ങളുടെ രൂപീകരണങ്ങളിൽ അന്തസ്ഥിതമായി നിലകൊള്ളുന്ന വ്യത്യസ്തതകളുടെ നിരന്തര ഉല്പാദനമായാണ് ദെല്യൂസ് ആയിത്തീരലിനെ കാണുന്നത്.

വ്യത്യസ്തതകളുടെ ശാശ്വതികവും ഉല്പാദനപരവുമായ തിരിച്ചു വരവ് (return) ആണ് "ആയിത്തീരൽ". "ആയിത്തീരലിന്റെ ഉണ്മ തിരിച്ചു വരവ്/ആവർത്തനം ആണ്. ആയിത്തീരൽ പ്രതിജ്ഞാപനം ചെയ്യുന്ന ഉണ്മ ഈ ആവർത്തനമാണ്. "ശാശ്വതാവർത്തനം ആയിത്തീരലിന്റെ നിയമവും, നീതിയും ഉണ്മയുമാകുന്നു" (Gilles Deleuze, Nietzche and Philosophy, 23, 24).

ആയിത്തീരലിന്റെ ഈ പൊതു സങ്കല്പനത്തിൽ ഊന്നി നിന്ന് കൊണ്ട് തന്നെയാണ് പിൽക്കാലത്ത് ദെല്യൂസ്-ഗൊത്താരിയുടെ ചിന്തകൾ സവിശേഷമായ "ആയിത്തീരലുകളിലേക്ക്" കൂടുതലായി കടക്കുന്നത്.

## "സവിശേഷമായ" ആയിത്തീരലുകൾ

ഒരു സംഗ്രഥനത്തിനുള്ളിൽ (assemblage) സംഭവിക്കുന്ന മാറ്റത്തിന്റെ, പലായനത്തിന്റെ അല്ലെങ്കിൽ ചലനത്തിന്റെ പ്രക്രിയയെയാണ് ആയിത്തീരൽ എന്ന് പറയുന്നത്. ആയിത്തീരലിന്റെ പ്രക്രിയയിൽ, സംഗ്രഥനത്തിന്റെ ഒരു ഘടകം മറ്റൊന്നിന്റെ സ്ഥാനത്തിലേക്ക് നീതമാവുകയും അങ്ങനെ അതിന്റെ മൂല്യത്തിൽ വ്യത്യാസം വരുകയും ഒരു പുതിയ ഐക്യം സംസൃഷ്ടമാവുകയും ചെയ്യും. (സംഗ്രഥനത്തിന്റെ) സ്ഥാപക ഘടകങ്ങളുടെ ഗുണവിശേഷങ്ങൾ തിരോധാനം ചെയ്യുകയും സംഗ്രഥനത്തിന്റെ പുതിയ ഗുണങ്ങളാൽ പകരം വയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു അപദേശീകരണ പ്രക്രിയയാണിത്. ആയിത്തീരൽ പ്രക്രിയ അനുകരിക്കലോ സദൃശവൽക്കരിക്കലോ അല്ല. സാദൃശ്യങ്ങളെക്കാൾ സ്വാധീനങ്ങളുടെ പ്രവർത്തനമായ പുതിയ രീതിയിലുള്ള ഒരു സത്വത്തെ(being) ഉല്പാദിപ്പിക്കലാണ് അത്.

## മൃഗമായിത്തീരൽ (becoming animal)

ആയിത്തീരലിന്റെ പ്രക്രിയ ആത്യന്തികമായും മാനവികമായ സ്വത്വത്തിന്റെയും, കർത്തൃത്വത്തിന്റെയും ഒരു അപദേശീകരണമാകുന്നു. സ്ഥൂലവും ബൃഹത്തുമായ (molar) ഗണങ്ങളിൽ നിന്ന് വ്യത്യസ്തമായി, കണികാപരവും സൂക്ഷ്മവുമായ തലങ്ങളിൽ നടക്കുന്ന രൂപാന്തരീകരണം, അല്ലെങ്കിൽ സംയോഗങ്ങളാണ് ആയിത്തീരലുകൾ. ഒരു കർത്തൃത്വം ഒരു മൃഗബഹുത്വവുമായി, (യഥാർഥ മൃഗവുമായല്ല) സാംക്രമികമായ രീതിയിൽ അംഗത്വബന്ധം സ്ഥാപിക്കുന്നതിന്റെ നിരന്തരമായ പ്രക്രിയയത്രേ മൃഗമായിത്തീരൽ.

"പറ്റമായിത്തീരൽ (becoming herd) ഒരേ സമയം ഒരു മൃഗയാഥാർഥ്യവും മനുഷ്യന്റെ മൃഗമായിത്തീരലിന്റെ യാഥാർത്ഥ്യവുമാണ്; സാംക്രമികത (contagion) ഒരേ സമയം മൃഗീയമായ ജനവൽക്കരണവും, മനുഷ്യന്റെ മൃഗവൽക്കരണത്തിന്റെ വ്യാപനവുമാണ്" (Deluze/Gottari, The Thousand Plateaus, 267, 242). മൃഗത്തിന്റെ മിത്തിക്കലോ ശാസ്ത്രീയമോ ആയ സവിശേഷതകളല്ല ഇവിടെ പ്രധാനം. മൃഗത്തിന്റെ വിപുലവ്യാപനത്തിന്റെയും, വർദ്ധനത്തിന്റെയും, പ്രചരണത്തിന്റെയും, അധിവാസത്തിന്റെയും, സജനമാകലിന്റെയും മുറകളാണത്" (TP 264, 239).

ഭാവനാപരമായി സ്ഥൂലതലത്തിൽ മൃഗസവിശേഷതകളെ അനുകരിക്കലല്ല. മൃഗവുമായി, ചലനത്തിന്റെയോ, നിശ്ചലതയുടെയോ ബന്ധത്തിൽ പ്രവേശിക്കുകയും മനുഷ്യനിൽ ലീനമായി നിലകൊള്ളുന്ന സവിശേഷ മൃഗനിലകളുമായി കണികാപരമായി ബന്ധപ്പെട്ട ഭാവശക്തികൾ അനുഭവിക്കുകയും ചെയ്യുന്ന പ്രക്രിയ. മൃഗമായിത്തീരൽ സ്വപ്നങ്ങളോ, ഫാന്റസികളോ അല്ല. അവ പൂർണ്ണമായും യാഥാർത്ഥ്യമാണ്. മൃഗമായി അഭിനയിക്കുകയോ അനുകരിക്കുകയോ അല്ലെങ്കിൽ എന്താണത്? മനുഷ്യൻ ആയിത്തീരുന്ന മൃഗം യഥാർത്ഥമല്ലെങ്കിലും മനുഷ്യന്റെ മൃഗമായിത്തീരൽ യഥാർത്ഥമാണ്.

മൃഗത്തിന്റെ കണങ്ങളുമായി (particles) ചലനത്തിന്റെയോ നിശ്ചലനത്തിന്റെയോ ബന്ധത്തിൽ പ്രവേശിക്കുന്ന അണുക്കളെ പുറപ്പെടിവിക്കുമ്പോൾ മാത്രമാണ് ഒരാൾ മൃഗമായിത്തീരുന്നത്. സ്ഥൂല ബൃഹദ് തലതത്തിൽ മൃഗത്തിന്റെ വംശത്തിലേക്ക് (species) മാറലല്ല. മറിച്ച് മനുഷ്യന്റെ ആയിത്തീരലുകളാണ് ഇവിടെ മൃഗങ്ങൾ. "ഒരു സംരചനയിൽ കണികകൾ തമ്മിൽ ആർജ്ജിക്കുന്ന സാമിപ്യമാണത്, ഉദ്വമിപ്പിക്കപ്പെട്ട അണുക്കൾ തമ്മിലുള്ള ചലനത്തിന്റെയും നിശ്ചലനത്തിന്റെയും, വേഗത്തിന്റെയും മാന്ദ്യത്തിന്റെയും ബന്ധങ്ങളാണത്" (TP, 303, 274–5).

## പെണ്ണായിത്തീരൽ (becoming woman)

"എല്ലാ ആയിത്തീരലുകളും കണികാപരമാണ്: ഒരാൾ ആയിത്തീരുന്നത്, മൃഗമോ, പൂവോ, കല്ലോ. എന്തുമാവട്ടെ, അവയെല്ലാം കണികാപരമായ കൂട്ടായ്മകളാണ്, "യഥാത്വങ്ങളാണ്" (haecceities), സ്ഥൂല, ബൃഹദ് തലത്തിലുള്ള (molar) കർത്താക്കളോ, വസ്തുക്കളോ, പുറമേ നിന്ന് നാം അറിയുന്ന രൂപങ്ങളോ, ശാസ്ത്രത്തിലൂടെയും സ്വഭാവത്തിലൂടെയും അനുഭവത്തിലൂടെയും നാം തിരിച്ചറിയുന്ന രൂപങ്ങളോ അല്ല. സ്ത്രീയായിത്തീരൽ, വ്യക്തവും വ്യതിരിക്തവുമായ സ്ഥൂല അസ്തിത്വങ്ങളെന്ന നിലയിൽ സ്ത്രീയ്ക്ക് സദൃശമാവുക എന്നതല്ല. സ്ത്രീയെ അനുകരിക്കുകയോ, സ്ത്രീ രൂപം കൈക്കൊള്ളുകയോ അല്ല, മറിച്ച് ഒരു സൂക്ഷ്മസ്ത്രീത്വവുമായി ചലനത്തിന്റെയോ നിശ്ചലനത്തിന്റെയോ ബന്ധത്തിൽ, അല്ലെങ്കിൽ സാമിപ്യമേഖലയിൽ പ്രവേശിക്കുന്ന കണങ്ങളെ ഉദ്വമിപ്പിക്കലാണ്. അതല്ലെങ്കിൽ നമ്മിൽ ഒരു കണികാപരമായ സ്ത്രീയെ നിർമ്മിക്കലാണ്. ഇത് ഒരു പുരുഷനു മാത്രം ബാധകമായ കാര്യമല്ല. സ്ഥൂലാസ്ഥിത്വത്തിൽനിലകൊള്ളുന്ന സ്ത്രീകളും കണികാപരമായി സ്ത്രീയായിത്തീരേണ്ടതുണ്ട്. പുല്ലിംഗവാഴ്ചക്കാരായ ലോറൻസ്, മില്ലർ തുടങ്ങിയ ഇംഗ്ലീഷ് എഴുത്തുകാർ പോലും സ്ത്രീകളുടെ സാമിപ്യ മേഖലയിൽ പ്രവേശിക്കുന്ന കണങ്ങൾ പുറപ്പെടുവിക്കുകയും എഴുത്തിൽ സ്ത്രീകളായി മാറുകയും ചെയ്യുന്നുണ്ട്.

ശരീരത്തെ അനംഗശരീരമായി (body without organs) പുനർനിർമ്മിക്കുന്ന പ്രക്രിയയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന സ്ത്രീയായിത്തീരൽ. പെൺകുട്ടി സ്ഥൂലതലത്തിലും ജൈവാർഥത്തിലും സ്ത്രീയായിമാറാം. എന്നാൽ സ്ത്രീയായിത്തീരൽ, അല്ലെങ്കിൽ മോളിക്യുലർ സ്ത്രീ, 'പെൺകുട്ടി' (girl) തന്നെയാണ്. പെൺകുട്ടി നിർവ്വചിക്കപ്പെടുന്നത് കന്യകാത്വത്താലല്ല. ചലനത്തിന്റെയും നിശ്ചലനത്തിന്റെയും, വേഗത്തിന്റെയും മാന്ദ്യത്തിന്റെയും ബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ്, അണുക്കളുടെ സംയോജനത്തിന്റെയടിസ്ഥാനത്തിലാണ്, കണങ്ങളുടെ ഉദ്വമന

ത്തിന്റെ അടിസ്ഥാനത്തിലാണ് അവൾ നിർവ്വചിക്കപ്പെടുന്നത്. അതായത് ഒരു ഒരു യഥാത്വം (haecceity). അനംഗശരീരത്തിലൂടെയല്ലാതെ ഒരിക്കലും അവൾ ചരിക്കാറില്ല. അവൾ ഒരു അമൂർത്ത രേഖയാണ്, അല്ലെങ്കിൽ ഒരു പലായനരേഖ. പെൺകുട്ടികൾ ഏതെങ്കിലും പ്രായവിഭാഗത്തിലോ, ലൈംഗികതയിലോ, ക്രമത്തിലോ, രാജ്യത്തിലോ പെടുന്നില്ല; അവർ എല്ലായിടത്തും, ഇടയ്ക്ക് കയറുന്നു, ക്രമങ്ങൾക്ക് പ്രവർത്തികൾക്ക് പ്രായങ്ങൾക്ക് ലൈംഗികതകൾക്ക് ഇടയ്ക്ക്.-അവർ കടന്നു പോകുന്ന ദ്വന്ദ്വയന്ത്രങ്ങളിൽ നിന്ന് വിട്ടുമാറി പലായനരേഖകളിൽ അനന്തമായ കണികാപരമായ ലൈംഗികതകൾ ഉല്പാദിപ്പിക്കുന്നു... (TP. 305). പുരുഷൻ, സ്ത്രീ, കുട്ടി, മുതിർന്നയാൾ തുടങ്ങിയ വിപരീത ഘടകങ്ങൾക്ക് സമകാലീനമായി നില കൊള്ളുന്ന ആയിത്തീരലിന്റെ ഒരു സമുച്ചയമാണ് പെൺകുട്ടി. പെൺകുട്ടിയല്ല സ്ത്രീയായി മാറുന്നത്; സ്ത്രീയായിത്തീരലാണ് ബഹുലൗകികമായ പെൺകുട്ടിയെഉല്പാദിപ്പിക്കുന്നത്.

## അഗോചരമായിത്തീരൽ (becomig imperceptible)

പെണ്ണായിത്തീരലാണ് ആദ്യത്തെ കണികാമാത്രയെങ്കിൽ, മൃഗമായിത്തീരൽ അതുമായി കണ്ണിചേർന്നു വരുന്നുവെങ്കിൽ, അവയെല്ലാം എങ്ങോട്ടാണ് കുതിച്ച് ചെല്ലുന്നത്? അഗോചരമായിത്തീരലിലേക്ക്. അഗോചരമായിത്തീരലാണ് ആയിത്തീരലിന്റെ അന്തഃസ്ഥിത സമാപ്തി, ആയിത്തീരലിന്റെ ബ്രഹ്മാണ്ഡ സമവാക്യം (Deleuze/Gottari, TP. 308).

അഗോചരമായിത്തീരലിന് അവിവേച്യമായിത്തീരുക, നിർവ്യക്തികമാവുക എന്നിങ്ങനെ പല അർത്ഥതലങ്ങളുമുണ്ട്. ദെല്യൂസ്/ഗൊത്താരിയെ പിന്തുടരുക:

"അഗോചരമായിത്തീരുക എന്നതിന്റെ പ്രാഥമിക അർത്ഥം എല്ലാരെപ്പോലെയും ആയിത്തീരുക എന്നതാണ്. ശ്രദ്ധിക്കപ്പെടാതിരിക്കുക,, വീട്ടു പടിക്കൽ നിൽക്കുന്നയാൾക്കും അയൽപക്കക്കാരനും അപരിചിതനാകുക. എല്ലാരെപ്പോലെയും ആകുക എന്നത് പ്രയാസമേറിയതാകുവാൻ കാരണം അത് ഒരു ആയിത്തീരൽ പ്രക്രിയ ആയതു കൊണ്ടാണ്. "എല്ലാവരും എല്ലാരുമായിത്തീരുന്നില്ല. അതിന് അതിയായ സംന്യാസിത്വം, സമചിത്തത, അതിയായ സർഗ്ഗാത്മകമായ അന്തർഭവിക്കൽ, ആവശ്യമാണ്. പാഴാകൽ, മരണം, ഉപരിപ്ലവത്വം, ആവലാതി, പ്രാരബ്ധം, അതൃപ്തമായ അഭിലാഷം, പ്രതിരോധം, അപേക്ഷിക്കൽ എന്നിങ്ങനെ നമ്മെ നമ്മിൽ, നമ്മുടെ സ്ഥൂലപരതയിൽ വേരുറപ്പിച്ചു നിർത്തുന്ന എന്തും, നിർമ്മാർജ്ജനം ചെയ്യുക. ഇതാണ് ദെല്യൂസ്/ഗൊത്താരിയുടെ നിർദ്ദേശം. "കാരണം എല്ലാവരും/എല്ലാ വസ്തുക്കളും സ്ഥൂല ബൃഹദ് സാകല്യമാണ് (molar totality). എന്നാൽ എല്ലാവരും/എല്ലാവും ആയിത്തീരൽ മറ്റൊരു കാര്യമാണ്, പ്രപഞ്ചത്തെ, അതിന്റെ കണികാപരമായഘടകങ്ങളോടെ പ്രവർത്തന നിരതമാക്കുക എന്നതാണ് എല്ലാവരും/എല്ലാവും ആയിത്തീരൽ, ലോകം മെനയലാണ്. എല്ലാം നിർമ്മാർജ്ജനം ചെയ്യുമ്പോൾ ഒരാൾ ഒരു അമൂർത്ത രേഖ, ഒരു സമസ്യയിലെ അമൂർത്തമായ ഒരംശം മാത്രമാകുന്നു. മറ്റു രേഖകളുമായി മറ്റംശങ്ങളുമായി ഇണക്കം കൂട്ടുകയും തുടർന്ന് പോവുകയും ചെയ്തു കൊണ്ടാണ് ഒരാൾ ഒരു ലോകം നിർമ്മിക്കുന്നത്. "മൃഗസഹജമായ പ്രസരിപ്പ്", "വേഷം മാറുന്ന മൽസ്യം", "രഹസ്യാത്മകത." മൽസ്യം

ഒന്നിനോടും സാദൃശ്യമില്ലാത്ത, അതിന്റെ ജൈവവിഭജനങ്ങളെപ്പോലും പിന്തുടരാത്ത അമൂർത്തരേഖകളാൽ നെടുകയും കുറുകെയും വരയ്ക്കപ്പെട്ടിരിക്കുന്നു, അങ്ങനെ അസംഘടിതമായി, ഉച്ചരിക്കപ്പെടാതെ, അഗോചരമായി ത്തീർന്ന്, അത് പാറ, മണ്ണ്, ചെടികൾ, എന്നിവയുമായി ലോകം ചമയ്ക്കുന്നു. മൽസ്യം ഒരു ചൈനീസ് കവിയെപ്പോലെയാണ്: അനുകരണസ്വഭാവിയോ, ഘടനാസ്വഭാവിയോ, അല്ല പ്രപഞ്ച പ്രകൃതമുള്ളത്. ഫ്രാൻസിസ് ചെങ് (Chinese Poetry Writing) പറയുന്നു: "കവികൾ സാദൃശ്യ കല്പനയെ പിന്തുടരുന്നില്ല. ജ്യാമിതീയ അനുപാതങ്ങളെ സംബന്ധിച്ച് കണക്ക് കൂട്ടുന്നുമില്ല. പ്രകൃതിയുടെ അവശ്യ രേഖകളും ചലനങ്ങളും മാത്രമേ അവർ നിലനിർത്തുകയും പിടിച്ചെടുക്കുകയും ചെയ്യുന്നുള്ളൂ. തുടർച്ചയായ, ഒന്ന് മറ്റൊന്നിനു മേൽച്ചാർത്തുന്ന സ്വഭാവവിശേഷങ്ങളും, തേപ്പുകളും മാത്രമായാണ് അവ മുന്നോട്ട് പോകുന്നത്". ഈ അർഥത്തിലാണ് എല്ലാവരും/എല്ലാവുംമായിത്തീരൽ, ലോകത്തെ അല്ലെങ്കിൽ ലോകങ്ങളെ നിർമ്മിക്കുന്നതാവുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവനവന്റെ സാമിപ്യങ്ങളും അവിവേച്യതയുടെ മേഖലകളും കണ്ടെത്തുന്നത്. പ്രപഞ്ചം ഒരു അമൂർത്തയന്ത്രവും, ഓരോ ലോകവും അതിനെ നിർവ്വഹിക്കുന്ന സംഗ്രഥനവും. ഒരാൾ സ്വയം നീട്ടിക്കൊണ്ട് പോവുകയും, മറ്റുള്ളരുമായി ഇണക്കം കൂടുകയും ചെയ്യുന്ന ഒന്നോ വിവിധങ്ങളോ ആയ അമൂർത്തരേഖകളായി ചുരുങ്ങിക്കൊണ്ട്, പൊടുന്നനെ, നേരിട്ട്, ഒരു ലോകത്തെ നിർമ്മിക്കുമ്പോൾ, അതിൽ ആയിത്തീരുന്നത് ലോകം തന്നെയാവുമ്പോൾ, അപ്പോഴാണ് ഒരാൾ എല്ലാരും, എല്ലാവും ആയിത്തീരുന്നത്. വെർജീനിയാ വൂൾഫ് പറയുന്ന പോലെ: എല്ലാ അണുക്കളെയും പൂരിതമാക്കേണ്ടാതാവശ്യമാണ്, അതിനായി സദൃശമായതെല്ലാം നിർമ്മാർജ്ജനം ചെയ്യേണ്ടി വരും, മാത്രമല്ല എല്ലാം അതിൽ ഇട്ടുവയ്ക്കേണ്ടതായും വരും: ഒരു നിമിഷത്തെ അതിക്രമിക്കുന്ന എല്ലാം നിർമ്മാർജ്ജനം ചെയ്യുക, പക്ഷേ, അതിൽ ഉൾപ്പെട്ട എല്ലാം അതിൽ ചാർത്തുക-ആ നിമിഷം ക്ഷണികമായതല്ല, മറിച്ച് ഒരാൾ തെന്നി വീഴുന്ന, ഒരു യഥാത്വമാണത് (haecceity), ആ യഥാത്വമാകട്ടെ മറ്റു യഥാത്വങ്ങളിലേക്ക് സുതാര്യമായി തെന്നിവീഴുന്നതും. ലോകത്തിന്റെ ഉദയത്തിൽ സന്നിഹിതമാവൽ. ഇങ്ങനെയാണ്, അഗോചരീയതയും, അവിവേച്യതയും, നിർവ്യക്തികതയും ബന്ധപ്പെടുന്നത്-മൂന്ന് സദ്ഗുണങ്ങൾ. മറ്റു സ്വഭാവവിശേഷതകളോടൊപ്പം (traits) തന്റേതായ അവിവേച്യതയുടെ മേഖല കണ്ടെത്തുവാനും, അങ്ങനെ സൃഷ്ടാവിന്റെ യഥാത്വത്തിലും നിർവ്യക്തികതയിലും എത്തിച്ചേരുവാനുമായി ഒരു അമൂർത്ത രേഖയായി, ഒരു സ്വഭാവവിശേഷമായി, സ്വയം ചുരുങ്ങുക. അപ്പോൾ ഒരാൾ ഒരു പുല്ലിനെപ്പോലെയായിത്തീരും: അയാൾ ലോകത്തെ, എല്ലാവരേയും/എല്ലാത്തിനേയും, ഒരു ആയിത്തീരലാക്കി മാറ്റിക്കഴിഞ്ഞു, കാരണം, അവശ്യം വിനിമയത്തിലേർപ്പെടുന്ന ഒരു ലോകം അയാൾ ചമച്ചു കഴിഞ്ഞു, വസ്തുക്കൾക്കിടയിലേക്ക് തെന്നി വീഴുന്നതിനും വസ്തുക്കളുടെ നടുവിൽ തഴച്ചു വളരുന്നതിനും നമ്മെ തടയുന്ന എല്ലാത്തിനേയും തന്നിൽ തന്നെ അയാൾ അമർത്തിക്കളഞ്ഞു. അയാൾ എല്ലാത്തിനെയും സംയോജിപ്പിച്ചു കഴിഞ്ഞു: അനിശ്ചിതമായ വിവേചക ഭേദകത്തെ (indefinite article), അനന്തമായ ആയിത്തീരലിനെ, അയാൾ സ്വയം ചുരുക്കപ്പെട്ടുകഴിഞ്ഞ പ്രത്യേകനാമത്തെയും. "പൂരിതമാകുക, നിർമ്മാർജ്ജനം ചെയ്യുക, എല്ലാം തന്നെ ഉള്ളിലിടുക" ദെല്യൂസ്/ഗൊത്താരി നിർദ്ദേശിക്കുന്നു.

ചലനം താത്വികമായി അഗോചരമായതിനാൽ അഗോചരമായിത്തീരുക എന്നതിന് പരമമായ ചലനത്തിൽ, പരമമായ ആയിത്തീരലിൽ എർപ്പെടുക എന്ന അർഥവും സിദ്ധിക്കുന്നു. അനന്തതയുടെ ചലനങ്ങൾ ഉണ്ടാകുന്നത്, ഭാവശക്തികളുടെയും, അഭിനിവേശത്തിന്റെയും, സ്നേഹത്തിന്റെയും "പെൺകുട്ടി" എന്ന ആയിത്തീരലിന്റെയും സഹായത്തോടെ മാത്രമാണ്: ഒരു മധ്യസ്ഥതയുടെയും പരാമർശമില്ലാതെ.

അതേ സമയം, "സംഘടനയുടെ" പ്രതലത്തിൽ മാത്രമാണ്, ചലനങ്ങൾ, ആയിത്തീരലുകൾ, അഗോചരമായിത്തീരുന്നത്. എന്നാൽ പരമമായ ചലനത്തിൽ, അന്തസ്ഥിതത്തിന്റെ വിതാനത്തിൽ നിന്ന് നോക്കുമ്പോൾ എല്ലാം ഗോചരീയമായിത്തീരുന്നു (Deleuze/Gottari, TP., 314–316).

## ന്യൂനപക്ഷമായിത്തീരൽ (becoming minoritarian)

എല്ലാ ആയിത്തീരലുകളും ന്യൂനപക്ഷമായിത്തീരലാണ്. പുരുഷൻ ഭൂരിപക്ഷീയനായത് കൊണ്ടാണ്, സ്ഥൂല/ബൃഹദ് ഗണ (molar totality) ത്തിൽപ്പെട്ടത് കൊണ്ടാണ് പുരുഷന് ഒരിക്കലും ആയിത്തീരാനാവാത്തത്. ഭൂരിപക്ഷീയത എന്നത് വലുപ്പത്തിന്റെയോ വ്യാപ്തിയുടെയോ അടിസ്ഥാനത്തിലല്ല നിർവ്വചിക്കപ്പെടുന്നത്. ആധിപത്യത്തിന്റെ നിലയെയാണ് ഭൂരിപക്ഷീയത എന്ന് പറയുന്നത്.

ന്യൂനപക്ഷീയതയുടെ ആയിത്തീരൽ പ്രക്രിയയെ ഭൂരിപക്ഷം എന്ന സാകല്യവും നിലയുമായി ഒരിക്കലും കൂട്ടിക്കുഴയ്ക്കരുത്. ന്യൂനപക്ഷീയത ഒരു നിലയാവുമ്പോൾ അത് പുനർദേശീകരണത്തെ അനുവദിക്കുന്നു. എന്നാൽ ആയിത്തീരലിൽ അത് അപദേശീകരിക്കുന്നു. ബ്ലാക്ക് പാന്തേഴ്സ് പറയുന്ന പോലെ കറുത്തവരും കറുത്തവരായിത്തീരേണ്ടതുണ്ട്. സ്ത്രീകളും സ്ത്രീകളായിത്തീരേണ്ടതുണ്ട് എന്ന പോലെ. ഒരു ആയിത്തീരലിൽ പുരുഷനായിരിക്കും മിക്കപ്പോഴും കർത്താവ്. എന്നാൽ അയാൾ ന്യൂനപക്ഷീയനായിത്തീരുമ്പോൾ അയളുടെ ഭൂരിപക്ഷസ്വത്വം തകർക്കപ്പെടുന്നു (TP., 321–322). ന്യൂനപക്ഷീയമായിത്തീരൽ ഒരു രാഷ്ട്രീയ കാര്യമാണ്. അത് ശക്തിയുടെ (power as puissance) ഒരു അദ്ധ്വാനത്തെ, വിനിയോഗത്തെ, സജീവമായ ഒരു സൂക്ഷ്മ രാഷ്ട്രീയത്തെ ആവശ്യപ്പെടുന്നു. ഇത് ഭൂരിപക്ഷം എങ്ങനെ നേടിയെടുക്കണമെന്ന് അഭ്യസിക്കുന്ന സ്ഥൂലരാഷ്ട്രീയത്തിന്, ചരിത്രത്തിന് വിപരീതമാണ്.

ന്യൂനപക്ഷീയതയെ ഭൂരിപക്ഷീയതയിൽ നിന്ന് വേർതിരിക്കുന്നത് എണ്ണത്തിന്റെ വലിപ്പച്ചെറുപ്പങ്ങളല്ല, എണ്ണത്തിന്റെ ആന്തരികബന്ധങ്ങളാണ്. ഭൂരിപക്ഷീയത എന്നത് എണ്ണാനാവുന്ന ഒരു ഗണമാണ്, ന്യൂനപക്ഷീയതയാവട്ടെ എണ്ണാനാവാത്ത ഗണവും. അഗണനീയമായ ഗണമെന്ന നിലയിൽ ന്യൂനപക്ഷത്തെ നിർവ്വചിക്കുന്നത് ഗണമോ, അതിന്റെ ഘടകങ്ങളോ അല്ല അതിന്റെ സംബന്ധങ്ങളാണ് (connections), ഘടകങ്ങൾക്കും ഗണങ്ങൾക്കുമിടയിൽ ഉല്പാദിപ്പിക്കപ്പെടുന്ന സംബന്ധികാപ്രത്യയങ്ങളാണ് (ഒരു നിർഗണനീയ പ്രവാഹമോ, ഗണമോ എന്ന നിലയിൽ). സ്ത്രീകളും, ന്യൂനപക്ഷീയരും ഭൂരിപക്ഷത്തിന്റെ ഘടകങ്ങളാവുമ്പോൾ, അല്ലെങ്കിൽ ഗണനീയങ്ങളായ, അന്തമുള്ള ഗണങ്ങളാവുമ്പോൾ അനുയോജ്യമായ ആവിഷ്ക്കാരം അവർക്കു ലഭിക്കുകയില്ല. ന്യൂനപക്ഷീയതയ്ക്ക് അഭികാമ്യമായത് നിർഗണനീ

യത്തിന്റെ (non-denumerable) ശക്തി ഉച്ചൈസ്തരം സ്ഥാപിക്കുക എന്നതാണ്. ന്യൂനപക്ഷത്തിന്റെ ശക്തി ഭൂരിപക്ഷക്രമത്തിൽ പ്രവേശിക്കുന്നതിലോ ദൃശ്യമാക്കപ്പെടുന്നതിലോ അല്ല, അതിന്റെ ഭൂരിപക്ഷീയതയുടെ മാനദണ്ഡങ്ങളെ കീഴ്മേൽ മറിക്കലോ അല്ല, നിർഗണനീയ ഗണങ്ങളുടെ ശക്തി ഗണനീയ ഗണങ്ങൾക്കെതിരേ പ്രയോഗിക്കുക എന്നതാണ്.

## ചൈതന്യ കാരണപ്രകൃതി (Natura Naturans)

സ്കോളാസ്റ്റിക്ക് തത്വചിന്ത പ്രകൃതിയെ Natura Naturans എന്നും Natura Naturata എന്നു വ്യവച്ഛേദിക്കുന്നു. എന്നാൽ സ്പിനോസ തന്റെ Ethics എന്ന കൃതിയിൽ ഈ വ്യവച്ഛേദനത്തെ പരമ അനന്തത്തെയും അതിന്റെ ഗുണവിശേഷങ്ങളെയും സംബന്ധിച്ച തന്റെ ചിന്തകളുമായി ബന്ധപ്പെടുത്തി നവീകരിക്കുന്നു. പ്രകൃതിയുടെ സജീവവും ഉല്പാദനപരവും കാരണപരവുമായ ഭാവമാണ് Natura Naturans (Naturing Nature). സ്പിനോസ Natura Naturans-നെ നിർവ്വചിക്കുന്നതിങ്ങനെയാണ്: തന്നിൽ തന്നെ സ്ഥിതി ചെയ്യുന്നതും, തന്നിലൂടെ മാത്രം മനസ്സിലാക്കപ്പെടുന്നതും ആയ പ്രകൃതി. അതല്ലെങ്കിൽ ശാശ്വതികവും അനന്തവുമായ സത്തയെ ആവിഷ്കരിക്കുന്ന സാരവസ്തുവിന്റെ (substance) ഗുണവിശേഷങ്ങൾ, അതായത് സ്വതന്ത്രകാരണമായി കണക്കാക്കപ്പെടുന്ന ദൈവം." Natura Naturata എന്നത് സൃഷ്ടിക്കപ്പെട്ട പ്രകൃതിയാണ്. ദൈവപ്രകൃതിയുടെ, അല്ലെങ്കിൽ ദൈവത്തിന്റെ ഏതെങ്കിലും ഗുണവിശേഷത്തിന്റെ ആവശ്യകതയിൽ നിന്ന് ഉരുത്തിരിയുന്ന എല്ലാത്തിനേയും പ്രകൃതീകൃത പ്രകൃതി (Natured Nature/Natura Naturata) എന്ന് സ്പിനോസ നിർവ്വചിക്കുന്നു. അതായത് ദൈവത്തിൽ ഉൾപ്പെടുന്ന വസ്തുക്കളായി കരുതപ്പെടുന്നതും ദൈവത്തിലൂടെയല്ലാതെ നിലനില്പില്ലാത്തതും മനസ്സിലാക്കപ്പെടാനാവാത്തതുമായ, ദൈവഗുണങ്ങളുടെ എല്ലാ മുറകളും (modes) ഇതിൽപ്പെടുന്നു.

## പലായന രേഖ (Line of Flight)

ഫ്രഞ്ച് പദമായ fuite ന്റെ ഇംഗ്ലീഷ തർജ്ജമയായ flight എന്ന പദം ഇവിടെ പറക്കുന്നതിനെയല്ല ഓടിപ്പോവുന്നതിനെ/പലായനത്തെ ആണ് സൂചിപ്പിക്കുന്നത്. ബ്രിയാൻ മസൂമി പറയുന്നത് ഫ്രഞ്ച് പദമായ "fuite" പലായനത്തെ മാത്രമല്ല, ഒഴുകൽ, ചോരൽ, ദൂരത്തേക്ക് തിരോധാനം ചെയ്യൽ എന്നീ അർത്ഥങ്ങളും നിവേദനം ചെയ്യുന്നുണ്ട് എന്നാണ്.

ദെല്യൂസ്-ഗൊത്താരി സംഗ്രഥനങ്ങളെ (assemblages), ലോകവുമായുള്ള അവയുടെ പ്രതിപ്രവർത്തനത്തെ സൂചിപ്പിക്കുന്ന മൂന്നുതരം രേഖകളുടെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുന്നു. 1-ബൃഹദ് രേഖ (molar line)-ഖണ്ഡങ്ങളുടെ ദ്വന്ദ്വാത്മകവും, വൃക്ഷരൂപിയുമായ (arborescent) ക്രമം. അധികാരത്തിന്റെ, ദ്വന്ദ്വവൈപരീത്യങ്ങളുടെയും, ഉച്ചനീചത്വങ്ങളുടെയും വിഭജനങ്ങളുടെയും സ്ഥൂലസാമൂഹ്യതലം.

കണികാപരമായ രേഖ (molecular line)-കൂടുതൽ ഒഴുക്കുണ്ടെങ്കിലും ഖണ്ഡസ്വഭാവമുള്ളത്. ഖണ്ഡസമൂഹത്തിന്റെ സൂക്ഷ്മരൂപം.

പലായന രേഖ (Line of flight)-മറ്റ രണ്ടിൽ നിന്നും വിഛേദിക്കുന്നത്. അധികാരത്തിന്റെ പിടുത്തങ്ങളിൽ നിന്ന് വിട്ടുമാറുന്നത്, സാമൂഹ്യവിഭജനങ്ങളിൽ നിന്നും ഉച്ചനീചത്വങ്ങളിൽ നിന്നും വിട്ടുമാറി, സുസ്ഥിര വിതാനത്തെ (plane of consistency) നിർമ്മിക്കുന്നത്.

കണികാപരമായ രേഖയുടെ മൃദുഗണ്ഡസ്വഭാവം അപദേശീകരണങ്ങളിലൂടെ പ്രവർത്തിക്കുമ്പോഴും കർക്കശരേഖകളിലേക്ക് പിന്മടങ്ങുന്ന പുനർദേശീകരണങ്ങളെ അനുവദിക്കുന്നു. പലായന രേഖയ്ക്ക് സംഗ്രഥനത്തിന്റെയും അത് ബാധിക്കുന്ന സംഗ്രഥനങ്ങളുടെയും സർഗ്ഗാത്മകമായ രൂപാന്തരീകരണങ്ങളിലേക്ക് പരിണമിക്കുവാനാവും.

സൂക്ഷ്മരാഷ്ട്രീയത്തിന്റെ നിലപാടിൽ നിന്ന് നോക്കുമ്പോൾ ഒരു സമൂഹം നിർവ്വചിക്കപ്പെടുന്നത് അതിന്റെ കണികാ പരങ്ങളായ പലായനരേഖകളാലാണ്. എല്ലായ്പ്പോഴും ദ്വന്ദവൈപരീത്യങ്ങളിൽ നിന്നും, അനുരണനസാമഗ്രികളിൽ നിന്നും, ഓവർകോഡിങ്ങ് യന്ത്രങ്ങളിൽ നിന്നും വിടുതൽ നേടിക്കൊണ്ട്, ഒഴുകുകയും പായുകയും ചെയ്യുന്ന പലതും ഒരു സമൂഹത്തിലുണ്ടാവും. സമ്പൂർണ്ണ അപദേശീകരണമുളവാക്കുന്ന പലായനരേഖയാണ് ഒരു സംഗ്രഥനത്തിന്റെ പ്രാഥമികരേഖ (TP, 226, 204).

ദെല്യൂസ് പറയുന്ന പോലെ, പലായനരേഖ ജീവിതത്തിൽ നിന്ന് ഭാവനാമേഖലയിലേക്കും, കലയിലേക്കും, ഉള്ള ഒളിച്ചോടലാണെന്ന്, കരുതുന്നത് ഭീമമായ അബദ്ധമായിരിക്കും. "മറിച്ച് പലായനം ചെയ്യുന്നത്, യാഥാർത്ഥ്യത്തെ ഉല്പാദിപ്പിക്കുവാനും, ജീവിതത്തെ സൃഷ്ടിക്കുവാനും, ആയുധം കണ്ടെത്തുവാനുമാണ്".

## അപദേശീകരണം (deterritorialization)

ഒരു നിർദ്ദിഷ്ടമായ പ്രദേശത്തിൽ നിന്നും ഒരാൾ വിട്ടുമാറുന്ന ചലനത്തെയാണ്ദെല്യൂസ്/ഗൊത്താരി അപദേശീകരണമെന്ന് നിർവ്വചിക്കുന്നത്. അത് പലായനരേഖയുടെ ഒരു പ്രവർത്തനമാണ്. ദേശീകരണം (territorialization) അപദേശീകരണം (de-territorialization)പുനർദേശീകരണം (re-territorialization) എന്നീ പ്രക്രിയകൾ അഭേദ്യമാം വിധം കെട്ടുപിണഞ്ഞു കിടക്കുന്നു. ഉദാഹരണമായി കച്ചവടക്കാർ ഒരു പ്രദേശത്ത് നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നു, ഉല്പന്നങ്ങളെ ചരക്കുകളായി അപദേശീകരിക്കുന്നു. വാണിജ്യ പരിവൃത്തികളിൽ അവ പുനർദേശീകരിക്കപ്പെടുന്നു.

അപദേശീകരണം എല്ലായ്പ്പോഴും അനുബന്ധ പ്രക്രിയകളായ പുനർ-ദേശീകരണവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പുനർദേശീകരണം എന്നതിനർത്ഥം ആദ്യത്തെ പ്രദേശത്തിലേക്ക് മടങ്ങിപ്പോകലല്ല മറിച്ച് അപദേശീകരിക്കപ്പെട്ട ഘടകങ്ങൾ പുനഃസംയോജിക്കുകയും പുതു ബന്ധങ്ങളിൽ പ്രവേശിക്കുകയും ചെയ്യുന്ന പ്രക്രിയകളാണ്.

ദെല്യൂസ്-ഗൊത്താരി നാലു തരം അപദേശീകരണ പ്രക്രിയയെ, വ്യവഛേദിക്കുന്നുണ്ട്: സമ്പൂർണ്ണം, ആപേക്ഷികം, ധനാത്മകം, നിഷേധാത്മകം, എന്നിങ്ങനെ. വസ്തുക്കളുടെ വാസ്തവിക (actual order) ക്രമത്തിൽപ്പെടുന്ന ചലനങ്ങളിൽ മാത്രം ഒതുങ്ങുമ്പോൾ അപദേശീകരണം ആപേക്ഷികമാവുന്നു. അപദേശീകരിക്ക

പ്പെട്ട ഘടകങ്ങൾ ഉടൻ തന്നെ അതിന്റെ പലായനരേഖകളെ വളയുകയോ തട സ്സപ്പെടുത്തുകയോ ചെയ്യുന്ന വിധം പുനർദേശീകരണത്തിന്റെ രൂപങ്ങൾക്ക് വിധേ യമാവുമ്പോൾ അത്തരം ആപേക്ഷിക അപദേശീകരണങ്ങൾ നിഷേധാത്മകങ്ങ ളെന്ന് കരുതപ്പെടുന്നു. ആപേക്ഷിക അപദേശീകരണം, മറ്റു അപദേശീകൃത ഘട കങ്ങളുമായി സമ്പർക്കപ്പെടുന്നതിലോ അല്ലെങ്കിൽ പുതിയ സംഘ്രഥനങ്ങളിൽ പ്ര വേശിക്കുന്നതിലോ പരാജയപ്പെട്ടാലും ദ്വിതീയ പുനർദേശീകരണങ്ങൾക്ക് മീതേ പലായനരേഖ സജീവമായി നിലനിൽക്കുകയാണെങ്കിൽ അതിനെ ധനാത്മക മായ അപദേശീകരണം എന്ന് പറയും. അപദേശീകരണം സമ്പൂർണ്ണമാകുന്നത് അത് വസ്തുക്കളുടെ പ്രതീതാത്മകമായ (virtual) ക്രമത്തെയും, സുസ്ഥിര വിതാന ത്തിലുള്ള (plane of consistency) അരൂപീകൃത ദ്രവ്യാവസ്ഥയേയും സംബന്ധി ക്കുന്നവയാവുമ്പോഴാണ്. സമ്പൂർണ്ണ അപദേശീകരണങ്ങളെ ധനാത്മകവും നിഷേ ധാത്മകവുമെന്ന് വ്യവഛേദിക്കുന്നത് അപദേശീകൃത പ്രവാഹങ്ങളുടെ സമ്പർക്ക ത്തിന്റെയും (connection) ഇണക്കപ്പെടുത്തലിന്റെയും (conjugation) അടിസ്ഥാ നത്തിലാണ്. സമ്പൂർണ്ണ അപദേശീകരണം ധനാത്മകമാകുന്നത് അത് പുതിയ ഭൂ മിയുടെയും പുതു ജനതയുടെയും സൃഷ്ടിയിലേക്ക് നയിക്കുമ്പോഴാണ്: അത് പലാ യന രേഖകളെ സംയോജിപ്പിക്കുമ്പോഴും, അമൂർത്തവും ചൈതന്യാത്മകവുമായഒ രു രേഖയുടെ ശക്തിയിലേക്ക് ഉയർത്തുമ്പോഴും, ഒരു സുസ്ഥിര വിതാനത്തെ നിർ മ്മിക്കുമ്പോഴും.

### ശക്തി/വീര്യം (power as puissance or potentia)

ഇംഗ്ലീഷിൽ power എന്ന പദത്തിന് രണ്ട് അർത്ഥങ്ങൾ ഉണ്ട്. ശക്തിയുടെ രണ്ട് രൂപങ്ങളെപ്പറ്റിയുള്ള സ്പിനോസയുടെ സങ്കല്പനവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. സ്പിനോസയെ സംബന്ധിച്ചിടത്തോളം potentia, potestas എന്നീ ലാറ്റിൻ പദ ങ്ങൾ യഥാക്രമം, അന്തസ്ഥിതവീര്യത്തെയും, ജീവിതത്തിനുമേൽ പ്രയോഗിക്കപ്പെ ടുന്ന അധികാരത്തെയുമാണ് അർത്ഥമാക്കുന്നത്. ആദ്യത്തേത് സക്രിയവും, ധനാ ത്മകവും സൃഷ്ട്യാത്മകവുമാണെങ്കിൽ രണ്ടാമത്തേത്, നിഷേധാത്മകവും വിദ്ധ്വംസ കവുമത്രേ. Potentia യെ സൂചിപ്പിക്കുവാൻ ഇറ്റാലിയൻ ഭാഷയിൽ Potenza എന്ന പദവും potestas നെ സൂചിപ്പിക്കുവാൻ potere എന്നും ഉള്ള പദങ്ങളാണ് ഉപയോ ഗിച്ചു വരുന്നത്. ഫ്രഞ്ച് ഭാഷയിൽ ഇവ യഥാക്രമം, puissance, എന്നും pouvoir എന്നും ജർമ്മൻ ഭാഷയിൽ, vermogen എന്നും macht എന്നും ഉള്ള പദങ്ങളാ ലാണ് സൂചിപ്പിക്കപ്പെടുന്നത്. എന്നാൽ ഇംഗ്ലീഷിലാകട്ടെ ഈ രണ്ടു പദങ്ങളെയും വ്യഞ്ജിപ്പിക്കുവാൻ power എന്ന ഒറ്റപ്പദം മാത്രമേ ഉള്ളൂ. ഈ ബുദ്ധിമുട്ട് പരിഹരിക്കു വാൻ അന്തോണിയോ നെഗ്രിയെപ്പോലുള്ളവരുടെ ഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് പരിഭാ ഷകളിൽ അന്തസ്ഥിത വീര്യം (potentia) എന്ന അർഥം സൂചിപ്പിക്കുവാൻ small letter ലുള്ള power ഉം അധികാരം (potestas) എന്ന അർത്ഥം സൂചിപ്പിക്കുവാൻ capital letter ലുള്ള Power ഉം ആണ് ഉപയോഗിക്കപ്പെടുന്നത്.

### സംയോജന സംശ്ലേഷണം (connective synthesis)

വൈരുദ്ധ്യാത്മക സംശ്ലേഷണത്തിൽ നിന്ന് വ്യത്യസ്തം. വൈരുദ്ധ്യാത്മകതയുടെ, 'ഒന്നുകിൽ അത്, അല്ലെങ്കിൽ ഇത്,' (either, or) എന്ന നിബന്ധന ഇവിടെ നിരാ

കരിക്കപ്പെടുന്നു. പകരം ബഹുവിധ ബഹുത്വങ്ങൾ സംയോജിക്കപ്പെടുന്നു. "അതും' 'ഇതും' 'ഏതും' എന്നിങ്ങനെ (AND, AND, AND) ഉപാധികളില്ലാതെ യുക്തമായ സർവ്വ ബഹുത്വങ്ങളും, അവയുടെ വ്യത്യസ്തതകൾ നിലനിർത്തിക്കൊണ്ട് തന്നെ സംഗ്രഥിതമാകുന്ന ഒരു സമന്വനയന രീതി.

## ആജ്ഞാവാക്ക് (order word)

ഭാഷയ്ക്ക് വെളിയിലാണ് അധികാരം നിലകൊള്ളുന്നതെന്നും അധികാരത്തിനു വെളിയിലാണ് ഭാഷ നിലകൊള്ളുന്നതെന്നും ഉള്ള പ്രബല ധാരണകളിൽ നിന്ന് വിട്ടുമാറി ഭാഷ അടിസ്ഥാനപരമായും ഒരു അധികാര രൂപമാണെന്ന വ്യതിരിക്തമായ ഒരു ഭാഷാ സങ്കല്പത്തെയാണ് ദെല്യൂസ്/ഗൊത്താരി അവതരിപ്പിക്കുന്നത്. ഭാഷയുടെ നിർണ്ണായകഘടകം ആജ്ഞാവാക്യമാണെന്നും എല്ലാ ഭാഷയും ആത്യന്തികമായും അധികാരത്തിന്റെ ഭാഷയാണെന്നും ഉള്ള ദെല്യൂസിന്റെ കണ്ടെത്തൽ ഭാഷയും അധികാരവും തമ്മിലുള്ള അഭേദ്യവും സങ്കീർണ്ണവുമായ ബന്ധത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. ഭാഷയ്ക്കുള്ളിലെ ഈ അധികാര വിന്യാസം ഭാഷയുടെ രണ്ട് വ്യത്യസ്തമായ പരിചരണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു: ഒന്ന് ഭാഷയുടെ ഭൂരിപക്ഷീകരണം, രണ്ട്, ഭാഷയുടെ ന്യൂനപക്ഷീകരണം. ആദ്യത്തേത് ഭാഷയിൽ നിന്ന് നിയതാങ്കങ്ങളെ ഊറ്റിയെടുക്കുന്നതിലാണെങ്കിൽ മറ്റേത്, ഭാഷയെ നിരന്തരവ്യതികരണത്തിലിടുന്നതിലാണ് (continuous variation) ഏർപ്പെടുന്നത്.

ഭാഷയുടെ സാധ്യതയുടെ ഉപാധികളെ ഫലവത്താക്കുകയും ഏതെങ്കിലും ഒരു പരിചരണത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയുടെ ഘടകങ്ങളുടെ ഉപയോഗത്തെ നിർവ്വചിക്കുകയും ചെയ്യുന്ന പ്രഖ്യാപനത്തിന്റെ (enunciation) വ്യതിരേകമാണ് (variable) ആജ്ഞാ-വാക്ക്. (order-word); ഈ രണ്ട് വഴികളെ, വ്യതിരേകത്തിന്റെ ഈ രണ്ട് പരിചരണങ്ങളെ, ഗണനം ചെയ്യുവാൻ ശേഷിയുള്ള ഏക 'അതിഭാഷ' (metalanguage) യാണത്. ആജ്ഞാവാക്യ വ്യതിരേകം ഭാഷയുടെ സാധ്യമായ എല്ലാ പ്രവർത്തനധർമ്മങ്ങളെയും ഉൾക്കൊള്ളുന്നു.

ദെല്യൂസിനെ സംബന്ധിച്ചിടത്തോളം ആജ്ഞാവാക്യം ഒരു മരണവിധിയാണ്. പ്രതീകാത്മകമോ, പ്രാരംഭകമോ, താൽക്കാലികമോ ആയ രൂപങ്ങളിൽ എത്രകണ്ട് മയപ്പെടുത്തിയാലും, അത് ഒരു മരണവിധിയെ സൂചിപ്പിക്കുന്നു. ആജ്ഞാവാക്കുകൾ അത് സ്വീകരിക്കുന്നവർക്ക് ഉടനടിയുള്ള മരണത്തെ പ്രദാനം ചെയ്യുന്നു. അതല്ലെങ്കിൽ അതിനെ അനുസരിക്കാത്തവർക്ക് നിലീനമായ മരണത്തെ നൽകുന്നു; അതുമല്ലെങ്കിൽ അവരിൽ തന്നെ സ്വയം അടിച്ചേല്പിക്കുകയും മറ്റെവിടേയ്ക്കെങ്കിലും എടുത്ത് കൊണ്ട് പോവുകയും ചെയ്യുന്ന ഒരു മരണത്തെ. ഒരു പിതാവ് 'നീ ഇന്നത് ചെയ്യണം' 'ഇന്നത് ചെയ്യരുത്' എന്ന് മകന് നൽകുന്ന ആജ്ഞകൾ അവന്റെ വ്യക്തിത്വത്തിന്റെ ഒരു ബിന്ദുവിൽ അവൻ അനുഭവിക്കുന്ന ചെറിയ മരണവിധികളിൽ നിന്ന് വേർതിരിക്കുവാനാവില്ല... പക്ഷേ, ആജ്ഞാവാക്ക് അഭേദ്യമായി അതിനോട്ട് ബന്ധപ്പെട്ട മറ്റെന്തോ കൂടിയാണ്: അത് ഒരു മുന്നറിയിപ്പിന്റെ കാഹളം കൂടിയാണ് അല്ലെങ്കിൽ ഓടിയൊളിക്കുവാനുള്ള ഒരു സന്ദേശം. ആജ്ഞാവാക്കിനോടുള്ള ഒരു പ്രതികരണം മാത്രമാണ് പലായനം എന്ന് പറയുന്നത് അതിലളിതവൽക്കരണം മാത്രമായിരിക്കും; മറിച്ച് അത് ആ വാക്കിൽ തന്നെ അടങ്ങി

യിരിക്കുന്നു-ഒരു സങ്കീർണ്ണ സംഗ്രഥനത്തിൽ അതിന്റെ തന്നെ അപരമുഖമായി, അപരഘടകമായി. ആജ്ഞാവാക്കിൽ, രണ്ട് ഭാവങ്ങൾ, തലങ്ങൾ, ധ്വനികൾ കുടി കൊള്ളുന്നു: ഒന്ന് മരണം രണ്ട് പലായനം.

ആജ്ഞാവാക്കിന്റെ ആദ്യവശത്തെ, മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രസ്താവനയിൽ ആവിഷ്കൃതമായ (expressed) മരണത്തെ പരിഗണിക്കുകയാണെങ്കിൽ, അത് വ്യക്തമായും അതിന്റെ മുൻകൂർ ഉപാധികൾ പാലിക്കുന്നുണ്ട്. മരണം സാരാംശത്തിൽ ശരീരത്തെ സംബന്ധിക്കുന്നതാണെങ്കിലും, ശരീരാരോപിതമാണെങ്കിലും, അതിന്റെ അടിയന്തിരത, അതിന്റെ നൈമിഷികത, അതിന് ഒരു അ-ശാരീരിക രൂപാന്തരണത്തിന്റെ (incorporeal transformation) മൗലിക സ്വഭാവം നൽകുന്നുണ്ട്. അതിനെ പിൻഗമിക്കുന്നതും മുൻഗമിക്കുന്നതും ക്രിയകളുടേയും, അഭിനിവേശങ്ങളുടേയും ഒരു വിപുലവ്യവസ്ഥ, ശരീരങ്ങളുടെ ഒരു മന്ദ അദ്ധ്വാനം ആയിരിക്കാം; എന്നാൽ അത് അതിൽ തന്നെ നോക്കുമ്പോൾ, പ്രവൃത്തിയോ അഭിനിവേശമോ ഒന്നും അല്ല, മറിച്ച്, പ്രഖ്യാപനം പ്രസ്താവത്തോട്, വാക്യത്തോട് സംയോജിപ്പിക്കുന്ന ശുദ്ധമായ ഒരു ക്രിയ, ഒരു ശുദ്ധ രൂപാന്തരണം ആകുന്നു... ആജ്ഞാ വാക്ക് സ്വീകരിക്കുമ്പോൾ തന്നെ നിങ്ങൾ മരിച്ചിരിക്കുന്നു.

ആജ്ഞാവാക്കിന്റെ മറ്റേ വശം—അതായത്, മരണത്തിനു പകരം പലായനം—പരിഗണിക്കുകയാണങ്കിൽ വ്യതിരേകങ്ങൾ നിരന്തര വ്യതികരണത്തിന്റെ (continuous variation) ഒരു പുത്തൻ അവസ്ഥയിലാണന്ന് കാണാം. ശരീരങ്ങൾക്ക് ഒരു അ-ശാരീരിക രൂപാന്തരണം ഇപ്പോഴും കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ അത് ഒരു പരിധിയിലേക്കുള്ള നിഷ്ക്രമണം (passage) ആണ്: മരണത്തെ ഉന്മൂലനം ചെയ്യാനല്ല, അതിനെ ചുരുക്കുവാനോ ഒരു വ്യതികരണം തന്നെയാക്കി മാറ്റുവാനോ വേണ്ടി.

ആജ്ഞാവാക്കിൽ നിന്നെങ്ങനെ ഒഴിയാം എന്നതല്ല പ്രശ്നം. ആജ്ഞാവാക്ക് ആവരണം ചെയ്യുന്ന മരണത്തിൽ നിന്നെങ്ങനെ ഒഴിഞ്ഞു മാറാം, അതിന്റെ പലായന ശക്തിയെ എങ്ങനെ വികസിപ്പിക്കാം, രക്ഷപ്പെടലിനെ ബിംബാത്മകതയിലേക്ക് അല്ലെങ്കിൽ ഒരു കാളഗർത്തത്തിലേക്ക് ഒടുങ്ങുന്നതിനെ എങ്ങനെ തടയാം, ആജ്ഞാവാക്കിന്റെ വിപ്ലവകരമായ ലീനസാധ്യത എങ്ങനെ നിലനിർത്തുകയും വിരചിക്കുകയും ചെയ്യാം എന്നതാണ് ദെല്യൂസിനെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ചോദ്യം. നിരന്തര വ്യതികരണത്തിനുമാത്രമേ ഈ പ്രതീത്യാത്മക (virtual) രേഖയെ, ജീവിതത്തിന്റെ ഈ പ്രതീത്യാത്മക നൈരന്തര്യത്തെ, "ദൈനന്ദിനത്തിനടിയിലുള്ള യാഥാർഥ്യത്തിന്റെ സാരാംശത്തെ " പുറത്തേക്ക് കൊണ്ട് വരുവാനാകൂ.

ആജ്ഞാവാക്കിന്റെ ആജ്ഞാവാക്ക് പുറപ്പെടുവിക്കുക. ആജ്ഞാവാക്ക് ഉന്നയിക്കുന്ന മരണത്തിന്റെ ചോദ്യത്തിന്, ഉത്തരത്തിന്, ജീവിതത്തിന്റെ ചോദ്യം, ഉത്തരം, കൊണ്ട് മറുപടി പറയുക. ഇതാണ് ദെല്യൂസ് നിർദ്ദേശിക്കുന്നത്. ഒളിച്ചോടലിൽ അവസാനിക്കലല്ല, പ്രവർത്തിക്കുവാനും സൃഷ്ടിക്കുവാനും ഒളിച്ചോട്ടത്തെ പര്യാപ്തമാക്കൽ. ആജ്ഞാവാക്കുകൾ വിരാമങ്ങളെ (stoppages) അല്ലെങ്കിൽ സംഘടിതവും, പാളീകൃതവുമായ (stratified) സംരചനകളെ അടയാളപ്പെടുത്തുമ്പോൾ, ആജ്ഞാ വാക്കുകൾക്കടിയിൽ പ്രവേശകവാക്കുകൾ (passwords)

ഉണ്ട്. കടന്ന് പോകുന്ന (passing) വാക്കുകൾ, നിഷ്ക്രമണത്തിന്റെ ഘടകങ്ങളായ വാക്കുകൾ. ആജ്ഞാവാക്കിൽ നിന്ന് പ്രവേശകവാക്യത്തെ അടർത്തിയെടുക്കുക, ആജ്ഞ/ക്രമത്തിന്റെ സംരചനകളെ, നിഷ്ക്രമണത്തിന്റെ ഘടകങ്ങളാക്കി മാറ്റുക. ആജ്ഞാവാക്യങ്ങളെ, പ്രവേശക വാക്യങ്ങൾ, നിഷ്ക്രമണ വാക്യങ്ങളാക്കി, മാറ്റിയെടുക്കുക. ഇതാണ് ദെല്യൂസ് നിർദ്ദേശിക്കുന്ന ഭാഷയുടെ സൂക്ഷ്മ രാഷ്ട്രീയം.

## നഷ്ടപ്പെടുന്ന ജനത (Missing people)

സാഹിത്യത്തെയും കലയേയും, സിനിമയേയും നിർവ്വചിക്കുന്ന സന്ദർഭത്തിൽ അവയുടെ ഏറ്റവും പ്രധാനമായ ധർമ്മം നഷ്ടപ്പെട്ട ജനതയെ കണ്ടെത്തലാണെന്ന് ദെല്യൂസ് പല അവസരങ്ങളിലും പ്രസ്താവിക്കുന്നുണ്ട്. ദെല്യൂസിന്റെ ഈ പല്ലവി പല തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. സ്ഥൂല-ബൃഹദ് തലത്തിൽ (molar), ഭരണകൂടത്താൽ സ്ഥാപിതവും നിർവ്വചിതവുമായ ഒരു സ്ഥിതിവിവരപരമായ സംവർഗ്ഗമെന്ന നിലയിൽ ജനത എന്ന സങ്കല്പം നിലനിൽക്കുന്നുണ്ടെങ്കിലും, ഒരു ആയിത്തീരലിന്റെ കർത്തൃത്വം എന്ന നിലയിൽ ഇന്നത്തെ ചരിത്രത്തിൽ സമൂഹത്തിൽ ജനത അസന്നിഹിതമാണ് എന്നത്രേ ദെല്യൂസിന്റെ ഈ വിരോധാഭാസകരമായ പ്രസ്താവം സൂചിപ്പിക്കുന്നത്.

## ആത്മപരിചരണം (care of self)

Care of self എന്ന ഫൂക്കോൾഡിയൻ സങ്കല്പം ആത്മ പരിചരണം എന്നും ആത്മാവിനോടുള്ള കരുതൽ എന്നും ഉള്ള വ്യത്യസ്തമായ അർത്ഥധ്വനികൾ ഉൾക്കൊള്ളുന്നു. ഫൂക്കോ ആത്മ പരിചരണത്തെ നിർവ്വചിക്കുന്നതിങ്ങനെയാണ്: പെരുമാറ്റനിയമങ്ങൾ സ്വയം നിർമ്മിക്കുവാൻ മാത്രമല്ല തങ്ങളെത്തന്നെ രൂപാന്തരീകരിക്കുവാനും, തങ്ങളുടെ അനന്യ സത്വത്തെ മാറ്റുവാനും, ജീവിതത്തെ ഒരു കലാസൃഷ്ടിയാക്കി മാറ്റുവാനും ഉള്ള സോദ്ദേശവും ഐച്ഛികവുമായ പ്രവർത്തനങ്ങൾ. ഫൂക്കോയെ സംബന്ധിച്ചിടത്തോളം അവനവനെ വളർത്തിയെടുക്കുന്നതിലേക്ക് സ്വയം മെച്ചപ്പെടുത്തുന്നതിലേക്ക് മനുഷ്യരെ നയിക്കുന്ന നൈതിക തത്വമാണിത്.

അവനവന്റെ നൈതിക കർതൃത്വത്തെ വിപുലീകരിക്കുവാനും തീക്ഷ്ണമാക്കുവാനും വേണ്ടി അവനവനോടു തന്നെ ബന്ധപ്പെടുന്ന രീതിയെയാണ് ആത്മപരിചരണം എന്ന് ഫൂക്കോ വിളിക്കുന്നത്. ഹെലിനിസ്റ്റിക്ക് റൊമൻ തത്വചിന്തയിൽ കാണപ്പെടുന്ന ആത്മ പരിപാലനത്തിന്റെ അനുജ്ഞകളുമായാണ് ആത്മപരിചരണത്തിന്റെ സങ്കല്പനങ്ങളെ ഫൂക്കോ ബന്ധപ്പെടുത്തുന്നത്. ആത്മപരിചരണം ആത്മരതിയുടെ ആവിഷ്കാരമല്ല. ആത്മത്തൊടും, അപരരോടും ലോകത്തോടുമുള്ള നൈതികമായ ഉന്മുഖതയാണ്.

## മഹാരോഗ്യം (Great health)

നീത്ഛെയുടെ "മഹാരോഗ്യ" സങ്കല്പനം ശരീരശാസ്ത്രത്തെയും വൈദ്യശാസ്ത്രത്തെയും സംബന്ധിച്ച് സാമ്പ്രദായിക ധാരണകളിൽ നിന്ന് ആരോഗ്യ ചിന്തയെ സാമൂഹ്യവും സാംസ്കാരികവും (മനുഷ്യ)വംശീയവും ആയ മേഖലയിലേക്ക് ജീവിത സമഗ്രതയിലേക്ക് മോചിപ്പിക്കുന്നു. രോഗഗ്രസ്ഥമായ മനുഷ്യവംശത്തെയും അതിന്റെ ചരിത്രത്തെയും അതിവർത്തിക്കുന്ന 'മഹാരോഗ്യ'വാനായ ഒരു പുതിയ മനുഷ്യന്റെ

സൃഷ്ടിയാണ് നീത്ചേയുടെ 'അതിമാനുഷ' സങ്കല്പം വിളംബരം ചെയ്യുന്നത്. സന്തുലനത്തെയും ക്രമികതയെയും, ആധാരമാക്കുന്ന ക്ലാസ്സിക്കൽ-ആധുനിക-ആരോഗ്യ സങ്കല്പനങ്ങളെ തള്ളിക്കളഞ്ഞ് കൊണ്ട് സംഘർഷബദ്ധവും, സമരാത്മകവും, വെല്ലുവിളികളെ നേരിടുവാൻ പര്യാപതവുമായ, ആപൽക്കരവും കൂടുതൽ 'കഠിനവും ധീരവും ആഹ്ലാദകാരിയുമായ' ഒരു ആരോഗ്യദർശനത്തെ നീത്ചേ ഉയർത്തിപ്പിടിക്കുന്നു: "മഹാരോഗ്യം'. നിശ്ചലത്വത്തിനു പകരം ചലനാത്മകതയിൽ, അതിജീവനത്തിനുപകരം അതിവർത്തനത്തിൽ ഊന്നുന്ന ഈ അരോഗ്യ വീക്ഷണം. ജീവിതത്തെ പ്രതിജ്ഞാപനം ചെയ്യുകയും, സക്രിയമായി ലോകത്തെ സമീപിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ 'മഹാരോഗ്യ'ത്തെ സാക്ഷാത്കരിക്കുവാനാകൂ എന്നത്രേ നീത്ചേയുടെ കാഴ്ചപ്പാട്. മൂല്യങ്ങളുടെ 'പുനർമൂല്യ-നിർണ്ണയന'ത്തിലൂന്നുന്ന ഒരു നൈതിക-ദാർശനിക-പരിപ്രേക്ഷ്യവുമായി ആരോഗ്യ സങ്കല്പം ഇവിടെ കൂട്ടിയിണക്കപ്പെടുന്നു.

നീത്ചേയുടെ നൈതിക-ആരോഗ്യ-ദർശനത്തിന്റെ പ്രത്യേകത, രോഗത്തിന്റെയും ആരോഗ്യത്തിന്റെയും അതിർവരമ്പുകളെ അത് മായ്ച്ചു കളയുന്നു എന്നതാണ്. രോഗത്തിന്റെ അഭാവമല്ല ആരോഗ്യം. ജീവിതത്തിന്റെ സക്രിയതയാണത്. ജീവിതത്തിന്റെ അനിരോധ്യവും സർഗ്ഗാത്മകവും ആയ പ്രവാഹം തടയപ്പെടുന്നതിനെ ലാക്ഷണികമായി (symptomatic) അടയാളപ്പെടുത്തുകയും അങ്ങനെ 'മഹാരോഗ്യ'ത്തിലേക്കുള്ള രൂപാന്തരീകരണത്തെ സാധ്യമാക്കുകയും ചെയ്യുന്ന ഒരു അന്തരാളമത്രേ നീത്ചേയെ സംബന്ധിച്ചിടത്തോളം രോഗം. അതിജീവനബദ്ധമായ സാമാന്യ ആരോഗ്യത്തെ, മഹാവ്യാധിയായി കാണുന്ന നീത്ചേയെ സംബന്ധിച്ചിടത്തോളം, രോഗമൂർഛകളാണ് പലപ്പോഴും മഹാരോഗ്യത്തിലേക്കുള്ള പാതയെ സുഗമമാക്കുന്നത്. ജീവിതത്തിന്റെ അന്തഃസ്ഥിതമായ ഊർജ്ജസ്രോതസ്സാണ് 'മഹാരോഗ്യ'ത്തിന്റെ പ്രഭവകേന്ദ്രം.

### പരമമായ ജനാധിപത്യം (absolute democracy)

ബറൂച് സ്പിനോസയുടെ 'പരമ ജനാധിപത്യം' എന്ന ആശയത്തെ സമകാലികമായ ലോക സന്ദർഭത്തിൽ, രാഷ്ട്രീയ-ചിന്തയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നത് അന്റോണിയോ നെഗ്രി, മൈക്കിൾ ഹാർട്ട് എന്നീ ചിന്തകന്മാരാണ്.

രാജാധിപത്യം, കുലീനാധിപത്യം എന്നീ ക്ലാസ്സിക്കൽ ഭരണകൂട രൂപങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ജനാധിപത്യം എന്നത്രേ സ്പിനോസ സ്ഥാപിക്കുന്നത്. സ്പിനോസ ഉയർത്തിപ്പിടിക്കുന്ന പരമമായ ജനാധിപത്യം എന്ന സങ്കല്പത്തിൽ 'പരമം' എന്ന പദം പ്രയോഗിക്കപ്പെടുന്നത് പരിമിതിയില്ലാത്തത്, അളക്കാനാകാത്തത് എന്ന വിവക്ഷകളോടെയാണ്. "സാമൂഹ്യ ഉടമ്പടി"യുടെയും ബന്ധിതങ്ങളായ സാമൂഹ്യരൂപങ്ങളുടെയും സങ്കല്പങ്ങളെ ഇത് തള്ളിക്കളയുന്നു. ശക്തരായ ജനസഞ്ചയങ്ങളിലും, സമരായ വ്യക്തികളിലും, സഹകരണത്തിനും, വിനിമയനത്തിനും സൃഷ്ടിപ്രക്രിയയ്ക്കും തുറന്നിട്ട ശക്തികളിലും, അധിഷ്ഠിതമായ ഒരു ജനാധിപത്യസങ്കല്പനം. സമ്പൂർണ്ണ ജനാധിപത്യ സങ്കല്പം എല്ലാത്തരം അന്ധവിശ്വാസങ്ങളുടെയും വിമർശനത്തിൽ അധിഷ്ഠിതമാണ്. ആർക്കും അപഹരിക്കുവാനാകാത്ത ശക്തിയുടെ (power as potentia or puissance) ആവിഷ്കാരമായി, എല്ലാ വ്യക്തികൾ

ക്കും അവകാശപ്പെട്ട പ്രകൃതീപരമായ അവകാശത്തിൽ നിന്നും വികസിക്കപ്പെടുന്ന ജനാധിപത്യം. ഭീതിയെ ഉച്ചാടനം ചെയ്യുവാനായി മാത്രമല്ല ഉന്നത രൂപത്തിലുള്ള സ്വാതന്ത്ര്യത്തെ നിർമ്മിക്കുവാനുമായി രൂപീകൃതമായ സ്വതന്ത്രമനുഷ്യരുടേതായ ഒരു സമുദായത്തിന്റെ നിർമ്മിതി. അതാണ് പരമ ജനാധിപത്യം.

ഭരണകൂടത്തിന്റെ പൊതു സിദ്ധാന്തമായ സൊഷ്യൽ കോൺട്രാക്റ്റ് തിയറിയെ, പ്രത്യേകിച്ച്, അധികാരക്കൈമാറ്റത്തെ സംബന്ധിച്ച അതിന്റെ ആശയത്തെ, ഈ സങ്കല്പം നിരാകാരിക്കുന്നു. പകരം ജനസമ്മതി എന്ന സങ്കല്പത്തിന് പ്രാധാന്യം കൊടുക്കുന്നു. പ്രാതിനിധ്യഭരണകൂടത്തിന്റെയും അന്യവൽക്കരണത്തെ ഉല്പാദിപ്പിക്കുന്ന ഭരണകൂടപരമത്വത്തിന്റെയും പ്രത്യയശാസ്ത്രങ്ങൾക്കെതിരേ ജനാധിപത്യത്തിന്റെ റിപ്പബ്ലിക്കൻ പാരമ്പര്യങ്ങളെയാണ് സ്പിനോസ ഉയർത്തിക്കൊണ്ടുവരുന്നത്. സോഷ്യൽ കോൺട്രാക്റ്റ് തിയറി ഭരണകൂടത്തിന്റെ 'പരമത്വ'ത്തെ മുറുകെപ്പിടിക്കുമ്പോൾ അതിനെതിരെ, സാമൂഹികതയുടെ പരമത്വത്തെ പ്രതിഷ്ഠാപനം ചെയ്യുന്ന ഈ ജനാധിത്യസങ്കല്പം.

The Political Treatise ൽ സ്പിനോസ ജനാധിപത്യത്തെ ഭരണകൂടത്തിന്റെയും ഗവൺമെന്റിന്റെയും പരമരൂപമെന്ന് സ്ഥാപിക്കുന്നു. നിയമവ്യവഹാരങ്ങളാൽ ആപേക്ഷികവൽക്കരിക്കുകയും പുനർനിർവ്വചിക്കുകയും ചെയ്യുമ്പോൾ മാത്രമേ പ്രകൃതീപരമായ സ്വാതന്ത്ര്യത്തെ നിലനിർത്തുവാൻ സാധിക്കു എന്നാണ് സാമൂഹ്യധാരണാ (social contract) വാദികളുടെനിലപാട്. അതല്ലെങ്കിൽ സ്വാതന്ത്ര്യത്തിന്റെ പരമത്വം ക്രമരാഹിത്യവും യുദ്ധാവസ്ഥയുമായി മാറും. അതേ സമയം സ്പിനോസ പറയുന്ന പോലെ ജനാധിപത്യം പരമത്വത്തെ സ്ഥാപിക്കുന്ന ഒരു ക്രമികമായ വ്യവസ്ഥയാണെങ്കിൽ സ്വാതന്ത്ര്യത്തിന്റെ ഒരു വാഴ്ചയായി അതിനെങ്ങനെ മാറാൻ കഴിയും എന്ന ചോദ്യവും അവശേഷിക്കുന്നു. ജനാധിപത്യത്തിന്റെ ഒരു ഗുണവിശേഷമായി പരമത്വത്തിന്റെ സങ്കല്പത്തെ എങ്ങനെയാണ് സ്പിനോസ പ്രക്ഷേപണം ചെയ്യുന്നത് എന്ന് നോക്കാം. സ്പിനോസയുടെ പരമാജനാധിപത്യ സങ്കല്പത്തിൽ പരമത്വത്തിന്റെ അതിഭൗതികവാദപരവും രാഷ്ട്രീയചിന്താപരവുമായ മാനങ്ങളന്തർഭവിക്കുന്നതായി നെഗ്രി വിശദീകരിക്കുന്നു.

അതിഭൗതികവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ നോക്കുമ്പോൾ സ്പിനോസയുടെ പരമത്വ സങ്കല്പനം ശക്തിയുടെ (power as puissance) പൊതുചക്രവാളമായി, ശക്തിയുടെ വികാസവും വാസ്തവികതയുമായി (actuality) മാത്രമേ കാണാനാകു എന്ന് നെഗ്രി-ഹാർട്ട്. പരമത്വം എന്ന് പറയുന്നത് സംസ്ഥാപനം (constitution) ആണ്, സംസ്ഥാപനപരമായ സംഘർഷത്താൽ രൂപീകരിക്കപ്പെട്ട ഒരു യാഥാർഥ്യമാണ്. ഈ യാഥാർത്ഥ്യത്തെ സംസ്ഥാപിക്കുന്ന "ശക്തി"യുടെ വർദ്ധനവനനുസരിച്ച് ഈ യാഥാർത്ഥ്യത്തിന്റെ സങ്കീർണ്ണതയും തുറസ്സും വർദ്ധിക്കുന്നു: " രണ്ടു പേർ ഒന്നിക്കുകയും ഒന്നിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവർക്ക് ഒറ്റയ്ക്ക് നിൽക്കുമ്പോൾ ഉള്ളതിനെക്കാൾ പ്രകൃതിയ്ക്കു മേൽ കൂടുതൽ ശക്തിയും അത് കൊണ്ട് തന്നെ കൂടുതൽ അവകാശവും ലഭ്യമാകുന്നു; ഈ രീതിയിൽ കൂടുതൽ ആൾക്കാർ ഐക്യം സ്ഥാപിക്കുമ്പോൾ അവരെല്ലാവരും ഒന്നിച്ച് കൂടുതൽ അവകാശം സ്വായത്തമാക്കുന്നു (The Political Treatise)11/13).

ഇവിടെയാണ് നാം സ്പിനോസയുടെ അതിഭൗതികവാദ സങ്കല്പത്തിന്റെ മർ

മ്മ കേന്ദ്രത്തിൽ എത്തിച്ചേരുന്നത്. 'പരമം' എന്നും 'ശക്തി' എന്നുമുള്ള പദങ്ങൾ ഇവിടെ പൗനരുക്ത്യങ്ങളാണ് (tautological terms). 'പരമ'ത്തിലേക്കു പുറപ്പെടുന്ന ഒരു തുറന്ന നിർണ്ണയനം (determination) എന്ന നിലയിലും മറുവശത്ത് 'പരമ'ത്തെ യഥാർത്ഥത്തിൽ സ്ഥാപിക്കുന്നതെന്ന നിലയിലും The Theological-Political Treatise ൽ നേരത്തേ തന്നെ "ശക്തി" (power) എന്ന സങ്കല്പനം പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ മനുഷ്യ "ശക്തി" പിന്നീട് The political Treatise ന്റെ ആദ്യ അദ്ധ്യായങ്ങളിൽ സമഷ്ട്യാസ്തിത്വത്തിന്റെയും അതിന്റെ ചലനങ്ങളുടെയും അടിസ്ഥാനമായി—അതായത് സമൂഹത്തിന്റെയും നാഗരികതയുടെയും-പ്രത്യക്ഷപ്പെടുന്നു. 'പരമ'ത്തിന്റെ സത്തയായി അങ്ങനെ ശക്തി കണക്കാക്കപ്പെടുന്നു. ശക്തിയുടെ സാക്ഷാത്ക്കാരത്തിന്റെ വ്യാപ്തിയനുസരിച്ച് 'പരമം'നന്മയുള്ള അസ്തിത്വമായി ഗണിക്കപ്പെടുന്നു. ഇതാണ് അതിഭൗതികചിന്തയുടെ കാഴ്ചപ്പാടിൽ 'പരമ'ത്തിന്റെ നിർവ്വചനം. 'പരമത്വം' എന്ന സങ്കല്പം 'ശക്തിയുടെ' സങ്കല്പത്തിലേക്ക് തിരിച്ച് കൊണ്ടു വരുന്നുണ്ടെങ്കിൽ അത് വ്യക്തമായും സ്വാതന്ത്ര്യത്തിന്റെ സങ്കല്പത്തിലേക്കും തിരിച്ചെത്തിക്കപ്പെടുന്നുണ്ട്. 'ശക്തി' 'സ്വാതന്ത്ര്യം' എന്നീ പദങ്ങൾ ഒന്നു മറ്റൊന്നിനുമേലായി ചാർത്തപ്പെടുകയും ആദ്യത്തേതിന്റെ വ്യാപ്തി മറ്റേതിന്റെ തീക്ഷ്ണതയ്ക്ക് തുല്യമാവുകയും ചെയ്യുന്നു.

ഈ കാഴ്ചപ്പാടിൽ 'പരമമായ ഭരണം' (the absolutum imperium) എന്ന പദത്തിന് 'ശക്തി'യുടെ ഐക്യത്തെ വ്യഞ്ജിപ്പിക്കുമ്പോൾ തന്നെ, കർത്താക്കളുടെ 'അന്തർലീന ശക്തി'യുടെ വിക്ഷേപണമായി ഈ ശക്തിയെ കണക്കാക്കേണ്ടതായും, അതിന്റെ സാകല്യത്തെ ജീവിതമായും, ഒരു ജൈവ സമഗ്രതയുടെ എപ്പോഴും തുറന്ന, ആന്തരികമായ, സക്രിയമായ ആവിഷ്ക്കാരമായി നിർവ്വചിക്കേണ്ടതായും വരും. ഇത്തരമൊരു പരമമായഭരണ രൂപത്തെയാണ് സ്പിനോസ ജനാധിപത്യം എന്ന് വിളിക്കുന്നത്.

ഏകോപിതമായും ഉല്പാദനപരമായും വികസിക്കുകയും സ്വയം നിലനിർത്തുകയും ചെയ്യുന്ന 'ശക്തി'യാണ് പരമത്വം (absoluteness). "സാമൂഹികത ആവിഷ്ക്കരിക്കപ്പെടുന്ന ഏറ്റവും ഉന്നതമായ രൂപമാണ് ജനാധിപത്യം. കാരണമെന്തെന്നാൽ പ്രകൃതിപരമായ സമൂഹം രാഷ്ട്രീയ സമൂഹമായി ആവിഷ്ക്കരിക്കപ്പെടുന്ന ഏറ്റവും വിശാലമായ രൂപമാണ് അത്. പരമമായ പരമാധികാരം എന്നൊന്നുണ്ടെങ്കിൽ യഥാർത്ഥത്തിൽ അത് ജനസഞ്ചയത്താൽ അവിഭാജ്യമായി മുറുകെപ്പിടിക്കപ്പെടുന്ന ഒന്നാണ്" (TP viii-3). അങ്ങനെ ഈ വിശാല മാനങ്ങളിൽ, കർത്താക്കളുടെ സഞ്ചയങ്ങളിലൂടെ കടന്നു പോയ്ക്കൊണ്ട് ജനാധിപത്യം പരമത്വമായിത്തീരുന്നു. കാരണം അത് എല്ലാ സാമൂഹ്യ ശക്തികളെയും അടിത്തട്ടിൽ നിന്ന് കൊണ്ട് ചലനാത്മകമാക്കിത്തീർക്കുന്നു. പരമമായ ജനാധിപത്യ വാഴ്ച്ച എന്നതിനർത്ഥം, ശക്തിയുടെനിർവ്വഹണത്തിലും രൂപീകരണത്തിലും നിർവ്വഹണ ക്രിയയുടെ സവിശേഷതയിലും അല്ലെങ്കിൽ മജിസ്ട്രസിയുടെ സ്വരൂപസവിശേഷതയിലും യാതൊരുതരത്തിലുള്ള അന്യവൽക്കരണവും ഇല്ലാത്ത ഒരു ഭരണരൂപം എന്നാണ്. പരമത്വം എന്നത് ഇവിടെ അനന്യവൽക്കരണമാണ്, കൂടുതൽ വ്യക്തമാക്കിയാൽ എല്ലാവരുടെയും സ്വാതന്ത്ര്യത്തിന്റെ സംഘാടനത്തിന്റെ പൊതുശക്തിവിശേഷത്തിനുള്ളിൽ (conatus-എല്ലാ സചേതന ജീവിയിലും അതിന്റെ അസ്തിത്വത്തിന്റെ പരിരക്ഷണ

ത്തെ ഉറപ്പാക്കുന്ന ശക്തി) നിന്ന് കൊണ്ടു എല്ലാ സാമൂഹ്യ ഊർജ്ജങ്ങളുടെയും വിമോചനമാണത്. നിരന്തരവും സുസ്ഥിരവും. പരമത്വത്തിന്റെ കാഴ്ചപ്പാടിൽ രാഷ്ട്രീയ രൂപങ്ങളുടെ സംഘടനാ സംവിധാനങ്ങൾ ഇവിടെ വൈരുദ്ധ്യാത്മകമായ തടസ്സങ്ങൾ ഉണ്ടാക്കുന്നില്ല. അന്യവൽക്കരണത്തിലേക്കുള്ള പാതകളും ഇവിടെ നിർമ്മിക്കപ്പെടുന്നില്ല. പകരം, ഒരു തുറന്ന ചക്രവാളത്തിൽ ശക്തി സ്വയം ചുരുളഴിക്കുകയും, സംഘടനാ സംവിധാനങ്ങൾ ഈ ചക്രവാളത്തിന്റെ ആവിഷ്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഇത് ശക്തിയുടെ പ്രകൃതത്തെ വെളിപ്പെടുത്തുകയും പ്രകൃതീപരമായ സമൂഹവും രാഷ്ട്രീയ സമൂഹവും തമ്മിലുള്ള ബന്ധത്തെ നിർവ്വചിക്കുകയും ചെയ്യുന്ന കൂട്ടായ പ്രവർത്തനമാകുന്നു.

ജനാധിപത്യ വാഴ്ചയുടെ പരമത്വം പ്രധാനമായും നിലകൊള്ളുന്നത് ജനസഞ്ചയ കർതൃത്വത്തിലാണ്. ഒരു നഗരത്തിലെ എല്ലാ പൗരന്മാരും കുലീനാധിപത്യത്തെ തിരഞ്ഞെടുത്താലും ഈ സമഗ്രപങ്കാളിത്തം 'പരമത്വ'ത്തെ വീണ്ടെടുക്കാൻ പര്യാപ്തമല്ല. കാരണം പരമമായ ഭരണം തിരഞ്ഞെടുപ്പിനെയല്ല ആധാരമാക്കുന്നത്, ജനസഞ്ചയത്തെയാണ്, ഈ ജനസഞ്ചയത്തെ സംരചിക്കുന്ന വ്യക്തികളുടെ സ്വാതന്ത്ര്യത്തെയാണ്, എല്ലാവ്യക്തികളുടെയും സ്വാതന്ത്ര്യത്തോടുള്ള പരസ്പരബഹുമാനത്തെയാണ്. അങ്ങനെ യുക്തിയുടെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ സാർവ്വലൗകിക സഹിഷ്ണുതയുടെയും സ്വാതന്ത്ര്യത്തിന്റെയും അടിത്തറയാണ് ജനസഞ്ചയം. പരമത്വത്തിനും സ്വാതന്ത്ര്യത്തിനും, പൗരാവകാശത്തിനും, പ്രകൃത്യാവകാശത്തിനും, യുക്തിക്കും സത്വത്തിന്റെ സംസ്ഥാപക ചലനത്തിന്റെ പരസ്പരവിരുദ്ധസ്വഭാവമുള്ള ശാരീരികതയ്ക്കും ഇടയിൽ സ്ഥിതികൊള്ളുന്ന ജനസഞ്ചയത്തിന് സന്ദിഗ്ധമായ നിർവ്വചനമാണുള്ളത്. അതിന്റെ സങ്കല്പം അടച്ചു പൂട്ടാനാവാത്തതാണ്. ഈ സന്ദിഗ്ധത ജനാധിപത്യ ഭരണത്തെ അപരിഹാര്യമായ ഒരു വൈരുദ്ധ്യത്തിൽ, വിശ്ലേഷത്തിൽ എത്തിക്കുന്നു (aporia). പക്ഷേ ഈ വിശ്ലേഷം ഉല്പാദനകരമാണ്. പരമത്വത്തിനും സ്വാതന്ത്ര്യത്തിനുമിടയ്ക്കുള്ള ഈ അസന്തുലനമാണ് ജനാധിപത്യഭരണത്തെ ഏറ്റവും മികച്ചതാവാൻ അനുവദിക്കുന്നത്. ജനസഞ്ചയവും പരമത്വത്തിന്റെ ആശയവും തമ്മിലുള്ള ഈ ചാഞ്ചാട്ടത്തിനുള്ളിൽ സന്തുലിതമായ രീതിയിൽ സഞ്ചരിക്കുവാൻ സ്പിനോസയുടെ രാഷ്ട്രീയ സിദ്ധാന്തത്തെ അനുവദിക്കുന്നതും ഈ അസന്തുലനമത്രേ.

പരമത്വവും സ്വാതന്ത്ര്യവും തമ്മിലുള്ള വസ്തുനിഷ്ഠമായ അസന്തുലനമായി ജനാധിപത്യം പ്രത്യക്ഷപ്പെടുകയും, ഈ വിശ്ലേഷത്തെ ജനാധിപത്യ രാഷ്ട്രീയപ്രവർത്തനത്തിന്റെ സക്രിയ ഉപാധിയായി കണക്കാക്കുകയും ചെയ്താലും അതൊന്നും ജനാധിപത്യനിർവ്വചനത്തിന്റെ വൈഷമ്യങ്ങളെയും പ്രശ്നങ്ങളെ പരിഹരിക്കുന്നില്ല മറിച്ച് ഗുരുതരമാക്കുന്നതേയുള്ളു. ഈ ഭരണരൂപത്തിന്റെ പരമത്വത്തെ പ്രയോഗത്തിന്റെ ആവശ്യകതയുമായും അങ്ങനെ കർത്തൃത്വവുമായും ബന്ധിപ്പിക്കുമ്പോൾ അത് പരമത്വത്തിന്റെ പരിധിയായിത്തീരുന്നു. പ്രവർത്തിക്കേണ്ടത് ആവശ്യമാണെങ്കിൽ പ്രവൃത്തിയിൽ ഈ അസന്തുലനത്തിന്റെ സാന്നിദ്ധ്യം എപ്പോഴുമുണ്ടാവുമെന്ന് അറിഞ്ഞുകൊണ്ട് വേണം പ്രവർത്തിക്കുവാൻ. അസന്തുലനം അങ്ങനെ വസ്തുനിഷ്ഠതയിൽ നിന്ന് കർതൃനിഷ്ഠതയിലേക്ക് മാറ്റം ചെയ്യപ്പെടുന്നു. കർത്താവ് താൻ പ്രവർത്തി

യിലേർപ്പെടുന്ന പ്രപഞ്ചത്തിന്റെ അനിർണ്ണേയതയെ അംഗീകരിച്ചുകൊണ്ട് വേണം പ്രവർത്തിക്കുവാൻ എന്ന് വരുന്നു. അതെങ്ങനെ സാധ്യമാവും?

നെഗ്രിയുടെ അനുമാനത്തിൽ സ്പിനോസയുടെ പരമജനാധിപത്യത്തെ വിഭാവനം ചെയ്യേണ്ടതിങ്ങനെയാണ്: ഒരു ബഹുജന പ്രക്രിയയിൽ കൂടിച്ചേരുന്ന അനന്യതകളുടെ ഒരു സാമൂഹ്യ പ്രയോഗം (praxis) എന്ന നിലയിൽ, അഥവാ ഒരു ജനസഞ്ചയത്തെ രൂപീകരിക്കുന്ന ബഹുലങ്ങളായ കർത്താക്കൾക്കിടയിൽ നീളുന്ന വ്യക്തികളുടെ പരസ്പരബന്ധത്തെ രൂപപ്പെടുത്തുകയും സ്ഥാപിക്കുകയും ചെയ്യുന്ന ഒരു കാരുണ്യരാശി(pietas) എന്ന നിലയിൽ (Antonio Negri, Subversive Spinoza: (un)contemporary variations, Manchester University Press, Manchester, 2004, 9–28, 28–59).

## പൊതുമ (Common)

അന്റോണിയോ നെഗ്രി, മൈക്കിൾ ഹാർട്ട് എന്നിവർ അവതരിപ്പിക്കുന്ന ജനസഞ്ചയ ജനാധിപത്യം, പൊതു സമ്പത്ത് (common wealth) എന്നീ വിപ്ലവാത്മകമായ ആശയങ്ങളുടെ നാഭീ കേന്ദ്രമായി വേണം 'പൊതുമ (common)' എന്ന സങ്കല്പനത്തെ കരുതാൻ. നാമെല്ലാവരും തന്നെ 'പൊതുമ' യിൽ പങ്കളികളാകുന്നതു് കൊണ്ട് മാത്രമാണ് ജനസഞ്ചയ ജനാധിപത്യം വിഭാവനീയവും സാധ്യവുമാകുന്നതെന്നാണ് നെഗ്രി-ഹാർട്ട് പ്രസ്താവിക്കുന്നത്. 'പൊതുമ' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്, ഒന്നാമതായും ഭൗതികലോകത്തിന്റെ പൊതു സമ്പത്തിനെയാണ്-വായു, ജലം, മണ്ണിന്റെ വിളവുകൾ, ഫലങ്ങൾ, എന്നിങ്ങനെ പ്രകൃതിയുടെ എല്ലാ പാരിതോഷികങ്ങളും. യൂറോപ്പിലെ ക്ലാസ്സിക്ക് രാഷ്ട്രീയ ഗ്രന്ഥങ്ങളിലെല്ലാം തന്നെ എല്ലാരും ഒന്നിച്ച് പങ്കിടേണ്ടതായ മനുഷ്യരാശിയുടെ മുഴുവനും പൈതൃകമായാണ് ഇവയെല്ലാം കണക്കാക്കപ്പെടുന്നത്. ജ്ഞാനങ്ങൾ, ഭാഷകൾ, കോഡുകൾ, വിവരങ്ങൾ, ഭാവശക്തികൾ എന്നിങ്ങനെ സാമൂഹ്യമായ പ്രതിപ്രവർത്തനത്തിനും, തുടർന്നുള്ള ഉല്പാദനങ്ങൾക്കും ആവശ്യകമായ സാമൂഹ്യോല്പാദനത്തിന്റെ ഫലങ്ങളെയും പൊതുമയുടെ ഗണത്തിൽപ്പെടുത്താം.

പൊതുമയുടെ ഇത്തരമൊരു ആശയം മനുഷ്യരാശിയെ ഒന്നുകിൽ പ്രകൃതിയുടെ ചൂഷകനോ അല്ലെങ്കിൽ സംരക്ഷകനോ ആയിക്കണ്ടുകൊണ്ട് പ്രകൃതിയിൽ നിന്ന് വേർപെടുത്തിയ നിലയിൽ പ്രതിഷ്ഠിക്കുന്നില്ല. മറിച്ച് ഈ ആശയം പൊതുമയുടെ പ്രയോജനപ്രദമായ ഘടകങ്ങളെ ഉയർത്തിക്കാട്ടുകയും ദോഷകരമായ രൂപങ്ങളെ പരിമിതപ്പെടുത്തുകയും ചെയ്തുകൊണ്ട് പൊതു ലോകത്തിലെ പ്രതിപ്രവർത്തനത്തിന്റെയും, കരുതലിന്റെയും സഹാവാസത്തിന്റെയും പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അഗോളീകരണത്തിന്റെ കാലത്ത് പൊതുമയുടെ പരിപാലനവും, ഉല്പാദനവും വിതരണവും സംബന്ധിച്ച പ്രശ്നങ്ങൾ ഇതേ അർഥത്തിലും, പരിസ്ഥിതിപരവും സാമൂഹ്യ സാമ്പത്തിക-വിവക്ഷകളിലും പരിഗണിക്കുമ്പോഴും, കേന്ദ്രസ്ഥാനമാർജ്ജിക്കുന്നു.

നിയോലിബറൽ ഗവണ്മെന്റുകൾ ലോകമെമ്പാടും അടുത്തകാലത്ത് പൊതുമയെ സ്വകാര്യവൽക്കരിക്കുവാനും, സാംസ്കാരിക ഉല്പന്നങ്ങളെ—വിവരങ്ങൾ, ആശയങ്ങൾ, മൃഗങ്ങൾ, ചെടികൾ എന്നീ ജീവവംശങ്ങളെയും—സ്വകാര്യ സമ്പത്താക്കി

മാറ്റവാൻ ഒരുമ്പെട്ടുകൊണ്ടിരിക്കുകയാണ്. അത്തരം സ്വകാര്യവൽക്കരണ പരിപാടികൾ എതിർക്കപ്പെടേണ്ടതാണെങ്കിലും സ്വകാര്യമേഖലയ്ക്കെതിരേ ഏകബദൽ മാർഗ്ഗമായി സാമ്പ്രദായിക ചിന്തയുർത്തിപ്പിടിക്കുന്നത് പൊതുകാര്യത (public) എന്ന സങ്കല്പനത്തെയാണ്. അതായത് 'പൊതുമ'-യെ (common) അപ്രസക്തമെന്നും കാലഹരണപ്പെട്ടതെന്നും തള്ളിക്കൊണ്ട് ഭരണകൂടവും മറ്റു ഭരണപരമായ അധികാരികളും പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പൊതുകാര്യം. നീണ്ട കാലത്തെ വേലികെട്ടൽ പ്രക്രിയകളാൽ സ്വകാര്യ സമ്പത്തെന്നും പൊതുസമ്പത്തെന്നും ഭൂമിയുടെ ഉപരിഭാഗം ഏതാണ്ട് പൂർണ്ണമായും വിഭജിക്കപ്പെട്ടു കഴിഞ്ഞെങ്കിലും, എല്ലാവർക്കും പ്രവേശനം നൽകുന്നവിധത്തിൽ തുറന്നും, സജീവ പങ്കാളിത്തത്താൽ അഭിവൃദ്ധിപ്രാപിച്ചും ലോകത്തിന്റെ ഒട്ടുമിക്കഭാഗങ്ങളും 'പൊതുമ'യായിത്തന്നെ ഇന്നും നിലകൊള്ളുന്നു. ഉദാഹരണമായി ഭാഷ, ഭാവശക്തികളെയും ആംഗ്യങ്ങളെയും പോലെ മുഖ്യമായും 'പൊതുമ'യുടെ ഭാഗം തന്നെയാണ് ഇന്ന്. നമ്മുടെ വാക്കുകളുടെയും, വാക്യങ്ങളുടെയും, അല്ലെങ്കിൽ ഭാഷണഭാഗങ്ങളുടെയും ഭൂരിഭാഗങ്ങളും സ്വകാര്യ ഉടമസ്ഥതയിലോ, പൊതു അധികാര്യത്തിലോ പെട്ടിരുന്നുവെങ്കിൽ, ഭാഷയ്ക്ക് അതിനെ ആവിഷ്കരണത്തിന്റെയും, സർഗ്ഗാത്മകതയുടെയും വിനിമയത്തിന്റെയും ശക്തി നഷ്ടപ്പെട്ടുമായിരുന്നു.

സോഷ്യലിസവും മുതലാളിത്തവും, ചിലപ്പോൾ കൂടിച്ചേരുകയും ചിലപ്പോൾ കഠിനമായ സംഘർഷങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെങ്കിലും അവ രണ്ടും പൊതുമയെ പുറം തള്ളുന്ന സ്വത്തിന്റെ വാഴ്ചകളാണ്. പൊതുമയെ സ്ഥാപിക്കുന്ന രാഷ്ട്രീയ പദ്ധതി ഈ രണ്ടു തെറ്റായ പ്രതിവിധികളെ കർണ്ണരേഖകളായി മുറിച്ചു കടക്കുകയും സ്വകാര്യമോ, പൊതുകാര്യമോ അല്ലാത്ത, മുതലാളിത്തമോ, സോഷ്യലിസമോ അല്ലാത്ത രാഷ്ട്രീയത്തിന്റെ ഒരു പുതിയ ഇടം തുറന്നിടുകയും ചെയ്യുന്നു.

മുതലാളിത്ത ഉല്പാദനത്തിന്റെയും ശേഖരണത്തിന്റെയും സമകാലിക രൂപങ്ങൾ, വിഭവങ്ങളെയും സമ്പത്തിനെയും സ്വകാര്യവൽക്കരിക്കുവാനുള്ള നിരന്തര യത്നത്തിലേർപ്പെടുമ്പോഴും, പൊതുമയുടെ വികാസത്തെ സാധ്യമാക്കുകയും അവശ്യപ്പെടുകയും ചെയ്യുന്നു എന്ന വിരോധാഭാസത്തെ നെഗ്രിയും ഹാർട്ടും നമ്മുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. ആഗോളവൽക്കരണ പ്രക്രിയകളിലൂടെ, മൂലധനം ഭൂമിയൊന്നടങ്കം അതിന്റെ ആജ്ഞയ്ക്ക് കീഴെ ഒന്നിച്ച് കൊണ്ടുവരുക മാത്രമല്ല, സാമ്പത്തിക മൂല്യത്തിന്റെ ശ്രേണീബന്ധങ്ങൾക്കാധാരമായി ജീവിതത്തെ ക്രമീകരിച്ചുകൊണ്ട് സാമൂഹ്യജീവിതത്തെയാകമാനം സൃഷ്ടിക്കുകയും, നിക്ഷേപിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നു. വാർത്താവിവരങ്ങൾ, കോഡുകൾ, ജ്ഞാനം, ബിംബങ്ങൾ, ഭാവശക്തികൾ എന്നിവയുൾപ്പെടുന്ന പ്രാമാണികമായ പുതു ഉല്പാദന രൂപങ്ങളിൽ, ഉല്പാദകർക്ക് ഉയർന്ന തോതിലുള്ള സ്വാതന്ത്ര്യവും, പൊതുമയിലേക്ക് തുറന്നപ്രവേശനവും ആവശ്യമായിവരുന്നു. പ്രത്യേകിച്ച് വാർത്താവിനിമയത്തിന്റെ ശൃംഖലകൾ, വിവര ബാങ്കുകൾ, സാംസ്കാരിക സർക്യൂട്ടുകൾ തുടങ്ങിയ സാമൂഹ്യ രൂപങ്ങളിൽ. മാത്രമല്ല ഉല്പാദിപ്പിക്കപ്പെട്ടവയുടെ ഉള്ളടക്കം, ആശയങ്ങളും ബിംബങ്ങളും ഭാവശക്തികളും ഉൾപ്പെടെ, എളുപ്പത്തിൽ പുനരുല്പാദിപ്പിക്കപ്പെടുന്നു. അവയെ സ്വകാര്യവൽക്കരിക്കുവാനോ, പൊതു നിയന്ത്രണത്തിൽക്കൊണ്ടു വരുവാനോ ഉള്ള നിയമപരവും സാമ്പത്തികവുമായ സർവ്വ സംരഭങ്ങളെയും ശക്തമാ

യെതിർത്തുകൊണ്ട് അവ പൊതുമയാവലിലേക്ക് നീതമാവുകയും ചെയ്യുന്നു. നെഗ്രി/ഹാർട്ടെത്തിച്ചേരുന്ന പ്രധാന നിഗമനമിതാണ്: സമകാലീന മുതലാളിത്ത ഉല്പാദനം, അതിന്റെ സ്വന്തം ആവശ്യകതകളെ സംബോധനചെയ്തു കൊണ്ട് പൊതുമയിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ സാമ്പത്തിക ക്രമത്തിനെ നിർമ്മിക്കുവാനുള്ള സാധ്യതകൾ തുറന്നിടുകയാണ്.

ബയോ രാഷ്ട്രീയ ഉല്പാദനത്തിന്റെ കാതൽ കർത്താക്കൾക്കു വേണ്ടിയുള്ള വസ്തുക്കളുടെ ഉല്പാദനമല്ല കർത്തൃത്വങ്ങളുടെ ഉല്പാദനം തന്നെയാണെന്ന് നെഗ്രി/ഹാർട്ട്. ജനസഞ്ചയം 'പൊതുമ' യുടെ നിർമ്മിതിയും അതേ സമയം നിർമ്മാതാക്കളുമാണ്. 'പൊതുമയുടെ പുനരുല്പാദനത്തിൽ, ദാരിദ്ര്യവും സ്നേഹവും സംരചന ചെയ്യുന്ന അനന്യതകളുടെ ഗണമെന്നത്രേ ജനസഞ്ചയത്തെ നെഗ്രി-ഹാർട്ട് നിർവ്വചിക്കുന്നത് (Common Wealth, Harvard University Press, Cambridge, 2009).

This volunteer-driven books project relies on readers like you to submit typos, corrections, and other improvements.

You can contact at: <support@sayahna.org>.